www.malankaralibrary.com

ജറോം - ജന്നാഡിയസ്

# മഹത് വ്യക്തികൾ

വിവർത്തനം

പ്രൊഫ. കെ. വി. ജോസഫ്
എം.എ. (മലയാളം), എം.എ. (ഹിന്ദി), എം.എ. ഇംഗ്ലീഷ്

എഡിററർ

ഗീവർഗീസ് ചേടിയത്ത്

NO. 152

പൗരസ്ത്യവിദ്യാപീഠം
വടവാതൂർ, കോട്ടയം _ 686 010
1992

www.malankaralibrary.com

**Jerome - Gennadius,** *Mahatvyaktikal* (De Viris Illustribus)
A Publication of the Oriental Institute of Religious Studies,
P. B. I. Vadavathoor, Kottayam - 686 010, Kerala, India.

Copyright: G. Chediath, 1992.

Price Rs. 17

Printed at Pro Sanctity Printers, Manganam, Kottayam.

# ഉള്ളടക്കം

പേജ്

ആമുഖം X

## ജറോം—മഹത്വ്യക്തികൾ

1. ശെമഓൻ പത്രോസ് 1
2. നമ്മുടെ കർത്താവിന്റെ സഹോദരൻ യാക്കോബ് 2
3. ലേവി എന്നു വിളിക്കപ്പെടുന്ന മത്തായി 5
4. യാക്കോബിന്റെ സഹോദരനായ യൂദാ 6
5. പൗലോസ് 6
6. ബർണബാസ് 9
7. സുവിശേഷകനായ ലൂക്കോസ് 9
8. ,, മർക്കോസ് 11
9. ശ്ലീഹായും സുവിശേഷകനുമായ യോഹന്നാൻ 12
10. ഹെർമാസ് 14
11. ഫീലോ 14
12. ലൂഷ്യസ് അന്നെയൂസ് സെനെക്കാ 16
13. മത്തിയാസിന്റെ പുത്രനായ ജൊസേഫൂസ് 17
14. യൂസ്തൂസ് 18
15. റോമിലെ ക്ലെമെന്റ് 18
16. ഇഗ്നേഷ്യസ് 19
17. മെത്രാനായ പോളിക്കാർപ്പ് 21
18. പപ്പിയാസ് 22
19. ക്വദ്രാത്തൂസ് 23
20. ദാർശനികനായ അരിസ്റ്റിദെസ് 24
21. അഗ്രിപ്പാ കാസ്റ്റോർ 24
22. ചരിത്രകാരനായ ഹെജെസിപ്പൂസ് 25
23. ദാർശനികനായ ജസ്റ്റിൻ 26
24. മെത്രാനായ മെലിറ്റോ 27
25. ,, തെയോഫിലസ് 28
26. ,, അപ്പൊള്ളിനാരിസ് 28
27. ,, ദിവന്നാസ്യോസ് 29
28. ,, പിനീത്തൂസ് 29
29. താസ്യൻ 30
30. മെത്രാനായ ഫിലിപ്പ് 30

www.malankaralibrary.com




| | | |
|---|---|---|
| 31. | മൂസാന്യസ് | 30 |
| 32. | മൊദെസ്റ്റസ് | 31 |
| 33. | പാഷണ്ഡിയായ ബർദൈസാൻ | 31 |
| 34. | മെത്രാനായ വിക്ടർ | 31 |
| 35. | ,, ഇരനെയൂസ് | 32 |
| 36. | ദാർശനികനായ പന്തേനൂസ് | 32 |
| 37. | താസ്യന്റെ ശിഷ്യനായ റോദോ | 34 |
| 38. | വൈദികനായ ക്ലെമെൻറ് | 34 |
| 39. | മിൽത്തിയാദെസ് | 36 |
| 40. | അപ്പൊള്ളോണിയൂസ് | 36 |
| 41. | മെത്രാനായ സെറാപിയോൻ | 37 |
| 42. | സെനററായ അപ്പൊള്ളോണിയൂസ് | 38 |
| 43. | കൈസറിയാ മെത്രാനായ തെയോഫിലസ് | 38 |
| 44. | മെത്രാനായ ബാക്കിലൂസ് | 38 |
| 45. | ,, പോളിക്രാറ്റെസ് | 39 |
| 46. | ഹെരാക്ലിററസ് | 40 |
| 47. | മാക്സിമൂസ് | 40 |
| 48. | കാൻദിദൂസ് | 40 |
| 49. | ആപ്പിയോൻ | 41 |
| 50. | സിക്സ്റ്റസ് | 41 |
| 51. | അറാബിയാനൂസ് | 41 |
| 52. | യൂദാസ് | 41 |
| 53. | വൈദികനായ തെർത്തുല്യൻ | 41 |
| 54. | ഒരിജൻ | 42 |
| 55. | അമ്മോണിയൂസ് | 45 |
| 56. | ഡീക്കനായ അംബ്രോസ് | 46 |
| 57. | ഒരിജന്റെ ശിഷ്യനായ ട്രീഫോ | 46 |
| 58. | മീനൂചിയൂസ് ഫേലിക്സ് | 47 |
| 59. | ഗായൂസ് | 47 |
| 60. | ബെറില്ലസ് | 47 |
| 61. | ഹിപ്പോളിററസ് | 48 |
| 62. | അലക്സാണ്ഡർ മെത്രാൻ | 49 |
| 63. | ജൂലിയസ് ആഫ്രിക്കാനൂസ് | 50 |
| 64. | ജമീനൂസ് | 51 |
| 65. | തിയഡോർ അഥവാ ഗ്രിഗോറിയോസ് | 51 |
| 66. | മെത്രാനായ കൊർണേലിയൂസ് | 52 |
| 67. | ,, സിപ്രിയാൻ | 52 |
| 68. | ഡീക്കനായ പോൺസ്യൂസ് | 53 |
| 69. | മെത്രാനായ ദിവന്നാസ്യോസ് | 53 |
| 70. | നൊവേഷ്യൻ | 55 |





| | | |
|---|---|---|
| 71. | പ്രെസ്ബിററായ മാൽക്കിയോൻ | 55 |
| 72. | മെത്രാനായ അർക്കെലാവൂസ് | 56 |
| 73. | ,, അനാറ്റോളിയൂസ് | 56 |
| 74. | ,, വിക്തൊറീനൂസ് | 56 |
| 75. | പ്രെസ്ബിററർ പംഫീലൂസ് | 57 |
| 76. | ,, പിയേരിയൂസ് | 57 |
| 77. | ലൂസിയൻ | 58 |
| 78. | മെത്രാനായ ഫീലെയാസ് | 58 |
| 79. | അർനോബിയൂസ് | 59 |
| 80. | ഫിർമിയാനൂസ് അഥവാ ലക്താൻസ്യൂസ് | 59 |
| 81. | മെത്രാനായ എവുസേബിയൂസ് | 60 |
| 82. | ,, റെടീഷ്യസ് | 61 |
| 83. | ,, മെത്തോഡിയൂസ് | 61 |
| 84. | പ്രെസ്ബിററർ യുവെൻകൂസ് | 61 |
| 85. | മെത്രാനായ ഒസ്റ്റാത്യോസ് | 62 |
| 86. | ,, മർസെല്ലൂസ് | 63 |
| 87. | ,, അത്തനാസ്യോസ് | 63 |
| 88. | സന്യാസിയായ അന്തോണിയോസ് | 63 |
| 89. | മെത്രാനായ ബേസിൽ | 64 |
| 90. | ,, തിയഡോർ | 64 |
| 91. | എമേസായിലെ എവുസേബിയൂസ് | 64 |
| 92. | മെത്രാനായ ട്രിഫീലിയൂസ് | 64 |
| 93. | ഡൊണാത്തൂസ് | 65 |
| 94. | അസ്റ്റേരിയൂസ് എന്ന സോഫിസ്റ്റ് | 65 |
| 95. | മെത്രാനായ ലൂസിഫർ | 65 |
| 96. | വെർചെല്ലിയിലെ എവുസേബിയൂസ് | 66 |
| 97. | മെത്രാനായ ഫോർത്തുണാസ്യാനൂസ് | 66 |
| 98. | ,, അകാചിയൂസ് | 66 |
| 99. | ,, സെറാപിയോൻ | 67 |
| 100. | മെത്രാനായ ഹിലരി | 67 |
| 101. | മാരിയൂസ് വിക്തൊറീനൂസ് | 68 |
| 102. | മെത്രാനായ തീത്തൂസ് | 68 |
| 103. | ,, ഡമാസൂസ് | 69 |
| 104. | ,, അപ്പൊള്ളിനാരിസ് | 69 |

www.malankaralibrary.com



105. മെത്രാനായ ഗ്രിഗറി 69
106. ,, പാചിയൻ 69
107. പാഷണ്ഡിയായ ഫൊതീനൂസ് 70
108. മെത്രാനായ ഫേബാദിയൂസ് 70
109. അന്ധനായ ദിദീമൂസ് 70
110. മെത്രാനായ ഒപ്താത്തൂസ് 71
111. അചീലിയൂസ് സെവേത്രൂസ് 71
112. മെത്രാനായ സിറിൽ 71
113. ,, എവുസോയിയൂസ് 72
114. ,, എപ്പിഫാനിയസ് 72
115. ഡീക്കനായ അപ്രേം 72
116. മഹാനായ ബേസിൽ 73
117. ഗ്രിഗറി നസ്യാൻസൻ 73
118. മെത്രാനായ ലൂഷ്യസ് 74
119. ദിയദോർ മെത്രാൻ 74
120. പാഷണ്ഡിയായ എവുണോമിയൂസ് 75
121. മെത്രാനായ പ്രിഷില്യൻ 75
122. ലത്രോണിയാനൂസ് 76
123. തിബേരിയാനൂസ് 76
124. മെത്രാനായ അംബ്രോസ് 76
125. എവാഗ്രിയസ് മെത്രാൻ 76
126. ദിദീമൂസിൻെറ ശിഷ്യനായ അംബ്രോസ് 77
127. മാക്സിമൂസ് 77
128. നീസ്സായിലെ ഗ്രിഗറി 77
129. പ്രെസ്ബിററായ ജോൺ 77
130. ജലാസിയൂസ് മെത്രാൻ 78
131. തെയൊതീമൂസ് ,, 78
132. ഡെക്സ്റ്റർ 78
133. മെത്രാനായ ആംഫിലോക്കിയസ് 78
134. സൊഫ്രോണിയൂസ് 79
135. പ്രെസ്ബിററായ ജറോം 79





**ജന്നാഡിയസ്—മഹത്വ്യക്തികൾ 81**

1. വിവേകിയായ യാക്കോബ് 81
2. റോമാ മെത്രാൻ ജൂലിയസ് 83
3. പ്രെസ്ബിററായ പൗലോനാസ് 83
4. വിത്തേലിയൂസ് 84
5. മക്രോബിയൂസ് 84
6. ഹെലിയൊദോറൂസ് 84
7. പക്കോമിയൂസ് 85
8. തിയഡോർ 86
9. ഹോർസിയെസി 86
10. മക്കാരിയൂസ് 87
11. എവാഗ്രിയസ് 87
12. മൊപ്സുവെസ്ത്യായിലെ തിയഡോർ 89
13. പ്രുദെൻസ്യൂസ് 89
14. ഔദെൻസ്യൂസ് 90
15. കൊമ്മോഡിയൻ 90
16. ഫൗസ്തീനൂസ് 91
17. റൂഫീനൂസ് 92
18. തിക്കോണിയൂസ് 93
19. സൂൽപീചിയൂസ് സെവേത്രൂസ് 94
20. അന്തിയോക്കസ് 96
21. ഗാബാലായിലെ സെവേരിയൻ 96
22. റെമേസിയാനായിലെ നിസേററാസ് 96
23. ഒളിംപിയൂസ് 97
24. ബാക്കിയാറിയൂസ് 97
25. സബ്ബാത്തിയൂസ് 98
26. ഇസാക്ക് 98
27. ഉർസീനൂസ് 99
28. മക്കാരിയൂസ് 99
29. ഹെലിയൊദോറൂസ് 99
30. ജോൺ 100
31. ജറുസലേമിലെ ജോൺ 100
32. പൗലോസ് 100

www.malankaralibrary.com




| | | |
|---|---|---|
| 33. | ഹെൽവീദിയസ് | 101 |
| 34. | തെയോഫിലസ് | 101 |
| 35. | എവുസേബിയസ് | 102 |
| 36. | വിജിലാൻസ്യൂസ് | 102 |
| 37. | സിംപ്ലിചിയാനൂസ് | 103 |
| 38. | വിജീലിയുസ് | 103 |
| 39. | അഗസ്റ്റിൻ | 103 |
| 40. | ഒറോസിയുസ് | 104 |
| 41. | മാക്സിമുസ് | 105 |
| 42. | പെത്രോണിയുസ് | 106 |
| 43. | പെലാജിയുസ് | 107 |
| 44. | ഇന്നസെൻറ് പാപ്പാ | 107 |
| 45. | ചെലെസ്തിയുസ് | 107 |
| 46. | ജൂലിയൻ | 108 |
| 47. | ലൂസിയൻ | 108 |
| 48. | അവിത്തൂസ് | 109 |
| 49. | നോളായിലെ പൗളീനൂസ് | 109 |
| 50. | എവുത്രോപിയുസ് | 110 |
| 51. | എവാഗ്രിയസ് | 110 |
| 52. | വിജീലിയുസ് | 110 |
| 53. | അററിക്കസ് | 110 |
| 54. | നെസ്തോറിയുസ് | 111 |
| 55. | സെലെസ്റ്റിൻ | 111 |
| 56. | തിയഡോട്ടസ് | 112 |
| 57. | ഫസ്തീദിയുസ് | 112 |
| 58. | സിറിൽ | 112 |
| 59. | തിമോത്തി | 113 |
| 60. | ലെപ്പോറിയുസ് | 113 |
| 61. | വിക്തൊറീനൂസ് | 113 |
| 62. | കാസ്സിയൻ | 114 |
| 63. | ഫിലിപ്പ് | 115 |
| 64. | എവുക്കേരിയുസ് | 115 |
| 65. | വിൻസെൻറ് | 116 |
| 66. | സിയാഗ്രിയുസ് | 116 |





| | | |
|---|---|---|
| 67. | ഇസാക്കു് | 117 |
| 68. | സാൽവിയൻ | 117 |
| 69. | പൗളീനസ് | 118 |
| 70. | ഹിലരി | 118 |
| 71. | ലെയോ | 119 |
| 72. | മോക്കിമൂസ് | 120 |
| 73. | തിമോത്തി | 120 |
| 74. | അസ്ക്ലേപ്പിയുസ് | 121 |
| 75. | പീററർ | 121 |
| 76. | പൗലോസ് | 121 |
| 77. | പാസ്തോർ | 122 |
| 78. | വിക്ടർ | 122 |
| 79. | വൊക്കോണിയുസ് | 122 |
| 80. | മർസെയിൽസിലെ മൂസെയുസ് | 123 |
| 81. | വിൻസെൻറ് | 123 |
| 82. | സൈറസ് | 124 |
| 83. | സാമുവൽ | 124 |
| 84. | ക്ലൗദിയാനൂസ് | 125 |
| 85. | പ്രോസ്പർ | 125 |
| 86. | ഫൗസ്തൂസ് | 126 |
| 87. | സേർവുസ് ദേയി | 127 |
| 88. | വിക്തോറിയുസ് | 128 |
| 89. | തിയഡൊറെററ് | 128 |
| 90. | ജന്നാഡിയസ് | 129 |
| 91. | തിയോഡുളൂസ് | 129 |
| 92. | സീദോണിയുസ് | 130 |
| 93. | അന്ത്യോക്യയിലെ ജോൺ | 130 |
| 94. | ജലാസിയുസ് | 131 |
| 95. | ഹൊണൊറാത്തൂസ് | 131 |
| 96. | സിറിയാലിസ് | 132 |
| 97. | എവുജേനിയുസ് | 132 |
| 98. | പൊമേരിയുസ് | 133 |
| 99. | ജന്നാഡിയസ് | 134 |
| | പ്രൊഫ. കെ. വി. ജോസഫ് | 135 |
| | ഫാ. ഗീവർഗീസ് ചേടിയത്ത് | 136 |


## അനുബന്ധം


| | | |
|---|---|---|
| 1. | ജറോം–വിഷയവിവരം അകാരദി ക്രമത്തിൽ | 137 |
| 2. | ജന്നാഡിയസ്–വിഷയവിവരം ,, | 139 |
| | ചുരുക്കെഴുത്തുകളുടെ പൂർണരൂപം | 140 |

www.malankaralibrary.com



# ആമുഖം

സഭാപിതാക്കന്മാരുടെ പഠനത്തിനു് വളരെ സഹായകമായ രണ്ടു കൃതികളാണ് ജറോമിന്റെയും (+ 420) ജന്നാഡിയസിന്റെയും (5-ാം നൂററാണ്ടു്) *മഹത്‌വ്യക്തികൾ* (De Viris Illustribus) എന്നതു്. 392-ലാണ് *ജറോം* തന്റെ കൃതി രചിച്ചതു്. ജറോമിന്റെ ചുവടുപിടിച്ച് അതിന്റെ തുടർച്ചയായി ഒരു നൂററാണ്ടു കഴിഞ്ഞു് *ജന്നാഡിയസ്* അതേ പേരിൽ ഒരു ഗ്രന്ഥമെഴുതി. 480 ലോ 492 നും 495 നും ഇടയ്ക്കോ ആണ് അദ്ദേഹം ഈ രചന നടത്തിയതു്. ഈ രണ്ടു കൃതികളുടെ ആദ്യത്തെ മലയാള വിവർത്തനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

ക്രൈസ്തവരുടെ ഇടയിൽ ഇപ്രകാരം ഒരു സംരംഭത്തിനു മുതിർന്ന ആദ്യത്തെയാൾ വി. ജറോമാണ്. ആദ്യത്തെ ക്രൈസ്തവ ദൈവശാസ്ത്ര സാഹിത്യ ചരിത്രഗ്രന്ഥം എന്ന നിലയിൽ ഇതിനു് സുപ്രധാന സ്ഥാനമുണ്ടു്. ക്രിസ്ത്യാനികളുടെ ഇടയിൽ പണ്ഡിതന്മാരില്ല, അവർക്ക് അക്ഷരജ്ഞാനമില്ല, സാഹിത്യസംഭാവനകൾ ഇല്ല എന്നൊക്കെ ക്രിസ്ത്യാനികളെ താറടിച്ചിരുന്ന അക്രൈസ്തവർക്ക് ജറോമിന്റെ കൃതി നല്ലൊരു മറുപടിയായിരുന്നു. ക്രിസ്തീയ സാഹിത്യകൃതികൾ രചിച്ച പ്രമുഖരായ എഴുത്തുകാരെയൊക്കെ ജറോം തന്റെ കൃതിയിൽ അനുസ്മരിക്കുന്നു. പത്രോസ്ശ്ലീഹാ മുതൽ ജറോംവരെ 135 എഴുത്തുകാരെക്കുറിച്ചാണ് ഈ ഗ്രന്ഥം. ഡെക്സ്റ്റർ എന്ന പ്രെട്ടോറിയൻ പ്രീഫെക്ററിന്റെ അപേക്ഷപ്രകാരമാണ് ജറോം ഈ സംരംഭത്തിനു മുതിർന്നതു്. ഡെക്സ്ററിനെക്കുറിച്ച് ഒരിടത്തു് ജറോം പരാമർശിക്കുന്നു (132-ാം നമ്പർ; താഴെ പേജ് 78 കാണുക).

അക്രൈസ്തവരായ എഴുത്തുകാർ തങ്ങളുടെ ഇടയിലെ പ്രമുഖരെക്കുറിച്ചും അവരുടെ സാഹിത്യസംഭാവനകളെക്കുറിച്ചും എഴുതുന്ന ഒരു രീതി ഉണ്ടായിരുന്നു. ജറോം തന്റെ കൃതിയുടെ ആമുഖത്തിൽ ഇക്കാര്യം അനുസ്മരിക്കുന്നു. സ്വെതോണിയൂസ് (ത്രാൻകില്ലൂസ്) എന്നയാളുടെ ഗ്രന്ഥത്തിന്റെ മാതൃകയിൽ ഒരു കൃതിയെഴുതാനാണ് ഡെക്സ്റ്റർ പ്രേരിപ്പിച്ചതു്. കർത്താവിന്റെ കാലം മുതൽ തിയഡോഷ്യസ് ചക്രവർത്തിയുടെ കാലംവരെ (392) യുള്ള ക്രൈസ്തവ സാഹിത്യകാരന്മാർ തിരുലിഖിതത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള കൃതികളെ അപഗ്രഥിക്കാനായിരുന്നു ജറോമിന്റെ പദ്ധതി. എന്നാൽ ജറോമാകട്ടെ യഹൂദ സാഹിത്യകാരന്മാരായ ഫീലോ, ജൊസേഫൂസ് എന്നിവരെയും അക്രൈസ്തവ സാഹിത്യകാരനായ സെനെക്കായെയും തന്റെ വിവരണത്തിൽ ഉൾപ്പെടുത്തി. അതുപോലെ പാഷണ്ഡികളെയും ശീശ്മക്കാരെയും ഉൾപ്പെടുത്തി. ആദ്യത്തെ 78 തലക്കെട്ടുകൾ. എവുസേബിയസിന്റെ സഭാചരിത്രത്തെയും കാലാനുക്രമണികയെയും ആശ്രയിച്ച് എഴുതിയിട്ടുള്ളവയാണ്. എവുസേബിയസിൽ കാണുന്ന ചില്ലറ പിശകുകൾപോലും ജറോം പകർത്തിവച്ചിട്ടുണ്ടു്. ഓരോരുത്തരെപ്പററി ലഘു വിവരണവും കൃതികളെക്കുറിച്ചുള്ള അപഗ്രഥനവും കാണാം. ഈ കൃതി പ്രസിദ്ധീകൃതമായ ഉടനെ അഗസ്റ്റിൻ (ലേഖനം 40) ഇതിലെ കുറവു ചൂണ്ടിക്കാട്ടി. ജറോം സത്യവിശ്വാസികളെയും അബദ്ധോപദേശകരെയും തമ്മിൽ വേർതിരിച്ചു കാണിച്ചില്ല. ചിലയിടങ്ങളിൽ വസ്തുനിഷ്ഠമല്ലാത്ത വിവരണങ്ങളുണ്ടു്. ജറോമിന്റെ ഇഷ്ടാനിഷ്ടങ്ങൾ ഇതിൽ കാണാവുന്നതാണ്. ഉദാഹരണത്തിനു് വി. അംബ്രോസിനെപ്പററി പ്രതിപാദിക്കുന്ന ഭാഗം നോക്കുക. എങ്കിലും ഒരായിരം വർഷത്തേക്കു് ജറോമിന്റെ ഈ കൃതിയായിരുന്നു പട്രോളജിയുടെ ഒരു വലിയ ഉറവിടം. പിന്നെപ്പിന്നെ വന്നവർ ജറോമിന്റെ തുടർച്ചയായി എഴുതാൻ മാത്രമേ ശ്രമിച്ചുള്ളു.

ജറോമിന്റെ ജീവചരിത്രം ഈയടുത്തകാലത്തു് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു് (ജി. ചേടിയത്തു്, *ലത്തീൻ സഭാപിതാക്കന്മാർ*, കോട്ടയം, 1992, പേ. 70-89). പാശ്ചാത്യലോകത്തെ നാലു വലിയ സഭാപിതാക്കന്മാരിൽ ഒരാളാണ് വി. ജറോം. വേദപുസ്തക വിവർത്തകൻ, വലിയ ഭാഷ്യകാരൻ, ആധ്യാത്മിക നിയന്താവ്, ദൈവശാസ്ത്രജ്ഞൻ, താപസ്സൻ എന്നീ നിലകളിൽ അദ്ദേഹം വിഖ്യാതനായിരുന്നു. ഡൽമേഷ്യായ്ക്കും പന്നോണിയായ്ക്കും ഇടയ്ക്കു് കിടക്കുന്ന സ്ത്രീദോൺ എന്ന ചെറിയ പട്ടണത്തിൽ 331/347 ൽ ജറോം ജനിച്ചു. വലിയ പാണ്ഡിത്യം സമ്പാദിച്ചശേഷം സന്യാസജീവിതം ആരംഭിച്ചു. അതു് ചെന്നവസാനിച്ചതു് ബേത്‌ലഹേമിലാണ്. ജറോം ഒരു വൈദികനായിരുന്നു എങ്കിലും വൈദിക കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു എന്നതിനു് തെളിവുകളില്ല. ബേത്‌ലഹേമിൽവച്ചാണ് അദ്ദേഹത്തിന്റെ പ്രധാന സാഹിത്യ സൃഷ്ടികൾ നടന്നതു്. 419/420 സെപ്റ്റംബർ 30 നു് ബേത്‌ലഹേമിൽ വച്ചു മരിച്ചു.

www.malankaralibrary.com



മർസെയിൽസിലെ ഒരു വൈദികനായിരുന്ന ജന്നാഡിയസ് ജറോമിന്റെ തുടർച്ചയായി അതേ പേരിൽ ഒരു കൃതി അഞ്ചാം നൂററാണ്ടിൽ രചിച്ചു. *സെമി-പെലാജിയൻ* ചിന്താഗതി പുലർത്തിയിരുന്ന ഒരാളായിരുന്നു ജന്നാഡിയസ്. അതു് കൃതിയിൽ അവിടവിടെ ദൃശ്യവുമാണ്. അതൊഴിച്ചാൽ അദ്ദേഹത്തിന്റെ കൃതി വ്യാപകമായ അറിവും കൃത്യമായ വിവരണവും നല്കുന്ന ഒരു വ്യക്തിയുടേതാണെന്നു് വ്യക്തമാകുന്നുണ്ടു്. ഇവിടെ വിവർത്തനത്തിനുപയോഗിച്ചിരിക്കുന്നതു് താഴെപ്പറയുന്ന ഗ്രന്ഥമാണ്: *NPNF*$^{2}$.3 P. 359–384 (ജറോം); 385–402 (ജന്നാഡിയസ്). ജറോം ലത്തീനിൽ 392-ൽ തന്റെ കൃതി പ്രസിദ്ധീകരിച്ചു. 1600 വർഷം കഴിഞ്ഞാണ് അതു് മലയാളത്തിലായതു്. എങ്കിലും ഈ വർഷം തന്നെ ഇതു പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ വളരെ ചാരിതാർത്ഥ്യമുണ്ടു്.

ഈ രണ്ടു കൃതികളും മലയാളത്തിലേക്കു് വിവർത്തനം ചെയ്തു പ്രൊഫ. കെ. വി. ജോസഫ് സാറിനു് കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ അച്ചടി ഭംഗിയായി നിർവഹിച്ച പ്രോസാങ്റ്ററിററി പ്രിൻേറഴ്സിലെ അധികാരികളോടും എല്ലാ പ്രവർത്തകരോടും ഉള്ള നന്ദി രേഖപ്പെടുത്തട്ടെ. ഈ ഗ്രന്ഥം സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

**ഫാ. ജി. ചേടിയത്ത്**

പൗരസ്ത്യവിദ്യാപീഠം.
13-2-1992.

# ജറോം
## മഹത്‌വ്യക്തികൾ

### 1. ശെമയോൻ പത്രോസ്

ശെമയോൻ പത്രോസ് ഗലീലി പ്രവിശ്യയിലെ ബെത്സെയിദായിൽ നിന്നുള്ളവനായിരുന്നു. യോനായുടെ പുത്രനും അന്ത്രയോസ് ശ്ലീഹായുടെ സഹോദരനും അപ്പസ്തോലപ്രമുഖനുമായ ഇദ്ദേഹം അന്ത്യോക്യൻ സഭയുടെ മെത്രാനായിരിക്കുകയും പോന്തൂസ്, ഗലാത്യാ, കപ്പദോഷ്യാ, ഏഷ്യാ, ബിത്തീനിയാ എന്നീ സ്ഥലങ്ങളിലുള്ള പരിച്ഛേദന വിശ്വാസികളായ യഹൂദരോടു് പ്രസംഗിക്കുകയും ചെയ്തിട്ടു് റോമിലേക്കു നീങ്ങി. ക്ഷുദ്രക്കാരൻ ശെമയോനെ[1] പരാജയപ്പെടുത്താൻ വേണ്ടിയാണു് അദ്ദേഹം റോമിലെത്തിയതു്. അവിടെ അദ്ദേഹം ഇരുപത്തിയഞ്ചു വഷ്ക്കാലം വൈദികാദ്ധ്യക്ഷസ്ഥാനം വഹിച്ചു. ഒടുവിൽ നീറോയുടെ അവസാനത്തെ, അതായതു് പതിനാലാമത്തെ, ഭരണവർഷം അദ്ദേഹം അയാളിൽനിന്നു് രക്തസാക്ഷിത്വം വരിച്ചു. തല താഴെയും പാദങ്ങൾ മുകളിലുമായി കുരിശിൽ തറയ്ക്കപ്പെട്ടു് ആയിരുന്നു രക്തസാക്ഷിത്വം. തന്റെ കർത്താവു് ക്രൂശിതനായ അതേ വിധത്തിൽ ക്രൂശിതനാകാൻ താൻ അനർഹനാണെന്നു വാദിച്ചുകൊണ്ടാണു് അദ്ദേഹം അപ്രകാരം ക്രൂശിതനായതു്.

കാതോലിക ലേഖനങ്ങൾ എന്നു് അറിയപ്പെടുന്ന രണ്ടു ലേഖനങ്ങൾ അദ്ദേഹം എഴുതി. അവയിൽ രണ്ടാമത്തേതു് ശൈലിയിൽ ആദ്യത്തേതിൽനിന്നു ഭിന്നമായിരിക്കുന്നതു

1. ജി. ചേടിയത്തു്, *ആദിമസഭയുടെ സന്ദേശം*, കോട്ടയം, 1988, പേ. 143 കാണുക (=*ആദിമസഭ*).

www.malankaralibrary.com



കൊണ്ട് അത് അദ്ദേഹം എഴുതിയതല്ല എന്ന് പലരും കരുതുന്നുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യനും വ്യാഖ്യാതാവുമായ മർക്കോസിന്റെ സുവിശേഷം അദ്ദേഹം രചിച്ചതാണെന്ന് പറയുന്നവരുമുണ്ട്. അതേസമയം അദ്ദേഹത്തിന്റേതായി അറിയപ്പെടുന്ന രചനകളിൽ ഒന്നായ 'നടപടികൾ', മറ്റൊന്നായ 'സുവിശേഷം', മൂന്നാമത്തേതായ 'പ്രസംഗങ്ങൾ', നാലാമത്തേതായ 'വെളിപാട്', അഞ്ചാമത്തേതായ 'വിധിതീർപ്പ്' എന്നിവ അപ്രാമാണികങ്ങൾ എന്ന നിലയിൽ തിരസ്കൃതങ്ങളായിരിക്കുന്നു.[2] വത്തിക്കാനിൽ 'വിജയപാഥ'ത്തിനു സമീപം സംസ്കരിക്കപ്പെട്ടിരിക്കുന്ന ഇദ്ദേഹം അഖില ലോകത്താലും ആദരിക്കപ്പെടുന്നു.

## 2. നമ്മുടെ കർത്താവിന്റെ സഹോദരൻ യാക്കോബ്

യാക്കോബ് നമ്മുടെ കർത്താവിന്റെ സഹോദരൻ എന്നു വിളിക്കപ്പെടുന്നു.[3] ഇദ്ദേഹത്തിന് നീതിമാൻ എന്ന ഇരട്ടപ്പേരുണ്ട്. ഇദ്ദേഹം യൗസേപ്പിന് മറ്റൊരു ഭാര്യയിലുണ്ടായ മകനാണെന്നാണു ചിലർ വിശ്വസിക്കുന്നത്. എന്നാൽ ഇദ്ദേഹം നമ്മുടെ കർത്താവിന്റെ അമ്മയുടെ സഹോദരിയായ മറിയത്തിന്റെ പുത്രനായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ പ്രസ്തുത മറിയത്തെക്കുറിച്ചു പറയുന്നുണ്ട് (19:25). നമ്മുടെ കർത്താവിന്റെ മരണത്തിനുശേഷം ഉടൻതന്നെ അപ്പസ്തോലന്മാർ ഇദ്ദേഹത്തെ ജറുസലേം മെത്രാനായി നിയോഗിച്ചു. ഇദ്ദേഹം ഒരു ലേഖനം എഴുതിയിട്ടുണ്ട്. അത് ഏഴ് കാതോലിക ലേഖനങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇതുപോലും അദ്ദേഹത്തിന്റെ പേരിൽ ചിലർ എഴുതി പ്രസിദ്ധീകരിച്ചതാണെന്നും കാലക്രമത്തിൽ പ്രാമാണികത്വം നേടിയതാണെന്നും കരുതുന്നവർ ഉണ്ട്. അപ്പസ്തോലിക കാലത്തിനടുത്തു ജീവിച്ചിരുന്ന ഹെജെസിപ്പസ്, തന്റെ 'ഓർമ്മക്കുറിപ്പുകളുടെ'[4] അഞ്ചാം

2. അതേകൃതി, പേ. 80-82 (നടപടി); 69-70(സുവിശേഷം); 85-86 (വെളിപാട്): ഇവ അപ്പോക്രിഫൽ കൃതികളാണ്.

3. ഗലാ. 1:19.

4. Memoirs (hypomnēmata): ജറോം, എവുസേബിയസിൽനിന്നാണ് ഉദ്ധരിക്കുന്നത്, സഭാചരിത്രം, 2:23, ആദിമസഭ. പേ. 168.



പുസ്തകത്തിൽ യാക്കോബിനെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: 'ശ്ലീഹന്മാർക്കുശേഷം നമ്മുടെ കർത്താവിന്റെ സഹോദരനും നീതിമാൻ എന്നു വിളിക്കപ്പെടുന്നവനുമായ യാക്കോബ് ജറുസലെമിലെ സഭയുടെ തലവനായി നിയമിക്കപ്പെട്ടു. യാക്കോബ് എന്ന പേരുള്ള പലരുണ്ട്. ഈ യാക്കോബ് അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധനായിരുന്നു. അദ്ദേഹം വീഞ്ഞോ മറ്റു ലഹരി പാനീയങ്ങളോ കുടിച്ചിരുന്നില്ല. മാംസം ഭക്ഷിച്ചിരുന്നില്ല. അദ്ദേഹം ഒരിക്കലും ക്ഷൗരം ചെയ്യുകയോ ശരീരത്തിൽ എണ്ണ പുരട്ടുകയോ കുളിക്കുകയോ ചെയ്തിട്ടില്ല. വിശുദ്ധിയുടെ വിശുദ്ധ സ്ഥലത്തു പ്രവേശിക്കാനുള്ള അവകാശം അദ്ദേഹത്തിനു മാത്രമാണുണ്ടായിരുന്നത്. അദ്ദേഹം കമ്പിളി വസ്ത്രങ്ങൾ ധരിക്കാതെ നാരുവസ്ത്രങ്ങൾ മാത്രം ധരിച്ചിരുന്നതുകൊണ്ടാണിത്. അദ്ദേഹം തനിയെ ദേവാലയത്തിൽപ്പോയി ജനങ്ങൾക്കുവേണ്ടി പ്രാർഥിച്ചിരുന്നു. അദ്ദേഹത്തിന്റെ കാൽമുട്ടുകൾക്ക് ഒട്ടകത്തിന്റെ കാൽമുട്ടുകളുടെ കാഠിന്യം ഉണ്ടായതായി പറയപ്പെടുന്നു'.

ഹെജെസിപ്പസ് വേറെയും പല കാര്യങ്ങൾ പറയുന്നുണ്ട്. അവയെല്ലാം എടുത്തു പറയാൻ സാദ്ധ്യമല്ല.

ജൊസേഫുസ് അദ്ദേഹത്തിന്റെ യൂദപ്പഴമ[5] എന്ന ഗ്രന്ഥത്തിന്റെ ഇരുപതാം പുസ്തകത്തിലും ക്ലെമെന്റ് ഹ്യപ്പൊതിപ്പോസെയിസ്[6] എന്ന തന്റെ ഗ്രന്ഥത്തിന്റെ ഏഴാം പുസ്തകത്തിലും യാക്കോബിന്റെ അന്ത്യത്തെക്കുറിച്ചു പറയുന്നുണ്ട്. യൂദയാ ഭരിച്ചിരുന്ന ഫെസ്റ്റസ് മരിച്ചപ്പോൾ അയാളുടെ പിൻഗാമിയായി അൽബീനൂസ് എന്നയാളിനെ നീറോ അയച്ചു. എന്നാൽ അയാൾ യൂദയായിൽ എത്തുന്നതിനു മുമ്പുള്ള അരാജകാവസ്ഥയിൽനിന്നു മുതലെടുത്തുകൊണ്ട്, വൈദിക വർഗ്ഗത്തിൽപ്പെട്ട അനാനൂസിന്റെ യൗവനപൂർണ്ണനായ പുത്രനും അപ്പോഴത്തെ ഉന്നത പുരോഹിതനുമായ അനനിയാസ് ഒരു കൗൺസിൽ വിളിച്ചുകൂട്ടുകയും ക്രിസ്തു ദൈവപുത്രനാണെന്ന വസ്തുത നിഷേധിക്കുവാൻ യാക്കോബിനെ നിർബന്ധിതനാക്കാൻ പരസ്യമായി പരിശ്രമിക്കുകയും ചെയ്തു. യാക്കോബ് അതിനു വിസമ്മതിച്ചപ്പോൾ അദ്ദേഹത്തെ കല്ലെറിഞ്ഞു കൊല്ലാൻ അനനിയാസ് ആജ്ഞ നൽകി. അദ്ദേഹത്തെ അവർ ദേവാലയത്തിന്റെ ഗോപുരത്തിൽനിന്ന് താഴത്തേയ്ക്കു്

5. Antiquities of the Jews : Ioudaikē Archaiologia.

6. Hypotyposeis (outlines or sketches). ആദിമസഭ പേ. 266

www.malankaralibrary.com



തള്ളിയിട്ടു. വീഴ്ചയിൽ കാലുകൾ ഒടിഞ്ഞെങ്കിലും അദ്ദേഹം മരിച്ചില്ല. സ്വർഗത്തിലേയ്ക്കു് കൈകൾ ഉയർത്തിക്കൊണ്ടു് അദ്ദേഹം പ്രാർത്ഥിച്ചു: 'കർത്താവേ, ഇവർ ചെയ്യുന്നതെന്തെന്നു് ഇവർ അറിയുന്നില്ല. അതിനാൽ ഇവരോടു ക്ഷമിക്കണമേ.' അപ്പോൾ ഒരാൾ വന്നു്, അലക്കുകാർ വസ്ത്രങ്ങളിലെ ചെളി അടിച്ചു നീക്കാൻ ഉപയോഗിക്കുന്ന ഒരു ഗദകൊണ്ടു് അദ്ദേഹത്തിന്റെ തലയ്ക്കടിച്ചു. ആ അടിയേറ്റു് അദ്ദേഹം മരിച്ചു.

പ്രസ്തുത ജൊസേഫസ് തന്നെ മറ്റൊരു പാരമ്പര്യ വിശ്വാസവും രേഖപ്പെടുത്തുന്നുണ്ടു്. ഈ യാക്കോബു് വലിയ ജീവിത വിശുദ്ധിയുള്ളവനായിരുന്നു. ജനങ്ങളുടെയിടയിൽ അദ്ദേഹത്തെക്കുറിച്ചു വലിയ മതിപ്പും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണമാണ് ജറുസലെമിന്റെ നാശത്തിനു കാരണമാക്കിയതെന്നു് ആളുകൾ വിശ്വസിച്ചു. 'കർത്താവിന്റെ സഹോദരനായ യാക്കോബിനെയല്ലാതെ അപ്പസ്തോലന്മാരിൽ ആരെയും ഞാൻ കണ്ടില്ല'. എന്നു പൗലോസ് ശ്ലീഹാ ഗലാത്തിയക്കാർക്കു് എഴുതിയതു് (1:29) ഇദ്ദേഹത്തെക്കുറിച്ചാണ്. സംഭവത്തിനുശേഷം അല്പകാലത്തിനുള്ളിൽ 'അപ്പസ്തോല പ്രവർത്തനങ്ങൾ' ഇക്കാര്യത്തിനു സാക്ഷ്യം വഹിക്കുന്നു.

*എബ്രായരുടെ സുവിശേഷം* എന്നു വിളിക്കപ്പെടുന്ന ഒരു സുവിശേഷമുണ്ടു്.[7] അടുത്ത കാലത്തു് ഞാൻ ഗ്രീക്കിലേയ്ക്കും ലത്തീനിലേയ്ക്കും തർജ്ജമ ചെയ്തതാണതു്. ഒരിജൻ പലപ്പോഴും അതു് ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. അതിൽ നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള വിവരണത്തിനുശേഷം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "കർത്താവു്, തന്റെ ശവകുടീരവസ്ത്രങ്ങൾ പുരോഹിതന്റെ ഭൃത്യന്മാർക്കു കൊടുത്തതിനു ശേഷം യാക്കോബിനു പ്രത്യക്ഷപ്പെട്ടു. – കാരണം യാക്കോബു് കർത്താവിന്റെ പാനപാത്രത്തിൽ നിന്നു കുടിച്ച ആ നിമിഷത്തിൽ, അവിടുന്നു് ഉറങ്ങുന്നവരുടെയിടയിൽ നിന്നു ഉയിർക്കുന്നതു കാണുംവരെ അപ്പം തിന്നുകയില്ലെന്നു ശപഥം ചെയ്തിരുന്നു." – അല്പം കൂടെ കഴിഞ്ഞു് ആ സുവിശേഷം വീണ്ടും പറയുന്നു: 'കർത്താവു പറഞ്ഞു, 'ഒരു മേശയും അപ്പവും കൊണ്ടുവരുക'. ഉടനെതന്നെ ഇങ്ങനെ തുടരുന്നു: 'അവിടുന്നു് അപ്പം കൊണ്ടുവന്നു് ആശീർവ്വദിച്ചു മുറിച്ചു നീതിമാനായ യാക്കോബിനു നൽകിയിട്ടു പറഞ്ഞു: 'എന്റെ സഹോദരാ, നിന്റെ അപ്പം ഭക്ഷിക്കുക, എന്തെന്നാൽ മനുഷ്യപുത്രൻ ഉറങ്ങുന്നവരുടെയിടയിൽ നിന്നു് ഉത്ഥാനം ചെയ്തിരിക്കുന്നു.'

7. അതേ കൃതി, പേ. 68.



അങ്ങനെ യാക്കോബു് മുപ്പതുകൊല്ലം ജറുസലത്തെ സഭയെ ഭരിച്ചു. അതായതു് നീറോയുടെ ഏഴാം ഭരണവർഷം വരെ. ദേവാലയത്തിന്റെ ഏതു ഗോപുരത്തിൽ നിന്നു് അദ്ദേഹം തള്ളിയിടപ്പെട്ടോ അതിനു സമീപം തന്നെ അദ്ദേഹം സംസ്കരിക്കപ്പെടുകയും ചെയ്തു. ലിഖിതത്തോടു കൂടിയ അദ്ദേഹത്തിന്റെ ശ്മശാനശില തീത്തൂസിന്റെ ഉപരോധവും ഹദ്രിയാന്റെ ഭരണാവസാനവും വരെ നന്നായി അറിയപ്പെട്ടിരുന്നു. അദ്ദേഹം ഒലിവുമലയിലാണു സംസ്ക്കരിക്കപ്പെട്ടതെന്നു് നമ്മുടെ ചില എഴുത്തുകാർ വിചാരിക്കുന്നുണ്ടു്. എന്നാൽ അവരുടെ ധാരണ തെറ്റാണ്.

## 3. ലേവി എന്നു വിളിക്കപ്പെടുന്ന മത്തായി

ലേവി എന്നുകൂടെ വിളിക്കപ്പെടുന്ന മത്തായി ആദ്യം ചുങ്കക്കാരനും പിന്നീടു് ശ്ലീഹായും ആയിരുന്നു. അദ്ദേഹം ക്രിസ്തുവിന്റെ ഒരു സുവിശേഷം രചിച്ചു. അതു് ആദ്യമായി ഹീബ്രു ഭാഷയിൽ യൂദയാ ദേശത്തു പ്രസിദ്ധീകൃതമായി. വിശ്വസിച്ച പരിച്ഛേദിതർക്കുവേണ്ടിയായിരുന്നു അതു്. അതു പിന്നീടു ഗ്രീക്കിലേയ്ക്കു ഭാഷാന്തരം ചെയ്യപ്പെട്ടു. തർജ്ജമക്കാരൻ ആരാണെന്നു നിശ്ചയമില്ല. പംഫീലൂസ് വളരെ ശ്രദ്ധാപൂർവ്വം ശേഖരിച്ചതായ കൈസറിയായിലെ ഗ്രന്ഥശാലയിൽ ഹീബ്രുഗ്രന്ഥം ഇപ്പോഴും സുരക്ഷിതമായിരിപ്പുണ്ടു്. സിറിയായിലെ ഒരു നഗരമായ ബേറോയായിലെ നസ്രായർ[8] ആ ഗ്രന്ഥത്തെക്കുറിച്ചു് എനിക്കു വിവരിച്ചു തന്നിട്ടുണ്ടു്. അവർ അതു് ഉപയോഗിക്കുന്നുണ്ടു്. ഈ സുവിശേഷത്തിലുള്ള ഒരു കാര്യം ശ്രദ്ധേയമാണ്: അതിൽ സുവിശേഷകൻ സ്വന്തമായിട്ടോ നമ്മുടെ കർത്താവിന്റെ വാക്കായിട്ടോ പഴയനിയമഭാഗങ്ങൾ പ്രമാണമായി ഉദ്ധരിക്കുമ്പോൾ *സപ്തതി* പരിഭാഷകരെയല്ല, ഹീബ്രു മൂലത്തെയാണ് അനുവർത്തിക്കുന്നതു്. അതിനാൽ "ഈജിപ്തിൽ നിന്നു് എന്റെ പുത്രനെ ഞാൻ വിളിച്ചു" എന്നും "എന്തെന്നാൽ അവൻ നസ്രായൻ എന്നു വിളിക്കപ്പെടും" എന്നുമുള്ള രണ്ടുരൂപങ്ങളും നിലനില്ക്കുന്നു.

8. Nazarenes

www.malankaralibrary.com



## 4. യാക്കോബിന്റെ സഹോദരനായ യൂദാ

യാക്കോബിന്റെ സഹോദരനായ യൂദാ ഒരു ചെറിയ ലേഖനം എഴുതിയിട്ടുണ്ടു്. അതു് ഏഴു കാതോലികലേഖനങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. അതിൽ അദ്ദേഹം അപ്രമാണികഗ്രന്ഥമായ ഹാനോക്കിൽ നിന്നു്[9] ഉദ്ധരിക്കുന്നതുകൊണ്ടു് പലരും ആ ലേഖനം തള്ളിക്കളയുന്നു. എങ്കിലും പഴക്കവും ഉപയോഗവും കൊണ്ടു് അതു് പ്രാമാണികത്വം നേടുകയും വിശുദ്ധ ലിഖിതങ്ങളുടെ ഗണത്തിൽ പരിഗണിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

## 5. പൗലോസ്

ആദ്യം സാവൂൾ എന്നു വിളിക്കപ്പെട്ടിരുന്ന പൗലോസ് പന്ത്രണ്ടു ശ്ലീഹന്മാർക്കു പുറമെയുള്ള അപ്പസ്തോലനാണ്. അദ്ദേഹം ബെന്യാമിന്റെ ഗോത്രത്തിലും യൂദയാപ്രദേശത്തെ ജിസ്കാലിസ് നഗരത്തിലും പെട്ടവനായിരുന്നു. ജിസ്കാലിസ് നഗരം റോമാക്കാർ പിടിച്ചടക്കിയപ്പോൾ അദ്ദേഹവും മാതാപിതാക്കളും സിലീഷ്യായിലെ തർസൂസ് നഗരത്തിലേക്കു താമസം മാററി. പിന്നീടു് മാതാപിതാക്കൾ അദ്ദേഹത്തെ നിയമം പഠിക്കുന്നതിനായി ജറുസലേമിലേക്കു് അയച്ചു. അവിടെ അദ്ദേഹത്തെ പഠിപ്പിച്ചതു് ഗമാലിയേൽ എന്ന ഏററവും പണ്ഡിതനായ ഒരു വ്യക്തിയാണ്. ലൂക്കോസ് ഈ ഗമാലിയേലിനെ പരാമർശിക്കുന്നുണ്ടു്.

രക്തസാക്ഷിയായ സ്തേഫാനോസിന്റെ മരണാവസരത്തിൽ ഇദ്ദേഹം സന്നിഹിതനായിരുന്നു. അതിനുശേഷം ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ പീഡിപ്പിക്കുന്നതിനു് ദേവാലയത്തിലെ ഉന്നതപുരോഹിതനിൽനിന്നു് കത്തും വാങ്ങി അദ്ദേഹം ഡമാസ്കസിലേയ്ക്കു പുറപ്പെട്ടു. അവിടെവച്ചു് ഒരു വെളിപാടുമൂലം അദ്ദേഹം വിശ്വാസം സ്വീകരിക്കാൻ നിർബന്ധിതനായി. 'അപ്പസ്തോലപ്രവർത്തനങ്ങ'ളിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനുശേഷം അദ്ദേഹം ഒരു പീഡകനിൽനിന്നു് ഒരു തെരഞ്ഞെടുക്കപ്പെട്ട പാത്രമായി മാറി.

---

9. ആദിമസഭ, പേ. 67



അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു് ആദ്യം മാനസാന്തരപ്പെട്ടയാൾ സൈപ്രസ്സിലെ പ്രോകോൺസുളായിരുന്ന സെർജിയൂസ് പൗലോസ് ആയിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു് അയാളെ കീഴ്പ്പെടുത്തിയതു് അദ്ദേഹമായതിനാൽ അയാൾ അദ്ദേഹത്തിന്റെ പേരു് സ്വീകരിച്ചു. പിന്നീടു് ബർണബാസിനാൽ അനുഗതനായി അദ്ദേഹം പല പട്ടണങ്ങളിലും സഞ്ചരിച്ചതിനുശേഷം ജറുസലെമിൽ തിരിച്ചെത്തി. അവിടെ വച്ചു് പത്രോസ്, യാക്കോബു്, യോഹന്നാൻ എന്നിവർ ചേർന്നു് അദ്ദേഹത്തെ പുറജാതികളുടെ അപ്പസ്തോലനായി വാഴിച്ചു. 'അപ്പസ്തോലപ്രവൎത്തനങ്ങ'ളിൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പൂർണ്ണവിവരണം നൽകപ്പെട്ടിട്ടുള്ളതിനാൽ ഞാൻ താഴെ പറയുന്ന കാര്യങ്ങൾ മാത്രമേ ഇവിടെ രേഖപ്പെടുത്തുന്നുള്ളു.

നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ ഇരുപത്തഞ്ചാം വർഷം, അതായതു് നീറോയുടെ രണ്ടാം ഭരണവർഷത്തിൽ, ഫേലിക്സിനുശേഷം ഫെസ്തൂസ് യൂദയായിലെ പ്രൊക്കുറേറർ ആയിരുന്നപ്പോൾ പൗലോസ് ബന്ധിതനായി റോമിലേയ്ക്കു് അയയ്ക്കപ്പെട്ടു. അവിടെ അദ്ദേഹം രണ്ടുകൊല്ലം സ്വതന്ത്ര തടവുകാരനായി കഴിഞ്ഞു. അക്കാലത്തു് അദ്ദേഹം ക്രിസ്തുവിന്റെ ആഗമനത്തെക്കുറിച്ചു് യഹൂദന്മാരുമായി പ്രതിദിനം വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു.

ആദ്യത്തെ വിചാരണയിൽ നീറോ പൗലോസിനെ വിമുക്തനാക്കി എന്നതു പ്രസ്താവ്യമാണ്. ഇതു്, അന്നു നീറോയുടെ അധികാരം സുപ്രതിഷ്ഠിതമാകാത്തതുകൊണ്ടോ ചരിത്രം അയാളെ സംബന്ധിച്ചു പറയുന്നതുപോലുള്ള ക്രൂരത അന്നത്തേയ്ക്കു പൊട്ടിപ്പുറപ്പെട്ടിരുന്നില്ല എന്നതുകൊണ്ടോ ആയിരിക്കാം. ഏതായാലും അതുകൊണ്ടു് സുവിശേഷം പാശ്ചാത്യലോകത്തിലും പ്രസംഗിക്കപ്പെടാൻ ഇടയായി. തിമോത്തിക്കുള്ള രണ്ടാം ലേഖനത്തിൽ അദ്ദേഹം തന്നെ രേഖപ്പെടുത്തുന്നതുപോലെ, "ഞാൻ ആദ്യം എന്റെ ന്യായീകരണവാദം നടത്തിയപ്പോൾ ആരും എന്നോടുകൂടെ ഇല്ലായിരുന്നു. എല്ലാവരും എന്നെ കൈവെടിഞ്ഞു. ഇക്കാര്യത്തിൽ ആരും പഴിക്കപ്പെടാതിരിക്കട്ടെ. എന്നാൽ കർത്താവു് എന്നോടുകൂടി ഉണ്ടായിരിക്കുകയും എന്നെ ശക്തിപ്പെടുത്തുകയും ചെയ്തു. എല്ലാ വിജാതീയരും കേൾക്കത്തക്കവിധം ഞാൻ വഴി തന്റെ സന്ദേശം പൂർണമായി പ്രഖ്യാപിക്കപ്പെടാൻ അവിടുന്നു തിരുമനസ്സായി. ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷിക്കപ്പെടുകയും ചെയ്തു" (2 തിമോ. 4:16-17),

www.malankaralibrary.com



താൻ വധിക്കപ്പെടാൻ പോകുന്ന സമയത്ത് ചങ്ങലയിൽ ബന്ധിതനായിരിക്കെ പ്രസ്തുത ലേഖനം പറഞ്ഞുകൊടുത്ത് എഴുതിക്കുകയാണ് അദ്ദേഹം ചെയ്തത്. ഇവിടെ നീറോയെ സിംഹം എന്നു പരാമർശിച്ചിട്ടുള്ളത് അയാളുടെ ക്രൂരതയെ അടിസ്ഥാനമാക്കിയാണെന്നു സ്പഷ്ടം. നേരേ തുടർന്നുതന്നെ അദ്ദേഹം പറയുകയാണ് - "കർത്താവ് സിംഹത്തിന്റെ വായിൽനിന്ന് എന്നെ രക്ഷിച്ചു". താമസിയാതെതന്നെ വീണ്ടും പറയുന്നു: "എല്ലാ ദുഷ്ടകൃത്യങ്ങളിൽനിന്നും കർത്താവ് എന്നെ രക്ഷിച്ചു. തന്റെ സ്വർഗ്ഗീയരാജ്യത്തിലേയ്ക്കായി അവിടുന്ന് എന്നെ രക്ഷിച്ചു" (4:18).

തന്റെ രക്തസാക്ഷിത്വം വളരെ സമീപസ്ഥമാണെന്ന് അദ്ദേഹത്തിന് ശരിക്കും അനുഭവപ്പെട്ടിരിക്കണം. കാരണം, അതേ ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നുണ്ട്: "ഞാൻ ഇപ്പോൾത്തന്നെ സമർപ്പിക്കപ്പെട്ടിരിക്കുന്നു, എന്റെ വിയോഗവേള സമീപസ്ഥമായിരിക്കുന്നു" (4:6).

അങ്ങനെ അദ്ദേഹം, നീറോയുടെ പതിനാലാം ഭരണവർഷത്തിൽ പത്രോസിനോടൊപ്പം അതേ ദിവസം റോമിൽവച്ച് ക്രിസ്തുവിനുവേണ്ടി ശിരച്ഛേദം ചെയ്യപ്പെട്ടു. ഓസ്തിയൻ വഴിയിൽ അദ്ദേഹം സംസ്കരിക്കപ്പെട്ടു. നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിനുശേഷം ഇരുപത്തിയേഴാം വർഷത്തിലാണ് ഇതു സംഭവിച്ചത്.

അദ്ദേഹം ഏഴു സഭകൾക്കായി ഒമ്പതു ലേഖനങ്ങൾ എഴുതി. റോമാക്കാർക്ക് ഒന്ന്, കൊറിന്ത്യക്കാർക്കു രണ്ട്, ഗലാത്തിയക്കാർക്ക് ഒന്ന്, എഫേസ്യക്കാർക്ക് ഒന്ന്, ഫിലിപ്പിക്കാർക്ക് ഒന്ന്, കൊളോസ്സിയർക്ക് ഒന്ന്, തെസ്സലോനിയക്കാർക്കു രണ്ട്. ഇവയ്ക്കു പുറമേ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ തിമോത്തിക്കു രണ്ടും തീത്തൂസിന് ഒന്നും ഫിലെമോന് ഒന്നും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 'എബ്രായർക്കുള്ള ലേഖനം' എന്നു വിളിക്കപ്പെടുന്ന ലേഖനം അദ്ദേഹത്തിന്റേതായി കരുതപ്പെടുന്നില്ല. ഭാഷയിലും ശൈലിയിലും ഇതു മറ്റു ലേഖനങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നതുകൊണ്ടാണിങ്ങനെ കരുതപ്പെടുന്നത്. തെർത്തുല്യന്റെ അഭിപ്രായമനുസരിച്ച് ഇതു ബർണബാസിന്റെ കൃതിയായും മറ്റു ചിലരുടെ അഭിപ്രായമനുസരിച്ച് ഇത് സുവിശേഷകനായ ലൂക്കോസിന്റെയോ പില്കാലത്ത് റോമാ സഭയുടെ മെത്രാനായിത്തീർന്ന ക്ലെമെന്റിന്റെയോ കൃതിയായും കരുതപ്പെടുന്നുണ്ട്. അവരിലൊരാൾ പൗലോസിന്റെ ആശയങ്ങളെ സ്വന്തം ഭാഷയിൽ ക്രമീകരിക്കുകയും അലങ്കരിക്കുകയും



ചെയ്തുവത്രേ. ഒരു കാര്യം തീർച്ച പറയാം: പൗലോസ് എബ്രായക്കാർക്ക് എഴുതുകയായിരുന്നല്ലോ. അവർക്ക് അദ്ദേഹത്തോടു താല്പര്യമില്ലായിരുന്നു താനും. അതിനാൽ അഭിവാദനത്തിൽ തന്റെ പേര് അദ്ദേഹം ഉൾപ്പെടുത്തിയില്ല. അദ്ദേഹം എബ്രായനായിരുന്നതുകൊണ്ട് ഹീബ്രുഭാഷയിൽതന്നെ എഴുതി. സ്വന്തം ഭാഷയായ അതിൽ ധാരാവാഹിയായി എഴുതാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഹീബ്രുഭാഷയിൽ വാഗ്മിത്വപൂർണ്ണമായി എഴുതപ്പെട്ട കാര്യങ്ങൾ കൂടുതൽ വാഗ്മിത്വത്തോടെ ഗ്രീക്കിലേയ്ക്കു തർജ്ജമ ചെയ്യപ്പെട്ടു. പൗലോസിന്റെ ഈ ലേഖനം അദ്ദേഹത്തിന്റെ മറ്റു ലേഖനങ്ങളിൽനിന്നു വ്യത്യസ്തമായി കാണപ്പെടാനുള്ള കാരണം അതാണ്. അദ്ദേഹം ലവദീക്യാക്കാർക്കു ഒരു ലേഖനം എഴുതിയിട്ടുള്ളതായും ചിലർ പറയുന്നു. എന്നാൽ ഈ അഭിപ്രായം എല്ലാവരും തള്ളിക്കളഞ്ഞിരിക്കുകയാണ്.

## 6. ബർണബാസ്

സൈപ്രസ്സുകാരനായ ബർണബാസ് ലേവായക്കാരനായ ജോസഫ് എന്നും വിളിക്കപ്പെടുന്നു. പൗലോസ് അദ്ദേഹത്തെ വിജാതീയരുടെ അപ്പസ്തോലനായി നിയോഗിച്ചു. അദ്ദേഹം ഒരു ലേഖനം എഴുതിയിട്ടുണ്ട്. ആ ലേഖനം, സഭയുടെ വളർച്ചയെ സംബന്ധിച്ചിടത്തോളം വളരെ വിലപ്പെട്ടതാണ്. പക്ഷേ അത് അപ്രാമാണിക ലിഖിതങ്ങളുടെ കൂട്ടത്തിലാണ് പരിഗണിക്കപ്പെടുന്നത്.[10] മർക്കോസ് എന്നു വിളിക്കപ്പെടുന്ന യോഹന്നാൻ എന്ന ശിഷ്യൻ നിമിത്തം ബർണബാസ് പിന്നീട് പൗലോസിൽ നിന്നു വേർപെട്ടു (നടപടി 15:51). എങ്കിലും സുവിശേഷം പ്രസംഗിക്കാനായി തന്നെ ഭരമേല്പിച്ച ദൗത്യം അവൻ നിർവ്വഹിച്ചു.

## 7. സുവിശേഷകനായ ലൂക്കോസ്

ലൂക്കോസ് ഒരു വൈദ്യനായിരുന്നു എന്ന് അദ്ദേഹത്തിന്റെ ലിഖിതങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. അദ്ദേഹം ഗ്രീക്കുഭാഷയിൽ അവിദഗ്ധനായിരുന്നില്ല. പൗലോസ് ശ്ലീഹായുടെ ഒരു അനുചരനും യാത്രകളിൽ സഹചാരിയുമായിരുന്ന ഇദ്ദേഹം ഒരു സുവി

10. അപ്പസ്തോലികപിതാക്കന്മാർ, പേ. 136-161.

www.malankaralibrary.com



ശേഷം എഴുതി. ഇദ്ദേഹത്തെക്കുറിച്ച് അതേ പൗലോസ് പറയുന്നു: ''സുവിശേഷം പ്രസംഗിക്കുന്നതിൽ സഭകളിലെല്ലാം പ്രസിദ്ധനായ ഒരു സഹോദരനെയും അയാളുടെകൂടെ ഞങ്ങൾ അയയ്ക്കുന്നു''. (2 കൊറി.8:18). കൊളോസിയർക്കുള്ള ലേഖനത്തിൽ ''പ്രിയപ്പെട്ട വൈദ്യനായ ലൂക്കോസും നിങ്ങളെ അഭിവാദനം ചെയ്യുന്നു'' (4:14) എന്നും, തിമോത്തിക്കുള്ള ലേഖനത്തിൽ 'ലൂക്കോസ് മാത്രമേ എന്നോടുകൂടി ഉള്ളു' (2 തിമോ.4:11) എന്നും അദ്ദേഹം എഴുതിയിട്ടുണ്ട്.

വി. ലൂക്കോസ്, *ശ്ളീഹന്മാരുടെ നടപടികൾ* എന്ന മറെറാരു വിശിഷ്ട ഗ്രന്ഥവും രചിച്ചിട്ടുണ്ട്. അതിൽ പൗലോസിന്റെ റോമാവാസത്തിന്റെ രണ്ടാംവഷം വരെയുള്ള ചരിത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്; അതായത് നീറോയുടെ നാലാം ഭരണവഷം വരെയുള്ള കാര്യങ്ങൾ. ആ ഗ്രന്ഥം റോമിൽ വച്ച് എഴുതപ്പെട്ടതാണെന്ന് ആ ഗ്രന്ഥത്തിൽ നിന്നുതന്നെ മനസ്സിലാക്കാം. അതിനാൽ *പൗലോസിന്റെയും തെക്ളായുടെയും നടപടികൾ* എന്ന ഗ്രന്ഥവും[11] അദ്ദേഹം സിംഹത്തെ ജ്ഞാനസ്നാനം ചെയ്യിച്ച കെട്ടുകഥകളുമെല്ലാം നാം അപ്രാമാണിക രചനകളുടെ ഗണത്തിൽപ്പെടുത്തുന്നു. കാരണം, പൗലോസ്ശ്ലീഹായുടെ മററു് എല്ലാ പ്രവൎത്തനങ്ങളിലും സന്തത സഹചാരിയായിരുന്ന ഒരാൾ ഈ ഒരു കാര്യത്തിൽ മാത്രം അജ്ഞനായിരിക്കുന്നത് എങ്ങനെ? മറെറാരുകാര്യം കൂടെയുണ്ട്: ആ കാലഘട്ടത്തിനടുത്തു ജീവിച്ചിരുന്ന തെർത്തുല്യൻ ഏഷ്യയിലുണ്ടായിരുന്ന ഒരു പുരോഹിതനെക്കുറിച്ചു പറയുന്നുണ്ട്. അദ്ദേഹം പൗലോസിന്റെ ഒരു അനുയായി ആയിരുന്നു. പ്രസ്തുത ഗ്രന്ഥം രചിച്ചതിന്റെപേരിൽ യോഹന്നാൻ അദേഹത്തെ കുററം വിധിച്ചു. താൻ അതു ചെയ്തതു് പൗലോസിനോടുള്ള സ്നേഹത്തെ പ്രതിയാണെന്ന് ഏററു പറഞ്ഞുകൊണ്ട് തന്റെ വൈദികസ്ഥാനം രാജിവച്ചു.[12]

''എന്റെ സുവിശേഷമനുസരിച്ച്'' എന്നു പൗലോസ് പറയുന്നിടത്തെല്ലാം ലൂക്കോസിന്റെ സുവിശേഷത്തെയാണ് അദ്ദേഹം വിവക്ഷിക്കുന്നതെന്നും ശാരീരികമായി നമ്മുടെ കർത്താവിനോടൊപ്പം സഞ്ചരിച്ചിട്ടില്ലാത്ത പൗലോസ്ശ്ലീഹാ മാത്രമല്ല, മററു് അപ്പസ്തോലന്മാരും അദ്ദേഹത്തെ സുവിശേഷചരിത്രം പഠിപ്പിച്ചുവെന്നും ചിലയാളുകൾ കരുതുന്നു. ഇക്കാര്യം

11. ആദിമസഭ, 78-79. 12. അതേകൃതി, പേ. 78.



അദ്ദേഹംതന്നെ തന്റെ കൃതിയുടെ ആരംഭത്തിൽ പ്രഖ്യാപിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: ''ആദിമുതൽ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരുമായിരുന്നവർ ഞങ്ങൾക്കു കൈമാറിയതുമായ കാര്യങ്ങൾ....''

അങ്ങനെ ലൂക്കോസ് താൻ കേട്ടറിഞ്ഞതനുസരിച്ച് സുവിശേഷവും താൻ നേരിട്ടു കണ്ടകാര്യങ്ങളെക്കുറിച്ചു ശ്ളീഹന്മാരുടെ നടപടികളും എഴുതി. അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലാണു സംസ്കരിക്കപ്പെട്ടതു്. ആ നഗരത്തിൽത്തന്നെ കോൺസ്ററാൻസ്യൂസിന്റെ ഇരുപതാം ഭരണവർഷത്തിൽ അദ്ദേഹത്തിന്റെ അസ്ഥികൾ അന്ത്രയോസ് ശ്ലീഹായുടെ അസ്ഥികളോടൊപ്പം മാററി സ്ഥാപിക്കപ്പെട്ടു.

## 8. സുവിശേഷകനായ മർക്കോസ്

പത്രോസിന്റെ ശിഷ്യനും ഭാഷ്യകാരനുമായിരുന്ന മക്കോസ് ഒരു ചെറിയ സുവിശേഷം രചിച്ചിട്ടുണ്ട്. റോമിലെ സഹോദരന്മാരുടെ അഭ്യർത്ഥനയനുസരിച്ചാണ് അതു രചിച്ചതു്. പത്രോസിൽനിന്നു താൻ കേട്ട കാര്യങ്ങളായിരുന്നു അദ്ദേഹത്തിനു് ഈ സുവിശേഷരചനയ്ക്കാധാരം. പത്രോസ് ഈ സുവിശേഷത്തിന്റെ കാര്യം അറിഞ്ഞപ്പോൾ അതു് അംഗീകരിച്ചു പ്രസിദ്ധീകരിക്കുകയും സഭകളിൽ അതു വായിക്കാൻ തന്റെ അധികാരമുപയോഗിച്ചു നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യം ക്ലെമെൻറ് തന്റെ ''ഹൃപൊതിപോസെയിസ്'' എന്ന കൃതിയുടെ ആറാം പുസ്തകത്തിലും[13] ഹിയെരാപ്പൊളീസിലെ മെത്രാനായിരുന്ന പപ്പിയാസും[14] രേഖപ്പെടുത്തുന്നുണ്ട്. ഈ മക്കോസിനെ പത്രോസ് തന്റെ ഒന്നാം ലേഖനത്തിലും പരാമർശിക്കുന്നുണ്ട്. അവിടെ അദ്ദേഹം റോമിനെ ആലങ്കാരികമായി ബാബിലോൺ എന്നാണു രേഖപ്പെടുത്തുന്നതു്. ''ബാബിലോണിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭയും എന്റെ പുത്രൻ മക്കോസും നിങ്ങൾക്കു് അഭിവാദനങ്ങൾ അപ്പിക്കുന്നു'' (5:13).

താൻ എഴുതിയ സുവിശേഷവുമായി മക്കോസ് ഈജിപ്തിലേയ്ക്കു പോയി. ആദ്യമായി അലക്സാൺഡ്രിയായിൽ ക്രിസ്തു

13. മുകളിൽ നമ്പർ 6 കാണുക.
14. ആദിമസഭ, പേ. 36-37; അപ്പസ്തോലികപിതാക്കന്മാർ, പേ. 107-108.

www.malankaralibrary.com



വിനെ പ്രസംഗിക്കുകയും അവിടെ ഒരു സഭ രൂപീകരിക്കുകയും ചെയ്തു. ആ സഭ വിശ്വാസതത്ത്വങ്ങളിലും ജീവിതസംയമനത്തിലും അത്രയേറെ ആദരണീയമായിരുന്നതുകൊണ്ട് എല്ലാ ക്രിസ്ത്വനുയായികളും അദ്ദേഹത്തിന്റെ മാതൃക അനുകരിക്കാൻ നിർബ്ബന്ധിതരായി. യഹൂദരിൽ ഏററവും പണ്ഡിതനായിരുന്ന ഫീലോ അന്നും കുറെയേറെ യഹൂദസ്വഭാവമുണ്ടായിരുന്ന അലക്സാൺഡ്രിയായിലെ ആ ആദ്യസഭ കണ്ടിട്ട് ഒരു ഗ്രന്ഥം എഴുതി. ആ സഭയിലുള്ളവരുടെ ജീവിതത്തെക്കുറിച്ച് അത് തന്റെ ദേശത്തിന് അഭിമാനാവഹമായ ഒന്നാണെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.[15] ജറുസലെമിലെ സഭയിൽ എല്ലാവർക്കും എല്ലാ വസ്തുക്കളും പൊതുവായിരുന്നതുപോലെ വിജ്ഞാനിയായ മർക്കോസിന്റെ കീഴിൽ അലക്സാൺഡ്രിയായിലും അതേ അവസ്ഥ നിലനിന്നിരുന്നതു താൻ കണ്ടു എന്നാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. മർക്കോസ് നീറോയുടെ എട്ടാം ഭരണവർഷത്തിൽ മരിച്ച് അലക്സാൺഡ്രിയായിൽ അടക്കപ്പെട്ടു. അനിയാനൂസ് അദ്ദേഹത്തിന്റെ പിൻഗാമിയായി.

## 9. ശ്ലീഹായും സുവിശേഷകനുമായ യോഹന്നാൻ

യേശു ഏററവും അധികമായി സ്നേഹിച്ചിരുന്ന ശിഷ്യനായ യോഹന്നാൻ സെബദിയുടെ പുത്രനും യക്കോബിന്റെ സഹോദരനും ആയിരുന്നു. നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിനുശേഷം ഹേറോദേസ് ഈ യാക്കോബിനെ ശിരച്ഛേദം ചെയ്തു. എല്ലാ സുവിശേഷകന്മാർക്കും ശേഷമായി യോഹന്നാൻ ഒരു സുവിശേഷമെഴുതി. ഏഷ്യയിലെ മെത്രാന്മാരുടെ അഭ്യർത്ഥനയനുസരിച്ചായിരുന്നു ഈ സുവിശേഷത്തിന്റെ രചന. ചെരിന്തൂസ് തുടങ്ങിയ പാഷണ്ഡികളുടെ വാദങ്ങളെയും[16] പ്രത്യേകമായി അന്നു വളർന്നുവന്ന എബിയോണീത്തരുടെ തത്ത്വത്തെയും നിരാകരിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ആ സുവിശേഷം എഴുതിയത്. മറിയത്തിനുമുമ്പു ക്രിസ്തു ഉണ്ടായിരുന്നില്ല എന്നായിരുന്നു എബിയോണീത്തരുടെ വാദം. അതുമൂലം യേശുവിന്റെ ദൈവികജനനം എടുത്തുപറയാൻ യോഹന്നാൻ നിർബ്ബന്ധിതനായി.

15. "On the Contemplative Life". എന്നാൽ ഈ കൃതി ഫീലോയുടേതല്ല എന്നു കരുതുന്നവരുണ്ട്.
16. "ക്രിസ്തു വെറുമൊരു മനുഷ്യനായിരുന്നു" എന്ന് ചെരിന്തൂസ് എന്ന അബദ്ധോപദേശകൻ പഠിപ്പിച്ചു: ആദിമസഭ. പേ. 155.



ഈ സുവിശേഷത്തിന്റെ രചനയ്ക്ക് മറെറാരു കാരണവും പറയപ്പെടുന്നു. മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങൾ യോഹന്നാൻ വായിച്ചപ്പോൾ ആ ചരിത്രത്തിന്റെ ചുരുക്കം അദ്ദേഹത്തിനു സ്വീകാര്യമായി. അവർ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അവർ ഒരു കൊല്ലക്കാലത്തെ ചരിത്രമേ പ്രതിപാദിച്ചുള്ളു എന്ന് അദ്ദേഹത്തിനു തോന്നി. യോഹന്നാന്റെ ബന്ധനത്തെ തുടർന്നുള്ളതും അദ്ദേഹം വധിക്കപ്പെടുന്നതുമായ വർഷമാണത്. അതിനാൽ മററു സുവിശേഷകന്മാർ പ്രതിപാദിച്ച ഈ ഒരു കൊല്ലത്തെ കാര്യങ്ങൾ വിട്ടുകളഞ്ഞുകൊണ്ട് യോഹന്നാൻ കാരാഗൃഹത്തിലടയ്ക്കപ്പെടുന്നതിനു മുമ്പുള്ള സംഭവങ്ങൾ അദ്ദേഹം പ്രതിപാദിച്ചു. നാലു സുവിശേഷകന്മാരുടെയും കൃതികൾ ശ്രദ്ധാപൂർവ്വം വായിക്കുന്നവർക്ക് ഇക്കാര്യം വ്യക്തമാകും. യോഹന്നാന്റെയും മററുള്ളവരുടെയും സുവിശേഷങ്ങൾ തമ്മിൽ ഉണ്ടെന്നു തോന്നുന്ന പൊരുത്തക്കേട് അപ്പോൾ നീങ്ങിക്കിട്ടും.

താഴെ പറയുന്നവിധം ആരംഭിക്കുന്ന ഒരു ലേഖനവും അദ്ദേഹം എഴുതി: "ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾകൊണ്ടു കണ്ടതും കൈകൾകൊണ്ടു ഞങ്ങൾ സ്പർശിച്ചതുമായ ജീവന്റെ വചനം...." സഭയിലോ വിജ്ഞാനത്തിലോ താൽപ്പര്യമുള്ള സകല ആളുകളും ആദരിക്കുന്നതാണ് ഈ ലേഖനം. കൂടാതെ മററു രണ്ടു ലേഖനങ്ങൾകൂടി ഉണ്ട്. അവയിൽ ആദ്യത്തേത് "മൂപ്പൻ തെരഞ്ഞെടുക്കപ്പെട്ട മഹതിക്കും അവളുടെ മക്കൾക്കും" എഴുതുന്നതാണ്. മറേറത് "മൂപ്പൻ യഥാർത്ഥത്തിൽ സ്നേഹിക്കുന്ന പ്രിയപ്പെട്ട ഗായൂസിനു" എഴുതുന്നതാണ്. ഇവ പുരോഹിതനായ ഒരു യോഹന്നാന്റെ രചനകളാണെന്നു പറയപ്പെടുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് എഫേസൂസിൽ മറെറാരു ശവകുടീരം ഇപ്പോഴും കാണിക്കപ്പെടുന്നുണ്ട്. എന്നാൽ സുവിശേഷകനായ യോഹന്നാന്റെ തന്നെ രണ്ടു സ്മാരകങ്ങളുണ്ടെന്നാണ് വേറെ ചിലർ പറയുന്നത്. യോഹന്നാന്റെ ശിഷ്യനായ പപ്പിയാസിനെക്കുറിച്ചു പറയുമ്പോൾ ഇക്കാര്യം പിന്നീടു ചർച്ച ചെയ്യുന്നതാണ്.

നീറോയ്ക്കുശേഷം പതിനാലാം വർഷത്തിൽ ഡൊമീഷ്യൻ രണ്ടാമത്തെ മതപീഡനം നടത്തിയപ്പോൾ യോഹന്നാൻ പത്മോസ് ദ്വീപിലേക്കു നാടു കടത്തപ്പെട്ടു. അവിടെവച്ചാണ് അദ്ദേഹം *വെളിപാടുഗ്രന്ഥം* എഴുതിയത്. രക്തസാക്ഷിയായ ജസ്റ്റിനും ഇരനെയൂസും ആ ഗ്രന്ഥത്തിന് പിൽക്കാലത്തു വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. എന്നാൽ ഡൊമീഷ്യൻ വധി

www.malankaralibrary.com



ക്കപ്പെടുകയും അയാളുടെ നടപടികൾ അവയുടെ ക്രൂരതാധിക്യം കാരണം സെനററിനാൽ റദ്ദാക്കപ്പെടുകയും ചെയ്തപ്പോൾ പെട്ടിനാക്സിന്റെ[17] കീഴിലുള്ള എഫേസൂസിലേയ്ക്കു യോഹന്നാൻ തിരിച്ചു വന്നു. ട്രാജൻ ചക്രവർത്തിയുടെ കാലംവരെ അദ്ദേഹം അവിടെ ജീവിച്ചിരുന്നു. ഏഷ്യയുടെ എല്ലാ ഭാഗങ്ങളിലും അദ്ദേഹം സഭകളും പള്ളികളും സ്ഥാപിച്ചു. പ്രായാധിക്യംമൂലം ക്ഷീണിതനായി നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിനു ശേഷം അറുപത്തെട്ടാം വർഷത്തിൽ നിര്യാതനായി. ആ നഗരത്തിനു സമീപംതന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു.

## 10. ഹെർമാസ്

'ഫ്ളെഗോണും ഹെർമെസും പത്രോബാസും ഹെർമാസും അവരോടുകൂടെയുള്ള സഹോദരന്മാരും നിങ്ങളെ അഭിവാദനം ചെയ്യുന്നു' എന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ പറയുന്ന (16:14) ഹെർമ്മാസ്, 'ഇടയൻ' എന്നു വിളിക്കപ്പെടുന്ന ഗ്രന്ഥത്തിന്റെ കർത്താവ് എന്ന നിലയിൽ വിഖ്യാതനാണ്. അത് ഗ്രീസിലെ ചില സഭകളിൽ പരസ്യമായി വായിക്കപ്പെടുന്നുണ്ട്. അതു യഥാർത്ഥത്തിൽ വളരെ ഉപയോഗപ്രദമായ ഒരു ഗ്രന്ഥമാണ്. പല പ്രാചീന ഗ്രന്ഥകാരന്മാരും പ്രമാണം എന്ന നിലയിൽ അതിൽനിന്ന് ഉദ്ധരിക്കുന്നുണ്ട്. എന്നാൽ ലത്തീൻകാരുടെയിടയിൽ ഈ ഗ്രന്ഥം മിക്കവാറും അജ്ഞാതമത്രേ.[18]

## 11. ഫീലോ

യഹൂദനായ ഫീലോ പുരോഹിത വർഗ്ഗത്തിൽപ്പെട്ട ഒരു അലക്സാണ്ഡ്രിയക്കാരനായിരുന്നു. അദ്ദേഹത്തെ ഞാൻ സഭയിലെ എഴുത്തുകാരുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നു. ഇതിനു കാരണമുണ്ട്. അലക്സാണ്ഡ്രിയായിലുള്ള മർക്കോസ് സുവിശേഷകന്റെ ആദ്യത്തെ സഭയെക്കുറിച്ച് ഫീലോ ഒരു പുസ്തകം

17. Severus Pertinax : ഒരു ഭരണാധികാരി.

18. ആദിമസഭ. 43-48; ജി. ചേടിയത്ത്, ഹെർമാസിന്റെ ഇടയൻ കോട്ടയം, 1980.



എഴുതിയപ്പോൾ നമുക്കു ബഹുമാനകരമായ വിധത്തിൽ, അവ ഉണ്ടായിരുന്നുവെന്നു മാത്രമല്ല അവ പല പ്രവിശ്യകളിലും ഉണ്ടായിരുന്നുവെന്നും അവർ സ്വന്തം വാസസ്ഥലങ്ങളെ സന്യാസാലയങ്ങൾ എന്നു വിളിച്ചിരുന്നുവെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നു. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നുണ്ട്. ആദ്യകാലത്ത് ക്രിസ്തുവിൽ വിശ്വസിച്ചവരുടെ സഭകൾ ഇന്നു സന്യാസികൾ അനുകരിക്കാൻ ആഗ്രഹിക്കുന്ന ഒരവസ്ഥയിലായിരുന്നു. അതായത് ഒരു വസ്തുവും ഒരു വ്യക്തിയുടെയും പ്രത്യേക സ്വത്തായിരുന്നില്ല. ആരും പണക്കാരും പാവപ്പെട്ടവരും ആയിരുന്നില്ല. പൈതൃകസ്വത്ത് ആവശ്യക്കാർക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു. പ്രാർത്ഥനയും സ്തോത്രഗാനങ്ങളും നടത്താൻ അവർക്കു സമയമുണ്ട്. തത്ത്വങ്ങൾ പഠിക്കാനും താപസകൃത്യങ്ങൾ നടത്താനും സമയമുണ്ട്. ചുരുക്കത്തിൽ, ആദ്യകാലത്ത് ജറുസലെമിലെ വിശ്വാസികൾ എങ്ങനെയായിരുന്നുവെന്നു ലൂക്കോസ് പ്രഖ്യാപിക്കുന്നുവോ അതുപോലെ ആയിരുന്നു അവർ. ഗായൂസ് കാലിഗുളയുടെ കീഴിൽ റോമിൽ വരെ പോകാൻ ഇദ്ദേഹം ധൈര്യപ്പെട്ടു. അവിടേയ്ക്ക് തന്റെ ദേശത്തിന്റെ പ്രതിനിധിയായി ഇദ്ദേഹം അയയ്ക്കപ്പെട്ടതാണ്. രണ്ടാം തവണ ക്ലൗദിയൂസിന്റെ അടുത്തു വന്നപ്പോൾ പ്രസ്തുത നഗരത്തിൽവച്ച് അദ്ദേഹം പത്രോസ്ശ്ലീഹായുമായി സംസാരിക്കുകയും അദ്ദേഹത്തിന്റെ സൗഹൃദം അനുഭവിക്കുകയും ചെയ്തു. ഇക്കാരണം കൊണ്ടുകൂടെ അലക്സാണ്ഡ്രിയായിൽ പത്രോസിന്റെ ശിഷ്യനായ മർക്കോസിന്റെ അനുയായികളെ അദ്ദേഹം സ്തുതികളാൽ അലങ്കരിച്ചു.

ഈ മനുഷ്യൻ വിശിഷ്ടമായ അസംഖ്യം കൃതികൾ രചിച്ചിട്ടുണ്ട്. മോശെയുടെ അഞ്ചു ഗ്രന്ഥങ്ങളെക്കുറിച്ച് ഒരു പുസ്തകം, ഭാഷയുടെ കുഴപ്പത്തെക്കുറിച്ച് ഒരു പുസ്തകം, പ്രകൃതിയെയും കണ്ടുപിടുത്തത്തെയും കുറിച്ച് ഒരു പുസ്തകം, നമ്മുടെ ഇന്ദ്രിയങ്ങൾ ആഗ്രഹിക്കുന്നതും നാം വെറുക്കുന്നതുമായ കാര്യങ്ങളെക്കുറിച്ച് ഒരു പുസ്തകം, പഠനത്തെക്കുറിച്ച് ഒരു പുസ്തകം, ദൈവിക കാര്യങ്ങളുടെ അനന്തരാവകാശിയെക്കുറിച്ച് ഒരു പുസ്തകം, സമങ്ങളും വിരുദ്ധങ്ങളുമായവയുടെ വിഭജനത്തെക്കുറിച്ച് ഒരു പുസ്തകം, മൂന്നു പുണ്യങ്ങളെക്കുറിച്ച് ഒരു പുസ്തകം, വിശുദ്ധ ലിഖിതത്തിൽ പല വ്യക്തികളുടെയും പേരുകൾ മാറുന്നതിനെക്കുറിച്ച് ഒരു പുസ്തകം, ഉടമ്പടികളെക്കുറിച്ച് രണ്ടു പുസ്തകങ്ങൾ, വിവേകിയായ ഒരു മനുഷ്യന്റെ ജീവിതത്തെക്കുറിച്ച് ഒരു പുസ്തകം, രാക്ഷസന്മാരെക്കുറിച്ച് ഒരു പുസ്തകം, സ്വപ്നങ്ങൾ ദൈവത്താൽ അയയ്ക്കപ്പെടുന്നു എന്ന വിഷയത്തെക്കുറിച്ച് അഞ്ചു പുസ്തകങ്ങൾ, 'പുറപ്പാടിനെ'

www.malankaralibrary.com



കുറിച്ചുള്ള ചോദ്യോത്തരങ്ങളുടെ അഞ്ചു പുസ്തകങ്ങൾ, കൂടാരവും പത്തുകല്പനകളും എന്ന വിഷയത്തെക്കുറിച്ച് നാലു പുസ്തകങ്ങൾ, എന്നിവയ്ക്കു പുറമെ വാഗ്ദാനങ്ങളും ശാപങ്ങളും, ദൈവനിശ്ചയം, യഹൂദന്മാരെക്കുറിച്ച്, ഒരാളുടെ ജീവിതത്തിന്റെ രീതിയെക്കുറിച്ച്, അലക്സാണ്ഡറെക്കുറിച്ച്, മിണ്ടാപ്രാണികൾക്ക് യുക്തിബോധമുണ്ട്, ഓരോ വിഡ്ഢിയും അടിമയായിരിക്കണം, ക്രൈസ്തവരുടെ ജീവിതത്തെക്കുറിച്ച്,– ഈ ഗ്രന്ഥത്തെ സംബന്ധിച്ചാണു മുകളിൽ പറഞ്ഞിട്ടുള്ളത്. അതായത് അപ്പസ്തോലിക കാലത്തെ ആളുകളുടെ ജീവിതത്തെക്കുറിച്ച്. 'ദൈവികജീവിതം പരിശീലിക്കുന്നവരെക്കുറിച്ച്" എന്നു മറ്റൊരു നാമവും അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിനു നൽകിയിട്ടുണ്ട്. – കൃഷിയെക്കുറിച്ച് രണ്ടു പുസ്തകങ്ങൾ, മദ്യാസക്തിയെക്കുറിച്ചു രണ്ടു പുസ്തകങ്ങൾ എന്നിവ അദ്ദേഹം എഴുതിയതാണ്. ഇദ്ദേഹത്തിന്റെ സ്മാരകങ്ങളായിട്ടുള്ളവയും എന്റെ കൈയിൽ എത്തിച്ചേരാത്തവയുമായ വേറെയും കൃതികളുണ്ട്. ഇദ്ദേഹത്തെ സംബന്ധിച്ച് ഗ്രീക്കുകാരുടെയിടയിൽ ഒരു ചൊല്ലുണ്ട്:'ഒന്നുകിൽ പ്ലേറ്റോ ഫിലോണീകരിച്ചു; അല്ലെങ്കിൽ ഫിലോ പ്ലേറ്റോണീകരിച്ചു.' അതായത് ഒന്നുകിൽ പ്ളേറ്റോ ഫീലോയെ പിൻതുടർന്നു അല്ലെങ്കിൽ ഫീലോ പ്ലേറ്റോയെ പിൻതുടർന്നു. രണ്ടു പേരുടെയും ആശയങ്ങളും ഭാഷയും തമ്മിൽ അത്ര സാമ്യമുണ്ട്.

## 12. ലൂഷ്യസ് അന്നെയൂസ് സെനെക്കാ

ഇദ്ദേഹം കൊർദോവാക്കാരനായിരുന്നു. സ്റ്റോയിക്കായ സോട്ടിയോണിന്റെ ശിഷ്യനും കവിയായ ലൂക്കന്റെ അമ്മാവനുമായിരുന്നു. വളരെ സംയതമായ ഒരു ജീവിതം നയിച്ചിരുന്ന ആളാണിദ്ദേഹം. സെനെക്കാ പൗലോസിനും പൗലോസ് സെനെക്കായ്ക്കും എഴുതിയ കത്തുകൾ[19] പ്രേരിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ ഇദ്ദേഹത്തെ വിശുദ്ധരുടെ ഗണത്തിൽ കൂട്ടമായിരുന്നില്ല. ആ കത്തുകൾ വളരെപ്പേർ വായിക്കുന്നുണ്ട്. സെനെക്കാ നീറോയുടെ അദ്ധ്യാപകനും അക്കാലത്തെ ഏററവും ശക്തനായ മനുഷ്യനുമായിരുന്ന കാലത്ത് എഴുതപ്പെട്ട ആ കത്തുകളിൽ ക്രിസ്ത്യാനികളുടെയിടയിൽ പൗലോസിനുള്ളസ്ഥാനം തന്റെ നാട്ടുകാരുടെയിടയിൽ തനിക്കു ലഭിച്ചാൽ കൊള്ളാ

19. ആദിമസഭ. പേ. 92: അപ്പോക്രിഫൽ കത്തുകൾ.



മെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പത്രോസും പൗലോസും രക്തസാക്ഷിമകുടം ചൂടിയതിനു രണ്ടുകൊല്ലം മുമ്പ് നീറോ അദ്ദേഹത്തെ വധിപ്പിച്ചു.

## 13. മത്തിയാസിന്റെ പുത്രനായ ജൊസേഫൂസ്

ഇദ്ദേഹം ജറുസലേമിലെ പുരോഹിതനായിരുന്നു. വെസ്പാസ്യനാലും അയാളുടെ പുത്രനായ ടൈററസിനാലും തടവിലാക്കപ്പെട്ട ഇദ്ദേഹം സ്ഥാനഭ്രഷ്ടനായി. റോമിലെത്തിയ അദ്ദേഹം യഹൂദരുടെ അടിമത്തത്തെക്കുറിച്ചുള്ള ഏഴു ഗ്രന്ഥങ്ങൾ പിതാവും പുത്രനുമായ രണ്ടു ചക്രവർത്തിമാരുടെയും മുമ്പിൽ സമർപ്പിച്ചു. അതു പബ്ലിക്ക് ലൈബ്രറിയിൽ നിക്ഷേപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രതിഭാശക്തിയെ അടിസ്ഥാനമാക്കി റോമിൽ ഒരു പ്രതിമയ്ക്ക് അദ്ദേഹം അർഹനാണെന്നു തീരുമാനിക്കപ്പെട്ടു.

യൂദപ്പഴമയെപ്പററി ഇരുപതു പുസ്തകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. ലോകാരംഭം മുതൽ ഡൊമീഷ്യൻ സീസറിന്റെ പതിനാലാം ഭരണവർഷം വരെയുള്ള കാര്യങ്ങൾ അതിൽ പ്രതിപാദിക്കുന്നു. *ആപ്പിയോണിനെതിരായി പ്രാചീന ചരിത്രം*[20] എന്ന പേരിൽ രണ്ടു പുസ്തകങ്ങളും അദ്ദേഹം എഴുതി. അപ്പിയോൺ അലക്സാൺഡ്രിയായിലെ വൈയാകരണനായിരുന്നു. ഫീലോയ്ക്ക് എതിരെ വിജാതീയരുടെ പ്രതിനിധിയായി അയയ്ക്കപ്പെട്ട അയാൾ യഹൂദ സമൂഹത്തെ രൂക്ഷമായി അധിക്ഷേപിക്കുന്ന ഒരു പുസ്തകമെഴുതി. അതിനെതിരായിട്ടുള്ളതായിരുന്നു പ്രസ്തുത ഗ്രന്ഥം.

'എല്ലാം ഭരിക്കുന്ന ജ്ഞാനം' എന്ന പേരോടുകൂടിയ അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകം വളരെയധികമായി ആദരിക്കപ്പെട്ടുന്നതാണ്. മക്കബായക്കാരുടെ രക്തസാക്ഷിത്വമരണങ്ങളാണ് അതിൽ വിവരിക്കപ്പെടുന്നത്. യൂദപ്പഴമയുടെ എട്ടാം പുസ്തകത്തിൽ അദ്ദേഹം താഴെപറയുന്ന കാര്യങ്ങൾ വളരെ സ്പഷ്ടമായി ഏററുപറയുന്നു: 'ക്രിസ്തുവിനെ ഫരിസേയർ വധിച്ചത് അവിടുത്തെ അത്ഭുതങ്ങളുടെ മഹത്വം കാരണമാണ്. സ്നാപകയോഹന്നാൻ ഒരു യഥാർത്ഥ പ്രവാചകനായിരുന്നു.

20. Antiquities against Appion.

www.malankaralibrary.com



യാക്കോബ് ശ്ലീഹായുടെ വധം കാരണമാണ് ജറുസലെം നശിപ്പിക്കപ്പെട്ടതു്". നമ്മുടെ കർത്താവിനെക്കുറിച്ച് അദ്ദേഹം താഴെ പറയുംവിധം എഴുതി: 'ഇതേ കാലത്താണ് യേശു ജീവിച്ചിരുന്നതു്. അദ്ദേഹത്തെ മനുഷ്യൻ എന്നു വിളിക്കുന്നതു ശരിയാണെങ്കിൽ അദ്ദേഹം ജ്ഞാനിയായ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം ആശ്ചര്യകരമായ അത്ഭുതങ്ങൾ പ്രവർത്തിച്ചു. സ്വതന്ത്രമായി സത്യം സ്വീകരിക്കുന്നയാളുകൾക്ക് അദ്ദേഹം ഗുരുവായിരുന്നു. യഹൂദരുടെയിടയിൽനിന്നും വിജാതീയരുടെയിടയിൽനിന്നും അദ്ദേഹത്തിനു വളരെയധികം അനുയായികൾ ഉണ്ടായിരുന്നു. അദ്ദേഹം ക്രിസ്തുവാണെന്നു വിശ്വസിക്കപ്പെട്ടു. നമ്മുടെ പ്രമാണികളുടെ അസൂയനിമിത്തം പീലാത്തോസ് അദ്ദേഹത്തെ ക്രൂശിച്ചപ്പോഴും നേരത്തേ മുതൽ അദ്ദേഹത്തെ സ്നേഹിച്ചവർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. മരണത്തിന്റെ മൂന്നാം ദിവസം ജീവനോടെ അദ്ദേഹം അവർക്കു പ്രത്യക്ഷപ്പെട്ടു. ഇക്കാര്യങ്ങളും ഇതുപോലെയുള്ള ആശ്ചര്യകരങ്ങളായ മററനേകം കാര്യങ്ങളും പ്രവാചകന്മാരുടെ ഗീതങ്ങളിലുണ്ട്. അവർ ക്രിസ്തുവിനെക്കുറിച്ചു പ്രവചിച്ചവരാണ് ക്രിസ്ത്യാനികൾ എന്നു് അദ്ദേഹത്തിൽനിന്നു നാമം ധരിച്ച അദ്ദേഹത്തിന്റെ അനുയായികൾ ഇന്നും ഉണ്ട്.

## 14. യുസ്തുസ്

ഗലീലി പ്രവിശ്യയിലെ തിബേരിയാസുകാരനായ യുസ്തുസ് *യഹൂദകാര്യങ്ങളുടെ ചരിത്രവും വിശുദ്ധ ലിഖിതങ്ങളുടെ ലഘുവ്യാഖ്യാനങ്ങളും* എഴുതാൻ ശ്രമിച്ചയാളാണ്. എന്നാൽ അദ്ദേഹത്തിന്റെ പ്രസ്താവങ്ങൾ അയഥാർത്ഥങ്ങളാണെന്നു് ജൊസേഫുസ് കുററപ്പെടുത്തുന്നു. ജൊസേഫുസിന്റെ കാലത്തുതന്നെയാണ് അദ്ദേഹവും എഴുതിയതെന്നു് അറിവായിട്ടുണ്ട്.

## 15. റോമിലെ ക്ലെമെൻറ്

ഇദ്ദേഹത്തെക്കുറിച്ചു ഫിലിപ്പിയാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ എഴുതുന്നു: "ആയുസ്സിന്റെ പുസ്തകത്തിൽ പേരെഴുതിയിരിക്കുന്ന ക്ലെമെൻറിനോടും എന്റെ മററു സഹപ്രവർത്തകരോടുംകൂടെ...." (4:3). ഇദ്ദേഹം പത്രോസിനു ശേഷം റോമിലെ നാലാമത്തെ മെത്രാനായിരുന്നു. രണ്ടാമത്തെയാൾ ലീനുസും മൂന്നാമത്തെയാൾ അനാക്ലീററസും ആയിരുന്നെങ്കിൽ ഇദ്ദേഹം നാലാമത്തെയാൾ തന്നെ. എന്നാൽ ക്ലെമെൻറ്, അപ്പസ്തോലനുശേഷം രണ്ടാമത്തെയാളായിരുന്നുവെന്നാണ് ലത്തീൻകാർ കരുതുന്നതു്. അദ്ദേഹം റോമാസഭയുടെ ഭാഗത്തുനിന്നു് 'കൊറിന്ത്യരുടെ സഭയ്ക്കുള്ള ഒരു കത്തു്' എന്ന വിലപ്പെട്ട ലിഖിതം രചിച്ചു.[21] അതു് ചില സ്ഥലങ്ങളിൽ പരസ്യമായി വായിക്കപ്പെടുന്നുണ്ട്. അതു് പൗലോസിന്റെ പേരിൽ അറിയപ്പെടുന്ന എബ്രായക്കാർക്കുള്ള ലേഖനവുമായി ഭാഷാശൈലിയുടെ കാര്യത്തിൽ വളരെ സാമ്യമുള്ളതാണ്. എന്നാൽ അതു് പ്രസ്തുതലേഖനത്തിൽനിന്നു് പല ആശയങ്ങളുടെയും പദങ്ങളുടെ ക്രമത്തിന്റെ കാര്യത്തിലും വ്യത്യസ്തമായിരിക്കുന്നു. രണ്ടു വിഷയത്തിലും അതിനുള്ള സാമ്യം വലിയതല്ല താനും. ഇദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന *ഒരു രണ്ടാം ലേഖനം*കൂടെയുണ്ട്. അതിനെ ആദ്യകാല എഴുത്തുകാർ തള്ളിക്കളഞ്ഞിരിക്കയാണ്. 'പത്രോസും ആപ്പിയോണും തമ്മിലുള്ള വിവാദം' എന്ന മറെറാരു രചനയുമുണ്ട്. എവുസേബിയസ്സ് തന്റെ തിരുസഭാചരിത്രത്തിന്റെ മൂന്നാം പുസ്തകത്തിൽ അതിനെയും തിരസ്കരിച്ചിരിക്കുന്നു.

ക്ലെമെൻറ് ട്രാജന്റെ മൂന്നാം ഭരണവർഷത്തിൽ ദിവംഗതനായി. റോമിൽ നിർമ്മിതമായ ഒരു പള്ളി അദ്ദേഹത്തിന്റെ പേരിന്റെ ഓർമ്മ ഈ നാൾവരെ നിലനിർത്തുന്നു.

## 16. ഇഗ്നേഷ്യസ്

ഇദ്ദേഹം അന്ത്യോക്യായിലെ സഭയിൽ പത്രോസ് ശ്ലീഹായ്ക്കുശേഷം മൂന്നാമത്തെ മെത്രാനായിരുന്നു. ട്രാജന്റെ മതപീഡനകാലത്തു് വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കപ്പെടാൻ ഇദ്ദേഹം വിധിക്കപ്പെട്ടു. ഇദ്ദേഹം ബന്ധിതനായി റോമിലേയ്ക്കു് അയയ്ക്കപ്പെട്ടു. യാത്രയിൽ സ്മിർണാവരെ എത്തിയപ്പോൾ അന്നവിടെ യോഹന്നാന്റെ ശിഷ്യനായ പൊളിക്കാർപ്പ്, മെത്രാനായിരുന്നു. എഫേസൂസുകാർക്കു് ഒരു ലേഖനം എഴുതി. മറെറാന്നു് മഗ്നേഷ്യാക്കാർക്കും മൂന്നാമതൊന്നു് ത്രാള്ളിയാക്കാർക്കും നാലാമതൊന്നു് റോമാക്കാർക്കും

21. അപ്പസ്തോലികപിതാക്കന്മാർ, പേ. 15–54; ക്ലെമെൻറിന്റെ പേരിലുള്ള രണ്ടാം ലേഖനത്തിനു്, അതേകൃതി, പേ. 177-189.

www.malankaralibrary.com



അദ്ദേഹം എഴുതി. അവിടെനിന്നു പോയതിനുശേഷം ഫിലാഡെൽഫിയാക്കാർക്കും സ്മിർണാക്കാർക്കും അദ്ദേഹമെഴുതി. അന്ത്യോക്യയിലെ സഭയെ ശിപാർശ ചെയ്തുകൊണ്ട് അദ്ദേഹം പോളിക്കാർപ്പിനെഴുതിയ ലേഖനം പ്രത്യേകം ശ്രദ്ധേയമാണ്. സ്മിർണാക്കാർക്കുള്ള ലേഖനത്തിൽ, ഞാൻ അടുത്തകാലത്തു തർജ്ജമ ചെയ്തതായ ആ സുവിശേഷത്തിന്[22] അദ്ദേഹം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ക്രിസ്തുവിനെക്കുറിച്ച് അദ്ദേഹം പറയുന്നു: "ഉയിർപ്പിനുശേഷവും അവിടുന്നു ശരീരത്തിലായിരുന്നു എന്നു ഞാൻ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. അവിടുന്നു പത്രോസിന്റെയും അവന്റെ സുഹൃത്തുക്കളുടെയും അടുത്തുചെന്നപ്പോൾ അവരോടു പറഞ്ഞു: "എന്നെ പിടിച്ചുനോക്കുവിൻ; സ്പർശിക്കുവിൻ. ഞാൻ ശരീരമില്ലാത്ത ഭൂതമല്ലെന്നു കാണുവിൻ." അവർ ഉടനെ അവനെ സ്പർശിക്കുകയും അവനിൽ ഉറപ്പായി വിശ്വസിക്കുകയും ചെയ്തു.[23]

ഇങ്ങനെയുള്ള ഒരാളിനെക്കുറിച്ചും അദ്ദേഹം റോമാക്കാർക്കെഴുതിയ ലേഖനത്തെക്കുറിച്ചും പറഞ്ഞ നിലയ്ക്ക് ഏതാനും "ഉദ്ധരണങ്ങൾ" നല്കുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നു. "സിറിയായിൽനിന്ന് റോമായിലേക്കുള്ള യാത്രമുഴുവൻ രാപകൽ കടലിലും കരയിലും വച്ച് ഞാൻ വന്യമൃഗങ്ങളോടു യുദ്ധം ചെയ്കയാണ്. നന്നായി പെരുമാറുന്തോറും കൂടുതൽ ക്രുദ്ധരാകുന്ന പത്തു പുള്ളിപ്പുലികളുടെ, അതായതു്, എന്നെ കാക്കുന്ന പട്ടാളക്കാരുടെ, മധ്യത്തിൽ ഞാൻ ബന്ധിതനായിരിക്കുകയാണ്. അക്കാരണത്താൽ ഞാൻ നീതീകരിക്കപ്പെടുന്നില്ലെങ്കിലും അവരുടെ അനീതിയിൽക്കൂടി ഞാൻ ഒരു നല്ല മനുഷ്യനായിത്തീരുകയാണ്. എന്നെ കാത്തിരിക്കുന്ന വന്യമൃഗങ്ങൾ എന്നെ എത്രമാത്രം ഹർഷപുളകിതനാക്കില്ല! അവ എനിക്കുവേണ്ടി തയാറായി നിൽക്കുന്നതായി കാണാൻ ഞാൻ പ്രാർത്ഥിക്കുന്നു. ഭയത്താൽ ചിലപ്പോൾ സംഭവിക്കുന്നതുപോലെ നോക്കി അകന്നുനിൽക്കാതെ ഉടനെതന്നെ എന്നെ വിഴുങ്ങുവാൻ ഞാൻ അവയെ പ്രേരിപ്പിക്കും. അവയ്ക്ക് അതിനു വൈമനസ്യമാണെങ്കിൽ, എന്നെ വിഴുങ്ങാൻ ഞാൻ അവയെ നിർബന്ധിക്കും. എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ എന്നോടു ക്ഷമിക്കുവിൻ. എനിക്കു നല്ലതെന്തെന്നു ഞാനറിയുന്നു. ഈ നിമിഷം മുതലാണ് ഞാൻ ഒരു ശിഷ്യനാകുവാൻ തുടങ്ങുന്നതു്. യേശുക്രിസ്തുവിനെ പ്രാപിക്കുന്നതിനുവേണ്ടി ദൃശ്യവസ്തുക്കളോടുള്ള ആഗ്രഹങ്ങളെല്ലാം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. അഗ്നിയോ, കുരിശോ, വന്യമൃഗങ്ങളോടുള്ള മല്പിടലോ അസ്ഥികൾ തകർ

22. ലൂക്കോസിന്റെ സുവിശേഷം

23. സ്മിർണ. 3:1-2.



ക്കപ്പെടലോ, അവയവങ്ങൾ പിച്ചിച്ചീന്തലോ, ശരീരം മുഴുവൻ തകർക്കപ്പെടലോ, പിശാചിന്റെ ക്രൂരമായ പീഡനങ്ങളോ എന്തും എനിക്കു സംഭവിച്ചുകൊള്ളട്ടെ. ക്രിസ്തുവിലുള്ള ആനന്ദം കരഗതമാകുന്നതിനുവേണ്ടി ഇവയെല്ലാം ഞാൻ സഹിക്കും".[24]

ക്രൂരമൃഗങ്ങളുടെ മുന്നിലേയ്ക്ക് ആനയിക്കപ്പെടുകയും സിംഹങ്ങളുടെ അലർച്ച ശ്രവിക്കുകയും ചെയ്തപ്പോൾ രക്തസാക്ഷിത്വത്തിലുള്ള ആവേശത്തോടെ അദ്ദേഹം പറഞ്ഞു: "ഞാൻ ക്രിസ്തുവിന്റെ ഗോതമ്പാണ്. ലോകത്തിന്റെ ഭക്ഷണമായിത്തീരുന്നതിനുവേണ്ടി ഞാൻ സിംഹങ്ങളുടെ പല്ലുകളാൽ പൊടിക്കപ്പെടണം."[25]

ട്രാജന്റെ പതിനൊന്നാം ഭരണവർഷത്തിലാണ് അദ്ദേഹം വധിക്കപ്പെട്ടതു്. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ അന്ത്യോക്യയിൽ ഡഫ്നേ ഗേററിനു പുറത്തു് സിമിത്തേരിയിൽ സ്ഥിതിചെയ്യുന്നു.

## 17. മെത്രാനായ പോളിക്കാർപ്പ്

പോളിക്കാർപ്പ് യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നു. യോഹന്നാൻ ആണ് അദ്ദേഹത്തെ സ്മിർണായുടെ മെത്രാനായി വാഴിച്ചതു്. ഇദ്ദേഹം ഏഷ്യയുടെ മുഴുവൻ തലവനായിരുന്നു. അവിടെവച്ച് ചില അപ്പസ്തോലന്മാരെയും നമ്മുടെ കർത്താവിനെ നേരിൽ കണ്ടവരെയും അദ്ദേഹം കണ്ടു. അവർ അദ്ദേഹത്തിന്റെ ഗുരുക്കന്മാരായി. പെസഹാദിവസത്തെ സംബന്ധിച്ച ചില പ്രശ്നങ്ങൾ കാരണമായി അദ്ദേഹത്തിനു് റോമിൽ പോകേണ്ടിവന്നു. അന്തോണീനുസ് പീയുസ് ചക്രവർത്തിയുടെ കാലത്തായിരുന്നു അതു്. അന്നു് റോമാനഗരത്തിലെ സഭയെ ഭരിച്ചിരുന്നതു് അനിസെററസ് ആയിരുന്നു. അവിടെ മാർസ്യന്റെയും വലെന്തീനുസിന്റെയും പ്രേരണമൂലം വഴിതെററിക്കപ്പെട്ട അനേകം വിശ്വാസികളെ അദ്ദേഹം സത്യവിശ്വാസത്തിലേയ്ക്കു പ്രത്യാനയിച്ചു. യാദൃച്ഛികമായി അദ്ദേ

24. റോമാ. 5.

25. റോമ. 4: 1. ഇഗ്നേഷ്യസിന്റെ ലേഖനങ്ങൾക്ക്: അപ്പസ്തോലിക പിതാക്കന്മാർ, പേ.61-101.

www.malankaralibrary.com


ഹത്തെ കണ്ടുമുട്ടിയപ്പോൾ മാർസ്യൻ അദ്ദേഹത്തോടു ചോദിച്ചു: "താങ്കൾക്ക് എന്നെ അറിയാമോ?" അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു: "സാത്താന്റെ ആദ്യജാതനെ എനിക്കറിയാം."

പിന്നീട് മാർക്കൂസ് അന്തോണീനുസിന്റെയും ലൂഷ്യസ് ഔറേലിയൂസ് കൊമ്മോദൂസിന്റെയും ഭരണകാലത്ത്, നീറോയ്ക്കുശേഷമുള്ള നാലാം മതപീഡനത്തിന്റെ അവസരത്തിൽ അദ്ദേഹം ജീവനോടെ ദഹിപ്പിക്കപ്പെട്ടു. സ്മിർണായിൽ ഭരണം നടത്തിയിരുന്ന പ്രോകോൺസുളിന്റെ സാന്നിദ്ധ്യത്തിലായിരുന്നു കൊല നടന്നത്. ആ സമയത്ത് ജനങ്ങളെല്ലാം ആംഫിതീയേറററിൽ ഒത്തുകൂടി പോളിക്കാർപ്പിനെതിരെ ആർത്തുവിളിച്ചുകൊണ്ടിരുന്നു. 'ഫിലിപ്പിയക്കാർക്കുള്ള ലേഖനം' എന്ന വളരെ വിലപ്പെട്ട ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്. ഏഷ്യയിലെ സമ്മേളനങ്ങളിൽ അതു് ഇന്നും വായിക്കപ്പെടുന്നു.[26]

## 18. മെത്രാനായ പപ്പിയാസ്

യോഹന്നാന്റെ ശിഷ്യനായ പപ്പിയാസ് ഏഷ്യയിലുള്ള ഹിയെരാപ്പൊളീസിലെ മെത്രാനായിരുന്നു. 'കർതൃവചന ഭാഷ്യം,[27] എന്ന പേരിൽ അഞ്ചുഭാഗങ്ങളുള്ള ഒരു ഗ്രന്ഥം മാത്രമാണ് അദ്ദേഹം എഴുതിയിട്ടുള്ളതു്. താൻ പലവിധ അഭിപ്രായങ്ങൾ അനുഗമിച്ചിട്ടില്ലെന്നും അപ്പസ്തോലന്മാരുടെ വചനങ്ങളെ മാത്രമാണ് പ്രമാണമായി സ്വീകരിച്ചിട്ടുള്ളതെന്നും അതിന്റെ ആമുഖത്തിൽ വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നു: "അന്ത്രയോസ് എന്തു പറഞ്ഞു? പത്രോസ് എന്തു പറഞ്ഞു? ഫിലിപ്പോസ് എന്തു പറഞ്ഞു? തോമായും യാക്കോബും എന്തു പറഞ്ഞു? യോഹന്നാനോ മത്തായിയോ നമ്മുടെ കത്താവിന്റെ മററ് ശിഷ്യരിലാരെങ്കിലുമോ എന്തു പറഞ്ഞു? കർത്താവിന്റെ ശിഷ്യനായ അരിസ്ററിയോണും, യോഹന്നാൻ എന്ന മൂപ്പനും എന്തു പറഞ്ഞിരിക്കുന്നു എന്ന് ഞാൻ പരിഗണിച്ചിരുന്നു. സജീവവും ഇപ്പോഴുള്ളതുമായ

26. അപ്പസ്തോലിക പിതാക്കന്മാർ, പേ. 116-122 (ഫിലിപ്പിയാക്കാർക്കെഴുതിയ ലേഖനം); 123 – 133 (പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം); ആദിമ, 32-36.
27. ലോഗിയോൻ കരിയാക്കോൻ എക്സെഗെസെയിസ്



ശബ്ദംപോലെ പുസ്തകജ്ഞാനം സഹായകമല്ല എന്നു ഞാൻ കണക്കാക്കിയിരുന്നു.[28] ഈ നാമവിവരപ്പട്ടികയിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നുണ്ട്. കർത്താവിന്റെ ശിഷ്യന്മാരുടെകൂടെ സ്ഥാനം നൽകപ്പെട്ടിരിക്കുന്ന യോഹന്നാനും പട്ടികയിൽ അരിസ്റ്റിയോണിനുശേഷം പറയപ്പെടുന്ന യോഹന്നാൻ എന്ന മൂപ്പനും ഒരാളല്ല. ഞാൻ ഇങ്ങനെ പറയുന്നതിനു മറെറാരു കാരണവുമുണ്ട്. മുമ്പ് ഒരിടത്തു രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായമനുസരിച്ച്, യോഹന്നാന്റെ അവസാനത്തെ രണ്ടു ലേഖനങ്ങൾ അപ്പസ്തോലന്റെ രചനകളല്ല, പുരോഹിതനായ യോഹന്നാന്റെ രചനകളാണ്.[29] 'നമ്മുടെ കർത്താവിന്റെ രണ്ടാംവരവ്" അഥവാ *സഹസ്രാബ്ദം* എന്നൊരു ഗ്രന്ഥവും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു ചിലർ പറയുന്നു. പുനരുത്ഥാനത്തിനുശേഷം കത്താവ് വിശുദ്ധരോടുകൂടി ശരീരത്തിൽ വന്ന് ഭരണംനടത്തും എന്നു പറയുന്ന ഇരനെയൂസും അപ്പൊളിനാരിസും മററുള്ളവരും ഇദ്ദേഹത്തെ അനുഗമിക്കുകയാണ് ചെയ്യുക. തെർത്തുല്യൻ 'വിശ്വാസികളുടെ പ്രതീക്ഷയെക്കുറിച്ച്' എന്ന ഗ്രന്ഥത്തിലും പെത്താവുവിലെ വിക്തൊറീനൂസ്, ലക്താൻസ്യൂസ് എന്നിവരും ഈ വീക്ഷണം പുലത്തുന്നു.

## 19. മെത്രാനായ ക്വദ്രാത്തൂസ്

ക്വദ്രാത്തൂസ് ശ്ലീഹന്മാരുടെ ശിഷ്യനായിരുന്നു. ഇദ്ദേഹം പുബ്ലിയൂസിനുശേഷം അദ്ദേഹത്തിന്റെ സ്ഥാനത്ത് ആതൻസിലെ മെത്രാനായി. ക്രിസ്തുവിലുള്ള വിശ്വാസം കാരണം രക്തസാക്ഷിമകുടം ചൂടി. ഭയം മൂലം ചിതറിപ്പോയ സഭയെ തന്റെ വിശ്വാസവും പരിശ്രമവും കൊണ്ട് അദ്ദേഹം ഒരുമിച്ചു ചേത്തു. 'എലെവുസീനിയൻ രഹസ്യങ്ങൾ' ദർശിക്കുന്നതിനുവേണ്ടി ഹദ്രിയാൻ ആതൻസിൽ മഞ്ഞുകാലം കഴിക്കുകയും അയാൾ 'ഗ്രീസിലെ വിശുദ്ധ രഹസ്യങ്ങളിലെല്ലാം' പങ്കാളിയാകുകയും ചെയ്ത സന്ദർഭത്തിൽ ക്രിസ്തുവിനെ വെറുത്തിരുന്നവർ ചക്രവർത്തിയിൽനിന്ന് അറിയിപ്പൊന്നും കൂടാതെതന്നെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ ആ സന്ദർഭം ഉപയോഗപ്പെടുത്തി. അപ്പോൾ ക്വഡ്രാത്തൂസ് നമ്മുടെ വിശ്വാസത്തിനുവേണ്ടി ഒരു

28. പപ്പിയാസ്, രേഖാശകലം, 2; അപ്പസ്തോലിക പിതാ. 104–112.
29. അതേ രേഖാശകലം

www.malankaralibrary.com



ഗ്രന്ഥം രചിച്ച് ഹഡ്രിയാനു സമർപ്പിച്ചു. അതു് അനുപേക്ഷണീയവും ഉറപ്പുള്ള യുക്തിയും വിശ്വാസവും നിറഞ്ഞതും അപ്പസ്തോലിക പഠനങ്ങൾക്കു ചേർന്നതുമത്രേ. അതിൽ തന്റെ കാലത്തിന്റെ പുരാതനത്വത്തിനു് ഉദാഹരണങ്ങൾ നൽകിക്കൊണ്ടു്, പലവിധ രോഗങ്ങളാൽ പീഡിതരായിരുന്നവർ യൂദയായിൽ വച്ചു് നമ്മുടെ കർത്താവിനാൽ സുഖമാക്കപ്പെട്ടതും ചിലർ മരിച്ചവരിൽനിന്നു് ഉയിർപ്പിക്കപ്പെട്ടതും താൻ കണ്ടിട്ടുണ്ടെന്നു് അദ്ദേഹം പറയുന്നു.[30]

## 20. ദാർശനികനായ അരിസ്റ്റിദെസ്

വലിയ വാഗ്മിയായ ഒരു അഥീനിയൻ ദാർശനികനായിരുന്നു അരിസ്റ്റിദെസ്. തന്റെ ദാർശനികക്കുപ്പായം നിലനിർത്തിക്കൊണ്ടുതന്നെ അദ്ദേഹം ക്രിസ്തുവിന്റെ ഒരു ശിഷ്യനായി. ക്വഡ്രാത്തൂസ് ഹഡ്രിയാനു് തന്റെ കൃതി സമർപ്പിച്ച കാലത്തുതന്നെ ഇദ്ദേഹവും തന്റെ ഒരു കൃതി ഹഡ്രിയാനു സമർപ്പിച്ചു. നമ്മുടെ തത്വസംഹിതയുടെ ഒരു ക്രമീകൃത വിശദീകരണം ആ കൃതി ഉൾക്കൊണ്ടിരുന്നു. ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള ഒരു 'വിശദീകരണം' ആയിരുന്നു അതു്. അതു് ഇന്നും നിലവിലുണ്ടു്. ആ കൃതി അരിസ്റ്റിദെസിന്റെ പ്രതിഭയുടെ ഒരു സ്മാരകമായി വിജ്ഞന്മാർ ഇന്നും പരിഗണിക്കുന്നു[31].

## 21. അഗ്രിപ്പാ കാസ്റ്റോർ

കാസ്റ്റോർ എന്ന അപരനാമമുള്ള അഗ്രിപ്പാ വലിയ പണ്ഡിതനായിരുന്നു. സുവിശേഷത്തിനെതിരായി ബസിലിദെസ്[32] എന്ന പാഷണ്ഡി രചിച്ച ഇരുപത്തിനാലു വാല്യങ്ങളിലെ ആശയങ്ങളെ ശക്തമായി ഖണ്ഡിച്ചുകൊണ്ടു് അദ്ദേഹം ഒരു ഗ്രന്ഥം എഴുതി. അതിൽ അയാളുടെ പ്രബോധനങ്ങൾ മുഴുവൻ വെളിപ്പെടുത്തിയിരുന്നു. ബർക്കബ്ബാസ്, ബർക്കോബ് എന്നീ പ്രവാചകരുടെ പേരുകളും വായനക്കാർക്കു ഭയമുളവാക്കുന്ന മറ്റെല്ലാ പ്രാകൃത നാമങ്ങളും അയാളുടെ ഉന്നത ദൈവമായ അബ്രാക്സസിന്റെ നാമവും അതിൽ കൊടുത്തിട്ടുണ്ടു്.

30. ആദിമ 112 – 113.
31. ആദിമ. 113 - 115.
32. ബസിലിദെസിനെപ്പറ്റി, ആദിമ. 144 – 5;



അബ്രാക്സസ് എന്ന നാമത്തിൽ ഗ്രീക്കുകാരുടെ ഗണനയനുസരിച്ചുള്ള വർഷം അടങ്ങിയിരിക്കുന്നു എന്നാണു സങ്കല്പിക്കപ്പെടുന്നതു്. ബസിലിദെസ് ഹഡ്രിയാന്റെ ഭരണകാലത്തു് അലക്സാൺഡ്രിയായിൽ വച്ചു മരിച്ചു. ഗ്നോസ്റ്റിക്കു[33] വിഭാഗങ്ങൾ അയാളിൽനിന്നാണു് ഉണ്ടായതു്. കുഴപ്പം നിറഞ്ഞ ഈ കാലഘട്ടത്തിൽ യഹൂദ വിഭാഗത്തിന്റെ നേതാവായ കോക്കെബൊസു് ക്രിസ്ത്യാനികളെ പലവിധത്തിൽ പീഡിപ്പിച്ചു കൊന്നു.

## 22. ചരിത്രകാരനായ ഹെജെസിപ്പസ്

അപ്പസ്തോലിക കാലത്തുനിന്നു് വളരെയകലെയല്ലാത്ത ഒരു കാലഘട്ടത്തിലാണ് ഹെജെസിപ്പസ് ജീവിച്ചിരുന്നതു്. അദ്ദേഹം ഒരു *സഭാചരിത്രം* എഴുതി. നമ്മുടെ കർത്താവിന്റെ പീഡാനുഭവം മുതൽ സ്വന്തം കാലംവരെയുള്ള സഭാപരമായ സംഭവങ്ങളെല്ലാം അദ്ദേഹം അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. വായനക്കാർക്കു് ഉപകാരപ്രദമായ അനേകം കാര്യങ്ങൾ അദ്ദേഹം അതിൽ ശേഖരിച്ചു ചേർത്തിട്ടുണ്ടു്. ലളിതമായ ശൈലിയിൽ അഞ്ചു വാല്യങ്ങളിലായി ആണ് അദ്ദേഹം ഈ ഗ്രന്ഥം രചിച്ചതു്. ആരുടെ ജീവചരിത്രമാണോ താൻ എഴുതുന്നതു് അയാളുടെ സംഭാഷണരീതി ആ ജീവചരിത്രത്തിന്റെ രചനയിൽ വരുത്താൻ അദ്ദേഹം ശ്രമിച്ചിരുന്നു. അനിസെററസിന്റെ കാലത്തു് താൻ റോമിൽ പോയതായി അദ്ദേഹം രേഖപ്പെടുത്തുന്നുണ്ടു്. അനിസെററസ് പത്രോസിനുശേഷം റോമിലെ പത്താമത്തെ മെത്രാനായിരുന്നു. ആ നഗരത്തിൽതന്നെ മെത്രാനായിത്തീർന്ന എലെവുതേരിയുസിന്റെ കാലംവരെ അദ്ദേഹം അവിടെ വസിക്കുകയും ചെയ്തു. എലെവുതേരിയുസ് അതിനു മുമ്പു് അനിസെററസിനു കീഴിൽ ഡീക്കനായിരുന്നു.

കൂടാതെ, വിഗ്രഹങ്ങൾക്കെതിരായ വാദങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചരിത്രവും ഹെജെസിപ്പസ് രചിച്ചിട്ടുണ്ടു്. ഏതു തെററിൽ നിന്നാണ് അവ രൂപംകൊണ്ടതു് എന്നും ഏതു കാലത്താണ് അവ നിലനിന്നതെന്നും അദ്ദേഹം ഈ കൃതിയിൽ പ്രതിപാദിക്കുന്നു. അദ്ദേഹം പറയുന്നു: 'അവർ അവരുടെ മരിച്ച

33. ഗ്നോസ്റ്റിസിസം (ജ്ഞാനവാദം) എന്ന പാഷണ്ഡതയെപ്പറ്റി: ആദിമ. 143 ff.

www.malankaralibrary.com



വക്കുവേണ്ടി സ്മാരകങ്ങളും ക്ഷേത്രങ്ങളും നിർമ്മിച്ചു. ഇപ്പോഴും നമുക്ക് അതിനുദാഹരണങ്ങൾ കാണാം. ഹഡ്രിയാൻ ചക്രവർത്തിയുടെ സേവകനായിരുന്ന അന്തീനൂസിനുള്ള സ്മാരകങ്ങൾ ഉദാഹരണം. അയാളുടെ ബഹുമാനാർത്ഥം മത്സരക്കളികൾ ഏർപ്പെടുത്തപ്പെട്ടു, അയാളുടെ നാമത്തിൽ ഒരു നഗരം നിർമ്മിക്കപ്പെട്ടു; പൂജാരികളോടു കൂടിയ ഒരു ക്ഷേത്രവും സ്ഥാപിക്കപ്പെട്ടു.' ഹഡ്രിയാൻ ചക്രവർത്തിക്ക് അന്തീനൂസിനോട് അതിയായ താല്പര്യമുണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്.[34]

## 23. ദാർശനികനായ ജസ്റ്റിൻ

ദാർശനികൻ്റെ കുപ്പായം ധരിച്ചിരുന്ന ദാർശനികനായ ജസ്റ്റിൻ പലസ്തീനായിലെ ഒരു നഗരമായ നെയാപ്പൊളീസിലെ നാഗരികനായിരുന്നു. പ്രിസ്ക്കസ് ബാക്കിയൂസ് ആയിരുന്നു ഇദ്ദേഹത്തിൻ്റെ പിതാവ്. ക്രിസ്തുവിൻ്റെ മതത്തിനുവേണ്ടി ഇദ്ദേഹം അതികഠിനമായി അദ്ധ്വാനിച്ചു. അന്തോണീനൂസ് പീയൂസിൻ്റെയും അയാളുടെ മക്കളുടെയും സെനറ്റിൻ്റെയും സമക്ഷം താൻ എഴുതിയ '*ജാതികൾക്കെതിരെ*[35] എന്ന ഗ്രന്ഥം അദ്ദേഹം സമർപ്പിച്ചു. ക്രൂശാരോഹണത്തിൻ്റെ അപമാനം അദ്ദേഹം വർജിച്ചുമില്ല. ഈ അന്തോണീനൂസിൻ്റെ പിൻഗാമികളായ മാർക്കുസ് അന്തോണീനുസ് വേത്രൂസ്, ലൂഷ്യസ് ഔറേലിയൂസ് കൊമ്മോദൂസ് എന്നിവരെ സംബോധന ചെയ്തു് മറ്റൊരു കൃതിയും അദ്ദേഹം രചിച്ചു, 'ജാതികൾക്കെതിരേ' എന്ന അദ്ദേഹത്തിൻ്റെ ഗ്രന്ഥത്തിൻ്റെ മറ്റൊരു വാല്യവും ഇപ്പോൾ നിലവിലുണ്ട്. അതിൽ അദ്ദേഹം പിശാചുക്കളുടെ പ്രകൃതിയെക്കുറിച്ചു ചർച്ച ചെയ്യുന്നു. ജാതികൾക്കെതിരെയുള്ള നാലാമത്തെ പുസ്തകത്തിന് അദ്ദേഹം നൽകിയ പേര് 'ഖണ്ഡനം' എന്നാണ്. മറ്റൊരു ഗ്രന്ഥം 'ദൈവത്തിൻ്റെ പരമാധികാരം' എന്നതാണ്. 'കീർത്തനം' എന്നതാണു മറ്റൊന്ന്. വേറൊന്ന് 'ആത്മാവിനെക്കുറിച്ച്'. 'യഹൂദന്മാർക്കെതിരായ സംഭാഷണം' യഹൂദ നേതാവായ ട്രീഫോയ്ക്കെതിരായി അദ്ദേഹം നടത്തിയ സംവാദങ്ങൾ ഉൾക്കൊള്ളുന്നു. ശ്രദ്ധേയങ്ങളായ വേറെയും ഗ്രന്ഥങ്ങളുണ്ട്. 'മാർസിയനു് എതിരേ' എന്നതാണ് അവയിലൊന്ന്. ഇരനെയൂസ് പാഷ

34. ആദിമ. 168.

35. Against the Nations.



ണ്ഡതകൾക്കെതിരെയുള്ള തൻ്റെ കൃതിയുടെ നാലാം പുസ്തകത്തിൽ ഇതിനെക്കുറിച്ചു പറയുന്നുണ്ട്. 'എല്ലാ പാഷണ്ഡതകൾക്കും എതിരെ' എന്നതാണു മറ്റൊരു ഗ്രന്ഥം. അന്തോണീനൂസ് പീയൂസിനെ സംബോധന ചെയ്തുകൊണ്ടുള്ള അപ്പോളജി എന്ന ഗ്രന്ഥത്തിൽ അദ്ദേഹം അതിനെ പരാമർശിക്കുന്നുണ്ട്. ജസ്റ്റിൻ റോമാനഗരത്തിൽ താമസിച്ച് പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്ത്, ക്രിസ്ത്യാനികൾക്കെതിരെ പല ദൈവദൂഷണങ്ങളും പറഞ്ഞുപരത്തിയ ക്രെഷെൻസ് എന്ന സന്ദേഹവാദി ഭോജനപ്രിയനും മരണത്തെ ഭയക്കുന്നവനും ആണെന്നൊക്കെ അദ്ദേഹം ആരോപിച്ചു; അയാൾ സുഖഭോഗങ്ങളിലും ദുരാശകളിലും മുഴുകിയിരിക്കുന്നവനാണെന്ന് തെളിയിക്കുകയും ചെയ്തു. ജസ്റ്റിൻ ഒരു ക്രിസ്ത്യാനിയാണെന്നു ക്രെഷെൻസ് ഉടനെ ആരോപണം നടത്തി. അയാളുടെ ദുഷ്ടതയുടെയും ഗൂഢാലോചനയുടെയും ഫലമായി ജസ്റ്റിൻ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായി.[36]

## 24. മെത്രാനായ മെലിറ്റോ

ഏഷ്യാക്കാരനായ മെലിറ്റോ സാർദിസിലെ മെത്രാനായിരുന്നു. വാഗ്മിയായ ഫ്രോന്തോയുടെ ശിഷ്യനായ മാർക്കുസ് അൻ്റോണീനൂസ് വേത്രൂസ് ചക്രവർത്തിയെ സംബോധന ചെയ്തുകൊണ്ട് ക്രിസ്തുമതതത്ത്വങ്ങളെക്കുറിച്ച് മെലിറ്റോ ഒരു ഗ്രന്ഥം രചിച്ചു. വേറെ രചനകളും ഇദ്ദേഹത്തിൻ്റെ വകയായിട്ടുണ്ട്. അവയിൽ ചിലതു താഴെ പറയുന്നു: 'പെസഹായെക്കുറിച്ച്' രണ്ടു പുസ്തകങ്ങൾ, 'പ്രവാചകരുടെ ജീവിതത്തെക്കുറിച്ച്' ഒരു പുസ്തകം, 'സഭയെക്കുറിച്ച്' ഒരു പുസ്തകം, 'കർത്താവിൻ്റെ ദിവസത്തെക്കുറിച്ച്' ഒരു പുസ്തകം, 'സങ്കീർത്തനങ്ങളെക്കുറിച്ച്' ഒരു പുസ്തകം, 'ജ്ഞാനേന്ദ്രിയങ്ങളെക്കുറിച്ച്' ഒരു പുസ്തകം, 'ആത്മാവിനെയും ശരീരത്തെയും കുറിച്ച്' ഒരു പുസ്തകം, 'ജ്ഞാനസ്നാനത്തെക്കുറിച്ച്' ഒന്ന്, 'സത്യത്തെക്കുറിച്ച്' ഒന്ന്, 'ക്രിസ്തുവിൻ്റെ തലമുറയെക്കുറിച്ച്', 'തൻ്റെ പ്രവചനത്തെക്കുറിച്ച്' ഒന്ന്, 'അതിഥിസത്കാരത്തെക്കുറിച്ച്' ഒന്ന്, 'താക്കോൽ' എന്ന പേരിൽ ഒന്ന്, 'പിശാചിനെക്കുറിച്ച്' ഒന്ന്, 'യോഹന്നാൻ്റെ വെളിപാടിനെക്കുറിച്ച്' ഒന്ന്, 'ദൈവത്തിൻ്റെ ശാരീരികതയെക്കുറിച്ച്'

36. ആദിമ. 125-141;

www.malankaralibrary.com



ഒന്നു്, ഇടയഗാനങ്ങളുടെ ആറു പുസ്തകങ്ങൾ. അദ്ദേഹത്തിന്റെ വിശിഷ്ടമായ വാഗ്മിത്വ പ്രതിഭയെക്കുറിച്ചു് തെർത്തുല്യൻ രേഖപ്പെടുത്തിയിട്ടുണ്ടു്. മൊന്താനുസിനുവേണ്ടി സഭക്കെതി രായി തെർത്തുല്യൻ രചിച്ച ഏഴ് ഗ്രന്ഥങ്ങളിലാണു് ഈ പരാമർശം. ക്രിസ്ത്യാനികൾ പലരും അദ്ദേഹത്തെ ഒരു പ്രവാചകനായി കരുതുന്നു എന്നു് അയാൾ പരിഹാസമായി പറയുന്നു. 37

## 25. മെത്രാനായ തെയോഫിലസ്

അന്ത്യോക്യയിലെ സഭയുടെ ആറാമത്തെ മെത്രാനായിരുന്ന തെയോഫിലസ്. ഇദ്ദേഹം മാർക്കസ് അന്റോണീനസ് വേരൂസിന്റെ കാലത്തു് 'മാർസിയനു് എതിരേ' എന്ന ഗ്രന്ഥം രചിച്ചു. അതു് ഇപ്പോഴുമുണ്ടു്. ''ഔതോലിക്കസിനു്'' എന്ന പേരിൽ മൂന്നു പുസ്തകങ്ങളും 'ഹെർമോഗെനെസിന്റെ പാഷണ്ഡതക്കെതിരെ' എന്ന ഒരു ഗ്രന്ഥവും ചെറുതും സുന്ദരവുമായ വേറെ പ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. അവയെല്ലാം സഭയുടെ അഭിവൃദ്ധിക്കു് വളരെ ഉപയുക്തമായി. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന, സുവിശേഷഭാഷ്യങ്ങളും സോളമന്റെ സദൃശ്യവാക്യങ്ങളുടെ ഭാഷ്യങ്ങളും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ ഇവ ശൈലിയിലും ഭാഷയിലും മുകളിൽ പറഞ്ഞ കൃതികളുടെ പ്രൗഢിയോടും ആശയപ്രകാശനക്ഷമതയോടും പൊരുത്തപ്പെടുന്നില്ല. 38

## 26. മെത്രാനായ അപ്പൊള്ളിനാരിസ്

ഏഷ്യയിലുള്ള ഹിയെരാപ്പൊളീസിലെ മെത്രാനായിരുന്നു അപ്പൊള്ളിനാരിസ്. മാർക്കസ് അന്റോണീനസ് വേരൂസിന്റെ കാലത്താണു് ഇദ്ദേഹവും ജീവിച്ചിരുന്നതു്. ആ ചക്രവർത്തിയെ സംബോധന ചെയ്തുകൊണ്ടു് ഇദ്ദേഹം ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ചു് വളരെ ശ്രദ്ധേയമായ ഒരു ഗ്രന്ഥമെഴുതി. 'ജാതികൾക്കെതിരെ' അഞ്ചു പുസ്തകങ്ങൾ, 'സത്യത്തെക്കുറിച്ചു്' രണ്ടു്, 'കത്തഫ്രീജിയക്കെതിരേ' എന്നീ ഗ്രന്ഥങ്ങളും ഉണ്ടു്. അവസാനം പറഞ്ഞ ഗ്രന്ഥം

37. ആദിമ. 52-54; സഭാപിതാക്കന്മാർ I. 1-22 (പെസഹാ പ്രസംഗം).

38. ആദിമ. 123-125.



പ്രിസ്ക്കാ, മാക്സിമില്ലാ എന്നിവരോടുകൂടി മൊന്താനുസ് തന്റെ പ്രസ്ഥാനം തുടങ്ങിയ കാലഘട്ടത്തിൽ എഴുതപ്പെട്ടതാണു്.

## 27. മെത്രാനായ ദിവന്നാസ്യോസ്

ദിവന്നാസ്യോസ് കൊറിന്തോസിലെ സഭയുടെ മെത്രാനായിരുന്നു. അദ്ദേഹം വളരെയധികം വാഗ്മിത്വവും പരിശ്രമശീലവും ഉള്ളയാളായതുകൊണ്ടു് തന്റെ നഗരത്തിലും പ്രവിശ്യയിലുമുള്ളവരെ മാത്രമല്ല, മററു നഗരങ്ങളിലും പ്രവിശ്യകളിലുമുള്ളവരെയും തന്റെ ലേഖനങ്ങൾവഴി പഠിപ്പിച്ചു. പ്രസ്തുത ലേഖനങ്ങളിൽ ചിലതിന്റെ പേരു് താഴെ പറയുന്നു. ഒന്നു് 'ലാസിഡെമോണിയക്കു്', മറെറാന്നു് 'അഥീനിയക്കു്', മൂന്നാമത്തൊന്നു് 'നിക്കോമേദിയക്കു്', നാലാമത്തൊന്നു് 'ക്രീററുകാർക്കു്', അഞ്ചാമത്തൊന്നു് 'അമസ്ത്രീനായിലെ സഭയ്ക്കും പോന്തൂസിലെ മററു സഭകൾക്കും', മറെറാന്നു് 'ഗ്നോസൂസിലെ ജനങ്ങൾക്കും ആ നഗരത്തിലെ മെത്രാനായ പിനീത്തൂസിനും', ഏഴാമത്തൊന്നു് 'റോമാക്കാർക്കു്'. അതു് അവരുടെ മെത്രാനായ സൊത്തേറിനെ സംബോധന ചെയ്തുകൊണ്ടുള്ളതാണു്. എട്ടാമത്തൊന്നു് 'ക്രിസോഫൊറായ്ക്കു്', ക്രിസോഫോറാ വിശുദ്ധയായ ഒരു സ്ത്രീ ആയിരുന്നു. മാർക്കസ് അന്തൊണീനസ് വേരൂസിന്റെയും ലൂഷ്യസ് ഔറേലിയൂസ് കൊമ്മോദൂസിന്റെയും കാലത്താണു് ഇദ്ദേഹം ജീവിച്ചിരുന്നതു്. 39

## 28. മെത്രാനായ പിനീത്തൂസ്

ക്രീററുകാരനായ പിനീത്തൂസ്, ഗ്നോസൂസ് നഗരത്തിലെ മെത്രാനായിരുന്നു. അദ്ദേഹം കൊറിന്തോസുകാരുടെ മെത്രാനായ ദിവന്നാസ്യോസിനു് അതിവിശിഷ്ടമായ ഒരു കത്തെഴുതി. ജനങ്ങൾക്കു് എക്കാലവും ആഹാരമായി പാലു മാത്രം കൊടുത്താൽ പോരാ എന്നു് അദ്ദേഹം പഠിപ്പിക്കുന്നു. അങ്ങനെ ചെയ്താൽ ശിശുക്കളായിരിക്കെത്തന്നെ അന്ത്യദിനം അവരെ ആക്രമിച്ചേക്കും. ജനങ്ങൾക്കു് കട്ടിയായ ഭക്ഷണവും കൊടുക്കണം. അപ്പോൾ അവർ ആദ്ധ്യാത്മികമായി പ്രായപൂർത്തി പ്രാപിക്കും. മാർക്കൂസ് അന്തൊണീനസ് വേരൂസിന്റെയും ലൂഷ്യസ് ഔറേലിയൂസ് കൊമ്മോദൂസിന്റെയും കാലത്താണു് ഇദ്ദേഹം ജീവിച്ചിരുന്നതു്. 40

39. ആദിമ. 166.

40. ആദിമ. 166.

www.malankaralibrary.com



## 29. താസ്യൻ

താസ്യൻ പ്രസംഗകല പഠിപ്പിച്ചു വരവേ പ്രഭാഷണകലയിൽ അധികമായ മഹത്ത്വം നേടി. അദ്ദേഹം രക്തസാക്ഷിയായ ജസ്റ്റിന്റെ അനുഗാമിയായിരുന്നു. ഗുരുവിന്റെ സഹവാസം വെടിയുന്നതുവരെ അദ്ദേഹം പ്രശസ്തനായിരുന്നു. എന്നാൽ പിന്നീട് വാഗ്മിത്വത്തിന്റെ വികാസത്താൽ അഹങ്കരിച്ച് അദ്ദേഹം ഒരു പുതിയ പാഷണ്ഡത സ്ഥാപിച്ചു. അത് എൻക്രത്തീത്തരുടെ പാഷണ്ഡത എന്നറിയപ്പെടുന്നു. പിൽക്കാലത്ത് സെവേറുസ് ഈ പാഷണ്ഡതയ്ക്കു വലിയ പ്രചാരം നല്കി. അതിനാൽ ഈ പാഷണ്ഡത ഇന്ന് അറിയപ്പെടുന്നത് സെവേറിയൻ എന്ന പേരിലാണ്. അനേകം പുസ്തകങ്ങൾ എഴുതിയിട്ടുള്ള താസ്യന്റെ ഏറ്റവും വിജയകരമായ രചന 'ജാതികൾക്കെതിരേ' എന്നതാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും പ്രധാനമായി കരുതപ്പെടുന്ന ആ കൃതി ഇപ്പോഴും നിലനില്ക്കുന്നു. മാർക്കുസ് അന്റോണീനുസ് വേറുസിന്റെയും ലൂഷ്യസ് ഔറേലിയുസ് കൊമ്മോദുസിന്റെയും കാലത്താണ് താസ്യൻ ജീവിച്ചിരുന്നത്.[41]

## 30. മെത്രാനായ ഫിലിപ്പ്

ഫിലിപ്പ് ക്രീറ്റിലുള്ള ഗൊർതീനാ നഗരത്തിലെ മെത്രാനായിരുന്നു. ആ നഗരത്തിലെ സഭയ്ക്ക് എഴുതിയ കത്തിൽ ദിവന്നാസ്യോസ് ഇദ്ദേഹത്തെ പരാമർശിക്കുന്നു. ഈ ഫിലിപ്പ് 'മാർസിയനു് എതിരേ' എന്ന ശ്രദ്ധേയമായ ഒരു കൃതി രചിച്ചിട്ടുണ്ട്. ഇദ്ദേഹം ജീവിച്ചിരുന്നത് മാർക്കുസ് അന്റോണീനുസ് വേറുസിന്റെയും ലൂഷ്യസ് ഔറേലിയുസ് കൊമ്മോദുസിന്റെയും കാലത്താണ്.

## 31. മൂസാനുസ്

മാർക്കുസ് അന്റോണീനുസ് വേറുസിന്റെ കാലത്തു ജീവിച്ചിരുന്ന മൂസാനുസ് സഭാതത്ത്വങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ളവരിൽ ഗണനീയനായ ഒരു വ്യക്തിയാണ്. സഭയിൽനിന്നു മാറി എൻക്രത്തീത്ത പാഷണ്ഡതയിൽ ചേർന്ന ചില സഹോദരന്മാരുടെ പേർക്ക് ഒരു പുസ്തകം ഇദ്ദേഹം എഴുതി.

41. ആദിമ. 115-119.



## 32. മൊദെസ്തുസ്

മാർക്കുസ് അന്റോണീനുസ് ലൂഷ്യസിന്റെയും ഔറേലിയുസ് കൊമ്മോദുസിന്റെയും കാലത്താണ് മൊദെസ്തുസ് ജീവിച്ചിരുന്നത്. അദ്ദേഹം രചിച്ച 'മാർസിയനു് എതിരേ' എന്ന ഗ്രന്ഥം ഇന്നുമുണ്ട്. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന മറ്റു ചില രചനകൾ അദ്ദേഹത്തിന്റേതല്ല എന്നു പണ്ഡിതന്മാർ കരുതുന്നു.

## 33. പാഷണ്ഡിയായ ബർദൈസാൻ

മെസൊപ്പൊട്ടേമിയക്കാരനായ ബർദൈസാൻ പ്രശസ്ത വ്യക്തികളിൽ ഒരാളായി പരിഗണിക്കപ്പെടുന്നു. അദ്ദേഹം ആദ്യം വലന്തീനുസിന്റെ അനുയായി ആയിരുന്നു. പിന്നീട് എതിരാളിയായി സ്വയം ഒരു പാഷണ്ഡത സ്ഥാപിക്കുകയും ചെയ്തു. ഒരുജ്ജ്വലപ്രതിഭ എന്ന പ്രശസ്തി സുറിയാനിക്കാരുടെയിടയിൽ അദ്ദേഹത്തിനുണ്ട്. വാദപ്രതിവാദത്തിൽ അദ്ദേഹം കരുത്തനായിരുന്നു. തന്റെ കാലത്തുണ്ടായിരുന്ന എല്ലാ പാഷണ്ഡതകൾക്കുമെതിരായി അനവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. അവയുടെ കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയവും ശക്തവുമായിട്ടുള്ളത് മാർക്കുസ് അന്റോണീനുസിനെ സംബോധന ചെയ്തു രചിച്ച 'വിധിയെക്കുറിച്ച്' എന്ന ഗ്രന്ഥമാണ്. മതപീഡനത്തെക്കുറിച്ചും ഏതാനും ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. അത് അദ്ദേഹത്തിന്റെ അനുയായികൾ സുറിയാനിയിൽനിന്ന് ഗ്രീക്കിലേയ്ക്കു വിവർത്തനം ചെയ്തു. തർജ്ജമയിൽ അത്രയേറെ കരുത്തും ഉജ്ജ്വലതയും പ്രത്യക്ഷമാകുന്നുണ്ടെങ്കിൽ മൂലരൂപത്തിൽ പ്രസ്തുത സവിശേഷതകൾ എത്രയധികമായിരുന്നിരിക്കും![42]

## 34. മെത്രാനായ വിക്ടർ

വിക്ടർ റോമിലെ പതിമൂന്നാമത്തെ മെത്രാനായിരുന്നു. 'ഉയിർപ്പുതിരുനാൾ പ്രശ്നത്തെക്കുറിച്ച്'[43] എന്ന ഗ്രന്ഥവും മറ്റു ചില ലഘുരചനകളും അദ്ദേഹത്തിന്റെ വകയായുണ്ട്. സെവേറുസ് ചക്രവർത്തിയുടെ കാലത്ത് പത്തുകൊല്ലക്കാലം ഇദ്ദേഹം സഭയെ ഭരിച്ചു.

42. ആദിമ. 147-148.
43. On the Paschal Controversy: ആദിമ. 162-3.

www.malankaralibrary.com



## 35. മെത്രാനായ ഇരനെയൂസ്

ഗോൾ പ്രദേശത്തുള്ള ലയൺസിലെ സഭയെ ഭരിച്ചിരുന്ന മെത്രാനായ ഫൊത്തീനൂസിന്റെ കീഴിൽ വൈദികനായിരുന്നു ഇരനെയൂസ്. പ്രസ്തുത പ്രദേശത്തെ രക്തസാക്ഷികൾ സഭാപരമായ ചില പ്രശ്നങ്ങൾ നിമിത്തം അദ്ദേഹത്തെ തങ്ങളുടെ പ്രതിനിധിയായി റോമിലേക്ക് അയച്ചു. അദ്ദേഹം എലെവുതേരൂസ് മെത്രാന് സ്വന്തം നാമത്തിൽ ചില കത്തുകൾ സമർപ്പിച്ചു. ആ കത്തുകൾ ബഹുമാനാർഹങ്ങളാണ്. പിന്നീട്, അന്നേക്ക് തൊണ്ണൂറുവയസ്സായിരുന്ന ഫൊത്തീനൂസ്, ക്രിസ്തുവിനുവേണ്ടി രക്തസാക്ഷി മകുടം അണിഞ്ഞപ്പോൾ ഇരനെയൂസ് ആ സ്ഥാനത്ത് അവരോധിതനായി. അദ്ദേഹം പോളിക്കാർപ്പിന്റെ ഒരു ശിഷ്യനായിരുന്നുവെന്നു നിശ്ചയമാണ്. വൈദികനും രക്തസാക്ഷിയുമായ പോളിക്കാർപ്പിനെക്കുറിച്ചു മുകളിൽ പറഞ്ഞിട്ടുണ്ട്. 'പാഷണ്ഡതകൾക്ക് എതിരേ' അഞ്ചു പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മറ്റു രചനകൾ ഇവയാണ്: 'ജാതികൾക്കെതിരേ' എന്ന് ഒരു ചെറിയ പുസ്തകം, 'അച്ചടക്കത്തെക്കുറിച്ച്' മറ്റൊന്ന്, 'അപ്പസ്തോലിക പ്രബോധനത്തെക്കുറിച്ച്' തന്റെ സഹോദരനായ മാർസിയാനൂസിന് ഒരു കത്ത്, 'വിവിധ പ്രബന്ധങ്ങളുടെ' ഒരു പുസ്തകം, 'ശീശ്മയെപ്പറ്റി, ബ്ലാസ്റ്റസിനുള്ള ഒന്ന്', ഫ്ളൊറീനൂസിനെഴുതിയ 'മൊണാർക്കി' അഥവാ 'ദൈവം തിന്മയുടെ ഉടയവനല്ല' എന്നത്, 'ഒഗ്ദൊആദിന് ഒരു വ്യാഖ്യാനം' എന്ന വിശിഷ്ടകൃതി. പ്രസ്തുത ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത്, താൻ അപ്പസ്തോലിക കാലത്തിനു സമീപമാണു ജീവിച്ചിരുന്നത് എന്നു കാണിച്ചുകൊണ്ട് അദ്ദേഹം എഴുതി, 'ഈ ഗ്രന്ഥം പകർത്തിയെഴുതുന്നവരേ, നിങ്ങൾ ആരായാലും ഒരു കാര്യം കർശനമായി ഞാൻ നിങ്ങളോടു പറയുന്നു: നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെയും ജീവിക്കുന്നവരെയും മരിക്കുന്നവരെയും വിധിക്കാൻ വേണ്ടിയുള്ള അവിടുത്തെ മഹത്വപൂർണ്ണമായ ആഗമനത്തിന്റെയും നാമത്തിലാണ് ഞാനിതു പറയുന്നത്. നിങ്ങൾ ഇതു പകർത്തിക്കഴിയുമ്പോൾ, ഏതു പകർപ്പിൽനിന്നു നിങ്ങൾ പകർത്തിയോ അതുമായി വളരെ ശ്രദ്ധാപൂർവ്വം നിങ്ങൾ ഒത്തുനോക്കണം. ഏതെങ്കിലും തെറ്റുണ്ടെങ്കിൽ അതു തിരുത്തണം. അതുപോലെതന്നെ എന്റെ ഈ കർശന നിർദ്ദേശവും നിങ്ങൾ കണ്ടെത്തുന്നതുപോലെ തന്നെ പകർത്തണം.'



പ്രചാരത്തിലുള്ളതും അറിയപ്പെടുന്നതുമായ അദ്ദേഹത്തിന്റെ മറ്റു രചനകൾ: റോമിലെ മെത്രാനായ വിക്ടറിന്റെ പേർക്ക് എഴുതിയ 'ഉയിർപ്പുതിരുനാൾ പ്രശ്നത്തെക്കുറിച്ച്'. സാഹോദര്യത്തിന്റെ ഐക്യത്തെ ബുദ്ധി ലാഘവത്തോടെ തകർക്കരുതെന്ന് അതിൽ അദ്ദേഹം താക്കീതു ചെയ്യുന്നു. ഏഷ്യയിലും പൗരസ്ത്യദേശത്തുമുള്ള പല മെത്രാന്മാരും യഹൂദരോടു ചേർന്ന് നീസാൻ മാസം പതിനാലാം തീയതി പെസഹാ ആഘോഷിക്കുന്നത് നിരോധിക്കപ്പെടേണ്ടതാണെന്ന് വിക്ടർ കരുതുന്നുവെങ്കിൽ അങ്ങനെയൊരു അപകടസാദ്ധ്യതയുണ്ടെന്ന് ഇരനെയൂസ് ചൂണ്ടിക്കാണിക്കുന്നു. എന്നാൽ യഹൂദരോട് ഇക്കാര്യത്തിൽ സഹകരിക്കാതിരുന്നവരും ഈ വിഷയത്തിൽ വിക്ടറിന്റെ അഭിപ്രായത്തെ അനുകൂലിച്ചിരുന്നില്ല. മാർക്കുസ് അന്റോണീനസ് വേരൂസിനു ശേഷം ഭരണം നടത്തിയ കൊമ്മോദൂസ് ചക്രവർത്തിയുടെ ഭരണകാലത്താണ് ഇരനെയൂസ് ജീവിച്ചിരുന്നത്.[44]

## 36. ദാർശനികനായ പന്തേനൂസ്

സ്റ്റോയിക്ക് വിഭാഗത്തിൽപ്പെട്ട തത്വജ്ഞാനിയായിരുന്നു പന്തേനൂസ്. അലക്സാൺഡ്രിയായിലെ ഒരു പാരമ്പര്യമനുസരിച്ച് അവിടുത്തെ സഭാപണ്ഡിതന്മാർ ചികിത്സകന്മാരുമായിരുന്നു. സുവിശേഷകനായ മർക്കോസിന്റെ കാലം മുതൽ ഇതായിരുന്നു അവസ്ഥ. പന്തേനൂസ് വി. ലിഖിതത്തിലും ഭൗതികസാഹിത്യത്തിലും ഒരുപോലെ മഹാപണ്ഡിതനും വിവേകിയുമായിരുന്നു. അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന ദിമെത്രിയൂസ് അദ്ദേഹത്തെ ഇൻഡ്യയിലേയക്കയച്ചു. ആ രാജ്യത്തുനിന്നു വന്ന പ്രതിനിധികളുടെ അഭ്യർത്ഥന അനുസരിച്ചാണ് അദ്ദേഹം അങ്ങനെ ചെയ്തത്. അദ്ദേഹം അവിടെ ചെന്നപ്പോൾ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായ ബർത്തലോമ്യോ കർത്താവായ യേശുവിന്റെ ആഗമനത്തെക്കുറിച്ച് അവിടെ പ്രസംഗിച്ചിരുന്നതായി കണ്ടു. അതുപോലെ മത്തായിയുടെ സുവിശേഷവും അവിടെ കണ്ടു. അദ്ദേഹം അലക്സാൺഡ്രിയായിലേക്കു മടങ്ങുമ്പോൾ എബ്രായ ഭാഷയിൽ എഴുതിയ പ്രസ്തുത സുവിശേഷംകൂടെ കൊണ്ടുപോയി. വി. ലിഖിതങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ

44. ആദിമ. 54-65.

www.malankaralibrary.com



പലതും ഇന്നും നിലനിൽക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ സജീവ ശബ്ദമായിരുന്നു സഭകൾക്കു കൂടുതൽ പ്രയോജന പ്രദമായിരുന്നത്. സെവേരൂസ് ചക്രവർത്തിയുടെയും കരക്കള്ളാ എന്ന് അപരനാമമുള്ള അന്റോണീനസിന്റെയും ഭരണ കാലത്താണ് പന്തേനൂസ് അദ്ധ്യാപനം നിർവ്വഹിച്ചിരുന്നത്.[45]

## 37. താസ്യന്റെ ശിഷ്യനായ റോദോ

റോദോ ഏഷ്യക്കാരനായിരുന്നു. അദ്ദേഹത്തിന് റോമിൽ വച്ച് താസ്യനിൽനിന്ന് വി. ലിഖിതങ്ങളിൽ ബോധനം ലഭിച്ചു. —താസ്യനെക്കുറിച്ച് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.— റോദോ പല രചനകൾ പ്രസിദ്ധീകരിച്ചു. 'മാർസിയനു് എതിരേ' എന്നതാണ് അതിൽ സവിശേഷമായിട്ടുള്ളത്. മാർസ്യനീത്തർ സഭയിൽനിന്ന് എന്നപോലെ ഒരാൾ മറ്റൊരാളിൽനിന്നും ഭിന്നമായ അഭിപ്രായങ്ങളാണ് വച്ചു പുലർത്തുന്നത് എന്ന് അതിൽ സ്പഷ്ടമാക്കിയിരിക്കുന്നു. വയോധികപാഷണ്ഡിയായ അപ്പെല്ലസുമായി താൻ നടത്തിയ ഒരു തർക്കത്തെക്കുറിച്ച് അതിൽ റോദോ പ്രസ്താവിക്കുന്നുണ്ട്. താൻ ആരാധിക്കുന്ന ദൈവത്തെക്കുറിച്ചു തനിക്ക് അറിവില്ലെന്ന് അപ്പെല്ലസ് പ്രസ്താവിക്കുകയും അതിന്റെ പേരിൽ താൻ അപ്പെല്ലസിനെ പരിഹസിക്കുകയും ചെയ്ത കാര്യം റോദോ രേഖപ്പെടുത്തുന്നു. അദ്ദേഹം കാല്ലിസ്റ്റിയന്റെ പേർക്ക് എഴുതിയതാണ് പ്രസ്തുത ഗ്രന്ഥം. താൻ റോമിൽ താസ്യന്റെ ശിഷ്യനായിരുന്ന കാര്യം അതിൽ റോദോ പ്രസ്താവിക്കുന്നുണ്ട്. 'സൃഷ്ടിയുടെ ആറു ദിവസങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് അദ്ദേഹം മനോഹരമായ നിബന്ധങ്ങൾ എഴുതി. 'ഫ്രിജിയക്ക് എതിരേ' എന്ന ശ്രദ്ധേയമായ ഒരു രചനയും അദ്ദേഹത്തിന്റേതായിട്ടുണ്ട്. കൊമ്മോദൂസിന്റെയും സെവേരൂസിന്റെയും ഭരണകാലങ്ങളിലാണ് റോദോ ജീവിച്ചിരുന്നത്.[46]

## 38. വൈദികനായ ക്ലെമെന്റ്

ക്ലെമെന്റ് അലക്സാൺഡ്രിയൻ സഭയിലെ വൈദികനായിരുന്നു. അദ്ദേഹം മുകളിൽ പറഞ്ഞ പന്തേനൂസിന്റെ ശിഷ്യനുമായിരുന്നു. തന്റെ ഗുരുവിന്റെ മരണശേഷം അദ്ദേഹം

45. ആദിമ. 260.   46. ആദിമ. 153.



അലക്സാണ്ഡ്രിയായിലെ ദൈവശാസ്ത്ര പഠന കേന്ദ്രത്തിന്റെ നായകനായി. മതോപദേശങ്ങൾ ആയിരുന്നു ഇദ്ദേഹം പഠിപ്പിച്ചിരുന്ന വിഷയം. ശ്രദ്ധേയമായ പല ഗ്രന്ഥങ്ങളുടെയും രചയിതാവാണ് ഇദ്ദേഹം. വാഗ്വൈഭവവും പാണ്ഡിത്യവും അവയിൽ നിറഞ്ഞു നിൽക്കുന്നു. വി. ലിഖിത സംബന്ധമായും ഭൗതികവിഷയങ്ങളെക്കുറിച്ചും അദ്ദേഹം എഴുതിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ചിലതു താഴെ പറയുന്നു. 'സ്ട്രോമാത്താ' എട്ടു പുസ്തകങ്ങൾ, 'ഹ്യപ്പോത്യപ്പോസെയിസ്' എട്ടു പുസ്തകങ്ങൾ, 'ജാതികൾക്കെതിരേ' ഒരു പുസ്തകം, 'അദ്ധ്യാപനകലയെക്കുറിച്ച്' മൂന്നു പുസ്തകങ്ങൾ, 'പെസഹായെക്കുറിച്ച്', ഉപവാസത്തെക്കുറിച്ച് ഒരു പ്രബന്ധം, 'രക്ഷിക്കപ്പെടുന്ന ധനവാൻ ആര്'? എന്ന പേരിൽ ഒരു ഗ്രന്ഥം, 'അപവാദത്തെക്കുറിച്ച്' ഒരു പുസ്തകം, 'സഭാപരമായ നിയമങ്ങളെക്കുറിച്ചും യഹൂദരുടെ തെറ്റുകളെ അനുഗമിക്കുന്നവർക്കെതിരെയും' ജറുസലെമിലെ മെത്രാനായ അലക്സാൺഡറെ സംബോധന ചെയ്ത് എഴുതിയ ഗ്രന്ഥം.

അദ്ദേഹം തന്റെ കൃതികളിൽ താഴെ പറയുന്ന ഗ്രന്ഥങ്ങളെക്കുറിച്ചു പറയുന്നുണ്ട്: താസ്യന്റെ 'ജാതികൾക്കെതിരേ' എന്ന ഗ്രന്ഥം സ്ട്രോമാത്തായുടെ വാല്യങ്ങളിൽ അദ്ദേഹം സൂചിപ്പിക്കുന്നു. അതേപ്പറ്റി മുകളിൽ പരാമർശിച്ചിട്ടുണ്ടല്ലോ. ഒരു കസ്സിയാനൂസിന്റെ 'ക്രോണോഗ്രാഫി'. ഈ കൃതി കാണാൻ എനിക്കു സാധിച്ചിട്ടില്ല. ജാതികൾക്കെതിരെ ചില യഹൂദ ഗ്രന്ഥകാരന്മാർ രചിച്ച കൃതികളും അദ്ദേഹം സൂചിപ്പിക്കുന്നു: മോശയുടെയും യൂദജനത്തിന്റെയും പ്രാധമ്യം തറപ്പിച്ചു പറഞ്ഞ ജൊസേഫൂസിന്റെ മാതൃക പിൻചെന്ന ഒരു അരിസ്റ്റോബുലൂസും ഒരു ദിമെത്രിയൂസും. —വിശ്വാസസാക്ഷിയായ അസ്ക്ലെപ്പിയാദെസിന്റെ പട്ടം സംബന്ധിച്ച്, അന്ത്യോക്യക്കാരെ അഭിനന്ദിച്ചുകൊണ്ട് അവർക്ക് ജറുസലേം മെത്രാനായ അലക്സാണ്ഡറുടെ ഒരു കത്തുണ്ട്. നർചീസൂസിനോടുകൂടിയാണ് അദ്ദേഹം പിന്നീട് സഭയെ ഭരിച്ചത്. ആ കത്തിന്റെ അവസാനം അദ്ദേഹം പറയുന്നു: മഹനീയനും അംഗീകരിക്കപ്പെട്ടവനും ഭാഗ്യവാനുമായ ക്ലെമെന്റ് എന്ന പുരോഹിതൻ വശം, ബഹുമാന്യ സഹോദരങ്ങളേ, ഈ രേഖകൾ ഞാൻ അയയ്ക്കുന്നു. അദ്ദേഹത്തെ നിങ്ങൾക്കും അറിയാം. ഇപ്പോൾ അദ്ദേഹവുമായി കൂടുതൽ ഇടപഴകാൻ നിങ്ങൾക്കു സാധിക്കും. ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ ഇവിടെ വന്ന അദ്ദേഹം ദൈവത്തിന്റെ സഭയെ ശക്തിപ്പെടുത്തു

www.malankaralibrary.com



കയും വിപുലപ്പെടുത്തുകയും ചെയ്തു. ഒരിജൻ അദ്ദേഹത്തിന്റെ ശിഷ്യനായി അറിയപ്പെടുന്നു. സെവേറൂസിന്റെയും അയാളുടെ മകൻ അന്റോണീനൂസിന്റെയും കാലത്ത് അദ്ദേഹം ജീവിച്ചിരുന്നു.[47]

## 39. മിൽത്തിയാദെസ്

മൊന്താനുസ്, പ്രിസ്കാ, മാക്സിമില്ലാ എന്നിവർക്കെതിരേ റോദോ എഴുതിയ കൃതിയിൽ ഈ മിൽത്തിയാദെസിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. മുകളിൽപ്പറഞ്ഞവർക്കെതിരേ ഇദ്ദേഹവും ശ്രദ്ധേയമായ ഒരു ഗ്രന്ഥം എഴുതി. 'ജാതികൾക്കും യഹൂദർക്കും എതിരേ' എന്ന് മറ്റൊരു രചനയും ഇദ്ദേഹത്തിന്റേതായി ഉണ്ട്. അന്നു ഭരിച്ചിരുന്ന ചക്രവർത്തിമാരെ സംബോധന ചെയ്ത് ഒരു 'അപ്പോളജി'യും ഇദ്ദേഹം എഴുതിയിട്ടുണ്ട്. മാർക്കൂസ് അന്റോണീനൂസിന്റെയും കൊമ്മോദൂസിന്റെയും ഭരണകാലത്താണ് മിൽത്തിയാദെസ് ജീവിച്ചിരുന്നത്.

## 40. അപ്പൊള്ളോണിയൂസ്

വളരെ വാസനാസമ്പന്നനായ ഒരു വ്യക്തിയായിരുന്നു അപ്പൊള്ളോണിയൂസ്. മൊന്താനൂസ്, പ്രിസ്ക്കാ, മാക്സിമില്ലാ എന്നിവർക്കെതിരായി വളരെ ശ്രദ്ധേയവും സുദീർഘവുമായ ഒരു ഗ്രന്ഥം ഇദ്ദേഹം രചിച്ചു. മൊന്താനൂസും അയാളുടെ ഭ്രാന്തി പ്രവാചികമാരും തൂങ്ങി മരിച്ചു എന്ന് പ്രസ്തുത കൃതിയിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. മററനവധി കാര്യങ്ങളുടെ കൂട്ടത്തിൽ പ്രിസ്ക്കായെയും മാക്സിമില്ലായെയും സംബന്ധിച്ച് ഇപ്രകാരം പറയുന്നു: "അവർ ഒരു സമ്മാനവും വാങ്ങിയിട്ടില്ലെന്നു പറഞ്ഞാൽ അപ്രകാരം സ്വീകരിക്കുന്നവർ പ്രവാചകരേ അല്ല എന്ന് അവർ പ്രഖ്യാപിക്കട്ടെ. അവർ സമ്മാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഒരായിരം സാക്ഷികളെക്കൊണ്ട് ഞാൻ തെളിയിച്ചു തരാം. സത്യപ്രവാചകരെ അവരുടെ ഫലങ്ങൾ കൊണ്ടത്രേ തിരിച്ചറിയേണ്ടത്. പറയൂ, പ്രവാചകൻ തലമുടി കറുപ്പിക്കാറുണ്ടോ? ഒരു പ്രവാചിക കണ്ണെഴുതാറുണ്ടോ? പ്രവാചകൻ മോടിയുള്ള വസ്ത്രങ്ങളും വിലയേറിയ രത്നങ്ങളും ധരിക്കാറുണ്ടോ? പ്രവാചകൻ ചൂതുകളിക്കാറുണ്ടോ? അവർ പലിശ വാങ്ങാറുണ്ടോ? ഇവ അനുവദനീയമാണോ അല്ലയോ എന്ന് അവർ പറയട്ടെ. ഇതൊക്കെ അവർ ചെയ്യുന്നു എന്ന് ഞാൻ തെളിയിച്ചു തരാം.".[48]

47. ആദിമ, 261-272.



കത്തഫ്രീജിയരുടെ പാഷണ്ഡത[49] ആരംഭിച്ചതിന്റെ നാല്പതാം വർഷത്തിലാണ് താൻ ഈ ഗ്രന്ഥം രചിച്ചതെന്ന് പ്രസ്തുത ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു. "ഹർഷോന്മാദത്തെപ്പററി" തെർത്തുല്യൻ എഴുതിയ ആറു വാല്യങ്ങളോടുകൂടി സഭയ്ക്കെതിരെ അദ്ദേഹം ഒന്നുകൂടി എഴുതിച്ചേർത്തു. അതു സവിശേഷമായും അപ്പൊള്ളോണിയൂസിനെ എതിർത്തുകൊണ്ടുള്ള ഒരു രചനയായിരുന്നു. അപ്പൊള്ളോണിയൂസ് ഖണ്ഡിച്ചതിനെയെല്ലാം സമർത്ഥിക്കാനാണ് അതിൽ ശ്രമിച്ചിട്ടുള്ളത്. കൊമ്മോദൂസിന്റെയും സെവേറൂസിന്റെയും ഭരണകാലങ്ങളിൽ അപ്പൊള്ളോണിയൂസ് ജീവിച്ചിരുന്നു.

## 41. മെത്രാനായ സെറാപിയോൻ

സെറാപിയോൻ, കൊമ്മോദൂസ് ചക്രവർത്തിയുടെ ഭരണത്തിന്റെ പതിനൊന്നാം വർഷം അന്ത്യോക്യയിലെ മെത്രാനായി വാഴിക്കപ്പെട്ടു. മൊന്താനൂസിന്റെ പാഷണ്ഡതയെക്കുറിച്ച് ഇദ്ദേഹം കാരിക്കൂസ്, പോൺഷിയൂസ് എന്നിവരുടെ പേർക്ക് ഒരു കത്തെഴുതി. അതിൽ അദ്ദേഹം പറയുന്നു:'പുതിയ പ്രവചനത്തിന്റെ തത്ത്വം എന്ന തെററായ പ്രബോധനത്തിന്റെ ഭ്രാന്തിനെ ലോകം മുഴുവൻ വെറുക്കുന്നുവെന്നു നിങ്ങൾ അറിയണം. അതിനായി ഏഷ്യയിലെ ഹിയെരാപ്പൊളീസിന്റെ മെത്രാനായ ഏററവും പരിശുദ്ധ അപ്പോള്ളിനാരിസിന്റെ കത്തുകൾ ഞാൻ നിങ്ങൾക്ക് അയച്ചുതന്നിട്ടുണ്ട്'. ദോംനൂസിന്റെ പേർക്കും ഒരു പുസ്തകം അദ്ദേഹം എഴുതി. മതപീഡനകാലത്ത് യഹൂദമതത്തിലേക്കു തിരിച്ചുപോയ ആളാണ് ദോംനൂസ്. പത്രോസിന്റെ പേരിൽ അറിയപ്പെടുന്ന സുവിശേഷത്തെക്കുറിച്ചുള്ളതാണ് മറെറാരു കൃതി. പത്രോസിന്റെ സുവിശേഷം വായിച്ച് പാഷണ്ഡതയിലേയ്ക്കു തിരിഞ്ഞ സിലീഷ്യായിലെ റോസെൻസസിലുള്ള സഭയെ ഉദ്ദേശിച്ചാണ് അതു് എഴുതപ്പെട്ടത്. സെറാപിയോന്റെ വകയായി ചെറിയ കത്തുകൾ അങ്ങുമിങ്ങും വേറെയുമുണ്ട്. അവയും അവയുടെ രചയിതാവിന്റെ താപസ ജീവിതത്തോടു യോജിച്ചു പോകുന്നവയാണ്.[50]

48. ആദിമ. 222. 49. മോണ്ടനിസം എന്നർത്ഥം. ആദിമ 158–9.
50. ആദിമ. 167.

www.malankaralibrary.com



## 42. സെനററായ അപ്പോള്ളോണിയൂസ്

അപ്പൊള്ളോണിയസ്, കൊമ്മോദൂസ് ചക്രവർത്തിക്കു കീഴിലുള്ള ഒരു റോമൻ സെനററായിരുന്നു. ഇദ്ദേഹം ക്രിസ്ത്യാനിയാണെന്നു് ഒരടിമ പരാതിപ്പെട്ടു. അപ്പോൾ തന്റെ വിശ്വാസത്തിനു വിശദീകരണം നൽകാൻ അദ്ദേഹത്തിനു് അവസരം നല്കപ്പെട്ടു. അതനുസരിച്ചു വളരെ വിശിഷ്ടമായ ഒരു പ്രബന്ധം എഴുതി അദ്ദേഹം സെനററിൽ വായിച്ചു. എങ്കിലും സെനററിന്റെ തീരുമാനപ്രകാരം അദ്ദേഹം ക്രിസ്തുവിനുവേണ്ടി ഗളച്ഛേദം ചെയ്യപ്പെട്ടു. സെനററർമാരുടെയിടയിൽ നിലവിലുണ്ടായിരുന്ന ഒരു പഴയനിയമമനുസരിച്ചായിരുന്നു ഈ നടപടി. പ്രസ്തുത നിയമമനുസരിച്ചു് അവരുടെ വിചാരണയ്ക്കു മുമ്പാകെ ഹാജരാക്കപ്പെടുന്ന ക്രിസ്ത്യാനികൾ ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കുന്നില്ലെങ്കിൽ വധിക്കപ്പെടണം.

## 43. കൈസറിയാ മെത്രാനായ തെയോഫിലസ്

തെയോഫിലസ് പലസ്തീനായിലുള്ള കൈസറിയാ നഗരത്തിലെ മെത്രാനായിരുന്നു. ആ നഗരം മുമ്പു് അറിയപ്പെട്ടിരുന്നതു് 'സ്ത്രാത്തോയുടെ ഗോപുരം' എന്നാണ്. തെയോഫിലസ്, സെവേരൂസ് ചക്രവർത്തിയുടെ കാലത്തു്, മററു മെത്രാന്മാരോടുചേർന്നു്, വളരെ പ്രയോജനപ്രദമായ ഒരു സിനോഡിക്കൽ ലേഖനം എഴുതി. യഹൂദന്മാരോടു ചേർന്നു് നീസാൻ മാസം പതിനാലാം തീയതി പെസഹാ ആഘോഷിച്ചിരുന്നവക്കെതിരായിട്ടുള്ളതായിരുന്നു ആ ലേഖനം.

## 44. മെത്രാനായ ബാക്കിലൂസ്

കൊരിന്തോസിലെ മെത്രാനായിരുന്ന ബാക്കിലൂസ് മുൻ പറഞ്ഞ സെവേരൂസ് ചക്രവത്തിയുടെ കാലത്തു് തന്നെയാണു ജീവിച്ചിരുന്നതു്. അദ്ദേഹം വളരെയധികം ആദരിക്കപ്പെട്ടിരുന്നു. അക്കായിയായിലുള്ള എല്ലാ മെത്രാന്മാരെയും പ്രതിനിധാനം ചെയ്തുകൊണ്ടു് അദ്ദേഹം *പെസഹായെ സംബന്ധിച്ചു്* ഉജ്ജ്വലമായ ഒരു ഗ്രന്ഥം രചിച്ചു.



## 45. മെത്രാനായ പോളിക്രാട്ടെസ്

പോളിക്രാട്ടെസ് എഫേസ്യരുടെ മെത്രാനായിരുന്നു. ഇദ്ദേഹം ഏഷ്യയിലെ മററു മെത്രാന്മാരോടു ചേർന്നു് ഏതോ പ്രാചീനാചാരമനുസരിച്ചു് യഹൂദരോടു സഹകരിച്ചു് നീസാൻ മാസം പതിനാലാം തീയതി പെസഹാ ആചരിച്ചിരുന്നു. ഈ വിഷയത്തിൽ പോളിക്രാട്ടെസ് റോമിലെ മെത്രാനായ വിക്ടറിനെതിരായി ഒരു സിനഡിക്കൽ ലേഖനം എഴുതി. അതിൽ താൻ യോഹന്നാൻ ശ്ലീഹായുടെയും പൗരാണികരുടെയും പ്രാമാണികതയിലാണ് പ്രസ്തുത ആചരണം നടത്തുന്നതു് എന്നു വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ലേഖനത്തിൽനിന്നു് ഹ്രസ്വമായ ചില ഉദ്ധരണങ്ങൾ ഇവിടെ ചേർക്കാം: 'ഞങ്ങളെ സംബന്ധിച്ചാണെങ്കിൽ കൂട്ടിച്ചേർക്കുകയോ നീക്കിക്കളയുകയോ ചെയ്യാതെ പാരമ്പര്യമനുസരിച്ചു് കൃത്യദിവസം തന്നെ ഞങ്ങൾ പാലിക്കുന്നു. തന്റെ വിശുദ്ധരെ ജീവിപ്പിക്കുവാൻ കത്താവു് സ്വർഗ്ഗത്തിൽനിന്നു് മഹത്വത്തോടെ വരുന്ന കർതൃദിവസത്തിൽ ഉയിർത്തെഴുന്നേൽക്കുവാനുള്ള മഹാ വിശുദ്ധരുടെ തിരുശേഷിപ്പുകൾ ഏഷ്യയിൽ വിശ്രമിക്കുന്നു. അത്തരത്തിൽപ്പെട്ടവരാണു ഹിയെരാപ്പൊളീസിൽ നിദ്രകൊള്ളുന്ന, പന്ത്രണ്ടു് ശ്ലീഹന്മാരിൽ ഒരാളായ പീലിപ്പോസ്, മരണംവരെ കന്യകയായിരുന്ന അദ്ദേഹത്തിന്റെ പുത്രിമാർ. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവളായി എഫേസൂസിൽ മരിച്ച അദ്ദേഹത്തിന്റെ മറെറാരു പുത്രി; നമ്മുടെ കർത്താവിന്റെ മാറിൽ ചാരിക്കിടക്കുകയും നെററിയിൽ സ്വർണ്ണമയമായ നെററിക്കെട്ടു ധരിച്ചുകൊണ്ടു് അവിടുത്തെ മുഖ്യ പുരോഹിതനായിരിക്കുകയും എഫേസൂസിൽ നിദ്രയിൽ അമരുകയും ചെയ്ത പണ്ഡിതനും രക്തസാക്ഷിയുമായ യോഹന്നാനും അവിടെയുണ്ടു്. പിന്നെ സ്മിർണായിൽ മരിച്ച മെത്രാനും രക്തസാക്ഷിയുമായ പൊളിക്കാർപ്പും മെത്രാനും രക്തസാക്ഷിയുമായ എവുമേനിയായിലെ ത്രാസെയാസും അതേ സ്മിർണായിൽ വിശ്രമം കൊള്ളുന്നു. ലവദീക്യായിൽ നിദ്രചെയ്യുന്ന മെത്രാനും രക്തസാക്ഷിയുമായ സഗാരീസിനെയും വാഴ്ത്തപ്പെട്ട പപ്പീറുസിനെയും പരിശുദ്ധാത്മാവിൽ ഷണ്ഡനായ മെലിറേറായെയും പററി പറയേണ്ട ആവശ്യമെന്താണ്? ഇദ്ദേഹം എന്നും കർത്താവിനു ശുശ്രൂഷ ചെയ്യുകയും ക്രിസ്തുവിന്റെ വരവിൽ ഉത്ഥാനം പ്രതീക്ഷിച്ചു് സാർദിസിൽ വിശ്രമിക്കുകയും ചെയ്യുന്നു.

'സുവിശേഷപാരമ്പര്യത്തിൽനിന്നു് അല്പവും വ്യതിചലിക്കാതെയും സഭയുടെ നിയമങ്ങൾ അനുവർത്തിച്ചുകൊണ്ടും അവരെല്ലാവരും മാസത്തിന്റെ പതിനാലാം തീയതി

www.malankaralibrary.com


പെസഹാ ആചരിച്ചു. അങ്ങയുടെ ദാസന്മാരിൽ ഏററവും നിസ്സാരനായ പൊളിക്രാട്ടെസായ ഞാനും, എൻെറ ചാർച്ചക്കാരുടെ പാരമ്പര്യമനുസരിച്ച് ചെയ്യുന്നു. എൻെറ ചാർച്ചയിൽ ഏഴുപേർ മെത്രാന്മാരായിരുന്നു, ഞാൻ എട്ടാമത്തവനാണ്. യഹൂദജനം പുളിപ്പ് നീക്കമ്പോഴായിരുന്നു എൻെറ ചാർച്ചക്കാർ ആ ദിവസം ആചരിച്ചിരുന്നത്. അതിനാൽ സഹോദരരേ, കർത്താവിൽ എനിക്ക് അറുപത്തിയഞ്ചു വയസ്സായി. ലോകം മുഴുവനുമുള്ള സഹോദരന്മാരുമായും എനിക്കു പരിചയം ഉണ്ട്. വി. ഗ്രന്ഥം മുഴുവൻ ഞാൻ പഠിച്ചിരിക്കുന്നു. ഭീഷണികൾ കേട്ടാൽ ഭയപ്പെടുന്നവനല്ല ഞാൻ എന്നു ഗ്രഹിച്ചാലും. എന്നേക്കാൾ ശ്രേഷ്ഠരായവർ പറഞ്ഞു: നാം മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കണം.[51]

ഞാൻ ഈ ഭാഗം ഉദ്ധരിച്ചതു പൊളിക്രട്ടെസിൻെറ പ്രതിഭാശക്തിയും പ്രാമാണികതയും വ്യക്തമാക്കാനാണ്. ഇദ്ദേഹം ജറുസലേമിലെ നർചീസ്സസിൻെറ കാലത്ത്, സെവേരൂസ് ചക്രവർത്തിയുടെ കാലത്തു ജീവിച്ചിരുന്നു.

## 46. ഹെരാക്ലിററസ്

കൊമ്മോദൂസിൻെറയും സെവേരൂസിൻെറയും ഭരണകാലങ്ങളിൽ ജീവിച്ചിരുന്ന ഹെരാക്ലിററസ് അപ്പസ്തോലപ്രവർത്തനങ്ങൾക്കും ലേഖനങ്ങൾക്കും വ്യാഖ്യാനങ്ങൾ എഴുതി.

## 47. മാക്സിമൂസ്

മുൻപറഞ്ഞ ചക്രവർത്തിമാരുടെ കാലത്തുതന്നെയാണ് മാക്സിമൂസും ജീവിച്ചിരുന്നത്. 'തിന്മയുടെ കാരണം എന്ത്?' 'പദാർത്ഥം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണോ?' എന്നീ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള വിശദീകരണമായി ശ്രദ്ധേയമായ ഒരു ഗ്രന്ഥം ഇദ്ദേഹം രചിച്ചു.

## 48. കാൻദിദൂസ്

മുൻപറഞ്ഞ ചക്രവർത്തിമാരുടെ കാലത്തുതന്നെ ജീവിച്ചിരുന്ന കാൻദിദൂസ് 'സൃഷ്ടിയുടെ ആറു ദിവസങ്ങളെക്കുറിച്ച്' ഏററവും അഭിനന്ദനീയങ്ങളായ പ്രബന്ധങ്ങൾ രചിച്ചു.

51. ആദിമ. 162-3; എവു. 5:24.



## 49. ആപ്പിയോൻ

സെവേരൂസ് ചക്രവർത്തിയുടെ കാലത്തു ജീവിച്ചിരുന്ന ആപ്പിയോനും 'സൃഷ്ടിയുടെ ആറു ദിവസങ്ങളെക്കുറിച്ച്' പ്രബന്ധങ്ങൾ രചിച്ചു.

## 50. സിക്സ്റ്റസ്

സെവേരൂസ് ചക്രവർത്തിയുടെ കാലത്തു ജീവിച്ചിരുന്ന സിക്സ്റ്റസ് 'ഉത്ഥാന'ത്തെക്കുറിച്ച് ഒരു ഗ്രന്ഥം രചിച്ചു.

## 51. അറാബിയാനൂസ്

സെവേരൂസ് ചക്രവർത്തിയുടെ കാലത്തുതന്നെ ജീവിച്ചിരുന്ന അറാബിയാനൂസ് ക്രിസ്തീയതത്ത്വങ്ങളെ സംബന്ധിക്കുന്ന ചില ചെറിയ കൃതികൾ രചിച്ചു.

## 52. യൂദാസ്

യൂദാസ്, ദാനിയേലിൻെറ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള എഴുപതു് ആഴ്ചകളെ സുദീർഘമായി ചർച്ചചെയ്തു. പഴയ കാലങ്ങളെക്കുറിച്ച് ഒരു *ക്രോണോഗ്രഫി* എഴുതി. സെവേരൂസിൻെറ പത്താം വർഷംവരെ അതിൽ ചർച്ച ചെയ്യുന്നു. ഈ കൃതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം തെററെഴുതി എന്നു വിധിക്കപ്പെടുന്നുണ്ട്. കാരണം അന്തിക്രിസ്തുവിൻെറ ആഗമനം തൻെറ കാലത്തിനു സമീപം ആയിരിക്കുമെന്ന് അതിൽ അദ്ദേഹം രേഖപ്പെടുത്തി. ഇങ്ങനെയെഴുതാൻ ഒരു കാരണമുണ്ട്. മതപീഡനങ്ങളുടെ ഭീകരത, ലോകാവസാനം സമീപസ്ഥമായിരിക്കുമെന്നു കരുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.

## 53. വൈദികനായ തെർത്തുല്യൻ

വൈദികനായ തെർത്തുല്യൻ വിക്ടറും അപ്പൊള്ളോണിയുസും കഴിഞ്ഞാൽ പ്രധാനപ്പെട്ട ലത്തീൻ എഴുത്തുകാരനായി ഇന്നു കണക്കാക്കപ്പെടുന്നു. ആഫ്രിക്കയിലെ കാർത്തേജിൽ നിന്നുള്ളയാളായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിൻെറ പിതാവ്

www.malankaralibrary.com



ഒരു പ്രോകോൺസുളോ ശതാധിപനോ ആയിരുന്നു. തീക്ഷ്ണവും ഊർജ്ജസ്വലവുമായ സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. തെർത്തുല്യന്റെ ജീവിതകാലം മുഖ്യമായി സെവേറൂസ് ചക്രവർത്തിയുടെയും അന്റോണീനസ് കരക്കള്ളായുടെയും ഭരണകാലങ്ങളായിരുന്നു. ഇദ്ദേഹം അനേകം ഗ്രന്ഥങ്ങൾ രചിച്ചു. അവയെ ഞാൻ പരാമർശിക്കാതെ വിടുന്നു. കാരണം, മിക്കവർക്കും അവ സുപരിചിതങ്ങളാണ്. പൗലോസ് എന്നു പേരുള്ള ഒരു വൃദ്ധനെ എനിക്കു കാണാൻ അവസരമുണ്ടായി. ഇറ്റലിയിലെ കൊൺകോർദിയാ നഗരക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ ചെറുപ്പകാലത്ത്, അന്നു വയോവൃദ്ധനായിരുന്ന അനുഗൃഹീതനായ സിപ്രിയാന്റെ സെക്രട്ടറിയായിരുന്നു. സിപ്രിയാൻ ഒരു ദിവസമെങ്കിലും തെർത്തുല്യന്റെ ലിഖിതങ്ങൾ വായിക്കാതെ കടത്തിവിടുകയില്ലായിരുന്നുവെന്നതിനു താൻ ദൃക്സാക്ഷിയാണ് എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. സിപ്രിയാൻ മേല്പറഞ്ഞ പൗലോസിനോട് 'ഗുരുവിനെ ഇങ്ങ് എടുക്കൂ'' എന്നു പറയുമായിരുന്നു. തെർത്തുല്യനെയാണ് പ്രസ്തുത വാക്കുകൊണ്ട് അദ്ദേഹം വിവക്ഷിച്ചത്. തെർത്തുല്യൻ മദ്ധ്യപ്രായംവരെ വൈദികനായിരുന്നു. പിന്നീടു റോമൻ സഭയിലെ വൈദികരുടെ അസൂയയും നിന്ദനങ്ങളും ഹേതുവായി അദ്ദേഹം മൊന്താനുസിന്റെ തത്വങ്ങളിലേയ്ക്കു വഴുതിവീണു. ആ പുതിയ പ്രവചനത്തെക്കുറിച്ച് തന്റെ പല കൃതികളിലും പ്രസ്താവിക്കുന്നുമുണ്ട്.

അദ്ദേഹം സഭയെ എതിർത്തുകൊണ്ട് താഴെ പറയുന്ന കൃതികൾ രചിച്ചു: വിനയത്തെക്കുറിച്ച്, മതപീഡനത്തെക്കുറിച്ച്, ഉപവാസങ്ങളെക്കുറിച്ച്, ഏകഭാര്യാത്വത്തെക്കുറിച്ച്, 'ഹർഷോന്മാദത്തെപ്പറ്റി' ആറു പുസ്തകങ്ങൾ, അപ്പൊള്ളോണിയുസ്സിനെതിരെ എഴുതിയ ഒരു ഗ്രന്ഥം. തെർത്തുല്യൻ വാർദ്ധക്യംകൊണ്ട് അവശനാകുന്നതുവരെ ജീവിക്കുകയും പല ലഘുകൃതികളും രചിക്കുകയും ചെയ്തെന്നു പറയപ്പെടുന്നു. അവയൊന്നും കിട്ടാനില്ല.[52]

## 54. ഒരിജൻ

അദമാൻസ്യൂസ് എന്ന അപരനാമമുള്ള ഒരിജൻ ലെയോണിദാസിന്റെ പുത്രനായിരുന്നു. സെവേറൂസ് പെർട്ടിനാക്സിന്റെ[53] കാലത്തുണ്ടായ രൂക്ഷമായ മതപീഡനത്തിൽ

52. ആദിമ. 199-228
53. സെപ്റ്റീമിയുസ് സെവേറൂസ് (193-211)



ലെയോണിദാസ് ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിമകുടം അണിഞ്ഞു. അതിനാൽ ഒരിജന് തന്റെ പതിനേഴാമത്തെ വയസ്സിൽ ആറു സഹോദരങ്ങളുടെയും വിധവയായ അമ്മയുടെയും സംരക്ഷണച്ചുമതല ഏറ്റെടുക്കേണ്ടിവന്നു. കടുത്ത ദാരിദ്ര്യത്തിലായിരുന്നു അവർ. കാരണം, ക്രിസ്തുവിനെ ഏറ്റുപറഞ്ഞതുകൊണ്ട് അവരുടെ സ്വത്തുക്കൾ മുഴുവൻ സർക്കാർ കണ്ടു കെട്ടിയിരുന്നു.

പതിനെട്ടു വയസ്സുമാത്രം പ്രായമുള്ളപ്പോൾ ഒരിജൻ, അലക്സാണ്ഡ്രിയായിലെ ചിതറിക്കിടക്കുന്ന സഭകളിലെ ജ്ഞാനസ്നാനാർത്ഥികളെ പഠിപ്പിക്കുന്ന ജോലി ഏറ്റെടുത്തു. പിന്നീട് അലക്സാണ്ഡ്രിയായിലെ മെത്രാനായ ദെമെത്രിയുസ് പുരോഹിതനായ ക്ളെമെന്റിന്റെ പിൻഗാമിയായി ഒരിജനെ നിയമിച്ചു. അദ്ദേഹം വളരെക്കാലം അവിടെ പ്രവർത്തിച്ചു. പാഷണ്ഡതകൾ മൂലം താറുമാറായ അക്കായിയായിലെ സഭകൾക്കുവേണ്ടി മധ്യപ്രായമായപ്പോൾ അദ്ദേഹം ആതെൻസിലേയ്ക്കു യാത്ര ചെയ്തു. സഭാധികാരപരമായ ഒരു കത്തോടുകൂടി പലസ്തീനാവഴിയായിരുന്നു യാത്ര. കൈസറിയായിലെയും ജറുസലത്തെയും മെത്രാന്മാരായ തെയോക്ടിറ്റസും അലക്സാണ്ഡറും ഒരിജനെ വൈദികനായി വാഴിച്ചു. ഇത് അലക്സാണ്ഡ്രിയൻ മെത്രാനായ ദിമെത്രിയൂസിനെ വല്ലാതെ പ്രകോപിപ്പിച്ചു. അദ്ദേഹം ഒരിജന്റെ സൽപ്പേരിനു ദോഷം വരത്തക്കവിധം എല്ലായിടത്തേയ്ക്കും എഴുതി. കൈസറിയായിൽ എത്തുന്നതിനുമുമ്പായി ഒരിജൻ സെഫിറീനുസ് മെത്രാന്റെ കാലത്ത് റോമിൽ പോയിരുന്നുവെന്ന് അറിയപ്പെട്ടിട്ടുണ്ട്. അലക്സാണ്ഡ്രിയയിൽ തിരിച്ചെത്തിയ ഉടൻ തന്നെ ഒരിജൻ പ്രെസ്ബിറ്ററായ ഹെരാക്ലാസിനെ മതപാഠശാലയിലെ തന്റെ സഹായിയായി നിയമിച്ചു. ഹെരാക്ലാസ് തന്റെ ദാർശനികക്കുപ്പായം അന്നും തുടർന്നു ധരിക്കുന്നുണ്ടായിരുന്നു. ഹെരാക്ളാസ് ദിമെത്രിയൂസിനുശേഷം അലക്സാണ്ഡ്രിയൻ സഭയുടെ മെത്രാനായി.

കൈസറിയായിലെ മെത്രാനായ ഫിർമീലിയനും കപ്പദോഷ്യായിലെ എല്ലാ മെത്രാന്മാരും ഒരിജന്റെ സന്ദർശനം ആവശ്യപ്പെടുകയും ദീർഘകാലം തങ്ങളോടൊത്തു താമസിപ്പിക്കുകയും ചെയ്തു എന്നതിൽനിന്ന് ഒരിജന്റെ പ്രശസ്തിയും പ്രതാപവും എത്രയധികമായിരുന്നുവെന്ന് അനുമാനിക്കാം. പിന്നെ കുറെ കാലത്തിനുശേഷം വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കാനായി പലസ്തീനായിൽ പോയപ്പോൾ അദ്ദേഹം കൈസറിയായിലെത്തി. അവിടെ വച്ച് ഒരിജൻ അവിടെ

www.malankaralibrary.com



യുള്ളവരെ വളരെ വ്യാപകമായ രീതിയിൽ വി. ഗ്രന്ഥപഠനങ്ങളിൽ പ്രബോധിപ്പിച്ചു. അലക്സാണ്ഡർ ചക്രവത്തിയുടെ അമ്മയും മതതീക്ഷ്ണതയുള്ള സ്ത്രീയുമായ മാമ്മെയായുടെ അഭ്യത്ഥന അനുസരിച്ച് അദ്ദേഹം അന്ത്യോക്യയിൽ പോയി. അവിടെ വലിയ ആദരവാണ് അദ്ദേഹത്തിനു ലഭിച്ചതു്. അവിടെനിന്ന് അദ്ദേഹം ഫിലിപ്പ് ചക്രവർത്തിക്കു കത്തുകൾ അയച്ചു. റോമൻ ഭരണാധികാരികളിൽ ആദ്യം ക്രിസ്ത്യാനിയായ വ്യക്തി ഈ ഫിലിപ്പായിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അമ്മയ്ക്കും ഒരിജൻ അയച്ച കത്തുകൾ ഇന്നും ഉണ്ട്. വിശുദ്ധ ഗ്രന്ഥ പഠനത്തിൽ ഒരിജൻ നടത്തിയ കഠിനപ്രയത്നങ്ങൾ സർവവിദിതങ്ങളാണ്. തന്റെ കാലത്തിന്റെയും ജനങ്ങളുടെയും പ്രവണതകൾക്കു വിപരീതമായി അദ്ദേഹം ഹീബ്രുഭാഷ പഠിച്ചു. സെപ്തജിന്തു് തർജ്ജമ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് മററു തർജ്ജമകളും അദ്ദേഹം ഒററ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി. അതായതു് മതപരിവത്തനം ചെയ്തവനും പോന്തുസുകാരനുമായ അക്വീലാ, എബിയോണീത്താ വിഭാഗക്കാരനായ തിയഡോഷ്യൻ, അതേ വിഭാഗക്കാരനായ സിമ്മാക്കൂസ് എന്നിവരുടെയെല്ലാം തർജ്ജമകളാണ് അദ്ദേഹം ഇപ്രകാരം ഉൾപ്പെടുത്തിയതു്. സിമ്മാക്കൂസ് മത്തായിയുടെ സുവിശേഷത്തിനു് വ്യാഖ്യാനവും എഴുതിയിട്ടുണ്ട്. അതിൽനിന്നു തന്റെ തത്വങ്ങൾക്കു സമർത്ഥനം കണ്ടെത്താൻ അയാൾ ശ്രമിച്ചിട്ടും ഉണ്ട്. ഇവയ്ക്കു പുറമേ അഞ്ചാമതും ആറാമതും ഏഴാമതും ഓരോ തജ്ജമകൾ കൂടെ ഇദ്ദേഹം ഉത്സാഹപൂർവം അന്വേഷിച്ചു കണ്ടെടുത്തു. അവയെ മററുള്ള പകർപ്പുകളുമായി താരതമ്യപ്പെടുത്തുകയും ചെയ്തു. ഇവയെല്ലാം അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നു നമുക്കു ലഭിച്ചിട്ടുണ്ട്. ഞാൻ പൗലോസ്സ് എഴുതിയ കത്തുകളുടെ വാല്യങ്ങളിൽ, വാറോയുടെ കൃതികൾക്കെതിരായി ഞാൻ എഴുതിയ കത്തിൽ, ഒരിജന്റെ കൃതികളുടെ പട്ടിക കൊടുത്തിട്ടുള്ളതുകൊണ്ട് ഞാൻ ഇപ്പോൾ ആ ഭാഗം വിട്ടുകളയുന്നു. അദ്ദേഹത്തിന്റെ അമർത്ത്യമായ പ്രതിഭയെക്കുറിച്ച് എടുത്തു പറയാൻ ഞാൻ വിട്ടുപോകുന്നുമില്ല. അദ്ദേഹത്തിനു് തർക്കശാസ്ത്രം, ക്ഷേത്രഗണിതം, അങ്കഗണിതം, സംഗീതം, വ്യാകരണം, പ്രഭാഷണകല തുടങ്ങിയവയെല്ലാം വശമായിരുന്നു. എല്ലാ തത്വചിന്തകരുടെയും സ്കൂളുകളെപ്പററി അദ്ദേഹം പഠിപ്പിച്ചിരുന്നു. അദ്ദേഹം നല്ല ഒരദ്ധ്യാപകനായിരുന്നതുകൊണ്ട് ഭൗതിക സാഹിത്യ വിഭാഗങ്ങളിൽ ഉത്സാഹികളായ അസംഖ്യം ശിഷ്യന്മാരുണ്ടായിരുന്നു. എല്ലാ ദിവസവും നടന്നിരുന്ന അദ്ദേഹത്തിന്റെ അദ്ധ്യാപനപ്രഭാഷണങ്ങൾ ശ്രവിക്കാൻ വന്നു ചേർന്നിരുന്നതു് വലിയ ആൾക്കൂട്ടങ്ങൾ തന്നെയായാണ്.



ഈ ജനക്കൂട്ടങ്ങളെ ഒരിജൻ താല്പര്യപൂർവംതന്നെ സ്വീകരിച്ചു. ഭൗതിക വിജ്ഞാനശാഖകളെ ഉപകരണങ്ങളാക്കിക്കൊണ്ട് ആ ജനങ്ങളെ ക്രൈസ്തവവിശ്വാസത്തിലേയ്ക്കു് ആനയിക്കാമെന്ന പ്രതീക്ഷയായിരുന്നു അദ്ദേഹത്തിനു്.

ഡേഷ്യസിനു കീഴിൽ ക്രിസ്ത്യാനികൾക്കെതിരേ അരങ്ങേറിയ പീഡനത്തിന്റെ ക്രൂരതയെക്കുറിച്ചു വിവരിക്കേണ്ട ആവശ്യമില്ലല്ലോ. താൻ വധിച്ച ഫിലിപ്പിന്റെ മതത്തിനെതിരേ അയാൾക്കു ഭ്രാന്തായിരുന്നു. പ്രസ്തുത മതപീഡനത്തിൽ റോമൻ സഭയുടെ മെത്രാനായ ഫാബിയൻ വധിക്കപ്പെട്ടു. ജറുസലെമിലെയും അന്ത്യോക്യയിലെയും വൈദികാദ്ധ്യക്ഷന്മാരായ അലക്സാണ്ഡറും ബാബിലാസും ക്രിസ്തുവിനെ ഏററുപറഞ്ഞതുകൊണ്ടു തടവിലാക്കപ്പെട്ടു. ഒരിജനെ സംബന്ധിച്ചിടത്തോളം എന്താണു സംഭവിച്ചതെന്നറിയാൻ ആഗ്രഹിക്കുന്നവർക്ക്, മതപീഡനത്തിനുശേഷം അദ്ദേഹംതന്നെ പലക്കും അയച്ച കത്തുകളിൽനിന്നും, കൈസറിയായിലെ എവുസേബിയസ് എഴുതിയ സഭാചരിത്രത്തിലെ ആറാം ഭാഗത്തുനിന്നും വേണ്ട വിവരങ്ങൾ ലഭിക്കും. ഇതേ ഒരിജനെക്കുറിച്ച് എവുസേബിയസ് ആറു വാല്യങ്ങളുള്ള ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്.

ഗാല്ലുസിന്റെയും വൊലൂസ്യാന്യൂസിന്റെയും കാലംവരെ ഒരിജൻ ജീവിച്ചു; അതായതു് തന്റെ 69-ാം വയസ്സുവരെ. ടയറിൽ വച്ചു മരിച്ചു. ആ നഗരത്തിൽത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. [54]

## 55. അമ്മോണിയൂസ്

വലിയ ദാർശനിക പഠനമുള്ള വാസനാസമ്പന്നനായ ഒരു വ്യക്തിയായിരുന്നു അലക്സാൺഡ്രിയയിൽ പ്രശസ്തി നേടിയ അമ്മോണിയൂസ്. അദ്ദേഹത്തിന്റെ പ്രതിഭാശക്തിയുടെ അനേകവും വിശിഷ്ടവുമായ സ്മാരകങ്ങളിലൊന്നു് അദ്ദേഹം രചിച്ച ''യേശുവും മൂശയും തമ്മിലുള്ള സാമ്യം'' എന്ന വിപുല ഗ്രന്ഥമാണ്. മറെറാന്നു് അദ്ദേഹം രൂപപ്പെടുത്തിയ 'സുവിശേഷനിയമം'. പിൽക്കാലത്തു് കൈസറിയായിലെ എവുസേബിയസ് അതു തുടർന്നു. അമ്മോണിയൂസ് ക്രിസ്ത്യാനിയായ

54. ആദിമ. 273-294; എവുസേബിയസ് സഭാചരിത്രം, VI

www.malankaralibrary.com



തിനുശേഷം വീണ്ടും അക്രൈസ്തവനായെന്ന് പൊർഫീരി അടിസ്ഥാനരഹിതമായി കുററപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അദ്ദേഹം ജീവിതാവസാനംവരെ ക്രിസ്ത്യാനിയായിത്തന്നെ തുടർന്നു എന്നതു തീർച്ചയാണ്.[55]

## 56. ഡീക്കനായ അംബ്രോസ്

അംബ്രോസ് ആദ്യം ഒരു മാർസ്യൻ വിശ്വാസക്കാരനായിരുന്നു. ഒരിജൻ അയാളെ നേർവഴിക്കു നയിച്ചു. സഭയിൽ ഒരു ഡീക്കനായിരുന്ന ഇദ്ദേഹം കർത്താവിൻെറ വിശ്വാസ പ്രഖ്യാപകൻ എന്ന നിലയിൽ പ്രശസ്തി നേടി. ഇദ്ദേഹത്തെയും പ്രെസ്ബിററായ പ്രൊത്തോക്തെത്തുസിനെയും സംബോധന ചെയ്തുകൊണ്ടാണ് ഒരിജൻ 'രക്തസാക്ഷിത്വത്തെക്കുറിച്ച്' എന്ന ഗ്രന്ഥം രചിച്ചതു്. ഇദ്ദേഹത്തിൻെറ ധനം, ഉത്സാഹം, സ്ഥിരനിശ്ചയം തുടങ്ങിയവയുടെ സഹായത്തോടെ ഒരിജൻ വളരെയധികം ഗ്രന്ഥങ്ങൾ പറഞ്ഞുകൊടുത്തു് എഴുതിച്ചു. ശ്രേഷ്ഠ സ്വഭാവമുള്ള ഒരു വ്യക്തിക്കു ചേരുന്ന വിധത്തിൽ അദ്ദേഹം തന്നെ ഉയർന്ന സാഹിത്യവാസനയുള്ള ഒരാളായിരുന്നു. അദ്ദേഹം ഒരിജൻെറ പേർക്കു് എഴുതിയ കത്തുകൾ ഇക്കാര്യം വ്യക്തമാക്കുന്നു. ഒരിജനു മുമ്പായി അദ്ദേഹം നിര്യാതനായി. എന്നാൽ ധനികനായ അദ്ദേഹം തൻെറ വിൽപ്പത്രത്തിൽ ശ്രേഷ്ഠനും ദരിദ്രനുമായ ആ സുഹൃത്തിനെ വിസ്മരിച്ചുകളഞ്ഞതിൽ പലരും അദ്ദേഹത്തെ കുററപ്പെടുത്തുന്നുണ്ട്.

## 57. ഒരിജൻെറ ശിഷ്യനായ ട്രീഫോ

ട്രീഫോ ഒരിജൻെറ ശിഷ്യനായിരുന്നു. ഒരിജൻെറ ഇന്നു ലഭ്യമായ കത്തുകളിൽ പലതും ഈ ശിഷ്യൻെറ പേർക്കു് എഴുതിയിട്ടുള്ളതാണ്. ഇദ്ദേഹം വിശുദ്ധ ലിഖിതത്തിൽ വലിയ പാണ്ഡിത്യമുള്ളയാളായിരുന്നു. ഈ വസ്തുത അദ്ദേഹത്തിൻെറ വിവിധ കൃതികളിൽ നമുക്കു ദർശിക്കാൻ കഴിയും. എന്നാൽ അക്കാര്യം സവിശേഷമായും രണ്ടു രചനകളിലാണ് സ്പഷ്ടമായിട്ടുള്ളതു്. ഒന്നു്, ആവർത്തനപുസ്തകത്തിലെ 'ചുവന്ന പശുക്കിടാവിനെക്കുറിച്ച്' അദ്ദേഹം എഴുതിയ ഗ്രന്ഥം. മറെറാന്നു്, 'അർദ്ധഭാഗങ്ങളെക്കുറിച്ച്.' സൃഷ്ടിയുടെ പുസ്തകത്തിൽ അബ്രഹാം സമർപ്പിച്ചതായി പ്രസ്താവിക്കപ്പെടുന്ന പ്രാവുകളുടെ കാര്യമാണ് അതിലെ പ്രതിപാദ്യം.

55. ആദിമ. 295



## 58. മിനൂചിയുസ് ഫേലിക്സ്

മിനൂചിയുസ് ഫേലിക്സ് റോമിലെ പ്രശസ്തനായ അഭിഭാഷകനായിരുന്നു. ഒരു ക്രിസ്ത്യാനിയും ഒരു പുറജാതിക്കാരനും തമ്മിൽ നടക്കുന്ന സംഭാഷണം അവതരിപ്പിക്കുന്ന ഒരു പുസ്തകം അദ്ദേഹം രചിച്ചു. 'ഒക്താവിയൂസ്' എന്നാണ് അതിനു് അദ്ദേഹം നല്കിയ പേരു്. അദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്ന മറെറാരു കൃതിയുണ്ടു്. 'വിധിയെക്കുറിച്ച്' അഥവാ 'ഗണിതശാസ്ത്രജ്ഞന്മാർക്കെതിരേ'. എന്നാൽ രണ്ടാമതു പറഞ്ഞ പുസ്തകം വാസനാ സമ്പന്നനായ ഒരാളുടെ രചനയാണെങ്കിലും ശൈലിയുടെ കാര്യത്തിൽ ആദ്യം പറഞ്ഞ കൃതിയോടു പൊരുത്തപ്പെടുന്നില്ല. ലക്താൻസ്യൂസും ഈ മിനൂചിയുസിനെ തൻെറ കൃതികളിൽ പരാമർശിക്കുന്നു.[56]

## 59. ഗായുസ്

റോമൻ മെത്രാനായ സെഫിറീനൂസിൻെറ കാലത്തു് ഗായുസ് ജീവിച്ചിരുന്നു. സെവേരൂസിൻെറ പുത്രനായ അൻെറാണീനുസ് ആയിരുന്നു അന്നു് ഭരിച്ചിരുന്നതു്. മൊന്താനുസിൻെറ അനുയായിയായ 'പ്രോക്കുലുസിനെതിരേ' വളരെ ശ്രദ്ധേയമായ ഒരു വിവാദം ഇദ്ദേഹം അവതരിപ്പിച്ചു. പുതിയ പ്രവചനത്തെ പിൻതാങ്ങിയ രീതിയിൽ പ്രോക്കുലുസ് ധിക്കാരമാണു കാണിച്ചതു് എന്നു് അദ്ദേഹം കുററപ്പെടുത്തി. അതേ ഗ്രന്ഥത്തിൽ പൗലോസിൻെറ പതിമൂന്നു ലേഖനങ്ങളുടെ മാത്രം പേരു പറഞ്ഞുകൊണ്ടു്, പതിനാലാമത്തേതു്, 'എബ്രായക്കു്' എന്നു് ഇന്നറിയപ്പെടുന്നതു്, അദ്ദേഹത്തിൻെറതല്ലെന്നും റോമാ സഭയിൽ ഒരിടത്തും ഇന്നുവരെ അതു് പൗലോസ് ശ്ലീഹായുടെതായി അംഗീകരിക്കപ്പെടുന്നില്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.[57]

## 60. ബെറില്ലസ്

അറേബ്യായിലുള്ള ബോസ്ത്രായിലെ മെത്രാനായിരുന്ന ബെറില്ലസ്. കുറെക്കാലം മഹത്വപൂർണ്ണമായി സഭയെ ഭരിച്ചതിനുശേഷം ഒടുവിൽ അദ്ദേഹം, മനുഷ്യാവതാരത്തിനു മുമ്പുള്ള ക്രിസ്തുവിൻെറ അസ്തിത്വം നിഷേധിക്കുന്ന പാഷണ്ഡതയിൽ

56. ആദിമ. 178-180   57. ആദിമ. 164

www.malankaralibrary.com



നിപതിച്ചു. പിന്നീട് ഒരിജൻ അദ്ദേഹത്തെ തിരുത്തി. അതിനു ശേഷം അദ്ദേഹം പല ചെറിയ കൃതികൾ രചിച്ചു. പ്രസ്തുത രചനകളിൽ പ്രധാനപ്പെട്ടവ കത്തുകളാണ്. അവയിൽ അദ്ദേഹം ഒരിജന്നു് നന്ദി പറയുന്നുണ്ട്. ഒരിജൻ അദ്ദേഹത്തിനയച്ച കത്തുകളും നിലവിലുണ്ട്. ഒരിജനും ബെറില്ലസും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലും ഒരു കൃതി വിരചിതമായിട്ടുണ്ട്. അതിൽ പാഷണ്ഡതകൾ ചച്ച ചെയ്യപ്പെടുന്നു. മാമ്മെയായുടെ പുത്രനായ അലക്സാണ്ടർ, മാക്സിമിനൂസ്, ഗോർഡിയാനൂസ് എന്നിവരുടെ ഭരണകാലത്താണ് ഇദ്ദേഹം പ്രശസ്തമായി പ്രവർത്തിച്ചിരുന്നത്.

## 61. ഹിപ്പോളിററസ്

ഹിപ്പോളിററസ് ഏതോ സഭയിലെ മെത്രാനായിരുന്നു. ഏതു നഗരത്തിന്റെ എന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇദ്ദേഹം ‘പെസഹാതിരുനാൾ കണക്കാക്കൽ’ ‘കാലഗണനാപരമായ പട്ടികകൾ’ എന്നീ ഗ്രന്ഥങ്ങൾ രചിച്ചു. അലക്സാണ്ടർ ചക്രവർത്തിയുടെ ഒന്നാം ഭരണവർഷംവരെ ആ പട്ടിക ശരിയാക്കികൊണ്ടുവന്നിട്ടുണ്ട്. പതിനാറു വഷങ്ങളുടെ ‘ചക്ര’ത്തെക്കുറിച്ചും അദ്ദേഹം ചർച്ച ചെയ്തു. ഗ്രീക്കുകാർ ഇതിനെ “എക്കായ്ദെകേതേറിദാ” [58] എന്നാണു വിളിച്ചിരുന്നത്. ഇതു് എവുസേബിയസിനു് ഒരു വഴികാട്ടിയായിത്തീർന്നു. ഇതേ രീതിയിൽ അദ്ദേഹം പത്തൊമ്പതു വർഷത്തിന്റെ ഒരു ചക്രം രൂപപ്പെടുത്തി. അതായതു് “ഇന്നെയാകയ്ദെകേതേറിദാ” [59] വിശുദ്ധ ലിഖിതത്തിലെ ചില ഗ്രന്ഥങ്ങൾക്കു് അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി. താഴെ പറയുന്നവ അവയിൽപ്പെടും. ‘സൃഷ്ടിയുടെ ആറു ദിവസങ്ങളെക്കുറിച്ചു്’, ‘പുറപ്പാടിനെക്കുറിച്ചു്’, ‘ഉത്തമഗീതത്തിന്റെ വ്യാഖ്യാനം’, ‘ഉല്പത്തിയെക്കുറിച്ചു്’, ‘സക്കറിയായെക്കുറിച്ചു്’, ‘സങ്കീർത്തനങ്ങളെക്കുറിച്ചു്’, ‘ഏശയ്യായെക്കുറിച്ചു്’, ‘ദാനിയേലിനെക്കുറിച്ചു്’, ‘വെളിപാടിനെക്കുറിച്ചു്’, ‘സുഭാഷിതങ്ങളെക്കുറിച്ചു്’, ‘സഭാപ്രസംഗകനെക്കുറിച്ചു്’ ആത്മാവിനെക്കുറിച്ചു്, പിത്തൊണീസായെക്കുറിച്ചു്, അന്തിക്രിസ്തുവിനെക്കുറിച്ചു്, ഉത്ഥാനത്തെക്കുറിച്ചു്, മാർസ്യനെതിരേ, പെസഹായെക്കുറിച്ചു്, എല്ലാ പാഷണ്ഡതകൾക്കുമെതിരേ എന്നീ കൃതികളും അദ്ദേഹം

58. ekkaidekaetērida 59. inneakaidekaetērida.



രചിച്ചു. ‘നമ്മുടെ രക്ഷകനായ കത്താവിനെ സ്തുതിച്ചുകൊണ്ടു്’ എന്ന ഉദ്ബോധനവും അദ്ദേഹത്തിന്റെ കൃതിതന്നെ. താൻ പള്ളിയിൽ ഒരിജന്റെ സാന്നിദ്ധ്യത്തിലാണു സംസാരിക്കുന്നതെന്നു് അതിൽ അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. [60]

അംബ്രോസിനെ ഒരിജൻ മാർസിയന്റെ പാഷണ്ഡതയിൽനിന്നു് സത്യവിശ്വാസത്തിലേക്കു് ആനയിച്ചതായി നാം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഹിപ്പോളിററസിനെ അനുകരിച്ചു് വി. ലിഖിതഗ്രന്ഥങ്ങൾക്കു വ്യാഖ്യാനമെഴുതാൻ അദ്ദേഹം ഒരിജനെ പ്രേരിപ്പിച്ചു. അദ്ദേഹത്തിനു് ഏഴോ അതിലധികമോ സെക്രട്ടറിമാരെ ഏപ്പെടുത്തിക്കൊടുക്കുകയും അവരുടെ ചെലവുവഹിക്കുകയും ചെയ്തു. അത്രയുംതന്നെ പകപ്പെഴുത്തുകാരെയും അദ്ദേഹം നിയമിച്ചു കൊടുത്തു. അവിശ്വസനീയമായ ആവേശത്തോടെ അദ്ദേഹം ദിവസവും അദ്ദേഹത്തിൽനിന്നു് പ്രവത്തനം ആവശ്യപ്പെട്ടിരുന്നു എന്നതാണ് ഏററവും പ്രധാനകാര്യം. അതിനാൽ ഒരിജൻ അദ്ദേഹത്തിന്റെ ഒരു കത്തിൽ അംബ്രോസിനെ “കർക്കശമായി വേലചെയ്യിക്കുന്നവൻ” [61] എന്നു വിശേഷിപ്പിച്ചിരിക്കുന്നു. [62]

## 62. അലക്സാണ്ടർ മെത്രാൻ

അലക്സാണ്ടർ കപ്പദോഷ്യയിലെ മെത്രാനായിരുന്നു. വിശുദ്ധനാടു സന്ദർശിക്കാൻ ആഗ്രഹിച്ചുകൊണ്ടു് അദ്ദേഹം ജറുസലത്തു് എത്തി. അന്നു് വയോവൃദ്ധനായ നർചീസുസ് ആയിരുന്നു അവിടത്തെ സഭയെ ഭരിച്ചുകൊണ്ടിരുന്നതു്. അദ്ദേഹത്തിനും അവിടുത്തെ പല വൈദികർക്കും ഒരു വെളിപാടുണ്ടായി. അടുത്ത പ്രഭാതത്തിൽ നഗരത്തിൽ വന്നുചേരുന്ന മെത്രാൻ അവിടത്തെ മെത്രാസനത്തിൽ സഹായിയായിരിക്കണം എന്നതായിരുന്നു വെളിപാടു്. അങ്ങനെ അറിയിക്കപ്പെട്ട പ്രകാരം സംഭവിക്കയും ചെയ്തു. പലസ്തീനായിലെ മെത്രാന്മാരെല്ലാവരും ഒത്തുചേർന്നിരിക്കെ, നർചീസുസ് തന്നെ നിർബ്ബന്ധപൂർവ്വം പ്രേരിപ്പിച്ചതനുസരിച്ചു് അലക്സാണ്ടർ നർചീസുസിനോടൊപ്പം ജറുസലെം സഭയുടെ ചുമതല ഏറ്റെടുത്തു. ‘സഭയുടെ സമാധാനത്തെക്കുറിച്ചു്’ എന്ന പേരിൽ

60. ആദിമ. 186. 61. task master
62. ആദിമ. 180-191.

www.malankaralibrary.com



ആൻറിയോൺകാർക്ക് എഴുതിയ ഒരു ലേഖനത്തിന്റെ അവസാനഭാഗത്ത് അലക്സാണ്ഡർ പറയുന്നു: "എനിക്കുമുമ്പ് ഇവിടെ മെത്രാൻ സ്ഥാനം വഹിച്ചിരുന്ന നർചീസൂസ്, ഇപ്പോൾ ഇവിടെ എന്നോടൊത്ത് പ്രാർത്ഥനകളിലൂടെ തന്റെ ചുമതലകൾ നിർവ്വഹിക്കുന്നു. നൂററിപ്പതിനാറു വയസ്സു പ്രായമുള്ള അദ്ദേഹം നിങ്ങളെ അഭിവാദനം ചെയ്യുകയും നിങ്ങൾ മനസ്സുകൊണ്ട് ഒന്നായിരിക്കണമെന്ന് എന്നോടൊപ്പം നിങ്ങളോടു യാചിക്കയും ചെയ്യുന്നു."

മറെറാരു ലേഖനം അന്ത്യോക്യക്കാർക്കും അദ്ദേഹം എഴുതി. അലക്സാൺഡ്രിയയിലെ പ്രെസ്ബിററർ ആയിരുന്ന, നാം മുമ്പു പരാമർശിച്ചിട്ടുള്ള ക്ലെമെൻറിന്റെ കയ്യാലാണ് അത് എഴുതിച്ചത്. മറെറാരു കത്ത് ഒരിജന് എഴുതിയതാണ്. 'ദിമെത്രിയൂസിനെതിരേ ഒരിജനു വേണ്ടി' എന്ന് മറെറാരു ലേഖനവുമുണ്ട്. ദിമെത്രിയൂസിന്റെ സാക്ഷ്യം അനുസരിച്ച് ഒരിജനെ പ്രെസ്ബിററർ ആക്കിയത് അദ്ദേഹമാണ് എന്ന വാദമാണ് ഇങ്ങനെ ഒരു രചനയ്ക്കു പ്രേരകമായത്. വിവിധ വ്യക്തികൾക്കായി എഴുതിയ അദ്ദേഹത്തിന്റെ കത്തുകൾ വേറെയുമുണ്ട്. ഡേഷ്യസിന്റെ കീഴിലുള്ള ഏഴാമത്തെ മതപീഡനകാലത്ത്, അന്ത്യോക്യയിലെ ബാബിലാസ് വധിക്കപ്പെട്ട കാലത്ത്, ഇദ്ദേഹം കൈസറിയായിലേക്കു വരുത്തപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തു. ക്രിസ്തുവിനെ ഏററു പറഞ്ഞതുകൊണ്ട് അവിടെവച്ച് അദ്ദേഹം രക്തസാക്ഷി മകുടം ചൂടി.

## 63. ജൂലിയസ് ആഫ്രിക്കാനുസ്

ജൂലിയസ് ആഫ്രിക്കാനുസിന്റെ 'കാലാനുസൃത വിവരണം' (ക്രോണോഗ്രാഫിയായ്) എന്ന ഗ്രന്ഥത്തിന്റെ അഞ്ചു ഭാഗങ്ങൾ ഇന്നും നിലവിലുണ്ട്. ഈ ജൂലിയസ്, മക്രീനൂസിന്റെ പിൻഗാമിയായ മാർക്കൂസ് ഔറേലിയൂസ് അൻെറാണീനുസിന്റെ കാലത്ത് എമ്മാവൂസ് നഗരം പുനസ്ഥാപിക്കാൻ നിയമിക്കപ്പെട്ടു. ആ നഗരം പിന്നീട് നിക്കോപ്പൊളീസ് എന്നു വിളിക്കപ്പെട്ടു. 'സൂസന്നയുടെ പ്രശ്നത്തെക്കുറിച്ച്' എന്ന പേരിൽ അദ്ദേഹം ഒരിജന് എഴുതിയ ഒരു കത്തുണ്ട്. ഹീബ്രുവിൽ ഈ കഥ ഉൾപ്പെടുന്നില്ല എന്ന് അതിൽ വാദിച്ചിരിക്കുന്നു. 'പ്രിനോസ്' 'പ്രിസായി' 'സ്കീനോസ്'



'സ്കിസായി' എന്ന വാക്കുകൾ കൊണ്ടുള്ള കളി ഹീബ്രുശബ്ദനിഷ്പത്തി സമ്പ്രദായത്തോടു യോജിച്ചു പോകുന്നില്ല എന്ന് ഇദ്ദേഹം പറയുന്നു. ഇതിനു മറുപടിയായി ഒരിജൻ പണ്ഡിതോചിതമായ ഒരു ലേഖനമെഴുതി. 'അരിസ്ററിഡെസിന്' എന്ന പേരിൽ ഇദ്ദേഹമെഴുതിയ മറെറാരു ലേഖനവും ഉണ്ട്. അതിൽ മത്തായിയും ലൂക്കോസും രേഖപ്പെടുത്തുന്ന നമ്മുടെ കർത്താവിന്റെ വംശാവലികളിലുള്ള പൊരുത്തക്കേടുകൾ സുദീർഘമായി ചർച്ച ചെയ്യുന്നു.[63]

## 64. ജമീനൂസ്

അന്ത്യോക്യൻ സഭയിലെ പ്രെസ്ബിററർ ആയിരുന്ന ജമീനൂസ്, തന്റെ പ്രതിഭാശക്തിയുടെ സ്മാരകങ്ങളായി ഏതാനും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അലക്സാൺഡർ, ചക്രവർത്തിയും സെബീനുസ്, അന്ത്യോക്യായിലെ മെത്രാനും ആയിരുന്ന കാലത്താണ് ഇദ്ദേഹം ജീവിച്ചിരുന്നത്. ഇക്കാലത്തുതന്നെയത്രേ ഹെരാക്ളാസ് അലക്സാൺഡ്രിയായിലെ സഭയുടെ അദ്ധ്യക്ഷനായി വാഴിക്കപ്പെട്ടത്.

## 65. തിയഡോർ അഥവാ ഗ്രിഗോറിയോസ്

പിൽക്കാലത്ത് ഗ്രിഗോറിയോസ് എന്നു വിളിക്കപ്പെട്ട തിയഡോർ പോന്തുസിലുള്ള നെയോചെസറിയായിലെ മെത്രാനായിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ ഇദ്ദേഹം തന്റെ സഹോദരനായ അത്തനോദോറുസിനോടൊപ്പം കപ്പദോഷ്യയിൽനിന്ന് ബെറീത്തുസിലേക്കും അവിടെനിന്ന് പലസ്തീനായിലെ കൈസറിയായിലേക്കും പോയി. ഗ്രീക്ക്, ലത്തീൻ സാഹിത്യങ്ങൾ പഠിക്കുന്നതിനുവേണ്ടിയായിരുന്നു യാത്ര. ഈ രണ്ടു സഹോദരന്മാരുടെയും ജന്മസിദ്ധമായ കഴിവുകൾ മനസ്സിലാക്കിയ ഒരിജൻ, തത്ത്വശാസ്ത്രം പഠിക്കാൻ അവരെ പ്രേരിപ്പിച്ചു. ആ അദ്ധ്യാപനത്തിനിടയിൽ അദ്ദേഹം ക്രിസ്തുവിലുള്ള വിശ്വാസം ക്രമത്തിൽ അവതരിപ്പിക്കുകയും അവരെ തന്റെ അനുയായികളാക്കുകയും ചെയ്തു. അങ്ങനെ അഞ്ചുകൊല്ലത്തെ ബോധത്തിനുശേഷം അദ്ദേഹം അവരെ അവരുടെ അമ്മയുടെ

---

63. ആദിമ. 306-7.

www.malankaralibrary.com



പക്കലേയ്ക്കു തിരിച്ചയച്ചു. വേർപാടിന്റെ സന്ദർഭത്തിൽ ഒരിജനോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊണ്ടു് തിയഡോർ ഒരു പ്രശംസാകാവ്യം എഴുതി, അതു് ഒരു മഹാസദസ്സിൽ പാരായണം ചെയ്തു. ആ സഭയിൽ ഒരിജനും സന്നിഹിതനായിരുന്നു. പ്രസ്തുത പ്രശംസാകാവ്യം ഇന്നുമുണ്ടു്.[64]

## 66. മെത്രാനായ കൊർണേലിയൂസ്

കൊർണേലിയൂസ് റോമിലെ മെത്രാനായിരുന്നു. സിപ്രിയാൻ ഇദ്ദേഹത്തിന്റെ പേക്കു് എഴുതിയ എട്ടു കത്തുകൾ ഇന്നുമുണ്ടു്. ഇദ്ദേഹം അന്ത്യോക്യയിലെ മെത്രാനായിരുന്ന ഫാബിയൂസിനു് ഒരു കത്തെഴുതി 'റോമൻ, ഇററാലിയൻ, ആഫ്രിക്കൻ കൗൺസിലുകളെക്കുറിച്ചു്' ആയിരുന്നു കത്തു്. 'നൊവേഷ്യനെയും വിശ്വാസത്തിൽനിന്നു വീണുപോയ മററാളുകളെയും കുറിച്ചു്' രണ്ടാമത്തൊരു കത്തും 'കൗൺസിൽ നടപടികളെക്കുറിച്ചു്' മൂന്നാമത്തൊരു കത്തും മുൻപറഞ്ഞ ഫാബിയൂസ്സിന്റെ തന്നെ പേക്കു് സുദീർഘമായ മറെറാരു കത്തും ഇദ്ദേഹം എഴുതുകയുണ്ടായി. അതിൽ നൊവേഷ്യൻ പാഷണ്ഡതയുടെ കാരണങ്ങൾ വിവരിക്കുകയും അതിനെ ശപിക്കുകയും ചെയ്യുന്നു. ഗാള്ളസിന്റെയും വൊളുസ്യാനൂസിന്റെയും കാലത്തു് ഇദ്ദേഹം രണ്ടുകൊല്ലം സഭയെ ഭരിച്ചു. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിമകുടമണിയുകയും ചെയ്തു. ലൂഷ്യസ് അദ്ദേഹത്തിന്റെ പിൻഗാമിയായി.

## 67. മെത്രാനായ സിപ്രിയാൻ

ആഫ്രിക്കക്കാരനായ സിപ്രിയാൻ പ്രഭാഷണവിദ്യയുടെ അദ്ധ്യാപകൻ എന്ന നിലയിൽ പ്രശസ്തനായിരുന്നു. പിന്നീടു്, പ്രെസ്ബിററായ ചെച്ചീലിയുസിന്റെ പ്രേരണയാൽ അദ്ദേഹം ക്രിസ്ത്യാനിയായി. ചെച്ചീലിയൂസിൽനിന്നു് അദ്ദേഹം പിൽക്കാലത്തു് ഇരട്ടപ്പേരു സ്വീകരിച്ചു. തന്റെ സമ്പത്തു മുഴുവൻ പാവങ്ങൾക്കു ദാനം ചെയ്തു. താമസിയാതെ പ്രെസ്ബിററായി സ്വീകരിക്കപ്പെട്ടു. തുടർന്നു് കാർത്തേജിലെ മെത്രാനായി. ഈ പ്രതിഭാശാലിയുടെ രചനകളുടെ ഒരു പട്ടിക നൽകേണ്ട ആവശ്യമില്ല. കാരണം അവ പകൽപോലെ സ്പഷ്ടമത്രേ.

64. ആദിമ. 302-5.



വലേരിയനും ഗള്ളിയേനൂസിനും കീഴിൽ അദ്ദേഹം വധിക്കപ്പെട്ടു. എട്ടാമത്തെ മതപീഡനകാലത്തു്, കൊർണേലിയൂസ് റോമിൽ വധിക്കപ്പെട്ട അതേ ദിവസമാണ് ഇദ്ദേഹവും വധിക്കപ്പെട്ടതു്; എന്നാൽ അതേ വർഷമല്ല.[65]

## 68. ഡീക്കനായ പോൺസ്യൂസ്

സിപ്രിയാന്റെ ഡീക്കനായിരുന്ന പോൺസ്യൂസ്, നാടുകടത്തപ്പെട്ട സിപ്രിയാനോടൊപ്പം അദ്ദേഹത്തിന്റെ മരണംവരെ ഉണ്ടായിരുന്നു. 'സിപ്രിയാന്റെ ജീവിതത്തെയും മരണത്തെയും കുറിച്ചു്' എന്ന ശ്രദ്ധേയമായ ഒരു ഗ്രന്ഥം ഇദ്ദേഹത്തിന്റെ വകയായിട്ടുണ്ടു്.

## 69. മെത്രാനായ ദിവന്നാസ്യോസ്

ദിവന്നാസ്യോസ് അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്നു. പ്രെസ്ബിററായിരുന്ന കാലത്തു്, ഹെരാക്ലാസിനു കീഴിലുള്ള മതപാഠശാലയുടെ ചുമതലക്കാരനായിരുന്നു ഇദ്ദേഹം. ഒരിജന്റെ ശിഷ്യഗണത്തിലെ ഏററം പ്രശസ്തനായ വ്യക്തി ഇദ്ദേഹമത്രേ. സിപ്രിയാന്റെയും ആഫ്രിക്കൻ സിനഡിന്റെയും ആശയങ്ങളെ അനുകൂലിച്ചുകൊണ്ടു പാഷണ്ഡികളെ വീണ്ടും ജ്ഞാനസ്നാനപ്പെടുത്തുന്നതിനെക്കുറിച്ചു് പല ആളുകൾക്കും പല കത്തുകൾ എഴുതി. ആ കത്തുകൾ ഇപ്പോഴും ഉണ്ടു്. അന്ത്യോക്യയിലെ സഭയുടെ മെത്രാനായ ഫാബിയൂസിനു് 'പശ്ചാത്താപത്തെക്കുറിച്ചു്' ഒരു കത്തു് ഇദ്ദേഹം എഴുതി. മറെറാരു കത്തു് 'റോമാക്കാർക്കു്' ഉള്ളതാണ്. അതു് ഹിപ്പോളിററസ് വശം കൊടുത്തയച്ചു. രണ്ടു കത്തുകൾ സ്റ്റീഫന്റെ പിൻഗാമിയായ 'സിക്സ്റ്റസിനു്' ഉള്ളതാണ്. റോമാസഭയിലെ പ്രെസ്ബിറർമാരായ 'ഫിലെമോനും ദിവന്നാസ്യോസിനും' രണ്ടു കത്തുകൾ, ഒരു കത്തു് പ്രസ്തുത ദിവന്നാസ്യോസിനു മാത്രമുള്ളതു്. – അദ്ദേഹം പിന്നീടു് റോമിലെ മെത്രാനായി– ഒരു കത്തു് നൊവേഷ്യനുള്ളതു്. – നൊവേഷ്യൻ അദ്ദേഹത്തിന്റെ ഇംഗിതത്തിനു വിപരീതമായിട്ടാണ് റോമൻ മെത്രാനായി അവരോധിക്കപ്പെട്ടതു് എന്ന വാദം ഈ കത്തിൽ ചർച്ച

65. ആദിമ. 229-248.

www.malankaralibrary.com



ചെയ്യപ്പെട്ടന്നു. ഈ ലേഖനത്തിൻെറ ആരംഭം ഇങ്ങനെയാണ്: 'ദിവന്നാസ്യോസ്: സഹോദരനായ നൊവേഷ്യന്ന് ആശംസകൾ! താങ്കൾ പറയുന്നതുപോലെ സ്വന്തം ഇഷ്ടം കൂടാതെയാണ് അഭിഷേകം ചെയ്യപ്പെട്ടതെങ്കിൽ താങ്കൾ സ്വമേധയാ സ്ഥാനത്തുനിന്നു പിൻമാറി അതു തെളിയിക്കേണ്ടതാണ്'.

'ദിവന്നാസ്യോസിൻെറയും ദിദീമൂസിൻെറയും പേർക്ക്' എഴുതപ്പെട്ട മറെറാരു ലേഖനവും ഇദ്ദേഹത്തിൻെറ വകയായി ഉണ്ട്. പ്രഭാഷണ ശൈലിയിൽ പെസഹായെക്കുറിച്ച് എഴുതപ്പെട്ട നിരവധി പെരുന്നാൾ ലേഖനങ്ങളും ഉണ്ട്. 'നാട്ടകടത്തലിനെക്കുറിച്ച്' അലക്സാൺഡ്രിയായിലെ സഭയ്ക്കു് ഒരു ലേഖനം, ഈജിപ്തിലെ ഒരു മെത്രാനായ 'ഹിയെരാക്സിന്ന്' ഒന്നു്, മററുള്ളവർക്ക് 'മർത്ത്യതയെക്കുറിച്ച്', 'ശാബതിനെക്കുറിച്ച്,' 'ജിംനേഷ്യത്തെക്കുറിച്ച്' എന്നിവ. 'ഹെർമാമോണിനും' മററുള്ളവർക്കും ഒരു ലേഖനം, 'ഡേഷ്യസിൻെറ മതപീഡനത്തെക്കുറിച്ച്', ശരീരത്തിൽ ആയിരം വഷത്തെ ഭരണത്തെപ്പററി തൻെറ കൃതികളിൽ തറപ്പിച്ചു പറഞ്ഞ 'മെത്രാനായ നെപ്പോസിനെതിരായി' രണ്ടു പുസ്തകങ്ങൾ. മററു കാര്യങ്ങൾക്കൊപ്പം 'യോഹന്നാൻെറ വെളിപാടി'നെക്കുറിച്ചും ദിവന്നാസ്യോസ് താല്പര്യപൂർവ്വം ചർച്ച ചെയ്തു. 'സബെല്ലിയസിനെതിരേ', ബെർനീസിലെ മെത്രാനായ അമ്മോന്ന്', 'തെലെസ്ഫോറുസിന്ന്', 'എവുഫ്രാനോറിന്ന്' എല്ലാം എഴുതുകയും ചെയ്തു. റോമിലെ മെത്രാനായ 'ദിവന്നാസ്യോസിൻെറ പേക്ക്' നാലു പുസ്തകങ്ങൾ എഴുതി. പ്രായശ്ചിത്തത്തെക്കുറിച്ച് ലവദീക്യക്കാർക്കും 'രക്തസാക്ഷിത്വത്തെക്കുറിച്ച്' ഒരിജൻെറ പേർക്കും 'പ്രായശ്ചിത്തത്തെക്കുറിച്ച്' അർമേനിയക്കും 'ലംഘനത്തിൻെറ ക്രമത്തെക്കുറിച്ചും', 'പ്രകൃതിയെക്കുറിച്ച്' തിമോത്തിക്കും 'പ്രലോഭനത്തെക്കുറിച്ച്' എവുഫ്രാനോറിനും, പല കത്തുകൾ ബസിലിദെസിനും ഇദ്ദേഹം എഴുതി. 'സഭാപ്രസംഗകന്' വ്യാഖ്യാനം എഴുതാൻ താൻ ആരംഭിച്ചിരിക്കുന്നു എന്ന് ഈ കത്തുകളിലൊന്നിൽ ലേഖകൻ പ്രസ്താവിക്കുന്നുണ്ട്. മരണത്തിന്ന് ഏതാനും നാൾമുമ്പ് സാമൊസാത്തായിലെ പൗലോസിന്ന് അദ്ദേഹം എഴുതിയ ശ്രദ്ധേയമായ ഒരു ലേഖനം ഇന്നുമുണ്ട്. ഗള്ളിയേനൂസിൻെറ പന്ത്രണ്ടാം വർഷത്തിൽ ഇദ്ദേഹം ദിവംഗതനായി.[66]

66. ആദിമ 295-9.



## 70. നൊവേഷ്യൻ

നൊവേഷ്യൻ റോമിലെ പ്രെസ്ബിററർ ആയിരുന്നു. കൊർണേലിയൂസ് കയ്യാളിയിരുന്ന മെത്രാൻ പദവി തട്ടിയെടുക്കാൻ ശ്രമിച്ച ഇയാൾ 'നൊവേഷ്യരുടെ സിദ്ധാന്തം' രൂപീകരിച്ചു. ഗ്രീക്കിൽ ഈ സിദ്ധാന്തത്തിന്ന് *കത്താറി* എന്നാണു പറയുക. വിശ്വാസത്യാഗികൾ പശ്ചാത്തപിച്ചു മടങ്ങിവന്നാൽപോലും സ്വീകരിക്കരുതെന്ന് ഇയാൾ സിദ്ധാന്തിച്ചു. ഈ സിദ്ധാന്തത്തിൻെറ ആവിഷ്കർത്താവായ നൊവാത്തൂസ്, സിപ്രിയാൻെറ കീഴിലുള്ള ഒരു പ്രെസ്ബിററർ ആയിരുന്നു. 'പെസഹായെക്കുറിച്ച്', 'ശാബതിനെക്കുറിച്ച്', 'പരിച്ഛേദനത്തെക്കുറിച്ച്', 'പൗരോഹിത്യത്തെക്കുറിച്ച്', 'പ്രാത്ഥനയെക്കുറിച്ച്', 'യൂദന്മാരുടെ ആഹാരത്തെപ്പററി', 'തീക്ഷ്ണതയെക്കുറിച്ച്', 'അത്താലുസിനെക്കുറിച്ച്' എന്നു തുടങ്ങി പല കൃതികളും അദ്ദേഹം രചിച്ചു. ഏററവും പ്രധാനമായിട്ടുള്ളതു് 'ത്രിത്വത്തെക്കുറിച്ച്' അദ്ദേഹം രചിച്ച വലിയ ഗ്രന്ഥമാണ്. ഇതു് തെർത്തുല്യൻെറ കൃതിയുടെ ഒരു സംഗ്രഹമാണെന്നു പറയാം. പലരും തെററായി അതു് സിപ്രിയാൻെറ കൃതിയാണെന്നു പറയുന്നുണ്ട്.[67]

## 71. പ്രെസ്ബിററർ ആയ മാൽക്കിയോൻ

അന്ത്യോക്യൻ സഭയിലുണ്ടായിരുന്ന വളരെ അനുഗൃഹീതനായ ഒരു പ്രെസ്ബിററർ ആയിരുന്നു മാൽക്കിയോൻ. അതേ നഗരത്തിൽ വളരെ വിജയകരമായി പ്രഭാഷണവിദ്യ പഠിപ്പിച്ചിരുന്ന ഇദ്ദേഹം സാമസോത്തക്കാരൻ പൗലോസുമായി ഒരു ചർച്ച നടത്തി. അന്ത്യോക്യയിലെ മെത്രാനായിരുന്ന പ്രസ്തുത പൗലോസ് അത്തേമോൻെറ തത്വങ്ങൾ നടപ്പാക്കിയിരുന്നു. പ്രസ്തുത ചർച്ച ചുരുക്കെഴുത്തുകാർ എഴുതിയെടുത്തു. അതു് ഇപ്പോഴും ഉണ്ട്. മാൽക്കിയോൻ എഴുതിയ സുദീർഘമായ മറെറാരു ലേഖനം റോമിലെയും അലക്സാണ്ഡ്രിയയിലെയും മെത്രാന്മാരായ ദിവന്നാസ്യോസിനെയും മാക്സിമൂസിനെയും സംബോധന ചെയ്തുകൊണ്ടുള്ളതത്രേ. കൗൺസിലിനുവേണ്ടിയുള്ളതായിരുന്നു ആ ലേഖനം. മാൽക്കിയോൻ ക്ളോഡിയസിൻെറയും ഔറേലിയൻെറയും കാലത്തു ജീവിച്ചിരുന്നു.[68]

67. ആദിമ, 192-8.
68. ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, കോട്ടയം, 1983, (=ആദിമസഭ.) പേ. 138-9.

www.malankaralibrary.com



## 72. മെത്രാനായ അർക്കെലാവൂസ്

മെസോപ്പൊട്ടാമിയായിലെ മെത്രാനായിരുന്ന അർക്കെലാവൂസ് സുറിയാനി ഭാഷയിൽ ഒരു പുസ്തകം രചിച്ചു. മാനിക്കേയൂസ് പേർഷ്യയിൽനിന്നു വന്നപ്പോൾ അദ്ദേഹവുമായി അർക്കലാവൂസ് നടത്തിയ ചർച്ചയാണിതിലെ പ്രതിപാദ്യം. ഗ്രീക്കിലേയ്ക്കു തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള ഈ പുസ്തകം പലരുടെയും കൈവശമുണ്ട്. ഔറേലിയന്റെയും ടാസിററസിന്റെയും പിൻഗാമിയായ പ്രോബൂസ് ചക്രവർത്തിയുടെ കാലത്താണ് ഇദ്ദേഹം ജീവിച്ചിരുന്നത്.

## 73. മെത്രാനായ അനാറ്റോളിയൂസ്

അലക്സാണ്ഡ്രിയാക്കാരനായ അനാറ്റോളിയൂസ് സിറിയായിലുള്ള ലവദീക്യയിലെ മെത്രാനായിരുന്നു. പ്രോബൂസ്, കാരൂസ് എന്നീ ചക്രവർത്തിമാരുടെ കാലത്തു ജീവിച്ചിരുന്ന ഇദ്ദേഹം അങ്കഗണിതം, ക്ഷേത്രഗണിതം, വാനശാസ്ത്രം, വ്യാകരണം, പ്രഭാഷണവിദ്യ, തർക്കശാസ്ത്രം എന്നിവയിൽ അത്ഭുതകരമായ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു. ഇദ്ദേഹം രചിച്ച 'പെസഹായെക്കുറിച്ച്' എന്ന ഗ്രന്ഥത്തിൽനിന്നും 'അങ്കഗണിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുക'ളെക്കുറിച്ചുള്ള പത്തുഗ്രന്ഥങ്ങളിൽനിന്നും ഇദ്ദേഹത്തിന്റെ പ്രതിഭാശക്തിയുടെ മഹത്വത്തെക്കുറിച്ച് നമുക്ക് ഒരു ഏകദേശജ്ഞാനം ലഭിക്കും.

## 74. മെത്രാനായ വിക്തൊറീനൂസ്

പെത്താവു മെത്രാനായിരുന്ന വിക്തൊറീനൂസിനു ഗ്രീക്കിലും ലത്തീനിലും ഒരുപോലെ നല്ല പരിചയം ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ കൃതികൾ ചിന്തയിൽ ശ്രേഷ്ഠമെങ്കിലും ശൈലിയിൽ അപകൃഷ്ടമത്രേ. ഇദ്ദേഹത്തിന്റെ കൃതികൾ താഴെ പറയുന്നവയാണ്: 'സൃഷ്ടി', 'പുറപ്പാട്', 'ലേവ്യർ', 'ഏശയ്യാ', 'എസക്കിയേൽ', 'ഹബക്കുക്ക്', 'സഭാപ്രസംഗകൻ', 'ഉത്തമഗീതം', യോഹന്നാന്റെ 'വെളിപാട്' – എന്നിവയുടെ വ്യാഖ്യാനങ്ങൾ, 'എല്ലാ പാഷണ്ഡതകൾക്കും എതിരേ' എന്നീ ഗ്രന്ഥങ്ങളും മററു പലതും. ഒടുവിൽ ഇദ്ദേഹം രക്തസാക്ഷി മകുടം ചൂടി.



## 75. പ്രെസ്ബിററർ പംഫീലൂസ്

കൈസറിയാ മെത്രാനായിരുന്ന എവുസേബിയസിന്റെ രക്ഷാധികാരിയായിരുന്നു പ്രെസ്ബിററർ പംഫീലൂസ്. വിശുദ്ധ സാഹിത്യത്തോടുള്ള സ്നേഹത്താൽ ജ്വലിച്ചിരുന്ന ഇദ്ദേഹം ഒരിജന്റെ കൃതികളിൽ ഭൂരിഭാഗവും സ്വന്തം കൈകൊണ്ടു പകർത്തിയെഴുതി. ആ പകർപ്പുകൾ ഇപ്പോഴും കൈസറിയായിലെ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. പംഫീലൂസിന്റെ കൈപ്പടയിൽ പകർത്തിയ ഒരിജന്റെ ഇരുപത്തഞ്ചു വ്യാഖ്യാനഗ്രന്ഥങ്ങൾ എന്റെ കൈവശമുണ്ട്. പന്ത്രണ്ടു പ്രവാചകന്മാരെക്കുറിച്ചുള്ളതാണവ. അവയെ ഞാൻ ആവേശപൂർവം ആശ്ലേഷിക്കുകയും വളരെ സന്തോഷത്തോടെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. അതിന്റെ പേരിൽ ക്രേസൂസിന്റെ സമ്പത്തു കൈവശമുള്ളതായി ഞാൻ കരുതുകയും ചെയ്യുന്നു. ഒരു രക്തസാക്ഷിയുടെ ലേഖനം കൈവശമുള്ളതു വളരെ സന്തോഷകരമാണെങ്കിൽ അങ്ങനെയൊരാളിന്റെ രക്തത്തിൽ രേഖപ്പെടുത്തിയതു് എന്നു തോന്നുന്ന ആയിരക്കണക്കിനു വരികൾ കൈവശമുള്ളതു് എത്രയധികം സന്തോഷപ്രദമായിരിക്കും! പംഫീലൂസ് 'ഒരിജനു് ഒരു വിശദീകരണം' എഴുതി. എവുസേബിയസ് ഒരിജനെക്കുറിച്ച് എഴുതുന്നതിനു മുമ്പാണിതു്. മാക്സിമീനൂസിന്റെ മതപീഡനകാലത്തു് പലസ്തീനായിലെ കൈസറിയായിൽ വച്ച് ഇദ്ദേഹം വധിക്കപ്പെട്ടു.[69]

## 76. പ്രെസ്ബിററർ പിയേരിയൂസ്

കാരൂസിന്റെയും ഡയോക്ലീഷന്റെയും ഭരണകാലത്തു് അലക്സാണ്ഡ്രിയൻ സഭയിലെ പ്രെസ്ബിററർ ആയിരുന്നു പീയെരിയൂസ്. തെയൊനാസ് അലക്സാണ്ഡ്രിയൻ സഭയെ മെത്രാനായി ഭരിച്ചിരുന്ന കാലത്തു് പിയേരിയൂസ് വളരെ വിജയകരമായ രീതിയിൽ ജനങ്ങളെ പഠിപ്പിച്ചിരുന്നു. ഇദ്ദേഹം അസാധാരണമായ ഭാഷാവൈഭവം സ്വാധീനമാക്കുകയും എല്ലാത്തരം വിഷയങ്ങളെയുംകുറിച്ച് അനേകം നിബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. അവയെല്ലാം ഇപ്പോഴുമുണ്ട്. ഇതിന്റെ ഫലമായി അദ്ദേഹം ജൂണിയർ ഒരിജൻ എന്നു വിളിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ ആത്മനിയന്ത്രണം എടുത്തു പറയത്തക്കതായിരുന്നു. സ്വയം ദാരിദ്ര്യവ്രതം വരിച്ച

69: ആദിമ. 307-8.

ഇദ്ദേഹം തർക്കവാദകലയിൽ നല്ല പ്രാവീണ്യം നേടി. മതപീഡനത്തിനുശേഷം തന്റെ ജീവിതം ഇദ്ദേഹം റോമിൽ കഴിച്ചു. 'ഹോശിയാ പ്രവാചകനെക്കുറിച്ച്' എന്ന പേരിൽ ഇദ്ദേഹം എഴുതിയ ദീർഘമായ പ്രബന്ധം ഇപ്പോഴുമുണ്ട്. ഇതു് പെസഹായുടെ ജാഗരണസന്ദർഭത്തിൽ നടത്തപ്പെട്ട ഒരു പ്രസംഗമാണെന്നു് ആന്തരിക തെളിവുകളിൽനിന്നു് അനുമാനിക്കാം.[70]

## 77. ലൂസിയൻ

വളരെ വാസനാസമ്പന്നനായിരുന്ന ലൂസിയാൻ അന്ത്യോക്യൻ സഭയിലെ പ്രെസ്ബിറ്റർ ആയിരുന്നു. വി. ലിഖിതപഠനത്തിൽ ഇദ്ദേഹത്തിനു് അതിയായ നിഷ്ഠയാണുണ്ടായിരുന്നതു്. ഇന്നും ലൂസിയന്റെ പേരുള്ള വി. ലിഖിതങ്ങൾ പലതിന്റെയും പകർപ്പുകളുണ്ട്. ഇദ്ദേഹത്തിന്റെ കൃതികളായ 'വിശ്വാസത്തെക്കുറിച്ച്' എന്ന പുസ്തകവും പലർക്കും എഴുതപ്പെട്ട 'ലേഖനങ്ങളും' ലഭ്യമാണ്. മാക്സിമിന്റെ മതപീഡനകാലത്തു്, ക്രിസ്തുവിനെ ഏറ്റു പറഞ്ഞതിന്റെ പേരിൽ നിക്കോമേദിയായിൽവച്ച് ഇദ്ദേഹം വധിക്കപ്പെട്ടു; ബിത്തീനിയായിലെ ഹെലേനോപ്പോലീസിൽ സംസ്കരിക്കപ്പെട്ടു.[71]

## 78. മെത്രാനായ ഫീലെയാസ്

ഈജിപ്ഷ്യൻ നഗരമായ ത്മൂയിസിലെ നിവാസിയായിരുന്ന സാമാന്യാധികമായ ധനസമ്പത്തുള്ള ഉന്നതകുലജാതനായ ഫീലെയാസ്. മെത്രാനായതിനുശേഷം ഇദ്ദേഹം മനോഹരമായ ഒരു ഗ്രന്ഥം രചിച്ചു. അതിൽ രക്തസാക്ഷികളെ സ്തുതിക്കുകയും ബലികൾ അർപ്പിക്കാൻ തന്നെ നിർബന്ധിച്ച ന്യായാധിപനെതിരായ വാദങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. നിക്കൊമേദിയായിൽ വച്ചു ലൂസിയൻ വധിക്കപ്പെട്ട അതേ മതപീഡന കാലത്തു് ഇദ്ദേഹവും ക്രിസ്തുവിനുവേണ്ടി ശിരച്ഛേദം ചെയ്യപ്പെട്ടു.

70. അതേകൃതി, 299-300.
71. ആദിമസഭ. 139-40.



## 79. അർനോബിയൂസ്

ആഫ്രിക്കയിലെ സിക്കായിൽ ജീവിച്ചിരുന്ന അർനോബിയൂസ് ഏററം വിജയശ്രീലാളിതനായ ഒരു പ്രഭാഷണാദ്ധ്യാപകനായിരുന്നു. ഡയോക്ലീഷന്റെ ഭരണകാലത്തു ജീവിച്ചിരുന്ന ഇദ്ദേഹം 'രാജ്യങ്ങൾക്കെതിരേ' എന്ന പേരിൽ പല വാല്യങ്ങൾ എഴുതി. അവ എല്ലായിടത്തും കാണാം.[72]

## 80. ഫിർമിയാനൂസ് അഥവാ ലക്താൻസ്യൂസ്

ലക്താൻസ്യൂസ് എന്നുകൂടെ പേരുള്ള ഫിർമിയാനൂസ് അർനോബിയൂസിന്റെ ശിഷ്യനായിരുന്നു. ഡയോക്ലീഷന്റെ ഭരണകാലത്തു് ഇദ്ദേഹം വൈയാകരണനായ ഫ്ളാവിയസിനോടൊപ്പം നിക്കൊമേദിയായിലേക്കു വിളിക്കപ്പെട്ടു. ഫ്ളാവിയസ് എഴുതിയ 'വൈദ്യശാസ്ത്രത്തെക്കുറിച്ച്' എന്ന പദ്യകൃതി ഇപ്പോഴുമുണ്ട്. അവിടെ ഇദ്ദേഹം പ്രഭാഷണകല പഠിപ്പിച്ചു. അതൊരു ഗ്രീക്കു നഗരമായിരുന്നതിനാൽ അവിടെ വിദ്യാർത്ഥികൾ കുറവായിരുന്നു. അതുകൊണ്ട് അദ്ദേഹം ഗ്രന്ഥരചനയിൽ ഏർപ്പെട്ടു. ഇദ്ദേഹത്തിന്റേതായി നമുക്കു ലഭിച്ചിട്ടുള്ള 'സദ്യ' എന്ന കൃതി യുവാവായിരുന്നപ്പോൾ ആഫ്രിക്കയിൽ വച്ച് എഴുതിയതാണ്. 'യാത്രാമാർഗം' എന്ന മറെറാരു കൃതിയുള്ളതു് ആഫ്രിക്കയിൽനിന്നു് നിക്കൊമേദിയായിലേക്കുള്ള യാത്രയെക്കുറിച്ച് ഹെക്സാമീറ്റർ വൃത്തത്തിൽ എഴുതപ്പെട്ടതത്രേ. 'വൈയാകരണൻ' എന്ന പേരിൽ മറെറാരു ഗ്രന്ഥവുമുണ്ട്. 'ദൈവകോപത്തെക്കുറിച്ച്' എന്നതു ഏററവും മനോഹരമായ ഒരു രചനയത്രേ. ഏഴു ഭാഗങ്ങളുള്ള 'രാജ്യങ്ങൾക്കെതിരേ ദൈവിക സ്ഥാപനങ്ങൾ', ഒററവാല്യത്തിലുള്ള അവയുടെ സംഗ്രഹം (ഇതിനു പേരു കൊടുത്തിട്ടില്ല), 'അസ്ക്ലെപ്പിയാദെസിനു' രണ്ടു ഭാഗങ്ങൾ, 'മതപീഡനത്തെക്കുറിച്ച്' ഒരു പുസ്തകം 'പ്രോബൂസിനുള്ള ലേഖനങ്ങൾ' നാലു പുസ്തകങ്ങൾ, 'സെവേറുസിനുള്ള ലേഖനങ്ങൾ' രണ്ടു പുസ്തകങ്ങൾ, 'തന്റെ ശിഷ്യനായ ദിമെത്രിയൂസിനുള്ള ലേഖനങ്ങൾ' രണ്ടു പുസ്തകങ്ങൾ, അതേ ആളിനു് എഴുതിയ 'ദൈവത്തിന്റെ ശില്പ വൈദഗ്ദ്ധ്യം അഥവാ മനുഷ്യസൃഷ്ടി' എന്ന ഒരു പുസ്തകം എന്നിവയും

72. ആദിമ. 249-251.

www.malankaralibrary.com



ഇദ്ദേഹത്തിന്റെ രചനകളത്രേ. വളരെ വൃദ്ധനായിരിക്കെ ഇദ്ദേഹം ഗോളിൽചെന്ന് കോൺസ്റ്റൻറയിന്റെ പുത്രനായ ക്രിസ്പുസ് കേസറിന്റെ അദ്ധ്യാപകനായി. പ്രസ്തുത ക്രിസ്പുസിനെ പിൽക്കാലത്ത് കോൺസ്റ്റൻറയിൻ വധിപ്പിച്ചു.[73]

## 81. മെത്രാനായ എവുസേബിയസ്

പലസ്തീനായിലെ കൈസറിയാ മെത്രാനായിരുന്ന എവുസേബിയസ് വി. ലിഖിത പഠനത്തിൽ അത്യുത്സുകനായിരുന്നു. രക്തസാക്ഷിയായ പംഫീലൂസിനോടൊത്ത് ഇദ്ദേഹം വേദപുസ്തകസംബന്ധമായി ഏററവും ശ്രദ്ധാപൂർവ്വം ഗവേഷണങ്ങൾ നടത്തുകയും ചെയ്തു. ഇദ്ദേഹം വളരെയധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അവയിൽ ചിലത് താഴെ പറയുന്നു: 'സുവിശേഷത്തിനു തെളിവ്' ഇരുപതു പുസ്തകങ്ങൾ, 'സുവിശേഷത്തിനൊരുക്കം' പതിനഞ്ചു പുസ്തകങ്ങൾ, 'പ്രത്യക്ഷീകരണം' അഞ്ചു പുസ്തകങ്ങൾ; 'സഭാചരിത്രം' പത്തുപുസ്തകങ്ങൾ; സാർവ്വത്രിക ചരിത്രത്തിന്റെ വിവരണം (ക്രോണിക്കിൾ); ആ പുസ്തകത്തിന്റെ ഒരു സംഗ്രഹം, 'സുവിശേഷങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൾ,' ഏശായാ ഭാഷ്യം പത്തു പുസ്തകങ്ങൾ; 'പൊർഫീരിക്കെതിരേ' ഇരുപത്തഞ്ചു പുസ്തകങ്ങൾ; – പൊർഫീരി ഇതേ കാലത്ത് സിസിലിയിൽ ജീവിച്ചുകൊണ്ട് എഴുതിയിരുന്നു എന്നു ചിലർ കരുതുന്നു–ഒണൊമാസ്റ്റിക്കോൻ ഒരു പുസ്തകം, 'ഒരിജനു വേണ്ടിയുള്ള അപ്പോളജി' ആറു പുസ്തകങ്ങൾ, 'പംഫീലൂസിന്റെ ജീവിതത്തെക്കുറിച്ച്' മൂന്നു പുസ്തകങ്ങൾ; രക്തസാക്ഷികളുടെ ജീവിതത്തെക്കുറിച്ചുള്ള ലഘുകൃതികൾ, 'നൂററമ്പതു സങ്കീർത്തനങ്ങളെക്കുറിച്ച്' അത്യധികം പണ്ഡിതോചിതമായ വ്യാഖ്യാനങ്ങൾ, വേറെയും പല കൃതികൾ. പ്രധാനമായും മഹാനായ കോൺസ്റ്റൻറയിന്റെയും കോൺസ്റ്റാൻസ്യൂസിന്റെയും കാലത്താണ് എവുസേബിയസ് ജീവിച്ചിരുന്നത്. പംഫീലൂസ് എന്ന അദ്ദേഹത്തിന്റെ അപരനാമം രക്തസാക്ഷിയായ പംഫീലൂസിനോടുള്ള അദ്ദേഹത്തിന്റെ സൗഹൃദത്തിൽ നിന്നുത്ഭവിച്ചതാണ്.[74]

73. അതേകൃതി, 251-7.
74. ആദിമസഭ. 151-171.



## 82. മെത്രാനായ റെടീഷ്യസ്

ആട്ടണിലെ മെത്രാനായിരുന്ന റെടീഷ്യസ് കോൺസ്റ്റൻറയിന്റെ കാലത്ത് ഗോൾപ്രദേശത്ത് വളരെ ബഹുമാനിക്കപ്പെട്ടിരുന്ന വ്യക്തിയാണ്. 'ഉത്തമഗീതത്തിനു' അദ്ദേഹം എഴുതിയ വ്യാഖ്യാനവും 'നെവേഷ്യനു് എതിരേ' എന്ന അദ്ദേഹത്തിന്റെ ബൃഹദ്ഗ്രന്ഥവും ഞാൻ വായിച്ചിട്ടുണ്ട്. ഇവയല്ലാതെ ഇദ്ദേഹത്തിന്റെ മററു രചനകൾ ഒന്നും ഞാൻ കണ്ടിട്ടില്ല.

## 83. മെത്രാനായ മെത്തോഡിയൂസ്

ലീസിയായിലുള്ള ഒളിംപൂസിലെയും പിന്നീട് ടയറിലെയും മെത്രാനായിരുന്ന മെത്തോഡിയൂസ് 'പൊർഫീരിക്കെതിരേ' ഗ്രന്ഥങ്ങൾ രചിച്ചു. അവ സുന്ദരവും യുക്തിഭദ്രവുമായ ശൈലിയുള്ളവയാണ്. 'പത്തു കന്യകകളുടെ സദ്യ' എന്നതും അദ്ദേഹത്തിന്റെ രചനതന്നെ. 'ഉയിർപ്പിനെപ്പററി' 'പിത്തൊണീസായെക്കുറിച്ച്' 'സ്വതന്ത്രമനസ്സിനെക്കുറിച്ച്' എന്നിവ ഒരിജനെതിരേ അദ്ദേഹം രചിച്ചവയാണ്. 'ഉൽപത്തി', 'ഉത്തമഗീതം' എന്നിവയ്ക്കു വ്യാഖ്യാനങ്ങൾ ഉൾപ്പെടെ വേറെയും ചില ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയെല്ലാം പരക്കെ വായിക്കപ്പെടുന്നു. അടുത്തകാലത്തുണ്ടായ മതപീഡനത്തിന്റെ അവസരത്തിലോ, അഥവാ മററു ചിലർ പറയുന്നതുപോലെ ഡേഷ്യസിന്റെയും വലേരിയന്റെയും ഭരണകാലത്തോ ഗ്രീസിലുള്ള കാൽചിസിൽ വച്ച് അദ്ദേഹം രക്തസാക്ഷിമകുടം ചൂടി.[75]

## 84. പ്രെസ്ബിററർ യുവെൻകുസ്

സ്പെയിനിലെ ഒരു കുലീന കുടുംബത്തിൽ ജനിച്ചവനും പ്രെസ്ബിറററുമായിരുന്ന യുവെൻകുസ് സുവിശേഷ സംബന്ധമായി നാലു ഗ്രന്ഥങ്ങൾ എഴുതി. സുവിശേഷവാക്യങ്ങൾ പദാനുപദം 'ഹെക്സാമീററർ' വൃത്തത്തിലാക്കിക്കൊണ്ടുള്ളവയാണ് ആ കൃതികൾ. കൂദാശകളുടെ ക്രമങ്ങളെ സംബന്ധിച്ച് അതേ വൃത്തത്തിൽത്തന്നെ വേറെയും ചില രചനകൾ അദ്ദേഹത്തിന്റെ വകയായിട്ടുണ്ട്. കോൺസ്ററൻറയിന്റെ ഭരണകാലത്താണ് ഇദ്ദേഹം ജീവിച്ചിരുന്നത്.[76]

75. അതേകൃതി, 292–3.
76. ജി. ചേടിയത്ത്, ലത്തീൻ സഭാപിതാക്കൻമാർ, കോട്ടയം, (=ലത്തീൻ), പേ. 90-1.

www.malankaralibrary.com



## 85. മെത്രാനായ ഒസ്താത്യോസ്

ഒസ്താത്യോസ് സീദ് പ്രദേശത്തു നിന്നുള്ള ഒരു പംഫീലിയനായിരുന്നു. ഇദ്ദേഹം ആദ്യം സിറിയായിലുള്ള ബേറോയായിലെയും പിന്നീട് അന്ത്യോക്യയിലെയും മെത്രാനായി സഭയെ ഭരിച്ചു. ആര്യൻ തത്വങ്ങൾക്കെതിരായി പല രചനകളും ഇദ്ദേഹം നടത്തി. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ കാലത്ത് ത്രേസിലെ ത്രാജാനോപ്പോലീസിലേയ്ക്ക് നാടുകടത്തപ്പെട്ട ഇദ്ദേഹം ഇന്നും ആ സ്ഥലത്തു ജീവിക്കുന്നു. 'ആത്മാവിനെക്കുറിച്ച്', 'വിദൂരഭാഷണത്തെക്കുറിച്ച്', 'ഒരിജനെതിരെ' പറയാൻ എളുപ്പമല്ലാത്തത്ര നിരവധി കത്തുകൾ എന്നിവ അദ്ദേഹത്തിൻെറ കൃതികളായി കൈവന്നിട്ടുണ്ട്.[77]

## 86. മെത്രാനായ മർസെല്ലൂസ്

അൻസീറായിലെ മെത്രാനായിരുന്ന മർസെല്ലൂസ് കോൺസ്റ്റൻറയിൻെറയും കോൺസ്ററാൻസ്യൂസിൻെറയും കാലത്തു ജീവിച്ചിരുന്നു. വിവിധ പ്രമേയങ്ങളെക്കുറിച്ചും പ്രത്യേകിച്ചും ആര്യൻവാദത്തിനെതിരെ അനവധി ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചു. ഇദ്ദേഹത്തിനെതിരെ അസ്റ്റേരിയൂസും അപ്പൊള്ളിനാരിസും എഴുതിയ കൃതികൾ പ്രചരിക്കുന്നുണ്ട്. ഇദ്ദേഹത്തിന് സബെല്ലിയൻ വിശ്വാസമുണ്ടെന്ന് അവ കുററപ്പെടുത്തുന്നു. 'ആര്യന്മാർക്കെതിരെ' എന്ന തൻെറ ഗ്രന്ഥത്തിൻെറ ഏഴാംഭാഗത്തിൽ ഹിലരിയും ഇദ്ദേഹത്തെ ഒരു പാഷണ്ഡിയായി പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ ആരോപണങ്ങൾക്കെതിരേ മർസെല്ലൂസ് സ്വയം നീതീകരിക്കുന്നു. റോമിലെ മെത്രാനായ ജൂലിയസും അലക്സാണ്ഡ്രിയയിലെ മെത്രാനായ അത്തനാസ്യോസും തന്നോട് സമ്പർക്കം പുലർത്തിയിരുന്ന വസ്തുത അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.[78]

## 87. മെത്രാനായ അത്തനാസ്യോസ്

അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന അത്തനാസ്യോസ് ആരിയരുടെ വഞ്ചനകളാൽ പീഡിതനായി ഗോളിലെ ചക്രവർത്തിയായ കോൺസ്റ്റൻസിൻെറ പക്കലേക്കു പലായനം ചെയ്തു. അവിടെനിന്ന് ചക്രവർത്തിയുടെ കത്തുമായി

77. ആദിമസഭാ. 140-3. 78. അതേകൃതി. 283-5.



മടങ്ങിവന്നു. ആ ചക്രവർത്തിയുടെ മരണത്തിനുശേഷം വീണ്ടും പലായനത്തിൽ അഭയം തേടേണ്ടി വന്നു. ജോവിയൻെറ സിംഹാസനാരോഹണംവരെ ഒളിവിൽ കഴിഞ്ഞു. അതിനുശേഷം തൻെറ സഭയിലേയ്ക്കു മടങ്ങി വന്നു. വാലെൻസിൻെറ ഭരണകാലത്തു നിര്യാതനായി. ഇദ്ദേഹത്തിൻെറ നിരവധി കൃതികളും പ്രചാരത്തിലുണ്ട്. 'ജാതികൾക്കെതിരെ' രണ്ടു പുസ്തകങ്ങൾ, 'വാലെൻസിനും ഉർസാചിയൂസിനും എതിരേ' ഒരു പുസ്തകം, 'കന്യാത്വത്തെക്കുറിച്ച്', 'ആരിയന്മാരുടെ പീഡനത്തെക്കുറിച്ച്' പല രചനകൾ, 'സങ്കീർത്തനങ്ങളുടെ ശീഷ്കങ്ങളെക്കുറിച്ച്' 'സന്യാസിയായ അന്തോണിയോസിൻെറ ജീവചരിത്രം' പേരു പറയാൻ എളുപ്പമല്ലാത്തവിധം അസംഖ്യമായ തിരുനാൾ ലേഖനങ്ങളും മററു ലേഖനങ്ങളും.[79]

## 88. സന്യാസിയായ അന്തോണിയോസ്

സന്യാസിയായ അന്തോണിയുടെ ജീവചരിത്രം സംബന്ധിച്ച് അലക്സാണ്ഡ്രിയായിലെ മെത്രാനായ അത്തനാസ്യോസ് സാമാന്യം ദീർഘമായ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ഈ അന്തോണി കോപ്ററിക് ഭാഷയിൽ വിവിധ സന്യാസാശ്രമങ്ങൾക്കായി ഏഴു കത്തുകൾ എഴുതി. അവ ആശയത്തിലും ഭാഷയിലും ശരിക്കും അപ്പസ്റ്റോലികമാണ്. പ്രസ്തുത കത്തുകൾ ഗ്രീക്കിലേക്കു തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. 'അർസെനോയെയിലുള്ളവർക്കു' എന്നതാണ് അവയിൽ പ്രധാനം. കോൺസ്ററൻറയിൻെറയും മക്കളുടെയും കാലത്ത് ഇദ്ദേഹം ജീവിച്ചിരുന്നു.[80]

## 89. മെത്രാനായ ബേസിൽ

അൻസീറായിലെ മെത്രാനും ചികിൽസകനുമായിരുന്ന ബേസിൽ 'മർസെല്ലൂസിനെതിരേയും കന്യാത്വത്തെക്കുറിച്ചും' എന്നൊരു ഗ്രന്ഥവും മററു ചിലതും എഴുതിയിട്ടുണ്ട്. ഇദ്ദേഹം കോൺസ്റ്റാൻസ്യൂസിൻെറ കാലത്ത് സെബസ്റ്റേയിലെ ഒസ്താത്യോസിനോടൊപ്പം മാസിഡോണിയായിലെ പ്രൈമേററ് ആയിരുന്നു.[81]

79. അതേകൃതി, 40-72. 80. അതേകൃതി, 124-5.
81. അതേകൃതി, 306-322

www.malankaralibrary.com



## 90. മെത്രാനായ തിയഡോർ

ത്രേസിലുള്ള ഹെരാക്ലെയായിലെ മെത്രാനായിരുന്ന തിയഡോർ. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ ഭരണകാലത്ത് മത്തായി, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങൾ, ലേഖനങ്ങൾ, സങ്കീർത്തനങ്ങൾ എന്നിവയ്ക്കു വ്യാഖ്യാനങ്ങൾ എഴുതി. സുന്ദരവും സ്പഷ്ടവുമായ ശൈലിയിലാണ് അവ എഴുതപ്പെട്ടിട്ടുള്ളത്. ഉത്കൃഷ്ടമായ ഒരു ചരിത്രബോധം പ്രസ്തുത രചനകളിൽ പ്രകടമാണ്.

## 91. എമേസായിലെ എവുസേബിയസ്

പ്രഭാഷണകലയിൽ നല്ല വാസനയുണ്ടായിരുന്ന എമേസായിലെ എവുസേബിയസ് പൊതുജനാദരം സമാർജ്ജിക്കത്തക്കവിധം അനവധികൃതികൾ രചിച്ചു. ചരിത്രപരമായി എഴുതിയ അദ്ദേഹത്തിന്റെ കൃതികൾ പ്രഭാഷണകല അഭ്യസിക്കുന്നവർ ഏററവും ഉത്സാഹപൂർവ്വം വായിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ 'യഹൂദർക്കും വിജാതീയർക്കും നൊവേഷ്യർക്കും എതിരേ', 'സുവിശേഷപ്രസംഗങ്ങൾ' എന്നിവയത്രേ. ഈ സുവിശേഷ പ്രസംഗങ്ങൾ ഹ്രസ്വങ്ങളെങ്കിലും നിരവധിയാണ്. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ കാലത്ത് ഇദ്ദേഹം ജീവിച്ചിരുന്നു. അക്കാലത്തു തന്നെ മരിക്കുകയും അന്ത്യോക്യയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.[82]

## 92. മെത്രാനായ ട്രിഫീലിയസ്

സൈപ്രസിലെ ലെഡ്രാ അഥവാ ലെവുകോത്തെയോൺ എന്ന സ്ഥലത്തെ മെത്രാനായിരുന്ന ട്രിഫീലിയസ്. തന്റെ കാലഘട്ടത്തിലെ ഏററവും വലിയ വാഗ്മിയായിരുന്നു ഇദ്ദേഹം. കോൺസ്റ്റാൻസ്യൂസിന്റെ ഭരണകാലത്താണു പ്രശസ്തിനേടിയത്. ഇദ്ദേഹത്തിന്റെ 'ഉത്തമഗീതഭാഷ്യം' ഞാൻ വായിച്ചിട്ടുണ്ട്. ഇദ്ദേഹം വേറെയും പല കൃതികൾ രചിച്ചതായി പറയുന്നു. പക്ഷേ അവയൊന്നും എന്റെ കയ്യിൽ എത്തിയിട്ടില്ല.

82. അതേകൃതി, 174–175



## 93. ഡൊണാത്തുസ്

കോൺസ്റ്റന്റൈൻ, കോൺസ്‌ററാൻസ്യൂസ് എന്നീ ചക്രവർത്തിമാരുടെ കാലത്ത് ആഫ്രിക്കൻ പ്രദേശത്ത് ഡൊണാത്യർ എന്ന വിഭാഗം ഡൊണാത്തുസിൽ നിന്ന് ഉടലെടുത്തു. മതപീഡനകാലത്ത് സത്യവിശ്വാസികൾ വിശുദ്ധ ലിഖിതങ്ങൾ വിമതസ്ഥർക്കു കൊടുത്തു കളഞ്ഞു എന്ന് ഇയാൾ വാദിച്ചു. തന്റെ വയോവിലാസം കൊണ്ട് ആഫ്രിക്കയെ മുഴുവനും നുമീഡിയയെ പ്രത്യേകിച്ചും ഇയാൾ വഴി തെററിച്ചു. തന്റെ പാഷണ്ഡതയോടു ബന്ധപ്പെട്ട ഇയാളുടെ കൃതികൾ പലതും കൈവന്നിട്ടുണ്ട്. അവയിലൊന്നാണ് 'പരിശുദ്ധാത്മാവിനെക്കുറിച്ച്'. അതു് ആര്യൻ തത്വങ്ങൾ ഉൾക്കൊള്ളുന്നു.[83]

## 94. അസ്റ്റേരിയസ് എന്ന സോഫിസ്റ്റ്

ആരിയൻ പക്ഷത്തെ ഒരു ദാർശനികനായ അസ്റ്റേരിയസ് കോൺസ്‌ററാൻസ്യൂസിന്റെ ഭരണകാലത്ത് 'റോമാക്കാർക്കുള്ള ലേഖനം', 'സുവിശേഷങ്ങൾ', 'സങ്കീർത്തനങ്ങൾ' എന്നിവയ്ക്കു വ്യാഖ്യാനങ്ങൾ എഴുതി. വേറെയും പല കൃതികൾ ഇയാൾ രചിച്ചിട്ടുണ്ട്. ആര്യപക്ഷീയർ അവയെല്ലാം വളരെ താല്പര്യപൂർവ്വം വായിക്കുന്നു.[84]

## 95. മെത്രാനായ ലൂസിഫർ

ലൂസിഫർ കാലിയരിയിലെ മെത്രാനായിരുന്നു. ലിബേരിയൂസ് മെത്രാൻ ഇദ്ദേഹത്തെ റോമൻ സഭയിലെ വൈദികരായ പംക്രേഷ്യഷ്, ഹിലരി എന്നിവരോടൊപ്പം സത്യവിശ്വാസത്തിനുവേണ്ടി പ്രതിനിധികൾ എന്ന നിലയിൽ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ പക്കലേയ്ക്കു അയച്ചു. അത്തനാസ്യോസ് പ്രതിനിധീകരിച്ച നിഖ്യാവിശ്വാസപ്രമാണത്തെ തള്ളിപ്പറയാൻ വിസമ്മതിച്ചപ്പോൾ ഇദ്ദേഹം വീണ്ടും പലസ്തീനായിലേക്ക് അയയ്ക്കപ്പെട്ടു. അത്ഭുതകരമായ വിശ്വാസസ്ഥിരതയോടും രക്തസാക്ഷിത്വം വരിക്കാനുള്ള സന്നദ്ധതയോടും കൂടെ ഇദ്ദേഹം കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കെതിരായി

83. ലത്തീൻ. 43–47 84. ആദിമ. 282–283

www.malankaralibrary.com


ഒരു ഗ്രന്ഥം എഴുതി വായിക്കാനായി അയച്ചു കൊടുത്തു. വളരെ താമസിയാതെ ജൂലിയൻ ചക്രവർത്തിയുടെ ഭരണകാലത്ത് ഇദ്ദേഹം കാലിയരിയിൽ മടങ്ങിയെത്തി. വലൻറീനിയൻ ചക്രവർത്തിയുടെ ഭരണകാലത്ത് നിര്യാതനായി. [85]

## 96. വെർചെള്ളിയിലെ എവുസേബിയസ്

സർദീനിയാക്കാരനായ ഇദ്ദേഹം ആദ്യം റോമിൽ വായനക്കാരനും പിന്നീട് വെർചെള്ളിയിൽ മെത്രാനുമായിരുന്നു. കോൺസ്റ്റാൻസ്യൂസ് ചക്രവത്തി ഇദ്ദേഹത്തെ ഷിത്തോപ്പൊലീസിലേയ്ക്കും പിന്നീട് കപ്പദോഷ്യയിലേയ്ക്കും നാടുകടത്തി. വിശ്വാസം ഏററുപറഞ്ഞതിൻെറ ശിക്ഷയായിട്ടായിരുന്നു അത്. ജൂലിയൻ ചക്രവത്തിയുടെ കാലത്ത് ഇദ്ദേഹം സ്വന്തം സഭയിലേയ്ക്കു തിരിച്ചുവന്നു. 'കൈസറിയായിലെ എവുസേബിയസിൻെറ സങ്കീർത്തനഭാഷ്യങ്ങൾ' എന്ന പുസ്തകം ഇദ്ദേഹം പ്രസിദ്ധീകരിച്ചു. ഇതു് ഇദ്ദേഹം ഗ്രീക്കിൽനിന്നു് ലത്തീനിലേയ്ക്കു് തർജ്ജമ ചെയ്തതാണ്. വലൻറീനിയൻെറയും വാലെൻസിൻെറയും കാലത്ത് ഇദ്ദേഹം ദിവംഗതനായി. [86]

## 97. മെത്രാനായ ഫോർത്തുണാസ്യാനൂസ്

ഫോർത്തുണാസ്യാനൂസ് ജന്മംകൊണ്ട് ആഫ്രിക്കക്കാരനായിരുന്നു. കോൺസ്റ്റാൻസ്യൂസിൻെറ ഭരണകാലത്ത് അക്വിലെയായിലെ മെത്രാനായിരുന്ന ഇദ്ദേഹം സുവിശേഷത്തെ സംബന്ധിച്ച ചെറുവ്യാഖ്യാനങ്ങൾ എഴുതി. അവ അദ്ധ്യായങ്ങളായി ക്രമീകരിച്ചതും ഗ്രാമ്യശൈലിയിൽ എഴുതപ്പെട്ടതുമാണ്. വിശ്വാസത്തിനുവേണ്ടി നാടുകടത്തപ്പെട്ട റോമിലെ മെത്രാനായ ലിബേരിയൂസ്, ഇദ്ദേഹത്തിൻെറ പ്രേരണയാൽ പാഷണ്ഡത അംഗീകരിക്കാനിടയായി എന്നതിനാൽ ഇദ്ദേഹം അനാദരിക്കപ്പെടുന്നു. [87]

## 98. മെത്രാനായ അകാചിയൂസ്

അകാചിയൂസ് ഒരു കണ്ണിൽ അന്ധതയുള്ളവനായിരുന്നതുകൊണ്ട് ഒററക്കണ്ണൻ എന്നു വിളിക്കപ്പെട്ടിരുന്നു. ഇദ്ദേഹം പലസ്തീനായിലുള്ള കൈസറിയായിലെ സഭയുടെ മെത്രാ-

85. ലത്തീൻ, 27–29 86. അതേകൃതി, 26-27.
87. അതേകൃതി, 122–3.



നായിരുന്നു. 'സഭാപ്രസംഗകനെ'പ്പററി പതിനേഴു പുസ്തകങ്ങളും 'വിവിധ പ്രശ്നങ്ങൾ' സംബന്ധിച്ച് ഏഴു പുസ്തകങ്ങളും ഇദ്ദേഹം എഴുതി. ഇവയ്ക്കു പുറമേ വിവിധ വിഷയങ്ങളായി അനേകം പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. കോൺസ്ററാൻസ്യൂസ് ചക്രവർത്തിയുടെ കാലത്ത് വളരെ സ്വാധീനശക്തിയുള്ളവനായിരുന്ന ഇദ്ദേഹം ലിബേരിയൂസിനെ നീക്കി പകരം ഫേലിക്സിനെ റോമിലെ മെത്രാനാക്കി. [88]

## 99. മെത്രാനായ സെറാപിയോൻ

ത്മൂയീസിലെ മെത്രാനായിരുന്ന സെറാപിയോൻ വികസിതമായ പ്രതിഭാശക്തി കാരണമായി സ്കൊളാസ്റ്റിക്കൂസ് എന്ന അപരനാമത്തിനു് അർഹനായി. ഇദ്ദേഹം സന്യാസിയായ അന്തോണിയുടെ ഏററവും അടുത്ത സുഹൃത്തായിരുന്നു. 'മാനിക്കേയർക്കെതിരേ' എന്ന അതിവിശിഷ്ടമായ ഒരു ഗ്രന്ഥം ഇദ്ദേഹം പ്രസിദ്ധീകരിച്ചു. 'സങ്കീർത്തനങ്ങളുടെ ശീർഷകങ്ങളെക്കുറിച്ചു്' എന്നതാണ് മറെറാരു കൃതി. വിവിധ ആളുകൾക്കു് വിലപ്പെട്ട ലേഖനങ്ങളും ഇദ്ദേഹം എഴുതിയിട്ടുണ്ട്. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ കാലത്ത് വിശ്വാസസാക്ഷി എന്ന നിലയിൽ ഇദ്ദേഹം പ്രസിദ്ധി നേടി. [89]

## 100. മെത്രാനായ ഹിലരി

അക്വിററാനിയായിലുള്ള പ്വാതിയേയിലെ മെത്രാനായിരുന്ന ഹിലരി, ആൾസിലെ മെത്രാനായിരുന്ന സത്തുർണീനൂസിൻെറ കക്ഷിയിലെ ഒരംഗമായിരുന്നു. ബെസിയേഴ്സിലെ സിനഡ് ഇദ്ദേഹത്തെ ഫ്രീജിയായിലേയ്ക്കു നാടുകടത്തി. 'ആര്യന്മാർക്കെതിരേ' പന്ത്രണ്ടു പുസ്തകങ്ങളും ഗാള്ളിക്കൻ മെത്രാന്മാർക്കു് ''സിനഡുകളെപ്പററി'' ഒരു പുസ്തകവും ഇദ്ദേഹം എഴുതി. 'സങ്കീർത്തനഭാഷ്യം' ആണ് മറെറാരു രചന. ഒന്നും രണ്ടും, അമ്പത്തൊന്നുമുതൽ അറുപത്തിരണ്ടുവരെ, നൂററിപ്പതിനെട്ടുമുതൽ അവസാനംവരെ – എന്നിത്രയും സങ്കീർത്തനങ്ങൾക്കാണു ഭാഷ്യം എഴുതിയിട്ടുള്ളത്. ഈ കൃതിയിൽ ഹിലരി ഒരിജനെ അനുകരിക്കുകയും സ്വന്തമായ കുറെ ആശയങ്ങൾ ചേർക്കുകയും ചെയ്തിരിക്കുന്നു. 'കോൺസ്റ്റാൻറിനോപ്പിളിൽ ജീവിച്ചി-

88. ആദിമസഭാ, 172-3. 89. അതേകൃതി, 73–96.

www.malankaralibrary.com



രുന്ന കാലത്തു് ഇദ്ദേഹം ചക്രവർത്തിക്കു് 'കോൺസ്റ്റാൻസ്യൂസിനു്' എന്ന ഒരു ചെറുഗ്രന്ഥമെഴുതി. പ്രസ്തുത ചക്രവർത്തിയുടെ മരണത്തിനുശേഷം "കോൺസ്റ്റാൻസ്യൂസിനെക്കുറിച്ചു്" എന്ന മറ്റൊരു ഗ്രന്ഥവും രചിച്ചു. 'വാലെൻസിനും ഉർസാചിയൂസിനും എതിരേ' എന്ന കൃതിയിൽ റിമിനി, സെലൂഷ്യൻ സിനഡുകളുടെ ചരിത്രമാണു് ഉള്ളടക്കം. 'പ്രീഫെക്ടായ സല്ലസ്തിയൂസിനു് അഥവാ ഡിയോസ്കോറസിനെതിരേ' എന്നൊരു കൃതിയും ഉണ്ടു്. 'സ്തോത്രഗാനങ്ങളും രഹസ്യങ്ങളും' എന്നതാണു് മറ്റൊന്നു്. 'മത്തായിയുടെ സുവിശേഷം' ഒരു ഭാഷ്യം, 'ജോബിനെപ്പറ്റി' ഒരു പ്രബന്ധം എന്നിവ ഒരിജന്റെ ഗ്രീക്കുകൃതികളുടെ സ്വതന്ത്ര തർജ്ജമകളാകുന്നു. 'ഔക്സെൻസ്യൂസിനു് എതിരേ' എന്നതു് സുന്ദരമായ ഒരു ലഘുകൃതിയത്രേ. വിവിധ വ്യക്തികൾക്കു് എഴുതപ്പെട്ട ലേഖനങ്ങളും ഉണ്ടു്. ഉത്തമഗീതത്തെക്കുറിച്ചും ഇദ്ദേഹം എഴുതിയിട്ടുണ്ടെന്നു് ആളുകൾ പറയുന്നു. എന്നാൽ ഈ കൃതിയെക്കുറിച്ചു് എനിക്കു് അറിവില്ല. ഹിലരി വലൻറീനിയന്റെയും വാലെൻസിന്റെയും ഭരണകാലത്തു് പതിയേയിൽ വച്ചു മരിച്ചു.[90]

## 101. മാരിയൂസ് വിക്തൊറീനൂസ്

ജനനംകൊണ്ടു് ആഫ്രിക്കനായ വിക്റ്റോറിനൂസ് കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ കാലത്തു് റോമിൽ പ്രഭാഷണകല പഠിപ്പിച്ചിരുന്നു. വളരെ വൃദ്ധനായിക്കഴിഞ്ഞു് അദ്ദേഹം ക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിച്ചു. തുടർന്നു് ആരിയൂസിനെതിരായി ഗ്രന്ഥങ്ങൾ എഴുതി. ഈ ഗ്രന്ഥങ്ങൾ താർക്കിക ശൈലിയിൽ വളരെ അവ്യക്തമായ ഭാഷയിൽ എഴുതപ്പെട്ടവയാണു്. പണ്ഡിതന്മാർക്കു മാത്രമേ അവ മനസ്സിലാകൂ. ഇദ്ദേഹം "ലേഖനങ്ങൾക്കു വ്യാഖ്യാനങ്ങളും" എഴുതി.[91]

## 102. മെത്രാനായ തീത്തൂസ്

ബോസ്ട്രായിലെ മെത്രാനിരുന്ന തീത്തൂസ്, ജൂലിയൻ, ജൊവീനിയൻ എന്നീ ചക്രവർത്തിമാരുടെ കാലത്തു് മാനിക്കേയർക്കു് എതിരായി ഊർജ്ജസ്വലങ്ങളായ രചനകളും മറ്റു ചില കൃതികളും രചിച്ചു. ഇദ്ദേഹം വാലെൻസിന്റെ കാലത്തു നിര്യാതനായി.

90. ലത്തീൻ, 9-24. 91. അതേകൃതി, 29-31.



## 103. മെത്രാനായ ഡമാസൂസ്

റോമിലെ മെത്രാനായിരുന്ന ഡമാസുസിനു് പദ്യങ്ങൾ രചിക്കുന്നതിനു നല്ല വാസനയുണ്ടായിരുന്നു. ഹീറോയിക്കു് വൃത്തത്തിലുള്ള അനേകം ലഘുകൃതികൾ ഇദ്ദേഹം പ്രസിദ്ധീകരിച്ചു. തിയഡോഷ്യസ് ചക്രവർത്തിയുടെ കാലത്തു് ഏകദേശം എൺപതാമത്തെ വയസ്സിൽ ഇദ്ദേഹം മരിച്ചു.[92]

## 104. മെത്രാനായ അപ്പോള്ളിനാരിസ്

സിറിയായിലുള്ള ലവദീക്യായിലെ മെത്രാനായിരുന്ന അപ്പോള്ളിനാരിസ് ഒരു പ്രെസ്ബിറ്ററുടെ പുത്രനായിരുന്നു. ഇദ്ദേഹം ചെറുപ്പത്തിൽ ഉത്സാഹപൂർവ്വം വ്യാകരണം പഠിച്ചു. പിൽക്കാലത്തു് വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചു് അസംഖ്യം കൃതികൾ രചിച്ചു. തിയഡോഷ്യസ് ചക്രവർത്തിയുടെ ഭരണകാലത്തു മരിച്ചു. ഇദ്ദേഹം എഴുതിയ 'പൊർഫീരിക്കെതിരേ' എന്ന പേരിൽ മുപ്പതു ഭാഗങ്ങളുള്ള ഒരു പുസ്തകമുണ്ടു്. ഇദ്ദേഹത്തിന്റെ രചനകളിൽ ഏറ്റവും ശ്രേഷ്ഠമെന്നു കണക്കാക്കപ്പെടുന്നതു് ഇതാണു്.[93]

## 105. മെത്രാനായ ഗ്രിഗറി

ബേത്തിക്കായിലുള്ള എൽവീരായിലെ മെത്രാനായിരുന്ന ഗ്രിഗറി. വളരെ വാർദ്ധക്യമാകുന്നതുവരെ എഴുത്തു തുടർന്നു. ഇദ്ദേഹം ഇടത്തരം ഭാഷയിൽ അനേകം പ്രബന്ധങ്ങളും 'വിശ്വാസത്തെക്കുറിച്ചു്' ഒരു സുന്ദരമായ കൃതിയും രചിച്ചു. ഇദ്ദേഹം ഇന്നും ജീവിച്ചിരിക്കുന്നു എന്നു പറയപ്പെടുന്നു.[94]

## 106. മെത്രാനായ പാചിയൻ

പിരണീസ് പർവ്വതത്തിലുള്ള ബാർസലോണായിലെ മെത്രാനായിരുന്നു പാചിയൻ. കറയററ വാഗ്മിത്വത്തിനുടമയായ ഇദ്ദേഹം പ്രഭാഷണത്തിലെന്നപോലെ ജീവിത വിശുദ്ധിയിലും പ്രശസ്തനായിരുന്നു. ഇദ്ദേഹം അസംഖ്യം ചെറുകൃതികൾ രചിച്ചു. 'മാൻ', നോവേഷ്യർക്കെതിരേ' എന്നിവ അക്കൂട്ടത്തിൽപ്പെടും. വളരെ വൃദ്ധനായതിനുശേഷം തിയഡോഷ്യസ് ചക്രവർത്തിയുടെ കാലത്തു് ഇദ്ദേഹം മരിച്ചു.[95]

92. അതേകൃതി91-92. 93. ആദിമസഭാ, 258-263.
94. ലത്തീൻ, 32-34. 95. അതേകൃതി. 48-49.

www.malankaralibrary.com



## 107. പാഷണ്ഡിയായ ഫൊതീനൂസ്

ഗല്ലോഗ്രേഷ്യാക്കാരനായ ഫൊതീനൂസ് മർസെല്ലൂസിന്റെ ശിഷ്യനായിരുന്നു. സിർമിയത്തിലെ മെത്രാനായി അഭിഷിക്തനായ ഇദ്ദേഹം എബിയോണീത്ത പാഷണ്ഡത നടപ്പാക്കാൻ ശ്രമിച്ചു. പിൽക്കാലത്ത് വലെൻറീനിയൻ ചക്രവർത്തി ഇയാളെ സഭയിൽനിന്നു പുറത്താക്കി. ഫൊതീനൂസ് പല ഗ്രന്ഥങ്ങൾ രചിച്ചു. അവയിൽ ഏററം പ്രശസ്തമായവ 'രാജ്യങ്ങൾക്കെതിരേ', 'വലെൻറീനിയനോട്' എന്നിവയാണ്.

## 108. മെത്രാനായ ഫേബാദിയൂസ്

ഗോൾ പ്രദേശത്തുള്ള ആഗെനിലെ മെത്രാനായ ഫേബാദിയൂസ് 'ആരിയന്മാർക്കെതിരെ' എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ വേറെ കൃതികളും ഉള്ളതായി പറയപ്പെടുന്നു, അവ ഞാൻ വായിച്ചിട്ടില്ല. പ്രായാധിക്യം മൂലം ക്ഷീണിതനായ ഇദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നു.[96]

## 109. അന്ധനായ ദിദീമൂസ്

അലക്സാൺഡ്രിയാക്കാരനായ ദിദീമൂസ് വളരെ ചെറുപ്പത്തിൽത്തന്നെ അന്ധനായിത്തീർന്നു. അതിനാൽ അക്ഷരാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങൾപോലും അദ്ദേഹത്തിന് അജ്ഞാതമായിരുന്നു. എന്നാൽ അത്ഭുതകരമായ ബുദ്ധിശക്തിയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അതിനാൽ തർക്കശാസ്ത്രത്തിലും ക്ഷേത്രഗണിതം പോലുള്ള ദർശനശക്തി ആവശ്യമുള്ള ശാസ്ത്രങ്ങളിലുംപോലും അദ്ദേഹം കറവററ വൈദഗ്ധ്യം നേടി. അഭിനന്ദനീയങ്ങളായ അനവധി കൃതികൾ അദ്ദേഹം രചിച്ചു. അവയിൽ ചിലതു്: 'എല്ലാ സങ്കീർത്തനങ്ങൾക്കും വ്യാഖ്യാനങ്ങൾ', 'മത്തായിയുടെയും യോഹന്നാന്റെയും സുവിശേഷങ്ങൾക്കു വ്യാഖ്യാനങ്ങൾ', 'തത്ത്വങ്ങളെക്കുറിച്ച്', 'ആര്യന്മാർക്കെതിരേ', രണ്ടു പുസ്തകങ്ങൾ, 'പരിശുദ്ധാത്മാവിനെപ്പററി' ഒരു പുസ്തകം–ഇതു് ഞാൻ ലത്തീനിലേക്കു് തർജ്ജമ ചെയ്തിട്ടുണ്ടു് – 'ഏശയ്യാഭാഷ്യം' പതിനെട്ടു പുസ്തകങ്ങൾ, എന്നെ

96. ലത്തീൻ, 31–32.



സംബോധന ചെയ്തുകൊണ്ടെഴുതിയ 'ഹോശിയാഭാഷ്യം' മൂന്നു പുസ്തകങ്ങൾ, 'സഖറിയാഭാഷ്യം' അഞ്ചു പുസ്തകങ്ങൾ– ഇവ എന്റെ അഭ്യർത്ഥന പ്രകാരം എഴുതിയതാണ്. 'ഇയ്യോബിനെക്കുറിച്ച്' വ്യാഖ്യാനം, വേറെയും പല കൃതികളുണ്ടു്. എല്ലാററിന്റെയും പേരെഴുതിയാൽ അതുതന്നെ ഒരു പുസ്തകമാകും. ഈ ദിദീമൂസ് ഇപ്പോഴും ജീവിച്ചിരിക്കുന്നു; അദ്ദേഹത്തിനു് എമ്പത്തിമൂന്നു വയസ്സു കഴിഞ്ഞു.[97]

## 110. മെത്രാനായ ഒപ്താത്തൂസ്

മിലെവിസിലെ മെത്രാനായ ആഫ്രിക്കക്കാരൻ ഒപ്താത്തുസ് വലെൻറീനിയൻ, വാലെൻസ് ചക്രവർത്തിമാരുടെ കാലത്ത് കത്തോലിക്കാ സഭയ്ക്കുവേണ്ടി ഡൊണാററിസ്റ്റ് അപവാദപ്രചാരണത്തിനെതിരേ ആറു പുസ്തകങ്ങൾ എഴുതി. ഡൊണാററിസ്റ്റുകൾ ചെയ്ത കുററകൃത്യങ്ങൾ കത്തോലിക്കാ വിഭാഗത്തിന്മേൽ അന്യായമായി ആരോപിക്കപ്പെടുകയാണ് എന്നു് അതിൽ അദ്ദേഹം സ്ഥാപിക്കുന്നു.[97a]

## 111. അചീലിയൂസ് സെവേരൂസ്

സ്പെയിനിലെ സെവേരൂസ് കുടുംബത്തിൽ ജനിച്ചയാളാണ് അചീലിയൂസ്. ലക്താൻസ്യൂസിന്റെ രണ്ടു ലേഖനങ്ങൾ പ്രസ്തുത കുടുംബത്തെ സംബോധന ചെയ്തുകൊണ്ടുള്ളതാണ്. ഈ അചീലിയൂസ് ഗദ്യപദ്യമയമായ ഒരു ഗ്രന്ഥം രചിച്ചു. അതു് ഒരു തരത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തെ മുഴുവൻ സംബന്ധിച്ച ഒരു മാർഗ്ഗദർശകഗ്രന്ഥമാണ്. ഇതിനു് 'മഹാനാശം' അഥവാ 'പരീക്ഷണം' എന്നു് അദ്ദേഹം നാമകരണം ചെയ്തു. വലെൻറീനിയന്റെ ഭരണകാലത്തു് ഇദ്ദേഹം ദിവംഗതനായി.

## 112. മെത്രാനായ സിറിൽ

സിറിൽ ജറുസലേമിന്റെ മെത്രാനായിരുന്നു. സഭ ഇദ്ദേഹത്തെ പലപ്പോഴും ബഹിഷ്കരിച്ചു. ഒടുവിൽ സ്വീകരിച്ചു. പിന്നീടു് എട്ടു വർഷം തുടർച്ചയായി ഇദ്ദേഹം മെത്രാൻ സ്ഥാനം

97. ആദിമസഭാ. 98-105. 97a. ലത്തീൻ. 48-49.

www.malankaralibrary.com



വഹിച്ചു. തിയഡോഷ്യസിന്റെ കാലത്തായിരുന്നു അതു്. ഇദ്ദേഹം യുവാവായിരുന്ന കാലത്തു രചിച്ച ചില *മതാധ്യാപനപ്രസംഗങ്ങൾ* ഇപ്പോഴുമുണ്ടു്.[98]

## 113. മെത്രാനായ എവുസോയിയൂസ്

എവുസോയിയൂസ് ചെറുപ്പകാലത്തു്, ഗ്രിഗറി നസ്യാൻസനോടൊപ്പം കൈസറിയായിൽ വച്ചു് പ്രഭാഷണകലാവിദഗ്ധനായ തെസ്പെസിയൂസിൽ നിന്നു് പ്രഭാഷണകല അഭ്യസിച്ചു. പിന്നീടു് അതേ നഗരത്തിലെ മെത്രാനായപ്പോൾ അവിടത്തെ ഗ്രന്ഥശാല പുനരുദ്ധരിക്കാൻ വളരെ ക്ലേശിച്ചു പരിശ്രമിച്ചു. ഒരിജനും പംഫീലൂസും ചേർന്നു് സ്ഥാപിച്ച ആ ഗ്രന്ഥശേഖരത്തിനു് ഇടക്കാലത്തു് വലിയ നാശം സംഭവിച്ചിരുന്നു. ഒടുവിൽ തിയഡോഷ്യസ് ചക്രവർത്തിയുടെ കാലത്തു് ഇദ്ദേഹം സഭയിൽനിന്നു ബഹിഷ്കൃതനായി. ഇദ്ദേഹത്തിന്റെ വൈവിധ്യമാർന്ന അനേകം പ്രബന്ധങ്ങൾ പ്രചാരത്തിലുണ്ടു്. ആർക്കും നിഷ്പ്രയാസം അവ പരിചയപ്പെടാം.[99]

## 114. മെത്രാനായ എപ്പിഫാനിയസ്

എപ്പിഫാനിയസ് സൈപ്രസ്സിലുള്ള സലാമിസിലെ മെത്രാനായിരുന്നു. ഇദ്ദേഹം 'എല്ലാ പാഷണ്ഡതകൾക്കും എതിരേ' ഗ്രന്ഥങ്ങൾ രചിച്ചു. ഇവയും ഇദ്ദേഹത്തിന്റെ മറ്റു കൃതികളും അവയുടെ വിഷയ സ്വഭാവം കാരണം പണ്ഡിതന്മാരും ഭാഷാസ്വഭാവം കാരണം പാമരന്മാരും ഒരുപോലെ താല്പര്യപൂർവം വായിക്കുന്നു. വയോവൃദ്ധനായി ഇന്നും ജീവിച്ചിരിക്കുന്ന ഇദ്ദേഹം പല ചെറുകൃതികളും രചിക്കുന്നുണ്ടു്.[100]

## 115. ഡീക്കനായ അപ്രേം

അപ്രേം എഡേസ്സായിലെ സഭയിൽ ശെമ്മാശ്ശനായിരുന്നു. ഇദ്ദേഹം സുറിയാനി സഭയിൽ പല കൃതികൾ രചിച്ചു. ഇദ്ദേഹം വളരെയേറെ പ്രശസ്തനായിത്തീർന്നതുകൊണ്ടു് ഇദ്ദേഹത്തിന്റെ രചനകൾ പല സഭകളിലും വി. ഗ്രന്ഥപാരായണ

98. ആദിമസഭ. 179-188. 99. അതേകൃതി, 174.
100. അതേകൃതി, 271-6.



ത്തിനുശേഷം പരസ്യമായി വായിക്കുന്നു. ഇദ്ദേഹം സുറിയാനിയിൽ രചിച്ച പരിശുദ്ധാത്മാവിനെക്കുറിച്ചു്", എന്ന ഗ്രന്ഥത്തിന്റെ ഗ്രീക്കുപരിഭാഷ ആരോ തയ്യാറാക്കിയതു് ഞാൻ വായിക്കാനിടയായി. ഉന്നതമായ പ്രതിഭയുടെ തുളച്ചുകയറുന്ന ശക്തി ആ തർജ്ജമയിലും എനിക്കു് അനുഭവപ്പെട്ടു. ഇദ്ദേഹം വാലെൻസിന്റെ ഭരണകാലത്തു ദിവംഗതനായി.

## 116. മഹാനായ ബേസിൽ

കപ്പദോഷ്യയിലെ കൈസറിയാ നഗരത്തിൽ മെത്രാനായിരുന്നു ബേസ്സിൽ. പ്രസ്തുത നഗരം മസാക്കാ എന്നാണു് മുമ്പു് വിളിക്കപ്പെട്ടിരുന്നതു്. വളരെ അഭിനന്ദനീയമാംവിധം ശ്രദ്ധാപൂർവം രചിച്ച ഗ്രന്ഥങ്ങളാണു് ഇദ്ദേഹത്തിന്റെ കൃതികൾ. 'എവുണോമിയസിനെതിരേ', 'പരിശുദ്ധാത്മാവിനെക്കുറിച്ചു്' 'സൃഷ്ടിയുടെ ആറു ദിവസങ്ങളെക്കുറിച്ചുള്ള ഒമ്പതു മതാദ്ധ്യാപന പ്രസംഗങ്ങൾ', 'സന്യാസത്തെക്കുറിച്ചു'ള്ള ഒരു കൃതി, വിവിധ വിഷയസ്പർശികളായ ലഘുപ്രബന്ധങ്ങൾ എന്നിവയെല്ലാം അക്കൂട്ടത്തിൽപ്പെടും. ഗ്രേഷ്യന്റെ ഭരണകാലത്തായിരുന്നു ഇദ്ദേഹത്തിന്റെ മരണം.[101]

## 117. ഗ്രിഗറി നസ്യാൻസൻ

നസ്യൻസുസിലെ മെത്രാനായിരുന്ന ഗ്രിഗറി വലിയൊരു വാഗ്മിയായിരുന്നു. വി. ലിഖിതങ്ങളിൽ എന്റെ അദ്ധ്യാപകനായ അദ്ദേഹം ആകെക്കൂടി മുപ്പതിനായിരം വരികൾ ആകാൻ മാത്രം കൃതികൾ രചിച്ചു. താഴെ പറയുന്നവ അവയിൽ പെടുന്നു: 'തന്റെ സഹോദരനായ ചെസാറിയുസിന്റെ മരണത്തെക്കുറിച്ചു്', 'സ്നേഹത്തെക്കുറിച്ചു്', 'മക്കബായക്കാർക്കുള്ള സ്തുതിപ്പു്', 'സിപ്രിയാനുള്ള സ്തുതിപ്പു്', 'അത്തനാസ്യോനുള്ള സ്തുതിപ്പു്', 'ദാർശനികനായ മാക്സിമൂസിനുള്ള സ്തുതിപ്പു്' -മാക്സിമൂസ് പ്രവാസത്തിൽനിന്നു തിരിച്ചുവന്നതിനുശേഷമുള്ളതാണു് ഈ സ്തുതിപ്പു്- ഈ അവസാനം പറഞ്ഞ കൃതി 'ഹെറോണാ' എന്ന തൂലികാനാമമുള്ളയാളിന്റെ രചനയായി ചിലർ അവതരിപ്പിക്കുന്നുണ്ടു്. ഇതേ മാക്സിമൂസിനെ ഭർത്സിച്ചുകൊണ്ടു് ഒരു കൃതി ഗ്രിഗറിയുടെതായി ഉള്ളതുകൊ

101. ആദിമസഭാ, 306-322.

www.malankaralibrary.com



ണ്ടാണിത്. സന്ദർഭമനുസരിച്ച് ഒരാളെത്തന്നെ മറ്റൊരാളെ ഒരു സന്ദർഭത്തിൽ പുകഴ്ത്തുകയും മറ്റൊരു സന്ദർഭത്തിൽ കുറ്റപ്പെടുത്തുകയും ചെയ്യാൻ പാടില്ലെന്നു തോന്നും! ഗ്രിഗറിയുടെ മറ്റൊരു രചന ഹെക്സാമീറ്റർ വൃത്തത്തിലുള്ള ഒരു ഗ്രന്ഥമാണ്. 'കന്യാത്വവും വിവാഹവും തമ്മിലുള്ള ഒരു സംവാദ' മാണ് അതിന്റെ വിഷയം. 'എവുണോമിയസിന് എതിരേ' രണ്ടു ഗ്രന്ഥങ്ങളും 'പരിശുദ്ധാത്മാവിനെക്കുറിച്ച്' ഒരു പുസ്തകവും 'ജൂലിയൻ ചക്രവർത്തിക്കെതിരേ' ഒരു പുസ്തകവും കൂടെയുണ്ട് ഗ്രിഗറിയുടെ കൃതികളായി. ഇദ്ദേഹം സംഭാഷണശൈലിയിൽ പൊളേമോന്റെ അനുയായി ആയിരുന്നു. തന്റെ ജീവിതകാലത്തുതന്നെ മെത്രാൻ സ്ഥാനത്തു തന്റെ പിൻഗാമിയെ ആക്കിയിട്ട് ഇദ്ദേഹം ഗ്രാമപ്രദേശത്തുപോയി ഒരു സന്യാസിയായി ജീവിച്ചു. തിയഡോഷ്യസിന്റെ ഭരണകാലത്ത്, മൂന്നുവർഷമോ അതിനുമുമ്പോ ഇദ്ദേഹം മരിച്ചു.[102]

## 118. മെത്രാനായ ലൂഷ്യസ്

അത്തനാസ്യോസിനുശേഷം ആര്യൻകക്ഷിയുടെ മെത്രാനായിരുന്ന ലൂഷ്യസ് തിയഡോഷ്യസ് ചക്രവത്തിയുടെ കാലം വരെ അലക്സാൺഡ്രിയായിലെ സഭയുടെ മെത്രാൻ സ്ഥാനം വഹിച്ചു. തിയഡോഷ്യസ് ചക്രവത്തി ലൂഷ്യസിനെ സ്ഥാനഭ്രഷ്ടനാക്കി. 'പെസഹായെക്കുറിച്ച്' ഇദ്ദേഹത്തിന്റെ ഏതാനും തിരുനാൾ ലേഖനങ്ങൾ ലഭ്യമാണ്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചില ലഘുകൃതികളുമുണ്ട്.

## 119. ദിയദോർ മെത്രാൻ

തർസോസിലെ മെത്രാനായിരുന്ന ദിയദോർ അന്ത്യോക്യയിൽ പ്രെസ്ബിറ്റർ ആയിരിക്കുന്ന കാലത്തുതന്നെ വലിയ പ്രശസ്തി നേടിയിരുന്നു. 'ലേഖനങ്ങളെക്കുറിച്ച്' അദ്ദേഹമെഴുതിയ വ്യാഖ്യാനങ്ങൾ ഇന്നുമുണ്ട്. എമേസായിലെ മഹാനായ എവുസേബിയസിന്റെ സമ്പ്രദായത്തിലുള്ള മറ്റു പല കൃതികളും ഉണ്ട്. അദ്ദേഹത്തിന്റെ ആശയങ്ങളെ ദിയദോർ അനുഗമിച്ചിരിക്കുന്നു. എന്നാൽ മതേതരസാഹിത്യത്തിലുള്ള അജ്ഞത മൂലം, അദ്ദേഹത്തിന്റെ ഭാഷാവൈദഗ്ധ്യം അനുകരിക്കാൻ കഴിഞ്ഞില്ല.[103]

102. അതേകൃതി, 323-337. 103. അതേകൃതി, 189-192.



## 120. പാഷണ്ഡിയായ എവുണോമിയൂസ്

ആരിയൻ പക്ഷക്കാരനായ എവുണോമിയൂസ് സിസിക്കസിലെ മെത്രാനായിരുന്നു. പാഷണ്ഡതമൂലം ഇയാൾ കഠിനമായ ദൈവദൂഷണത്തിൽ പതിച്ചു. മറ്റുള്ളവർ പറയാൻ മടിക്കുന്ന കാര്യങ്ങൾ ഇയാൾ പരസ്യമായി വിളിച്ചുപറഞ്ഞു. ഇയാൾ ഇപ്പോഴും കപ്പദോഷ്യയിൽ ജീവിക്കുന്നു എന്നും സഭയ്ക്ക് എതിരായി വളരെയൊക്കെ എഴുതുന്നു എന്നും പറയപ്പെടുന്നു. ഇയാളുടെ വാദങ്ങൾക്ക് അപ്പൊള്ളിനാരിസ്, ദിദിമൂസ്, കൈസറിയായിലെ ബേസിൽ, ഗ്രിഗറിനസ്യാൻസൻ, നിസ്സായിലെ ഗ്രിഗറി എന്നിവർ മറുപടി നൽകിയിട്ടുണ്ട്.[104]

## 121. മെത്രാനായ പ്രിഷില്യൻ

ആവിലായിലെ മെത്രാനായിരുന്ന പ്രിഷില്യനെ ഇദാചിയുസിന്റെയും ഇതാചിയുസിന്റെയും കക്ഷിക്കാരുടെ പ്രേരണയാൽ സ്വേച്ഛാധിപതിയായ മാക്സിമൂസ് ത്രേവെസിൽവച്ചു വധിച്ചു. ഇദ്ദേഹം പല ലഘുകൃതികളും എഴുതിയിട്ടുണ്ട്. അതിൽ ചിലതു് എന്റെ കൈവശം വന്നുചേർന്നിട്ടുണ്ട്. ഇദ്ദേഹം ഗോസ്റ്റിസിസത്താൽ അഥവാ ഇരനെയൂസ് രേഖപ്പെടുത്തുന്ന ബസിലിദെസിന്റെയോ മർക്കോസിന്റെയോ പാഷണ്ഡതയാൽ കളങ്കിതനായിരുന്നു എന്ന് ചിലർ ഇപ്പോഴും കുറ്റപ്പെടുത്തുന്നു. അതേസമയം ഇദ്ദേഹത്തിന്റെ അനുകൂലികൾ, ഇദ്ദേഹത്തിന് അങ്ങനെയൊരു ചിന്താഗതിയേ ഇല്ലായിരുന്നു എന്ന് ഉറപ്പിച്ചു പറയുന്നു.[105]

## 122. ലത്രോണിയാനൂസ്

സ്പെയിൻകാരനും മഹാപണ്ഡിതനും ആയിരുന്ന ലത്രോണിയാനൂസ് പദ്യരചനാകൗശലത്തിന്റെ കാര്യത്തിൽ പ്രാചീന കവികളോടു തുലനം ചെയ്യപ്പെടാൻ യോഗ്യനാണ്. ശിഷ്യരുടെ സഹ ആവിഷ്കർത്താക്കളായ പ്രിഷില്യൻ, ഫെലിചീസിമൂസ്, ജൂലിയൻ, എവുക്രോഷ്യാ എന്നിവർക്കൊപ്പം ത്രേവെസിൽ വച്ചു ഇദ്ദേഹം വധിക്കപ്പെട്ടു. വിഭിന്ന വൃത്തങ്ങളിൽ എഴുതപ്പെട്ട ഇയാളുടെ പ്രതിഭാശക്തിയുടെ ഫലങ്ങൾ ഇന്നുമുണ്ട്.

104. അതേകൃതി, 144-6. 105. ലത്തീൻ, 52-53.

www.malankaralibrary.com



## 123. തിബേരിയാനൂസ്

ബേതിക്കാകാരനായ തിബേരിയാനൂസ്, താൻ പ്രിഷിലിയന്റെ പാഷണ്ഡതയിൽ പങ്കാളിയാണെന്ന ആരോപണത്തിനു മറുപടിയായി ആഡംബരപൂർണ്ണവും സങ്കരവുമായ ഭാഷയിൽ ഒരു വിശദീകരണം എഴുതി. എന്നാൽ സുഹൃത്തുക്കളുടെ മരണത്തിനുശേഷം, നാടുകടത്തലിന്റെ വൈരസ്യത്തിനടിപ്പെട്ട് ഇയാൾ മനസ്സുമാററുകയും "പട്ടി അതു ഛർദ്ദിച്ചതിലേയ്ക്കു തിരിച്ചു വന്നു" എന്ന് വി. ലിഖിതത്തിൽ എഴുതപ്പെട്ടിട്ടുള്ളതു പോലെ ക്രിസ്തുവിനു സ്വയം സമർപ്പിച്ച ഒരു കന്യകയെ വിവാഹം ചെയ്യുകയും ചെയ്തു.

## 124. മെത്രാനായ അംബ്രോസ്

മിലാനിലെ മെത്രാനായ അംബ്രോസ് ഈ കാലത്തും എഴുതിക്കൊണ്ടിരിക്കുന്നു. ഇദ്ദേഹത്തെക്കുറിച്ചു ഞാൻ ഇപ്പോൾ വിലയിരുത്തലൊന്നും പുറപ്പെടുവിക്കുന്നില്ല. ജീവിച്ചിരിക്കുന്ന ഒരാളെ പുകഴ്ത്താനായാലും ഇകഴ്ത്താനായാലും ഭയപ്പെടണം. പുകഴ്ത്തിയാൽ മുഖസ്തുതി എന്ന ആക്ഷേപമുണ്ടാകും. ഇകഴ്ത്തുകയാണെങ്കിൽ സത്യം പറയുന്നതിന്റെ പേരിൽ കുററം കേൾക്കേണ്ടിവരും.[106]

## 125. എവാഗ്രിയസ് മെത്രാൻ

അന്ത്യോക്യയിലെ മെത്രാനായ എവാഗ്രിയസ്സ് കൂർമ്മബുദ്ധിയായ ഒരു വ്യക്തിയാകുന്നു. ഒരു പ്രെസ്ബിററായിരുന്ന കാലത്തുതന്നെ, വിവിധ വിഷയങ്ങളെക്കുറിച്ചു താൻ എഴുതിയ പല പ്രബന്ധങ്ങൾ എന്നെ വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. അവ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. അത്തനാസ്യോസ് ഗ്രീക്കു ഭാഷയിലെഴുതിയ 'അനുഗൃഹീതനായ അന്തോണിയുടെ ജീവചരിത്രം' നമ്മുടെ ഭാഷയിലേയ്ക്കു ഇദ്ദേഹം തർജ്ജമ ചെയ്തിട്ടുണ്ട്.

106. ലത്തീൻ, 54-67.



## 126. ദിദീമൂസിന്റെ ശിഷ്യനായ അംബ്രോസ്

അലക്സാണ്ഡ്രിയക്കാരനും ദിദീമൂസിന്റെ ശിഷ്യനുമായ അംബ്രോസ് 'തത്ത്വങ്ങളെക്കുറിച്ച്' ഒരു നീണ്ട പുസ്തകമെഴുതി. അപ്പോളിനാരീസിനെ എതിർത്തുകൊണ്ടുള്ളതാണ് ഈ പുസ്തകം. ഇദ്ദേഹം 'ജോബിന്റെ പുസ്തകത്തിനു വ്യാഖ്യാനം' എഴുതിയിട്ടുണ്ടെന്ന് അടുത്തയിട ചിലർ എന്നെ അറിയിച്ചിരിക്കുന്നു. ഈ അംബ്രോസ് ഇപ്പോഴും ജീവിച്ചിരിക്കുന്നു.

## 127. മാക്സിമൂസ്

ദാർശനികനായ മാക്സിമൂസ് അലക്സാണ്ഡ്രിയയിൽ ജനിച്ചു. കോൺസ്ററാൻറിനോപ്പിളിൽ മെത്രാനായി വാഴിക്കപ്പെട്ടു. പിന്നെ സ്ഥാനഭ്രഷ്ടനായി. ആര്യന്മാർക്കെതിരായി 'വിശ്വാസത്തെക്കുറിച്ച്' വളരെ ശ്രദ്ധേയമായ ഒരു പുസ്തകം ഇദ്ദേഹം എഴുതി; മിലാനിൽവച്ച് അതു് ഗ്രേഷ്യൻ ചക്രവർത്തിക്കു സമർപ്പിക്കുകയും ചെയ്തു.

## 128. നീസ്സായിലെ ഗ്രിഗറി

നീസ്സായിലെ ഗ്രിഗറി കൈസറിയായിലെ ബേസിലിന്റെ സഹോദരനായിരുന്നു. എവുണോമിയസിനെതിരായി താൻ എഴുതിയ ഒരു പുസ്തകം ഏതാനും വർഷംമുമ്പ് ഇദ്ദേഹം ഗ്രിഗറിനസ്യാൻസിനെയും എന്നെയും വായിച്ചു കേൾപ്പിച്ചു. ഇദ്ദേഹം വേറെയും പല കൃതികൾ രചിച്ചിട്ടുണ്ടെന്നും ഇന്നും എഴുതിക്കൊണ്ടിരിക്കുന്നുവെന്നും പറയപ്പെടുന്നു.[107]

## 129. പ്രെസ്ബിററായ ജോൺ

അന്ത്യോക്യൻ സഭയിലെ പ്രെസ്ബിററായ ജോൺ എമേസായിലെ എവുസേബിയസിന്റെയും ദിയദോറിന്റെയും അനുയായിയാകുന്നു. ഇദ്ദേഹം പല ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. എന്നാൽ അവയിൽ 'പൗരോഹിത്യത്തെക്കുറിച്ച്' എന്നു് ഒരെണ്ണം മാത്രമേ ഞാൻ വായിച്ചിട്ടുള്ളു.[106]

107. ആദിമസഭാ. 338-354. 108. ആദിമസഭാ. 229-257.

www.malankaralibrary.com


## 130. ജലാസിയൂസ് മെത്രാൻ

എവുസോയിയൂസിനുശേഷം പലസ്തീനയിലെ കൈസറിയായിൽ മെത്രാനായ ജലാസിയൂസ് വളരെ ശ്രദ്ധാപൂർവ്വം സുന്ദരമായ ഭാഷയിൽ എഴുതുന്നുവെന്നും എന്നാൽ ഒന്നും പ്രസിദ്ധീകരിക്കുന്നില്ല എന്നും പറയപ്പെടുന്നു.[109]

## 131. തെയൊതീമൂസ് മെത്രാൻ

ഷിതിയായിലുള്ള തോമിയുടെ മെത്രാനായ തെയൊതീമൂസ് ഹ്രസ്വവും അർത്ഥനിബിഡവുമായ ലഘുപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഇവ സംഭാഷണരൂപത്തിലും പഴയ ശൈലിയിലുമുണ്ട്. അദ്ദേഹം ഇപ്പോൾ മററു കൃതികൾ രചിക്കുന്നതായി ഞാൻ അറിയുന്നു.

## 132. ഡെക്സ്റ്റർ

ഞാൻ ഇതിനു മുമ്പ് പരാമർശിച്ചിട്ടുള്ള പാച്ചിയന്റെ പുത്രനായ ഡെക്സ്റ്റർ തന്റെ തലമുറയിലെ ഒരു പ്രശസ്ത വ്യക്തിയായിരുന്നു. ക്രിസ്തീയ വിശ്വാസത്തിന് സ്വയം സമർപ്പിച്ച അദ്ദേഹം 'സാർവ്വലൗകികചരിത്രം' എന്നൊരു ഗ്രന്ഥം എഴുതിയിട്ടുണ്ടെന്നാണ് എന്റെ അറിവ്. പക്ഷെ അത് ഇതുവരെ ഞാൻ വായിച്ചിട്ടില്ല.

## 133. മെത്രാനായ ആംഫിലോക്കിയസ്

ഇക്കോണിയത്തിലെ മെത്രാനായിരുന്ന ആംഫിലോക്കിയസ് അടുത്ത കാലത്ത് തന്റെ ഒരു രചന എന്നെ വായിച്ചു കേൾപ്പിച്ചു. 'പരിശുദ്ധാത്മാവിനെക്കുറിച്ച്' എന്നാണതിന്റെ പേര്. പരിശുദ്ധാത്മാവ് ദൈവമാണെന്നും സർവ്വശക്തനാണെന്നും ആരാധിക്കപ്പെടേണ്ടവനാണെന്നും അതിൽ വാദിക്കുന്നു.

---

109. അതേ കൃതി, 173-4.



## 134. സൊഫ്രോണിയൂസ്

അത്യുന്നതമായ പഠനമുള്ള ഒരു വ്യക്തിയായിരുന്നു സൊഫ്രോണിയൂസ്. ബാലനായിരിക്കുമ്പോൾത്തന്നെ 'ബേത്ലഹേമിന്റെ സ്തുതിക്കായി' എന്നൊരു ഗ്രന്ഥം അദ്ദേഹം രചിച്ചു. അടുത്ത കാലത്ത് അദ്ദേഹം രചിച്ച ശ്രദ്ധേയമായ ഒരു ഗ്രന്ഥമാണ് 'സെറാപ്പിസിന്റെ പരാജയത്തെക്കുറിച്ച്'. എവുസ്താക്കിയൂസ്സിനെ സംബോധന ചെയ്ത് എഴുതപ്പെട്ട 'കന്യാത്വത്തെക്കുറിച്ച്', 'സന്യാസിയായ ഹിലാരിയോന്റെ ജീവചരിത്രം' എന്നിവയും അദ്ദേഹത്തിന്റെ കൃതികൾ തന്നെ. എന്റെ ചില ലഘുകൃതികൾ വളരെ സുന്ദരമായ ശൈലിയിൽ അദ്ദേഹം ഗ്രീക്കു ഭാഷയിലേയ്ക്കു ഭാഷാന്തരം ചെയ്തിട്ടുണ്ട്. 'സങ്കീർത്തനങ്ങൾ', 'പ്രവാചകന്മാർ' എന്നീ പേരുകളിൽ അദ്ദേഹം ഹീബ്രുവിൽ എഴുതിയ കൃതികൾ ഞാൻ ലത്തീനിലേയ്ക്കു തർജ്ജമ ചെയ്തു.

## 135. പ്രെസ്ബിററായ ജറോം

ജറോമായ ഞാൻ സ്ട്രീദോ നഗരവാസിയായ എവുസേബിയസിന്റെ പുത്രനാണ്: സ്ട്രീദോ ഡൽമേഷ്യയുടെയും പന്നോണിയായുടെയും അതിർത്തിയിൽ കിടക്കുന്ന ഒരു നഗരമത്രേ. ഗോത്യർ അത് ആക്രമിച്ചു കീഴടക്കി. ഇപ്പോഴും, അതായത് തിയഡോഷ്യസ് ചക്രവർത്തിയുടെ പതിനാലാം വർഷത്തിലും ആ നില തുടരുന്നു.

താഴെ പറയുന്നവ എന്റെ രചനകളാണ്: 'സന്യാസിയായ പൗലോസിന്റെ ജീവചരിത്രം', 'ഹെലിയൊദോറൂസിനു് ഒരുദ്ബോധനം', 'ലൂസിഫറും സത്യവിശ്വാസിയും തമ്മിലുള്ള തർക്കം', 'ലോകചരിത്രസംഭവ വിവരണം', 'ജറമിയെയും എസക്കിയേലിനെയുംകുറിച്ച് ഒരിജന്റെ 28 പ്രസംഗങ്ങൾ' — ഇതു ഞാൻ ഗ്രീക്കിൽനിന്നു ലത്തീനിലേയ്ക്കു തർജ്ജമ ചെയ്താണ് — 'സ്രോപ്പേൻമാരെക്കുറിച്ച്', 'ഓശാനയെക്കുറിച്ച്', വിവേകിയും ധൂർത്തനുമായ പുത്രന്മാരെക്കുറിച്ച്', 'പ്രാചീന നിയമത്തിലെ മൂന്നു പ്രശ്നങ്ങളെക്കുറിച്ച്', 'ഉത്തമഗീതത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ രണ്ട്', 'ഹെൽവീദിയൂസിനെതിരെ മറിയത്തിന്റെ നിത്യകന്യകാത്വത്തെക്കുറിച്ച്', 'എവുസ്തോക്കിയുമിനു് കന്യാത്വസംരക്ഷണത്തെക്കുറിച്ച്', 'മാർ സെല്ലായ്ക്കുള്ള ലേഖ

www.malankaralibrary.com



നങ്ങൾ' ഒരു പുസ്തകം, 'ഒരു മകളുടെ മരണത്തെക്കുറിച്ച്'' പൗളായ്ക്കുള്ള ഒരു സമാശ്വസന ലേഖനം, 'പൗലോസിൻെറ ഗലാത്തിയ ലേഖന വ്യാഖ്യാനങ്ങൾ' മൂന്നു പുസ്തകങ്ങൾ, 'എഫേസ്യലേഖന വ്യാഖ്യാനങ്ങൾ' മൂന്നു പുസ്തകങ്ങൾ, 'തീത്തൂസിനുള്ള ലേഖനത്തിൻെറ ഭാഷ്യം ഒരു പുസ്തകം, 'ഫിലെമോനുള്ള ലേഖനത്തെക്കുറിച്ച്'' ഒരു പുസ്തകം. 'സഭാപ്രസംഗകന് വ്യാഖ്യാനം', 'ഉത്പത്തി സംബന്ധിച്ച ഹെബ്രായ പ്രശ്നങ്ങൾ' ഒരു പുസ്തകം, 'യൂദയായിലെ സ്ഥലങ്ങളെക്കുറിച്ച്'' ഒരു പുസ്തകം, ഹെബ്രായ നാമങ്ങളെക്കുറിച്ച്, 'ദിദിമൂസ്, പരിശുദ്ധാത്മാവിനെക്കുറിച്ച്'' ഒരു പുസ്തകം– ഇത് ഞാൻ ലത്തീനിലേക്കു ഭാഷാന്തരം ചെയ്തു. – 'ലൂക്കായുടെ സുവിശേഷത്തെക്കുറിച്ച് 39 പ്രസംഗങ്ങൽ, '10 മുതൽ 16 വരെ സങ്കീർത്തനങ്ങളെക്കുറിച്ച്'' ഏഴ് പുസ്തകങ്ങൽ, 'അടിമയാക്കപ്പെട്ട സന്യാസിയെക്കുറിച്ച്'', 'അനുഗൃഹീതനായ ഹിലാരിയോൻെറ ജീവചരിത്രം'.

പുതിയനിയമം ഗ്രീക്കിൽനിന്നും പഴയനിയമം ഹീബ്രുവിൽനിന്നും ഞാൻ തർജ്ജമചെയ്തു. പൗളായ്ക്കും എവുസ്തോക്കിയൂമിനും എത്ര കത്തുകൾ ഞാനെഴുതി എന്ന് എനിക്കുതന്നെ നിശ്ചയമില്ല. കാരണം, ഞാൻ എന്നും എഴുതുന്നുണ്ട്, 'മിഖായ്ക്കു് വിശദീകരണങ്ങൾ' രണ്ടു പുസ്തകം, 'നാഹൂമിനെക്കുറിച്ച്'' ഒരു പുസ്തകം, 'ഹബക്കുക്കിനെക്കുറിച്ച്'' രണ്ടു പുസ്തകം, 'സെഫനിയായെക്കുറിച്ച്'' ഒന്ന്, 'ഹഗ്ഗായിയെക്കുറിച്ച്'' ഒന്ന്, പ്രവാചകരെക്കുറിച്ച് പല പുസ്തകങ്ങൾ എന്നിവയും ഞാനെഴുതിയിട്ടുണ്ട്. അവസാനം പറഞ്ഞവ പൂർത്തിയാക്കിയിട്ടില്ല, അവയുടെ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്.[110]

110. ലത്തീൻ, 70-85.

# ജന്നാഡിയസ്

## മഹത്‌വ്യക്തികൾ

### 1. വിവേകിയായ യാക്കോബ്

വിവേകി എന്ന് വിശേഷണ നാമമുള്ള യാക്കോബ് നിസിബിസിലെ മെത്രാനായിരുന്നു. നിസിബിസ് പേർഷ്യയിലെ ഒരു പ്രശസ്ത നഗരമാണ്. മതപീഡകനായ മാക്സിമീനുസിൻെറ കാലത്തു ജീവിച്ചിരുന്ന ഒരു വിശ്വാസസാക്ഷിയായിരുന്നു ഈ യാക്കോബ്. നിഖ്യാസൂനഹദോസിൽ വച്ച് ഹോമോഊസിയോസ്[1] സംബന്ധിച്ച ആര്യൻ ആശയവൈകൃതത്തെ തങ്ങളുടെ എതിർപ്പുവഴി പരാജയപ്പെടുത്തിയവരുടെ കൂട്ടത്തിൽ ഈ യാക്കോബും ഉണ്ട്. അനുഗൃഹീതനായ ജറോം തൻെറ 'സംഭവവിവരണ'ത്തിൽ[2] ഗുണവാനായ ഒരു വ്യക്തി എന്ന നിലയിൽ പരാമർശിക്കുന്നുണ്ടെങ്കിലും തൻെറ ഗ്രന്ഥകാരപട്ടികയിൽ[3] അദ്ദേഹത്തിനു സ്ഥാനം കൊടുക്കുന്നില്ല. ജറോം സുറിയാനിക്കാരായ മൂന്നോ നാലോ ഗ്രന്ഥകാരന്മാരെ മാത്രമേ അക്കൂട്ടത്തിൽ പരാമർശിക്കുന്നുള്ളു. അവരുടെ കൃതികൾ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയ്തതാണ് വായിച്ചിട്ടുള്ളത് എന്നദ്ദേഹം എടുത്തുപറയുമ്പോൾ ഇക്കാര്യത്തിനു വിശദീകരണം ലഭിക്കുന്നു. ആ ഘട്ടത്തിൽ അദ്ദേഹത്തിനു സുറിയാനി ഭാഷയോ സാഹിത്യമോ അറിയാൻ പാടില്ലായിരുന്നുവെന്നാണ് അതിൽനിന്നു വ്യക്തമാകുന്നത്. അതിനാൽ മററു ഭാഷകളിലേയ്ക്കു തർജ്ജമ ചെയ്യപ്പെടാത്ത ഒരു സുറിയാനി ഗ്രന്ഥകാരനെയും അദ്ദേഹത്തിന് അറിയാമായിരുന്നില്ല.

1. Homoousios: സത്യവിശ്വാസത്തിൻെറ ഉരകല്ലായി നിഖ്യാസൂനഹദോസ് അംഗീകരിച്ച പദം; Consubstantial, ''ഒരേ സത്ത'' (സമസത്ത) എന്നൊക്കെ ഭാഷാന്തരം ചെയ്യാം.
2. Chronicle
3. മഹത്‌വ്യക്തികൾ (De Viris Illustribus)

www.malankaralibrary.com



യാക്കോബിന്റെ കൃതികൾ ഇരുപത്താറു വാല്യങ്ങൾ വരും. അവ താഴെ പറയുന്നവയത്രേ. 'വിശ്വാസത്തെക്കുറിച്ച്', 'എല്ലാ പാഷണ്ഡതകൾക്കും എതിരേ', 'എല്ലാവരോടുമുള്ള ഉപവിയെക്കുറിച്ച്', 'ഉപവാസത്തെക്കുറിച്ച്', 'പ്രാർത്ഥനയെക്കുറിച്ച്', 'അയൽക്കാരനോടുള്ള സവിശേഷസ്നേഹത്തെക്കുറിച്ച്', 'ഉത്ഥാനത്തെക്കുറിച്ച്', 'മരണാനന്തര ജീവിതത്തെക്കുറിച്ച്', 'വിനയത്തെക്കുറിച്ച്', 'ക്ഷമയെക്കുറിച്ച്', 'സംതൃപ്തിയെക്കുറിച്ച്', 'കന്യാത്വത്തെക്കുറിച്ച്', 'ആത്മാവിന്റെ ശ്രേഷ്ഠതയെക്കുറിച്ച്', 'പരിച്ഛേദനത്തെക്കുറിച്ച്', 'അനുഗൃഹീത മുന്തിരിപ്പഴങ്ങളെക്കുറിച്ച്', 'മുന്തിരിക്കുലകൾ നശിപ്പിക്കപ്പെടുകയില്ല' എന്ന ഏശയ്യായുടെ പ്രസ്താവനയെക്കുറിച്ച്', 'ക്രിസ്തു ദൈവപുത്രനും സത്തയിൽ പിതാവുമായി സമത്വമുള്ളവനുമാണ്', 'ചാരിത്ര്യത്തെക്കുറിച്ച്', 'രാജ്യങ്ങൾക്കെതിരേ', 'കൂടാരനിർമ്മാണത്തെക്കുറിച്ച്', 'ജനതകളുടെ സംഭാഷണത്തെക്കുറിച്ച്', 'പേർഷ്യൻ രാജ്യത്തെക്കുറിച്ച്', 'ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനെക്കുറിച്ച്'. ഇദ്ദേഹം ഒരു 'സംഭവവിവരണവും' എഴുതിയിട്ടുണ്ട്. അത് ഗ്രീക്കുകാർക്കു താല്പര്യജനകമായിരിക്കയില്ല. എന്നാൽ വി. ലിഖിതങ്ങളിൽ മാത്രം അധിഷ്ഠിതമാണ് എന്നതുമൂലം അത് വിശ്വസനീയമാകുന്നു. അത്, അടിസ്ഥാനമില്ലാത്ത ചില അനുമാനങ്ങളുടെ ബലത്തിൽ നമ്മുടെ കർത്താവിന്റെയും അന്തിക്രിസ്തുവിന്റെയുമെല്ലാം ആഗമനത്തെ സംബന്ധിച്ച് തത്വങ്ങൾ ആവിഷ്കരിക്കുന്നവരുടെ വായടക്കാൻ പര്യാപ്തമാണ്.

ഇദ്ദേഹം കോൺസ്റ്റാൻസ്യസിന്റെ കാലത്തു ദിവംഗതനായി. പിതാവായ കോൺസ്റ്റന്റയിൻ നേരത്തെ നിർദ്ദേശിച്ചിരുന്നതനുസരിച്ച് നിസിബിസ് നഗരമതിൽക്കെട്ടിനുള്ളിൽ സംസ്കരിക്കപ്പെട്ടു. ഇത് പ്രകടമായും ആ നഗരത്തിന്റെ രക്ഷയ്ക്കുവേണ്ടിയായിരുന്നു. കോൺസ്റ്റന്റയിൻ പ്രതീക്ഷിച്ചതുപോലെ കാര്യം പരിണമിക്കുകയും ചെയ്തു. വളരെ വർഷങ്ങൾക്കുശേഷം ജൂലിയൻ നഗരത്തിൽ പ്രവേശിക്കുകയും അവിടെ അടക്കപ്പെട്ടിരുന്ന ആളിന്റെ മഹത്വത്തെക്കുറിച്ചോ കോൺസ്റ്റന്റയിന്റെ വിശ്വാസത്തെക്കുറിച്ചോ ഉള്ള വിരോധം മൂലം ഈ വിശുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ നഗരത്തിനു വെളിയിൽ കൊണ്ടുപോകാൻ കല്പന കൊടുക്കുകയും ചെയ്തു. അസൂയ കാരണം കോൺസ്റ്റന്റയിന്റെ കുടുംബത്തെ അയാൾ പീഡിപ്പിച്ചിരുന്നു. ഏതാനും മാസങ്ങൾക്കുശേഷം ജൂലിയന്റെ



പിൻഗാമിയായ ജോവിയൻ ചക്രവത്തി, നയപരമായ കാരണങ്ങളാൽ നിസിബിസ് നഗരവും സമീപപ്രദേശങ്ങളും അപരിഷ്കൃതക്ക് വിട്ടുകൊടുത്തു. അത് പിന്നീട് ഇന്നുവരെ പേർഷ്യാക്കാരുടെ ഭരണത്തിലാണ്.

## 2. റോമാ മെത്രാൻ ജൂലിയസ്

റോമിലെ മെത്രാനായ ജൂലിയസ് ഒരു ദിവന്നാസ്യോസിന് 'നമ്മുടെ കത്താവിന്റെ മനുഷ്യാവതാരം' എന്ന് ഒരു ലേഖനം എഴുതി. അന്ന് അത് വളരെ ഉപയോഗപ്രദമായി കരുതപ്പെട്ടു. മനുഷ്യാവതാരം മൂലം ക്രിസ്തുവിൽ രണ്ട് ആളുകളും രണ്ടു സ്വഭാവങ്ങളും ഉണ്ടെന്ന് വാദിച്ചിരുന്നവർക്കുള്ള മറുപടിയായിരുന്നു അത്. എന്നാൽ ഇന്ന് അതും ഉപദ്രവകരമായി കരുതപ്പെടുന്നു. കാരണം അത് എവുത്തിക്യൻ, തിമോത്തിയൻ പാഷണ്ഡതകൾക്കു പോഷകമാണ്.

## 3. പ്രെസ്ബിററായ പൗലോനാസ്

പ്രെസ്ബിററർ പൗലോനാസ്, ഭാഗ്യവാനായ ഡീക്കൻ അപ്രേമിന്റെ ശിഷ്യനായിരുന്നു. വളരെ ഊർജ്ജസ്വലനും വി. ലിഖിതങ്ങളിൽ വളരെ പണ്ഡിതനുമായിരുന്ന ഇയാൾ, തന്റെ ഗുരു ജീവിച്ചിരുന്ന കാലത്തുതന്നെ സഭാ പണ്ഡിതന്മാരുടെയിടയിൽ പ്രശസ്തനും ഒരുക്കം കൂടാതെതന്നെ ഉജ്ജ്വല പ്രഭാഷണം ചെയ്യുന്നതിൽ വിദഗ്ധനുമായിരുന്നു. എന്നാൽ തന്റെ ഗുരുവിന്റെ ചരമത്തിനുശേഷം പ്രശസ്തിയോടുള്ള ആസക്തിക്കു വശംവദനായി ഇയാൾ സഭയിൽനിന്ന് അകലുകയും വിശ്വാസത്തിനു വിരുദ്ധമായി പലതും എഴുതുകയും ചെയ്തു. ഭാഗ്യവാനായ അപ്രേം മരണാസന്നനായി കിടന്നപ്പോൾ തന്റെ അരികിൽനിന്നിരുന്ന പൗലോനാസിനോട് ഇങ്ങനെ പറഞ്ഞതായി കേട്ടിട്ടുണ്ട്. "പൗലോനാസ്, നീ നിന്റെ സ്വന്തം ആശയങ്ങൾക്കു വശപ്പെട്ടുപോകാതിരിക്കാൻ സൂക്ഷിക്കണം. നീ ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കിയിരിക്കുന്നു എന്നു നിനക്കു തോന്നുമ്പോൾ നീ മനസ്സിലാക്കിയിട്ടില്ലെന്നു വിചാരിച്ചുകൊള്ളുക." പൗലോനാസിന്റെ പഠനങ്ങളിലും വചനങ്ങളിലും നിന്ന്, അയാൾ പുതിയ കാര്യങ്ങൾ അന്വേഷിക്കുകയാണെന്നും തന്റെ മനസ്സിനെ അനന്തമായ കാര്യങ്ങളിലേക്കു വലിച്ചു ക്ലേശിപ്പിക്കുകയാണെന്നും അപ്രേമിനു തോന്നിയിരിക്കണം. അതുകൊണ്ടായിരിക്കാം അദ്ദേഹം അയാളെ പലപ്പോഴും 'പുതിയ ബർദൈസാൻ' എന്നു വിളിച്ചിരുന്നു.

www.malankaralibrary.com



## 4. വിത്തേലിയൂസ്

ആഫ്രിക്കക്കാരനായ വിത്തേലിയൂസ് ഡൊണാററിസ്റ്റ് ശീശ്മയെ അനുകൂലിച്ചുകൊണ്ട് 'ദൈവദാസന്മാർ എന്തുകൊണ്ട് ലോകത്താൽ ദ്വേഷിക്കപ്പെടുന്നു' എന്നൊരു പുസ്തകമെഴുതി. അതിൽ നമ്മെ പീഡകരായി ചിത്രീകരിച്ചിരിക്കുന്നതു നീക്കിയാൽ ബാക്കിയുള്ളതു വിശിഷ്ടമായ തത്വങ്ങളാകുന്നു. 'രാജ്യങ്ങൾക്കെതിരേ' എന്ന ഗ്രന്ഥവും ഇയാളെഴുതി. പീഡനങ്ങളുടെ സമയത്ത് നാം വി. ലിഖിതങ്ങളുടെ വഞ്ചകന്മാരാകുന്നു എന്ന് അതിൽ പ്രസ്താവിക്കുന്നു. 'സഭാ നടപടികളെക്കുറിച്ചും' വിത്തേലിയൂസ് വളരെ എഴുതിയിട്ടുണ്ട്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മകനായ കോൺസ്റ്റൻസിന്റെ ഭരണകാലത്താണ് ഇയാൾ പ്രശസ്തിനേടിയത്.[4]

## 5. മക്രോബിയൂസ്

പ്രെസ്ബിററായ മക്രോബിയൂസും ഇതുപോലെ പില്ക്കാലത്തു രഹസ്യമായി റോമിലെ ഡൊണാററിസ്റ്റുകളുടെ മെത്രാനായിരുന്നുവെന്നാണ് ഒപ്താത്തൂസിന്റെ ലിഖിതങ്ങളിൽ നിന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതുവരെ ദൈവത്തിന്റെ സഭയിൽ ഒരു പ്രെസ്ബിററർ ആയിരുന്നുകൊണ്ട് 'വിശ്വാസ സാക്ഷികളോടും കന്യകമാരോടും' എന്നൊരു ഗ്രന്ഥം ഇയാൾ എഴുതി. അത് വളരെ പ്രയോജനകരമായ തത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു ധാർമ്മിക ഗ്രന്ഥമാണ്. ചാരിത്ര്യ സംരക്ഷണത്തിന് ഏററവും യുക്തമായ പ്രേരണകൾകൊണ്ട് അതു സമ്പന്നവുമാണ്. ഇയാൾ ആദ്യം ആഫ്രിക്കയിൽ നമ്മുടെ കക്ഷിയിൽ പ്രശസ്തനായി; പിൽക്കാലത്ത് അയാളുടെ സ്വന്തം കക്ഷിയിലും, അതായത്, റോമിലുള്ള ഡൊണാററിസ്റ്റ് അഥവാ മോണ്ടനിസ്റ്റ് കക്ഷിയിലും.[5]

## 6. ഹെലിയൊദോറൂസ്

പ്രെസ്ബിററർ ഹെലിയൊദോറൂസ് 'വസ്തുക്കളുടെ സ്വഭാവത്തെക്കുറിച്ച് ഒരു പ്രാഥമിക പ്രബന്ധം' എന്ന പേരിൽ ഒരു പുസ്തകമെഴുതി. അതിൽ താഴെപ്പറയുന്ന കാര്യങ്ങൾ അദ്ദേഹം

4. ഒരു ഡൊണാററിസ്റ്റ് എഴുത്തുകാരൻ; ലത്തീൻ സഭാപിതാക്കന്മാർ പേ. 43-7.
5. ഒരു ഡൊണാററിസ്റ്റ് എഴുത്തുകാരൻ; അതേസ്ഥലം കാണുക.



പ്രതിപാദിച്ചിരിക്കുന്നു: എല്ലാ പദാർത്ഥങ്ങളുടെയും പ്രഭവസ്ഥാനം ഒന്നാണ്. ഒന്നും ദൈവത്തോടുകൂടി നിത്യം ആയിരുന്നില്ല. ദൈവം തിന്മയുടെ സ്രഷ്ടാവായിരുന്നില്ല. എല്ലാ നന്മയുടെയും സ്രഷ്ടാവായിരുന്നു. തിന്മ കണ്ടുപിടിക്കപ്പെട്ടതിനുശേഷം തിന്മയ്ക്കുവേണ്ടി ഉപയോഗിക്കപ്പെട്ട വസ്തുക്കൾ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവയാണ്. ഭൗതിക വസ്തുക്കളെ ദൈവം ക്രമീകരിച്ച വിധത്തിലല്ലാതെ ഒരു വിധത്തിലും നമുക്കു പരിഗണിക്കാൻ നിവൃത്തിയില്ല. ദൈവമല്ലാതെ മറെറാരു സ്രഷ്ടാവില്ല. ദൈവം തന്റെ മുന്നറിവുകൊണ്ട് മാററം ഉണ്ടാകുമെന്നു മനസ്സിലാക്കിയപ്പോൾ ശിക്ഷയെക്കുറിച്ചു താക്കീതു നൽകി.

## 7. പക്കോമിയൂസ്

പക്കോമിയൂസ് അപ്പസ്തോലികമായ ദൈവാനുഗ്രഹമുള്ളയാളായിരുന്നു. അദ്ധ്യാപനത്തിലും അത്ഭുതപ്രവർത്തനങ്ങളിലും ഒരുപോലെ ഈ അനുഗ്രഹം അദ്ദേഹത്തിനു ലബ്ധമായിരുന്നു. ഈജിപ്തിലെ സന്യാസാശ്രമങ്ങളുടെ സ്ഥാപകനായ ഇദ്ദേഹം 'ഒരു ശിക്ഷണക്രമം'[6] എന്ന പുസ്തകം എഴുതി. രണ്ടുതരം സന്യാസികൾക്കും ചേരുന്ന ക്രമങ്ങൾ അതിൽ പ്രതിപാദിക്കുന്നു. മാലാഖമാർവഴി നൽകപ്പെട്ട നിർദ്ദേശങ്ങളാണ് അതിലുള്ളത്. തന്റെ പ്രദേശത്തെ ബന്ധപ്പെട്ട മെത്രാന്മാർക്ക് അദ്ദേഹം കത്തുകൾ എഴുതി. ഒരുതരം മിസ്റ്റിക്കൽ നിഗൂഢതയാൽ മറയ്ക്കപ്പെട്ട അക്ഷരമാലയിലായിരുന്നു കത്തുകൾ.[7] സാധാരണഗതിയിലുള്ള മാനുഷിക വിജ്ഞാനത്തെ അതിവർത്തിക്കുന്നതിനാണ് അങ്ങനെ ചെയ്തത്. സവിശേഷമായ അനുഗ്രഹമോ അർഹതയോ ഉള്ളവർക്കേ അവ മനസ്സിലാകുമായിരുന്നുള്ളു. അതായത് 'ആശ്രമാധിപനായ കൊർണേലിയൂസിനു' ഒന്ന്, 'ആശ്രമാധിപനായ സൈറസിനു' ഒന്ന്, 'എല്ലാ ആശ്രമാധിപന്മാർക്കും' ഒന്ന്. ഈജിപ്ഷ്യൻ ഭാഷയിൽ 'ബൗ' എന്നു വിളിക്കപ്പെടുന്ന അതിപുരാതനമായ ഒരു സന്യാസാശ്രമത്തിൽ സമ്മേളിച്ച്, സനാതനനിയമത്തിനനുസൃതമായി അവരെല്ലാവരും ചേർന്ന് പെസഹാദിനം ആചരിക്കണം എന്ന് ആകത്തിൽ ഉദ്ബോധിപ്പിച്ചിരുന്നു. അതുപോലെ മറെറാരു

6. An order of Discipline: പക്കോമിയോസിന്റെ നിയമാവലിയാണ് വിവക്ഷ: ആദിമസഭാപിതാക്കന്മാർ, പേ. 125-6.
7. ഒരു പ്രത്യേക ശൈലിയിൽ എന്നു വിവക്ഷ.

www.malankaralibrary.com



കത്തിൽ ആഗസ്റ്റ് മാസത്തിൽ ആചരിക്കുന്ന പാപപരിഹാര ദിനത്തിൽ പ്രധാന മെത്രാന്മാരെല്ലാം ഒരേ സ്ഥലത്തു സമ്മേളിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആശ്രമങ്ങളിൽനിന്ന് പുറത്തേക്ക് വിവിധ സേവനങ്ങൾക്കായി അയയ്ക്കപ്പെട്ട സഹോദരന്മാരുടെ പേർക്കും ഒരു കത്ത് അദ്ദേഹം എഴുതി.

## 8. തിയഡോർ

മുകളിൽപ്പറഞ്ഞ ആശ്രമാധിപനായ പക്കോമിയുസിന്റെ ദൈവാനുഗ്രഹത്തിനും നേതൃത്വത്തിനും പിൻഗാമിയായിരുന്ന തിയഡോർ മററ് സന്യാസാശ്രമങ്ങൾക്ക കത്തുകൾ എഴുതി. വി. ലിഖിതങ്ങളുടെ ഭാഷയിലായിരുന്നു കത്തുകൾ. എന്നാൽ ആ കത്തുകളിൽ അദ്ദേഹം തന്റെ ഗുരുവും അദ്ധ്യാപകനുമായ പക്കോമിയുസിന്റെ കാര്യം ഇടയ്ക്കിടെ എടുത്തു പറയുകയും അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും ഉപദേശങ്ങളിൽ നിന്നുമുള്ള മാതൃകകൾ കൂടെക്കൂടെ എടുത്തുകാട്ടുകയും ചെയ്യുന്നു. താൻ അനുകരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി ഈ രീതി ഒരു മാലാഖ തന്നെ പഠിപ്പിച്ചു എന്നാണ് അദ്ദേഹം പറയുന്നത്. അതുപോലെതന്നെ സ്വന്തം ഹൃദയത്തിന്റെയും ആഗ്രഹത്തിന്റെയും ലക്ഷ്യമനുസരിച്ചു നിലകൊള്ളാനും പക്കോമിയുസിന്റെ ചരമത്തെത്തുടർന്നുണ്ടായ ഭിന്നതമൂലം സന്യാസസമൂഹത്തിൽനിന്ന് വേർപെട്ടുപോയിട്ട് ഐക്യം തകർത്ത ആളുകളെ ഐക്യത്തിലേക്കും യോജിപ്പിലേയ്ക്കും പ്രത്യാനയിക്കാനും അദ്ദേഹം അവരെ ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹത്തിന്റെ മൂന്ന് ഉദ്ബോധനാത്മക ലേഖനങ്ങൾ നിലവിലുണ്ട്.[8]

## 9. ഹോർസിയെസി

സന്യാസിയായ ഹോർസിയെസി പക്കോമിയുസിന്റെയും തിയഡോറിന്റെയും സഹപ്രവർത്തകനായിരുന്നു. വി. ലിഖിതങ്ങളിൽ പരിപൂർണ്ണമായ ജ്ഞാനം ഉണ്ടായിരുന്ന അദ്ദേഹം വിശിഷ്ടമായ ഒരു ഗ്രന്ഥം രചിച്ചു. ദൈവികമായ ഉപ്പുകൊണ്ടു സ്വാദേററിയതും സന്യാശ്രമ ജീവിതക്രമത്തിന്റെ അടിസ്ഥാനഘടകങ്ങളാൽ രൂപപ്പെട്ടതും ആയിരുന്ന ഇതിൽ പഴയ ഉടമ്പടിയിലെയും പുതിയ ഉടമ്പടിയിലെയും

8. ആദിമസഭാ. 126-7.



ആശയങ്ങളെല്ലാം ചെറിയ ഉപദേശങ്ങളുടെ രൂപത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു-ഏററവും കുറഞ്ഞത് സന്യാസികളുടെ സവിശേഷമായ ആവശ്യങ്ങളോടു ബന്ധപ്പെട്ട എല്ലാ ആശയങ്ങളും. ഈ ഗ്രന്ഥം അദ്ദേഹം തന്റെ മരണദിനത്തിൽ തന്റെ പൈതൃക സമ്പത്ത് എന്നപോലെ തന്റെ സഹോദരന്മാർക്കു നല്കി.[9]

## 10. മക്കാരിയൂസ്

അത്ഭുതപ്രവർത്തനങ്ങൾക്കും സുകൃതകൃത്യങ്ങൾക്കും പ്രശസ്തനായ ഈജിപ്ഷ്യൻ സന്യാസി മക്കാരിയൂസ് തന്നെക്കാൾ പ്രായംകുറഞ്ഞ സന്യാസിമാരെ സംബോധന ചെയ്തുകൊണ്ട് ഒരു ലേഖനം എഴുതി. ആ ലേഖനത്തിൽ അദ്ദേഹം അവരെ ഇങ്ങനെ പഠിപ്പിക്കുന്നു: 'സൃഷ്ടിയുടെ സ്വഭാവം മനസ്സിലാക്കിക്കൊണ്ട് എല്ലാ പ്രയത്നങ്ങൾക്കും സ്വയം സമർപ്പിക്കുകയും ഈ ജീവിതത്തിൽ സുഖകരമായിട്ടുള്ള സകലതിനോടും മല്ലിട്ടുകൊണ്ടും അതേസമയം ദൈവത്തിന്റെ സഹായം അപേക്ഷിച്ചുകൊണ്ടും സ്വാഭാവികമായ പരിശുദ്ധി നേടുകയും പ്രകൃതിയിൽനിന്നു നേടിയ അർഹതയുള്ള ഒരു സമ്മാനം എന്നവിധം ആത്മനിയന്ത്രണം കൈവരിക്കുകയും ചെയ്യുന്നവനു ദൈവത്തെ കുററമററവിധം സേവിക്കാൻ കഴിയും.[10]

## 11. എവാഗ്രിയസ്

എവാഗ്രിയസ് സന്യാസി മുകളിൽപ്പറഞ്ഞ മക്കാരിയൂസിന്റെ ഏററവും പ്രിയപ്പെട്ട ശിഷ്യനായിരുന്നു. ഇദ്ദേഹം വി. ലിഖിതങ്ങളിലും ലൗകികസാഹിത്യത്തിലും വിദ്യാഭ്യാസം നേടുകയും അവയിൽ പ്രശസ്തനാകുകയും ചെയ്തു. 'പിതാക്കന്മാരുടെ ജീവചരിത്രം' എന്ന ഗ്രന്ഥം ഏററവും സംയമിയും പണ്ഡിതനുമായ ഒരു വ്യക്തിയായിട്ടാണ് ഇദ്ദേഹത്തെ പരാമർശിക്കുന്നത്. സന്യാസിമാർക്കുപയോഗപ്രദമായ പലതും ഇദ്ദേഹം എഴുതിയിട്ടുണ്ട്. 'എട്ടു പ്രധാന പാപങ്ങൾക്കെതിരായിട്ടുള്ള നിർദ്ദേശങ്ങൾ' എന്നത് അക്കൂട്ടത്തിൽപ്പെടും. ഈ എട്ടെണ്ണത്തെ ആദ്യമായി പരാമർശിച്ച എഴുത്തുകാരൻ ഇദ്ദേഹമാണ്. അഥവാ വി. ലിഖിതത്തിലെ സാക്ഷ്യങ്ങളിൽനിന്നുതന്നെ രൂപംകൊടുത്ത എട്ടു ഗ്രന്ഥങ്ങളെ അവയ്ക്കെതിരായി അണിനിരത്തി

9. അതേകൃതി. 126.    10. അതേകൃതി, 127

www.malankaralibrary.com



അവയെക്കുറിച്ചു പഠിപ്പിച്ച ആദ്യത്തെയാളുകളിൽ ഒരാളെങ്കിലുമായിരുന്നു ഇദ്ദേഹം. ഈ നടപടി നമ്മുടെ കർത്താവിന്റെ മാതൃക അനുകരിച്ചുള്ളതുതന്നെ. അവിടുന്ന് പ്രലോഭകനെ എപ്പോഴും നേരിട്ടിരുന്നത് വി. ലിഖിതത്തിൽനിന്നുള്ള ഉദ്ധരണങ്ങൾ കൊണ്ടാണല്ലോ. പിശാചിന്റെയോ അധഃപതിച്ച മനുഷ്യസ്വഭാവത്തിന്റെയോ വാദങ്ങൾ ഓരോന്നിനും എതിരായ ഉദ്ബോധനങ്ങൾ വി. ലിഖിതത്തിൽ ഉണ്ടെന്ന് അവിടുന്നു വ്യക്തമാക്കി. ഈ കൃതി വേണ്ടപ്പെട്ടവരുടെ നിർദ്ദേശമനുസരിച്ച് ഞാൻ ലത്തീനിലേയ്ക്കു തർജ്ജമ ചെയ്തിട്ടുണ്ട്. ഗ്രീക്കുഭാഷയിലെ മൂലഗ്രന്ഥത്തിന്റെ ലാളിത്യം അതേപടി നിലനിർത്തിക്കൊണ്ടാണ് ഞാൻ തർജ്ജമ നിർവഹിച്ചിട്ടുള്ളത്.[11]

'ആറുഭാവവൃത്തികൾ' [12] എന്ന ഒരു ഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. സന്യാസികളായി ജീവിക്കുന്ന സാധാരണക്കാരെ ഉദ്ദേശിച്ചാണ് ഇതിന്റെ രചന. പണ്ഡിതന്മാരെയും പഠനശീലന്മാരെയും ഉദ്ദേശിച്ചുള്ള 'അമ്പതുഭാവവൃത്തികൾ' എന്ന മറെറാരു കൃതിയുമുണ്ട്.[13] അത് ആദ്യമായി ലത്തീനിലേയ്ക്കു തർജ്ജമ ചെയ്തതു ഞാനാണ്. ഞാൻ തർജ്ജമ ചെയ്ത ആദ്യഗ്രന്ഥം കുറെ ഭാഗങ്ങൾ വീണ്ടും തർജ്ജമ ചെയ്തും കുറെ ഭാഗങ്ങൾ തിരുത്തിയും ഞാൻ പരിഷ്കരിച്ചു. ഗ്രന്ഥകാരന്റെ ശരിയായ വിവക്ഷിതം ലഭ്യമാകുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്. കാരണം, ആദ്യ തർജ്ജമ കാലഗതിയിൽ ദൂഷിതവും കലുഷിതവുമായിത്തീർന്നു എന്നെനിക്കു തോന്നി. സെനൊബീത്തരും സിനൊദീത്തരുമായവരുടെ കൂട്ടജീവിതത്തിനുപയുക്തമായ തത്വങ്ങൾ അടങ്ങുന്ന ഒരു പുസ്തകവും ദൈവത്തിനു സമർപ്പിതരായ കന്യകമാർക്കുവേണ്ടി അവരുടെ ജീവിതത്തിനും സ്ത്രീത്വത്തിനും ഉപയുക്തമായ മറെറാരു പുസ്തകവും ഇദ്ദേഹം രചിച്ചു. അവ്യക്തമായ തത്വങ്ങൾ പ്രതിപാദിക്കുന്ന ഒരു സമാഹാരവും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സന്യാസികളുടെ ഹൃദയങ്ങൾക്കേ അതിലെ ആശയങ്ങൾ പിടികിട്ടൂ എന്ന് ഗ്രന്ഥകാരൻ തന്നെ പറയുന്നുണ്ട്. ഇതും ഞാൻ ലത്തീനിൽ പ്രസിദ്ധീകരിച്ചു.[14] ഇദ്ദേഹം അടയാളങ്ങളിലും അത്ഭുതങ്ങളിലും കരുത്തനായി വാർദ്ധക്യംവരെ ജീവിച്ചു.

---

11. 'Antirrhetikos' എന്ന ഗ്രന്ഥം: ആദിമസഭാ. 129-130.
12. Praktikose: അതേകൃതി 130.
13. Gnostikos: അതേസ്ഥലം
14. "Problemata Gnostica:" അതേസ്ഥലം



## 12. മൊപ്സുവെസ്ത്യായിലെ തിയഡോർ

അന്ത്യോക്യയിലുള്ള സഭയിലെ ഒരു പ്രെസ്ബിറററായിരുന്ന തിയഡോർ ശ്രദ്ധാപൂർണ്ണനായ ഒരന്വേഷകനും സമർത്ഥനായ വാഗ്മിയും ആയിരുന്നു. ഇദ്ദേഹം അപ്പൊള്ളിനാരിയർക്കും അനോമയർക്കും[15] എതിരായി 'കർത്താവിന്റെ തിരു അവതാരത്തെക്കുറിച്ച്' എന്ന ഗ്രന്ഥം രചിച്ചു. പതിനഞ്ചു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിൽ പതിനയ്യായിരത്തോളം വാക്യങ്ങളാണുള്ളത്. ഏററവും സ്പഷ്ടമായ യുക്തികളും വി. ലിഖിതത്തിലെ സാക്ഷ്യങ്ങളും കൊണ്ട്, നമ്മുടെ കർത്താവായ യേശുവിന് ദൈവത്വത്തിന്റെ പൂർണതയും മനുഷ്യത്വത്തിന്റെ പൂർണ്ണതയും ഉണ്ട് എന്ന് ഈ കൃതിയിൽ ഗ്രന്ഥകാരൻ സ്ഥാപിച്ചിരിക്കുന്നു. മനുഷ്യനിൽ രണ്ടു ഘടകങ്ങളാണുള്ളത് എന്ന് അദ്ദേഹം പഠിപ്പിക്കുന്നു - ആത്മാവും ശരീരവും. ബോധവും ചൈതന്യവും വ്യത്യസ്ത സത്തകളല്ല, ആത്മാവിന്റെ സഹജമായ കഴിവുകളാണ്. ആ കഴിവുകൾ ആത്മാവിനെ പ്രചോദിപ്പിക്കുന്നു, യുക്തിനിഷ്ഠത നൽകുന്നു. അവ മൂലം ശരീരത്തിന് അനുഭവങ്ങൾ ഉൾക്കൊള്ളാൻ കഴിവുണ്ടാകുന്നു. കൂടാതെ, ഈ കൃതിയുടെ 14-ാം ഭാഗം, സൃഷ്ടിക്കപ്പെടാത്തതും ഏകവും ശരീരരഹിതവും എല്ലാത്തിനെയും ഭരിക്കുന്നതുമായ പരിശുദ്ധത്രിത്വത്തിന്റെ സ്വഭാവം പൂർണ്ണമായി ചർച്ചചെയ്യുന്നു. ജന്തുക്കളുടെ യുക്തിപരതയും ഗ്രന്ഥകാരന്റെ പ്രതിപാദനത്തിനു വിഷയമാകുന്നുണ്ട്. ഭക്തിപൂർണ്ണമായ രീതിയിലും വി. ലിഖിതങ്ങളെ പ്രമാണമാക്കിയുമാണ് പ്രതിപാദനം. പതിനഞ്ചാംഭാഗത്തിൽ പിതാക്കന്മാരുടെ പാരമ്പര്യങ്ങൾ ഉദ്ധരിച്ചു തന്റെ കൃതിയിലെ ആശയങ്ങളെ ഉറപ്പിക്കുകയും ഭദ്രമാക്കുകയും ചെയ്യുന്നു.[16]

## 13. പ്രുദെൻസ്യൂസ്

പ്രുദെൻസ്യൂസ് മതേതര സാഹിത്യത്തിൽ നിഷ്ണാതനായിരുന്നു. ഇദ്ദേഹം പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള കുറെ ചരിത്രപുരുഷന്മാരെക്കുറിച്ച് 'ദിത്തോക്കൊയോൻ[17] എന്ന കൃതി രചിച്ചു. ഗ്രീക്കുകാരുടെ സമ്പ്രദായമനുസരിച്ച് 'സൃഷ്ടിയുടെ ആറു ദിവസങ്ങളെക്കുറിച്ച്' എന്ന

---

15. ആരിയന്മാരുടെ ഒരു വിഭാഗം. 16. ആദിമസഭാ. 192-209.
17. Dittochaeon. ചില കൈയ്യെഴുത്തുപ്രതികളിൽ Trocheum എന്നും കാണുന്നു.

www.malankaralibrary.com



പുസ്തകവും എഴുതി. ലോകസൃഷ്ടിമുതൽ ആദിമനുഷ്യൻെറ സൃഷ്ടിയും അവൻെറ വീഴ്ചയും വരെയുള്ള കാര്യങ്ങൾ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. 'അപ്പോതെയോസിസ്', സിക്കോമാക്കിയാ', 'ഹാമർതിജേനിയാ', എന്നിങ്ങനെ ഗ്രീക്കിൽ പേരു കൊടുത്തവയും 'ദൈവത്വത്തെക്കുറിച്ച്' 'ആദ്ധ്യാത്മിക സംഘഷ്ത്തെക്കുറിച്ച്', 'പാപത്തിൻെറ ഉത്ഭവത്തെക്കുറിച്ച്' എന്നീ നാമങ്ങൾ ഉള്ളവയുമായ ലഘുകൃതികളും ഈ പ്രുദെൻസ്യൂസ് രചിച്ചിട്ടുണ്ട്. 'രക്തസാക്ഷികളെ സ്തുതിച്ചുകൊണ്ട്' എന്ന കൃതി രക്തസാക്ഷിത്വത്തിലേയ്ക്കുള്ള ഒരു നിമന്ത്രണമാണ്. അനേകം രക്തസാക്ഷികളുടെ മാതൃകകൾ അതിൽ ഉദ്ധരിച്ചിരിക്കുന്നു. വിഗ്രഹാരാധനയെ അനുകൂലിച്ച 'സിമ്മാക്കുസിനെതിരേ' എന്ന ഗ്രന്ഥവുമുണ്ട്. പലാത്തീനുസ് ഒരു യോദ്ധാവായിരുന്നുവെന്ന് അതിൽനിന്നു മനസ്സിലാകുന്നു.[18]

## 14. ഔദെൻസ്യൂസ്

സ്പെയിനിലെ മെത്രാനായിരുന്ന ഔദെൻസ്യൂസ് മാനിക്കേയരെയും സബെല്ലിയരെയും ആര്യന്മാരെയും വളരെ പ്രത്യേകമായി, ഇപ്പോൾ ബോനോസിയാസ്യർ എന്നു വിളിക്കപ്പെടുന്ന ഫൊതീനിയരെയും എതിർത്തുകൊണ്ട് ഒരു ഗ്രന്ഥം രചിച്ചു. 'വിശ്വാസത്തെക്കുറിച്ച് പാഷണ്ഡികൾക്കെതിരേ' എന്നാണ് ഇതിനദ്ദേഹം കൊടുത്ത പേരു്. പുത്രൻ പിതാവിനോടൊപ്പം നിത്യനാണെന്നും, ദൈവികപ്രവർത്തനത്താൽ ഗർഭം ധരിക്കപ്പെട്ട് യഥാർത്ഥ മനുഷ്യസ്വഭാവത്തോടുകൂടി കന്യകാമറിയത്തിൽനിന്നു ജാതനായപ്പോൾ ദൈവത്വത്തിൻെറ ആരംഭം പിതാവായ ദൈവത്തിൽനിന്ന് സ്വീകരിച്ചതല്ലെന്നും പ്രസ്തുത ഗ്രന്ഥത്തിൽ അദ്ദേഹം പ്രതിപാദിക്കുന്നു.

## 15. കൊമ്മോഡിയൻ

കൊമ്മോഡിയൻ മതേതര സാഹിത്യരംഗത്തു പ്രവർത്തിച്ചിരുന്ന അവസരത്തിൽത്തന്നെ നമ്മുടെ ലിഖിതങ്ങൾ വായിക്കുകയും സന്ദർഭം കിട്ടിയപ്പോൾ വിശ്വാസം സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം ഒരു ക്രിസ്ത്യാനിയായിത്തീർന്നതിനു ശേഷം, തൻെറ പഠനങ്ങളുടെ ഫലം തൻെറ രക്ഷയുടെ കാരണ-

18. ലത്തീൻ, 93-94.



ക്കാരനായ ക്രിസ്തുവിനു സമർപ്പിക്കുന്നതിനുവേണ്ടി 'അവിശ്വാസികൾക്കെതിരേ' എന്ന ഗ്രന്ഥം ഇദ്ദേഹം രചിച്ചു. സാമാന്യം സഹനീയമായ അദ്ധ്-പദ്യവത്കൃതഭാഷയിലാണ് ഇതിൻെറ രചന. നമ്മുടെ സാഹിത്യത്തെക്കുറിച്ച് നല്ല പിടിപാടില്ലാതിരുന്നതുകൊണ്ട് നമ്മുടെ വിശ്വാസസത്യങ്ങൾ സമർത്ഥിക്കുക എന്നതിലധികം അക്രൈസ്തവ വിശ്വാസങ്ങളെ ഖണ്ഡിക്കുന്ന വിഷയത്തിലാണ് ഗ്രന്ഥകാരൻ വിജയിച്ചിട്ടുള്ളതു്. ദൈവികമായ എതിർ വാഗ്ദാനങ്ങളെ സംബന്ധിച്ച് അവരെ എതിർക്കുന്ന സന്ദർഭത്തിൽ വേണ്ടത്ര ദയനീയവും ഒരു തരത്തിൽ പറഞ്ഞാൽ പരുക്കനുമായ രീതിയിൽ പ്രതിപാദനം നിർവ്വഹിച്ച് ഇദ്ദേഹം അവർക്ക് അമ്പരപ്പും നമുക്കു നിരാശയും ഉളവാക്കി. തെർത്തുല്യനെയും ലാക്താൻസ്യൂസിനെയും പപ്പിയാസിനെയും പ്രാമാണികന്മാരായി അംഗീകരിച്ചുകൊണ്ട് അദ്ദേഹം നല്ല ധാർമ്മികതത്ത്വങ്ങൾ, പ്രത്യേകിച്ചും ദാരിദ്ര്യത്തോട് സ്വാഭാവികമായ താല്പര്യം, സ്വീകരിക്കുകയും അവ തൻെറ വിദ്യാർത്ഥികൾക്കു പകർന്നു കൊടുക്കുകയും ചെയ്തു.[19]

## 16. ഫൗസ്തീനുസ്

പ്രെസ്ബിററർ ഫൗസ്തീനുസ് ഫ്ളാച്ചില്ലാ രാജ്ഞിയെ സംബോധന ചെയ്തുകൊണ്ട് 'ആര്യർക്കും മാസിഡോണിയക്കും എതിരേ' എന്ന പേരിൽ ഏഴു പുസ്തകങ്ങൾ എഴുതി. ആശയങ്ങൾ വളച്ചൊടിച്ച് ദൈവദൂഷണപരമായി വാദിക്കാൻവേണ്ടി വി. ലിഖിതത്തിലെ ഏതെല്ലാം ഭാഗങ്ങളാണോ അവർ ഉപയോഗിച്ചിരുന്നതു് അവ തന്നെ ഉപയോഗിച്ചു വാദിച്ചുകൊണ്ട് അവരെ ഫൗസ്തീനുസ് കുററപ്പെടുത്തി. മർസെല്ലീനുസ് എന്ന മറെറാരു പ്രെസ്ബിററുമായി സഹകരിച്ച് വലൻറീനിയൻ, തിയഡോഷ്യസ്, അക്കേഡിയസ് എന്നീ ചക്രവർത്തിമാരെ സംബോധന ചെയ്തുകൊണ്ട് ഒരു ഗ്രന്ഥം ഇദ്ദേഹം രചിച്ചു. തങ്ങളുടെ സഹവിശ്വാസികളായ ക്രൈസ്തവരെ അനുകൂലിച്ചുകൊണ്ടുള്ളതായിരുന്നു ആ ഗ്രന്ഥം. ലൂസിഫേറിയൻ ശീശ്മയെ[20] ഫൗസ്തീനുസ് അനുകൂലിച്ചിരുന്നുവെന്നാണ് ഈ കൃതിയിൽനിന്നു മനസ്സിലാകുന്നതു്. ഇതിൽ അദ്ദേഹം പ്വതിയേയിലെ ഹിലരിയെയും റോമിലെ മെത്രാനായ ഡമാസൂസിനെയും സഭയ്ക്കു ദുരുപദേശം കൊടുക്കുന്നതിൻെറ പേരിൽ കുററപ്പെടുത്തുന്നുണ്ട്. സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി

19. അതേകൃതി, 40. 20. അതേകൃതി, 29.

www.malankaralibrary.com



വിശ്വാസ ത്യാഗികളായ മെത്രാന്മാരെ സഭയുടെ ഐക്യത്തിലേക്കു സ്വീകരിക്കണം എന്ന് അവർ പറഞ്ഞതാണ് ദുരുപദേശമായി ചിത്രീകരിക്കപ്പെടുന്നത്. റിമിനി സിനഡിൽവച്ച് ആരിയരുമായി സഹകരിച്ചവരെ സ്വീകരിക്കുന്നത് ലൂസിഫേറിയർക്ക് വളരെ അരോചകമായിരുന്നു. പശ്ചാത്തപിക്കുന്ന മതത്യാഗികളെ സ്വീകരിക്കുന്നത് നൊവേഷ്യർക്കും അരോചകമത്രേ.[21]

## 17. റൂഫീനൂസ്

അക്വിലെയായിലെ സഭയിൽ പ്രെസ്ബിററായിരുന്ന റൂഫീനൂസ് സഭാപിതാക്കന്മാരിൽ അപ്രധാനനല്ലാത്ത ഒരാളത്രേ. ഗ്രീക്കിൽനിന്ന് ലത്തീനിലേക്ക് സുന്ദരമായി തർജ്ജമ ചെയ്യാനുള്ള സവിശേഷമായ ഒരു വാസന ഇദ്ദേഹത്തിനു സ്വായത്തമായിരുന്നു. ഈ വഴിക്ക് ഇദ്ദേഹം ഗ്രീക്കുസാഹിത്യത്തിലെ നല്ലൊരുഭാഗം. ലത്തീൻ സംസാരിക്കുന്ന സഭയ്ക്കു തുറന്നുകൊടുത്തു. കപ്പദോഷ്യയിലുള്ള കൈസറിയായിലെ ബേസിൽ, ഏററവും വലിയ വാഗ്മിയായ ഗ്രിഗറി നസ്യാൻസൻ എന്നിവരുടെ കൃതികൾ, റോമിലെ ക്ലെമൻറിൻെറ 'തിരിച്ചറിയൽ'[22] പലസ്തീനായിലുള്ള കൈസറിയായിലെ എവുസേബിയസ് എഴുതിയ 'സഭാചരിത്രം' സിക്സ്റ്റസിൻെറ മൊഴികൾ, 'എവാഗ്രിയസിൻെറ മൊഴികൾ', രക്തസാക്ഷിയായ പംഫീലൂസിൻെറ 'ഗണിതശാസ്ത്രജ്ഞന്മാർക്കെതിരേ' എന്നിവയെല്ലാം ഈ തർജ്ജമകളിൽപ്പെടും. ഈ വിഭാഗത്തിൽപ്പെട്ട കൃതികളിൽ ആമുഖ പ്രസ്താവങ്ങളുള്ളവയെല്ലാം റൂഫീനൂസിൻെറ തർജ്ജമകളാണ്. എന്നാൽ ആമുഖങ്ങളില്ലാത്തവ ആമുഖം എഴുതാനിഷ്ടപ്പെടാത്ത മറേറതോ വ്യക്തിയുടെ തർജ്ജമയത്രേ. ഒരിജൻെറ കൃതികളുടെ തർജ്ജമകളെല്ലാം റൂഫീനൂസിൻെറ വകയല്ലെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, അവയിൽ ചിലതു ജറോം ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്. അവ അദ്ദേഹത്തിൻെറ ആമുഖലേഖനങ്ങൾകൊണ്ടു തിരിച്ചറിയുകയും ചെയ്യാം. റൂഫീനൂസ്, ദൈവത്തിൻെറ അനുഗ്രഹത്താൽ, സ്വന്തം രചനയായി 'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൻെറ ഭാഷ്യം' എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിനോടു താരതമ്യപ്പെടുത്തുമ്പോൾ ആ വിഷയത്തിലുള്ള മററു കൃതിക-

21. അതേകൃതി, 34-35.    22. Recognitions



ളെല്ലാം നിരുപയോഗമായിപ്പോകുമാറ് അത്ര വിശിഷ്ടമായ ഒരു കൃതിയാണത്. യാക്കോബ് ഗോത്രപിതാക്കൾക്കു നല്കിയ അനുഗ്രഹത്തെക്കുറിച്ചു ഇദ്ദേഹം ഒരു ഗ്രന്ഥം രചിച്ചു. ചരിത്രപരം, ധാർമ്മികം, ആദ്ധ്യാത്മികം എന്ന് മൂന്നുതരം വീക്ഷണങ്ങളോടുകൂടിയാണ് ഈ കൃതി രചിച്ചിട്ടുള്ളത്. ദൈവഭയം വേണമെന്ന് ഉദ്ബോധിപ്പിക്കുന്ന പല ലേഖനങ്ങളും ഇദ്ദേഹം എഴുതിയിട്ടുണ്ട്. അവയിൽ 'പ്രോബ'സ്സ് എഴുതിയവയാണ് ഏററവും ഉത്കൃഷ്ടം. എവുസേബിയസ് എഴുതിയതും ഇദ്ദേഹം തർജ്ജമ ചെയ്തതുമായ ഒരു സഭാചരിത്രത്തിൻെറ കാര്യം നാം മുമ്പു പറഞ്ഞല്ലോ. ആ ഗ്രന്ഥത്തിന് പത്താമത്തെയും പതിനൊന്നാമത്തെയും ഭാഗങ്ങൾ ഇദ്ദേഹം എഴുതിച്ചേർത്തു. ഇതിനു പുറമേ, തൻെറ കൃതികളെ പ്രതികൂലമായി വിമർശിച്ച ഒരെഴുത്തുകാരനുള്ള പ്രത്യാഖ്യാനവും ഇദ്ദേഹം എഴുതിയിട്ടുണ്ട്. രണ്ടു വാല്യങ്ങളുള്ള ആ കൃതിയിൽ, താൻ തൻെറ വാസനകൾ ഉപയോഗപ്പെടുത്തിയതു് കർത്താവിൻെറ സഹായത്തോടുകൂടിയും ദൈവസന്നിധിയിലും സഭയുടെ നന്മയ്ക്കുവേണ്ടിയും ആണെന്നും അതേ സമയം തൻെറ എതിരാളി അസൂയയാൽ പ്രേരിതനായി തക്കത്തിനു പുറപ്പെട്ടിരിക്കുകയാണെന്നും വാദിക്കുകയും സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.[23]

## 18. തിക്കോണിയുസ്

ആഫ്രിക്കാദേശക്കാരനായിരുന്ന തിക്കോണിയുസ് ആദ്ധ്യാത്മിക സാഹിത്യത്തിൽ വേണ്ടുവോളം പണ്ഡിതനും ഭൗതിക സാഹിത്യത്തിൽ സാമാന്യം പരിചയമുള്ളവനും ആയിരുന്നു എന്നു പറയപ്പെടുന്നു. സഭയുടെ കാര്യങ്ങളിൽ ഇദ്ദേഹം തീക്ഷ്ണമതിയായിരുന്നു. 'ആന്തരികസമരം' 'വിവിധ വിഷയങ്ങളുടെ വിശദീകരണം' എന്നീ ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതി. ഇവയിൽ, തൻെറ സുഹൃത്തുക്കളെ നീതീകരിക്കുന്നതിനായി ഇദ്ദേഹം പ്രാചീന സൂനഹദോസുകളുടെ തീരുമാനങ്ങൾ ഉദ്ധരിക്കുന്നു. ഇവയിൽനിന്നെല്ലാം ഇദ്ദേഹം ഒരു ഡൊണാററിസ്ററ് ആയിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു. 'വി. ലിഖിതങ്ങളുടെ അർത്ഥം അന്വേഷിക്കാനും ഉറപ്പുവരുത്താനുമുള്ള എട്ടു നിയമങ്ങൾ' എന്ന ഒററവാല്യത്തിലുള്ള ഒരു കൃതിയും ഇദ്ദേഹം രചിച്ചു. യോഹന്നാൻെറ വെളിപാടിന് മുഴുവനായി

23. ലത്തീൻ. 86-89.

www.malankaralibrary.com



ഒരു വ്യാഖ്യാനവും ഇദ്ദേഹം എഴുതിയിട്ടുണ്ട്. വെളിപാടിലുള്ള പ്രസ്താവങ്ങൾ ഒന്നും ഭൗതികാർത്ഥത്തിലുള്ളവയല്ല, എല്ലാം ആദ്ധ്യാത്മികാർത്ഥത്തിലുള്ളവയാണ് എന്ന വീക്ഷണത്തിലാണു വ്യാഖ്യാനം. ഈ കൃതിയിൽ മാലാഖാമാരുടെ സ്വഭാവം ശാരീരികമാണെന്നാണ് ഇദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്. കൂടാതെ, പുനരുത്ഥാനത്തിനുശേഷം ഈ ലോകത്തിൽ നീതിമാന്മാരുടെ ആയിരം കൊല്ലത്തെ ഭരണം ഉണ്ടായിരിക്കും എന്ന കാര്യത്തിൽ ഇദ്ദേഹം സംശയം പ്രകടിപ്പിക്കുന്നു. നീതിമാന്മാരുടെയും നീതികെട്ടവരുടെയും എന്ന് മരിച്ചവർക്ക് രണ്ടു ശാരീരിക പുനരുത്ഥാനങ്ങൾ ഉണ്ടാകും എന്ന കാര്യത്തിലും സംശയം പ്രകടിപ്പിക്കുന്നു. എല്ലാവരുടെയും പുനരുത്ഥാനം ഒരുമിച്ചു സംഭവിക്കുമെന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. ആ സന്ദർഭത്തിൽ ഗർഭഛിദ്രമുണ്ടായവരും അംഗവൈകല്യമുള്ളവരും ഉയിർത്തുവരും. എന്തു വൈകൃതമുള്ളവരാണെങ്കിലും ഒരു മനുഷ്യജീവിയും നഷ്ടപ്പെടാൻ പാടില്ലല്ലോ.

എന്നാൽ രണ്ടു പുനരുത്ഥാനങ്ങളെ ഗ്രന്ഥകാരൻ വേർതിരിച്ചു കാണുന്നുണ്ട്: ആദ്യത്തേതിനെ നീതിമാന്മാരുടെ വെളിപാട് എന്ന് അദ്ദേഹം വിളിക്കുന്നു. സഭയുടെ വളർച്ചയിൽ സംഭവിക്കുന്നതാണത്. വിശ്വാസത്താൽ നീതീകരിക്കപ്പെട്ട് വ്യക്തികൾ ജ്ഞാനസ്നാനംവഴി പാപങ്ങളാകുന്ന മൃതശരീരങ്ങളിൽനിന്ന് നിത്യജീവിതസേവനത്തിനായി ഉയിർപ്പിക്കപ്പെടുന്നു. രണ്ടാമത്തേത് എല്ലാ മനുഷ്യർക്കും പൊതുവായിട്ടുള്ള ശരീരത്തിന്റെ ഉയിർപ്പ്. മുകളിൽ പറഞ്ഞ റൂഫീനുസിന്റെതന്നെ കാലത്ത് തിയഡോഷ്യസിന്റെയും പുത്രന്മാരുടെയും ഭരണകാലത്ത് തിക്കോണിയുസ് ജീവിച്ചിരുന്നു.[24]

## 19. സൾപീചിയുസ് സെവേരുസ്

സൾപീചിയുസ് എന്ന് അപരനാമമുള്ള പ്രെസ്ബിററായ സെവേരുസ് അക്വിററാനിയാ പ്രവിശ്യക്കാരനായിരുന്നു. ഉന്നതകുലത്തിലെ ജനനത്താലും വിശിഷ്ടമായ സാഹിത്യപ്രവർത്തനത്താലും ഇദ്ദേഹം പ്രശസ്തനായിരുന്നു. വിനീതനായ ഇദ്ദേഹത്തിനു ദാരിദ്ര്യത്തോടു സവിശേഷമായ താത്പര്യവും ഉണ്ടായിരുന്നു. ടൂർസിലെ മെത്രാനായ മാർട്ടിൻ, നോളായിലെ പൗളിനുസ് തുടങ്ങിയ വിശുദ്ധ ചരിതന്മാർക്ക് പ്രിയങ്കരനായിരുന്ന ഇദ്ദേഹം അനാദരണീയങ്ങളല്ലാത്ത പല ചെറുകൃതികൾ രചിച്ചു. ദൈവത്തെ സ്നേഹിക്കുകയും ലോകത്തെ വെറുക്കുകയും ചെയ്യണമെന്നുദ്ബോധിപ്പിച്ചുകൊണ്ട് സ്വന്തം സഹോദരിയുടെ പേർക്ക് പല കത്തുകൾ ഇദ്ദേഹം എഴുതി. ഈ കത്തുകൾ പ്രശസ്തങ്ങളാണ്. മുകളിൽപ്പറഞ്ഞ പൗളീനുസിനു രണ്ടു കത്തുകളും മററു ചിലർക്ക് വേറെ കത്തുകളും ഇദ്ദേഹം എഴുതിയിട്ടുണ്ട്. എന്നാൽ ചില കത്തുകളിൽ കുടുംബകാര്യങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് അവ പ്രസിദ്ധീകരണത്തിനായി സമാഹരിക്കപ്പെട്ടിട്ടില്ല. ഒരു 'സംഭവവിവരണ'വും ഇദ്ദേഹം രചിച്ചിട്ടുണ്ട്. 'വിശുദ്ധനായ മാർട്ടിന്റെ ജീവചരിത്രം' ഇദ്ദേഹം രചിച്ചതു് അനേകർക്ക് ഉപയോഗപ്രദമായി. മാർട്ടിൻ അടയാളങ്ങൾക്കും അത്ഭുതങ്ങൾക്കും സുകൃതങ്ങൾക്കും പ്രസിദ്ധനായ മനുഷ്യനായിരുന്നു. 'പൊസ്തുമിയാനുസും ഗാല്ലുസുംകൂടി നടന്ന ചർച്ച' എന്നൊരു ഗ്രന്ഥവും ഇദ്ദേഹം രചിച്ചു. പ്രസ്തുത ചർച്ചയിൽ മധ്യസ്ഥനും വിധിയാളനുമായി ഇദ്ദേഹം പ്രവർത്തിച്ചതാണ്. പൗരസ്ത്യസന്യാസിമാരുടെയും വി. മാർട്ടിന്റെയും ജീവിതരീതികൾ എന്നതായിരുന്നു ചർച്ചാവിഷയം. രണ്ടു ഭാഗങ്ങളിലുള്ള സംവാദത്തിന്റെ രൂപത്തിലാണു ഗ്രന്ഥം. ഒന്നാം ഭാഗത്തിൽ, തന്റെ കാലത്തുതന്നെ നടന്ന അലക്സാണ്ഡ്രിയായിലെ സിനഡിൽ മെത്രാന്മാർ പുറപ്പെടുവിച്ച ഒരു ഡിക്രിയെക്കുറിച്ച് ഗ്രന്ഥകാരൻ പറയുന്നുണ്ട്. വിവേകമുള്ളവർ ഒരിജന്റെ കൃതികൾ അതിലെ നന്മകൾ സ്വീകരിക്കാൻവേണ്ടി കരുതലോടെ വായിക്കണം എന്നും വിവേകം കുറഞ്ഞവർ അവയിലെ തിന്മകൾ കാരണം അതു തിരസ്കരിക്കണമെന്നുമാണ് ഡിക്രി നിർദ്ദേശിക്കുന്നത്.

സെവേരുസിനെ തന്റെ വാർദ്ധക്യത്തിൽ പെലാജിയർ വഴിതെററിച്ചു. പിന്നീട് അതിഭാഷണത്തിലെ തെററു മനസ്സിലാക്കിക്കൊണ്ട് മരണംവരെ മൗനിയായിക്കഴിഞ്ഞു. അതിഭാഷണം മൂലം വരുത്തിവച്ച വിനകൾക്ക് പശ്ചാത്താപപൂർണ്ണമായ മൗനംമൂലം പ്രായശ്ചിത്തം ചെയ്യണം എന്ന ആഗ്രഹം നിമിത്തമാണ് ഇങ്ങനെ ചെയ്തതു്[25]

24. അതേകൃതി, 47.

25. അതേകൃതി, 112–113.

www.malankaralibrary.com



## 20. അന്തിയോക്കസ്

മെത്രാനായ അന്തിയോക്കസ് 'കൊതിക്ക് എതിരേ' എന്ന ദീർഘമായ ഗ്രന്ഥവും 'കുരുടനു സൗഖ്യം നൽകിയതിനെപ്പറ്റി' എന്ന ഒരു പ്രസംഗവും രചിച്ചു. നമ്മുടെ കർത്താവു കുരുടനു കാഴ്ച നൽകിയതിനെക്കുറിച്ചുള്ള ഒരു പ്രസംഗം ദിവ്യമായ പശ്ചാത്താപബോധവും വിനയവും നിറഞ്ഞതത്രേ. ഇദ്ദേഹം അർക്കേഡിയസ് ചക്രവർത്തിയുടെ കാലത്തു മരിച്ചു.

## 21. ഗാബാലായിലെ സെവേരിയൻ

ഗാബാലായിലെ സഭയിലെ മെത്രാനായ സെവേരിയൻ ഒരു വേദപുസ്തക പണ്ഡിതനായിരുന്നു. അദ്ദേഹം വളരെ നന്നായി പ്രസംഗിച്ചിരുന്നു. ഇക്കാരണത്താൽ കോൺസ്റ്റാന്റിനോപ്പിളിൽ പ്രസംഗിക്കാൻ അവിടത്തെ മെത്രാനായ ജോണും അർക്കേഡിയസ് ചക്രവർത്തിയും അദ്ദേഹത്തെ കൂടെക്കൂടെ ക്ഷണിച്ചിരുന്നു. ഇദ്ദേഹത്തിന്റെ 'ഗലാത്യലേഖനഭാഷ്യം' ഞാൻ വായിച്ചിട്ടുണ്ട്. അതുപോലെ 'സ്നാനവും ദനഹായും' എന്ന ആകർഷണീയമായ ചെറിയ കൃതിയും, തന്റെ ജ്ഞാനസ്നാന പുത്രനായ തിയഡോഷ്യസിന്റെ ഭരണകാലത്ത് ഇദ്ദേഹം ദിവംഗതനായി. [26]

## 22. റെമേസിയാനായിലെ നിസേറാസ്

റെമേസിയാനാ നഗരത്തിലെ മെത്രാനായിരുന്ന നിസേറാസ് [27] ലളിതവും വിശദവുമായ ഭാഷയിൽ 'സ്നാനാർത്ഥികൾക്കുള്ള ഉപദേശം' എന്ന പേരിൽ ആറു പുസ്തകങ്ങൾ എഴുതി. ജ്ഞാനസ്നാനത്തിന്റെ ദൈവവരപ്രസാദം നേടാൻ ആഗ്രഹിക്കുന്ന അർത്ഥികൾ എങ്ങനെ പെരുമാറണം എന്ന് ഇവയിൽ ആദ്യത്തെ പുസ്തകം പ്രതിപാദിക്കുന്നു. രണ്ടാം പുസ്തകം ബന്ധങ്ങളിലെ തെറ്റുകളെക്കുറിച്ചുള്ളതാകുന്നു. ഇതിൽ രണ്ടാളുകളുടെ കഥ ഗ്രന്ഥകാരൻ പറയുന്നുണ്ട്. തന്റെ കാലത്തിനടുത്തു

26. ആദിമസഭാ, 266-7.
27. 'റൊമാസ്യാ' നഗരമെന്നും 'നിസെയാസ് മെത്രാൻ' എന്നും ചില കയ്യെഴുത്തു പ്രതികളിൽ കാണാം; ലത്തീൻ, 68-69.



തന്നെ ജീവിച്ചിരുന്നവരാണവർ. അവരിൽ, ഒരു കുടുംബത്തിന്റെ നാഥനായിരുന്ന മെലോഡിയൂസ് തന്റെ ഔദാര്യം കാരണമായിട്ടും ഒരു കൃഷിക്കാരനായിരുന്ന ഗരാഡിയൂസ് തന്റെ ധീരത കാരണമായിട്ടും അക്രൈസ്തവരാൽ ദൈവങ്ങളായി കരുതപ്പെട്ടു. മൂന്നാമത്തെ പുസ്തകം 'ഒരു രാജാവിലുള്ള വിശ്വാസത്തെക്കുറിച്ച്' എന്നതും നാലാമത്തേത് 'വംശാവലിക്കെതിരേ' എന്നതും, അഞ്ചാമത്തേത് 'വിശ്വാസത്തെക്കുറിച്ച്' എന്നതും ആറാമത്തേത് 'പെസഹാക്കുഞ്ഞാടിന്റെ ബലി' എന്നതും ആകുന്നു. 'പതിതയായ കന്യകയോട്' എന്ന മറ്റൊരു കൃതിയുമുണ്ട്. പാപത്തിൽ വീണ എല്ലാവർക്കും മാനസാന്തരത്തിനുള്ള ഒരു പ്രേരണയാണത്.

## 23. ഒളിംപിയൂസ്

സ്പെയിൻകാരനായ ഒളിംപിയൂസ് മെത്രാൻ മനസ്സിനെയല്ലാതെ പ്രകൃതിയെ കുറ്റപ്പെടുത്തുന്നവർക്കെതിരേ വിശ്വാസസംബന്ധമായി ഒരു പുസ്തകം രചിച്ചു. പ്രകൃതിയിൽ തിന്മ കടന്നുകൂടിയതു സൃഷ്ടി വഴിയല്ല അനുസരണക്കേടു വഴിയാണ് എന്ന് അതിൽ വ്യക്തമാക്കുന്നു.

## 24. ബാക്കിയാറിയൂസ്

ക്രൈസ്തവ ദാർശനികനായിരുന്ന ബാക്കിയാറിയൂസ് ചുറുക്കും സന്നദ്ധതയുമുള്ളവനായിരുന്നു. തന്റെ സമയം ദൈവത്തിനുവേണ്ടി വിനിയോഗിക്കാൻ ആഗ്രഹിച്ച ഇദ്ദേഹം തന്റെ ലക്ഷ്യത്തിന്റെ അവികലത സംരക്ഷിക്കാൻ ഉപയുക്തമായ മാർഗ്ഗമായി സഞ്ചാരത്തെ തെരഞ്ഞെടുത്തു. ഇദ്ദേഹം സ്വീകാര്യമായ പല ചെറു കൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു പറയുന്നു. എന്നാൽ അവയിൽ 'വിശ്വാസത്തെക്കുറിച്ച്' എന്ന പേരുള്ള ഒരെണ്ണം മാത്രമേ ഞാൻ വായിച്ചിട്ടുള്ളു. തന്റെ സഞ്ചാരത്തെ തെറ്റായി ചിത്രീകരിക്കുകയും അതിനെക്കുറിച്ചു പരാതികൾ ഉന്നയിക്കുകയും ചെയ്തവർക്കെതിരായി ഇതിൽ ഇദ്ദേഹം സ്വന്തം നഗരത്തിലെ പ്രധാന പുരോഹിതൻ സമക്ഷം സ്വയം നീതീകരിക്കുന്നു. മനുഷ്യരെ ഭയന്നിട്ടല്ല, ദൈവത്തിനുവേണ്ടിയാണ് താൻ സഞ്ചരിക്കുന്നതെന്ന് ഇദ്ദേഹം വാദിക്കുന്നു. തന്റെ നാട്ടിൽനിന്നും ജനങ്ങളിൽനിന്നും അകന്നുപോകുക വഴി താൻ പൂർവ്വപിതാവായ അബ്രഹാമിന്റെ സഹഅവകാശിയായിത്തീരുന്നു എന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു.

www.malankaralibrary.com



## 25. സബ്ബാത്തിയൂസ്

ഗാള്ളിക്കൻ പ്രോവിൻസിലെ മെത്രാനായിരുന്ന സബ്ബാത്തിയൂസ്, ചാരിത്ര്യവതിയും ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടവളുമായ സെക്കൻദാ എന്ന കന്യകയുടെ അഭ്യർത്ഥനയനുസരിച്ച് 'വിശ്വാസത്തെക്കുറിച്ച്' എന്ന ഗ്രന്ഥം രചിച്ചു. മാർസിയൻ, അയാളുടെ അദ്ധ്യാപകനായ വലന്തീനൂസ്, എവുണോമിയസ് അയാളുടെ ഗുരുവായ ഏസ്യൂസ് എന്നിവർക്ക് എതിരായിട്ടുള്ളതാണ് പ്രസ്തുത ഗ്രന്ഥം. ദൈവത്വത്തിന്റെ ഉത്ഭവം ഏകമാണെന്നും ദൈവത്വത്തിന്റെ നിത്യതയുടെ കാരണക്കാരനും ഇല്ലായ്മയിൽനിന്നു ലോകത്തെ സൃഷ്ടിച്ചവനും ഒന്നുതന്നെയാണെന്നും യുക്തികൊണ്ടും, വി. ലിഖിത സാക്ഷ്യങ്ങൾകൊണ്ടും ഇതിൽ ലേഖകൻ സമർത്ഥിക്കുന്നു. അതുപോലെതന്നെ, ക്രിസ്തുവിനെ സംബന്ധിച്ച്, അവിടുന്ന് മനുഷ്യനായി പ്രത്യക്ഷപ്പെട്ടത് കേവലം ഒരു അവ്യക്ത ദർശനമായിട്ടല്ലെന്നും അവിടുത്തേയ്ക്കു യഥാർത്ഥ ശരീരമുണ്ടായിരുന്നു എന്നും ആ ശരീരംകൊണ്ട് അവിടുന്ന് തിന്നുകയും കുടിക്കുകയും ക്ഷീണിക്കുകയും കരയുകയും സഹിക്കുകയും മരിക്കുകയും മരിച്ചവരിൽനിന്ന് ഉയിർക്കുകയും ചെയ്തുവെന്നും ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. മാർസിയനും വലന്തീനൂസും ഈ അഭിപ്രായങ്ങളെ എതിർത്തിരുന്നവരാണ്. ദൈവത്വത്തിന്റെ ഉത്ഭവം ദ്വൈതമാണെന്നും ക്രിസ്തു ഒരു മിഥ്യാദർശനമായി വന്നുവെന്നും അവർ അഭിപ്രായപ്പെട്ടു. ഏസ്യൂസിനും അയാളുടെ ശിഷ്യനായ എവുണോമിയസ്സിനും സബ്ബാത്തിയൂസ് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തു: 'പിതാവും പുത്രനും രണ്ടു സ്വഭാവങ്ങളുള്ളവരല്ല. ദൈവത്വത്തിൽ അവർ തുല്യരാകുന്നു. ഒരേ സത്തയുള്ളവരും ഒരാൾ മറ്റൊരാളിൽനിന്നുത്ഭവിച്ചതും ആകുന്നു. അതായത് പുത്രൻ പിതാവിൽനിന്ന് ഉത്ഭവിച്ചു. ഒരാൾ മറ്റെയാൾക്കൊപ്പം നിത്യതയുള്ളവനത്രേ.' ഈ വിശ്വാസത്തെ ഏസ്യൂസും എവുണോമിയസും എതിർത്തു.

## 26. ഇസാക്ക്

ഇസാക്ക് 'പരിശുദ്ധത്രിത്വത്തെക്കുറിച്ച്' 'കർത്താവിന്റെ തിരുഅവതാരത്തെക്കുറിച്ച്' എന്നീ ഗ്രന്ഥങ്ങൾ എഴുതി. വളരെ അവ്യക്തമായ വാദരീതിയും കുഴഞ്ഞ ഭാഷയുമാണ് അദ്ദേഹം ഉപയോഗിച്ചത്. അദ്ദേഹത്തിന്റെ ആശയങ്ങളുടെ ചുരുക്കം ഇങ്ങനെ രേഖപ്പെടുത്താം: ഏക ദൈവത്തിൽ മൂന്നാളുകൾ ഉണ്ട്. ആ ഓരോ ആളിനും മററാളുകൾക്കില്ലാത്ത സവിശേഷതകൾ ഉണ്ട്. പിതാവിനെ സംബന്ധിച്ച് പറഞ്ഞാൽ അവിടുന്നു മററാരിൽനിന്നും ഉണ്ടാകുന്നില്ല. മററു രണ്ടു പേരും പിതാവിൽനിന്ന് ഉണ്ടാകുന്നു. പുത്രന്റെ സവിശേഷത, താൻ ജനിപ്പിക്കപ്പെട്ടവനാണെങ്കിലും ജനയിതാവിനുശേഷം ഉണ്ടായവനല്ല എന്നതാകുന്നു. പരിശുദ്ധാത്മാവിന്റെ സവിശേഷതയാകട്ടെ, താൻ സൃഷ്ടിക്കപ്പെടുകയോ ജനിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല എങ്കിലും മററുള്ളവരിൽനിന്നുള്ളവനാകുന്നു എന്നത്രേ. കർത്താവിന്റെ തിരുഅവതാരത്തെക്കുറിച്ചാണെങ്കിൽ ദൈവപുത്രൻ എന്ന വ്യക്തി ഒരാളാണെങ്കിലും തന്നിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു വിശ്വസിക്കപ്പെടുന്നു.



## 27. ഉർസീനൂസ്

സന്യാസിയായ ഉർസീനൂസ്, പാഷണ്ഡികളെ വീണ്ടും ജ്ഞാനസ്നാനപ്പെടുത്തണം എന്നു വാദിക്കുന്നവരെ എതിർത്തുകൊണ്ടെഴുതി. ക്രിസ്തുവിന്റെ മാത്രം നാമത്തിലോ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലോ ജ്ഞാനസ്നാനപ്പെടുത്തപ്പെട്ട ഒരാളെ വീണ്ടും ജ്ഞാനസ്നാനപ്പെടുത്തുന്നതു ന്യായമോ ദൈവത്തിനു ബഹുമാനകരമോ അല്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. ത്രിത്വത്തിന്റെ നാമം തെററായ ആശയത്തോടുകൂടിയാണ് ഉപയോഗിച്ചത് എങ്കിലും കുഴപ്പമില്ല. പരിശുദ്ധ ത്രിത്വത്തെയും ക്രിസ്തുവിനെയും ഏററുപറഞ്ഞ ഒരാളുടെ തലയിൽ ഒരു കത്തോലിക്കാ വൈദികൻ കൈവച്ചാൽ അതു രക്ഷയ്ക്കു വേണ്ടുവോളമാണ് എന്ന് അദ്ദേഹം കരുതുന്നു.

## 28. മക്കാരിയൂസ്

മറ്റൊരു സന്യാസിയായ മക്കാരിയൂസ് റോമിൽവച്ച് 'ഗണിതശാസ്ത്രജ്ഞന്മാർക്കെതിരേ' എന്ന പേരിൽ ഗ്രന്ഥങ്ങൾ എഴുതി. ആ പ്രയത്നത്തിൽ അദ്ദേഹം പൗരസ്ത്യമായ ലിഖിതങ്ങളുടെ സഹായം തേടി.

## 29. ഹെലിയൊദോറൂസ്

അന്ത്യോക്യയിലെ പ്രെസ്ബിററായിരുന്ന ഹെലിയൊദോറൂസ് വി. ലിഖിതങ്ങളിൽനിന്നു ശേഖരിച്ച ആശയങ്ങൾ ചേർത്ത് 'കന്യാത്വത്തെക്കുറിച്ച്' എന്ന വിശിഷ്ടമായ ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

www.malankaralibrary.com


## 30. ജോൺ[28]

ജോൺ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായിരുന്നു. അത്ഭുതകരമായ പാണ്ഡിത്യവും ജീവിതവിശുദ്ധിയും ഉള്ള, എല്ലാത്തരത്തിലും അനുകരണീയനായിരുന്ന ഇദ്‌ദേഹം, ദൈവിക കാര്യങ്ങളിൽ താല്പര്യമുള്ള എല്ലാവർക്കും വളരെ ഉപയോഗപ്രദമായ അനേകം കൃതികൾ രചിച്ചു. താഴെ പറയുന്നവ അക്കൂട്ടത്തിൽപ്പെടുന്നു: 'ആത്മാവിന്റെ പശ്ചാത്താപത്തെക്കുറിച്ച്' ഒരു പുസ്തകം, 'ആരും അവനവനാൽത്തന്നെയല്ലാതെ ഉപദ്രവിക്കപ്പെടുന്നില്ല', 'അനുഗൃഹീതനായ പൗലോസ് അപ്പസ്തോലനെ സ്തുതിച്ചുകൊണ്ട്', വിശിഷ്ടമായ ഒരു പുസ്തകം, പ്രെട്ടോറിയൻ പ്രീഫെക്ടായ 'എവുത്രോപ്പിയൂസിന്റെ അതിക്രമങ്ങളെയും ദുഷ്കീർത്തിയെയുംകുറിച്ച്.' ഞാൻ മുമ്പു പറഞ്ഞതുപോലെ ഇദ്ദേഹത്തിന്റെ കൃതികൾ വേറെയും പലതുമുണ്ട്. ഉത്സാഹശാലികൾക്ക് അവ കണ്ടെത്താൻ കഴിയും.

## 31. ജറുസലേമിലെ ജോൺ

ജറുസലെമിലെ മെത്രാനായിരുന്ന മറ്റൊരു ജോൺ, തന്റെ പഠനങ്ങളെ അപഹസിച്ചവർക്കെതിരായി ഒരു ലഘുഗ്രന്ഥം രചിച്ചു. താൻ ഒരിജന്റെ പ്രതിഭയെ അനുഗമിക്കുന്നുവെന്നും എന്നാൽ അദ്ദേഹത്തിന്റെ വിശ്വാസത്തെ അനുവർത്തിക്കുന്നില്ലെന്നും അതിൽ അദ്ദേഹം വ്യക്തമാക്കുന്നു.

## 32. പൗലോസ്

മെത്രാനായ പൗലോസ് 'പശ്ചാത്താപത്തെക്കുറിച്ച്' എന്ന ഒരു ലഘുഗ്രന്ഥം രചിച്ചു. പശ്ചാത്തപിക്കുന്നവർക്കു വേണ്ടി അദ്ദേഹം അതിൽ ഇങ്ങനെയൊരു നിയമം ഏർപ്പെടുത്തുന്നു: 'അവർ സ്വന്തം പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കണം. എന്നാൽ അവരുടെ പശ്ചാത്താപം പരിധിയില്ലാത്തതോ നിരാശാഭരിതമായ ദുഃഖത്തിൽ ചെന്നെത്തുന്നതോ ആയിരിക്കരുത്.'

28. ചില കയ്യെഴുത്തുപ്രതികൾ ഈ ഖണ്ഡിക മുഴുവൻ വിട്ടുകളയുന്നു. അതുകൊണ്ട് ഇതുമുതൽ രണ്ടു രീതികളിൽ നമ്പർ കാണുന്നുണ്ട്.



## 33. ഹെൽവീദിയസ്

ഹെൽവീദിയസ് ഔക്സെൻസ്യൂസിന്റെ ശിഷ്യനും സിമ്മാക്കൂസിന്റെ അനുകർത്താവും ആയിരുന്നു. ഇയാൾ ഒരു ഗ്രന്ഥം എഴുതി. അത് മതത്തോടുള്ള ആവേശത്തിൽനിന്നു ജനിച്ചതാണ്; എന്നാൽ വിജ്ഞാനത്തിനു ചേർന്നതല്ല. അത് ഭാഷയിലാകട്ടെ വാദഗതിയിലാകട്ടെ മസൃണവുമല്ല. അതിൽ എഴുത്തുകാരൻ തന്റെ തല തിരിഞ്ഞ വാദങ്ങൾക്കനുഗുണമായി വി. ലിഖിതങ്ങളുടെ ആശയങ്ങളെ വളച്ചൊടിക്കാൻ ശ്രമിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ജനനത്തിനുശേഷം യൗസേപ്പിനും മറിയത്തിനും വേറെ കുട്ടികൾ ഉണ്ടായി എന്നും അവർ നമ്മുടെ കർത്താവിന്റെ സഹോദരന്മാർ എന്നു വിളിക്കപ്പെട്ടു എന്നും വി. ലിഖിത വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഇയാൾ പ്രസ്താവിച്ചിരിക്കുന്നു. ഈ വികൃതവാദങ്ങൾക്കെതിരേ ജറോം ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. വി. ലിഖിത സാക്ഷ്യങ്ങൾ വേണ്ടത്ര നിറഞ്ഞതാണ് ആ കൃതി.

## 34. തെയോഫിലസ്

അലക്സാണ്ഡ്രിയയിലെ സഭയുടെ മെത്രാനായിരുന്ന തെയോഫിലസ് 'ഒരിജനെതിരേ' എന്ന ഒരു വലിയ ഗ്രന്ഥം രചിച്ചു. അതിൽ അദ്ദേഹം ഒരിജനെയും അദ്ദേഹത്തിന്റെ മിക്ക ഉക്തികളെയും ഖണ്ഡിക്കുന്നു. അതേസമയം ഒരിജന് തന്റെ വീക്ഷണങ്ങളിൽ മൗലികത ഇല്ലായിരുന്നുവെന്നും അവ പ്രാചീന പിതാക്കളിൽനിന്ന്, പ്രത്യേകിച്ചും ഹെറാക്ലാസിൽനിന്ന് കടംകൊണ്ടതാണെന്നും അദ്ദേഹം പ്രെസ്ബിറ്റർസ്ഥാനത്തുനിന്നു ഭ്രഷ്ടനാക്കപ്പെടുകയും സഭയിൽനിന്നു പുറത്താക്കപ്പെടുകയും നഗരത്തിൽനിന്നു പലായനം ചെയ്യുവാൻ നിർബന്ധിതനാവുകയും ചെയ്തുവെന്നും പ്രസ്താവിക്കുന്നുമുണ്ട്. ദൈവത്തിനു മനുഷ്യന്റെ രൂപവും അവയവങ്ങളും ഉണ്ടെന്നു പറയുന്ന പാഷണ്ഡികളായ 'മനുഷ്യരൂപവാദികൾക്കെതിരേ' എന്നൊരു ഗ്രന്ഥവും തെയോഫിലസ് രചിച്ചു. സുദീർഘമായ ചർച്ചയിലൂടെ ഗ്രന്ഥകാരൻ ഇവരുടെ വാദങ്ങളെ നിരാകരിക്കുകയും ദൈവിക ലിഖിതങ്ങളിലെ വിശ്വാസം വരുത്തുന്ന സാക്ഷ്യങ്ങളിലൂടെ തന്റെ നിലപാടു സമർത്ഥിക്കുകയും ചെയ്യുന്നു. സഭാപിതാക്കന്മാരുടെ വിശ്വാസമനുസരിച്ച് ദൈവത്തെ അശരീരിയായി കരുതണമെന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. അവയവങ്ങളെ സംബന്ധിച്ച യാതൊരു

www.malankaralibrary.com


പരാമർശവും അവിടെയില്ല. അതിനാൽ സൃഷ്ടവസ്തുക്കളിൽ വസ്തുപരമായി അവിടുത്തോടു തുല്യമായി ഒന്നുമില്ല. ദൈവത്തിന്റെ സ്വഭാവത്തിലെ അഴിവില്ലായ്കയോ മാററമില്ലായ്കയോ അമൂർത്തഭാവമോ ആർക്കും നൽകപ്പെട്ടിട്ടില്ല. എല്ലാ ബൗദ്ധിക സ്വഭാവങ്ങളും ശാരീരികവും അഴിവുള്ളതും മാററത്തിനധീനവുമാകുന്നു. അമർത്ത്യതയും ജീവനുമുള്ള ദൈവം മാത്രമേ അഴിവിനും മാററങ്ങൾക്കും അതീതനായിരിക്കാവൂ. അതുപോലെ നിഖ്യായിലെ കൗൺസിൽ കണ്ടെത്തിയ പെസഹാത്തിരുനാളിന്റെ തിരിച്ചുവരവ് തൊണ്ണൂറുവർഷങ്ങൾക്കുശേഷം കൃത്യം അതേ സമയത്തുതന്നെ അതേ മാസം അതേ ദിവസം സംഭവിക്കും. ഇതൊക്കെയാണു പ്രസ്തുത ഗ്രന്ഥത്തിലെ പ്രതിപാദ്യം. കൂട്ടത്തിൽ പ്രസ്തുത തിരുനാളിനെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും തിയഡോഷ്യസ് ചക്രവർത്തിക്കു നൽകിയ ചില വിശദീകരണങ്ങളുമുണ്ട്.

തെയോഫിലസിന്റെ പേരു വഹിക്കുന്ന 'വിശ്വാസത്തെ സംബന്ധിച്ച്' എന്ന പേരുള്ള മൂന്നു പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ അവയിലെ ഭാഷ അദ്ദേഹത്തിന്റേതു പോലെ അല്ലാത്തതുകൊണ്ട് അവ അദ്ദേഹത്തിന്റെ കൃതികളാണെന്നു ഞാൻ കരുതുന്നില്ല.[29]

## 35. എവുസേബിയസ്

എവുസേബിയസ് 'നമ്മുടെ കർത്താവിന്റെ കുരിശിന്റെ രഹസ്യ'ത്തെക്കുറിച്ച് എഴുതി. കുരിശിന്റെ മഹത്ത്വം മൂലം അപ്പസ്തോലന്മാർക്ക്, പ്രത്യേകിച്ചും പത്രോസിന്, ലഭിച്ച വിശ്വസ്തതയെക്കുറിച്ചും അതിൽ പ്രതിപാദിക്കുന്നുണ്ട്.[29a]

## 36. വിജിലാൻസ്യൂസ്

വിജിലാൻസ്യൂസ് ഗോളിലെ ഒരു പൗരനായിരുന്നു. ബാർസലോണായിലെ സഭയെ സ്വന്തമാക്കിയ ഇയാൾ മതത്തെക്കുറിച്ചു കുറെ ആവേശത്തോടെ എഴുതി. എന്നാൽ മനുഷ്യരുടെ പ്രശംസയ്ക്കുവേണ്ടിയുള്ള ആഗ്രഹത്തിനധീനനായി, തന്റെ കഴിവിൽ അമിതമായ വിശ്വാസം അർപ്പിച്ചുകൊണ്ട്, മസൃണമായ ഭാഷയുണ്ടെങ്കിലും വി. ലിഖിതങ്ങളിലെ ആശയങ്ങളിൽ

29. ആദിമസഭാ. 105-7.
29a. മിലാൻ മെത്രാൻ.



പരിശീലനമില്ലാതെ ദാനിയേലിന്റെ ദർശനം ഇയാൾ തല തിരിഞ്ഞ വിധത്തിൽ വ്യാഖ്യാനിച്ചു. ചപലമായ വേറെയും പല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അവയെല്ലാം പാഷണ്ഡികളുടെ വിവരണപ്പട്ടികയിൽ തീർച്ചയായും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇയാളുടെ ആശയങ്ങളോടും അനുഗൃഹീതനായ പ്രെസ്ബിററർ ജറോം പ്രതികരിച്ചിട്ടുണ്ട്.

## 37. സിംപ്ലിചിയാനുസ്

മെത്രാനായിരുന്ന സിംപ്ലിചിയാനുസ് അന്നു പ്രെസ്ബിറററായിരുന്ന അഗസ്റ്റിനെ പല കത്തുകളിലൂടെ, തന്റെ പ്രതിഭാശക്തിയും സമയവും വി. ലിഖിതങ്ങൾ വ്യാഖ്യാനിക്കാൻ വേണ്ടി വിനിയോഗിക്കണം എന്ന് ഉദ്ബോധിപ്പിച്ചു. ഒരിജനെക്കൊണ്ടു പണിയെടുപ്പിച്ച അംബ്രോസ് പുതുതായി പ്രത്യക്ഷപ്പെട്ടാൽ എന്ന വിധമായിരുന്നു ഇദ്ദേഹത്തിന്റെ നടപടി. അതുകൊണ്ട് വി. ലിഖിതങ്ങളെ സംബന്ധിച്ച പല പ്രശ്നങ്ങളും ഇദ്ദേഹം അഗസ്റ്റിന് അയച്ചു കൊടുത്തു. 'ചോദ്യങ്ങൾ' ആയിട്ടുള്ള ഒരു ലേഖനവും ഇദ്ദേഹത്തിന്റേതുണ്ട്. അതിൽ, പഠിക്കാൻ ആഗ്രഹിച്ചുകൊണ്ട് എന്നതുപോലുള്ള ചോദ്യങ്ങൾ വഴി ഇദ്ദേഹം പഠിപ്പിക്കുന്നു.

## 38. വിജീലിയുസ്

വിജീലിയുസ് മെത്രാൻ സിംപ്ലിചിയാനുസിന്റെ പേർക്ക് ഒരു ചെറിയ പുസ്തകം എഴുതി. 'രക്തസാക്ഷികളെ സ്തുതിച്ചുകൊണ്ട്' എന്നാണ് അതിന്റെ പേര്. തന്റെ കാലത്തെ രക്തസാക്ഷികൾ കാട്ടുജാതിക്കാരുടെയിടയിൽ നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കുന്ന ഒരു ലേഖനവും ഇദ്ദേഹം എഴുതിയിട്ടുണ്ട്.

## 39. അഗസ്റ്റിൻ

ആഫ്രിക്കക്കാരനായ അഗസ്റ്റിൻ ഹിപ്പോ റേജിയോയിലെ മെത്രാനായിരുന്നു. ആദ്ധ്യാത്മികവും ഭൗതികവുമായ പാണ്ഡിത്യത്തിനു ലോകം മുഴുവൻ പ്രസിദ്ധി നേടിയവനും വിശ്വാസത്തിൽ കളങ്കമററവനും ജീവിതത്തിൽ പരിശുദ്ധനും ആയ ഇദ്ദേഹം അത്രയേറെ ഗ്രന്ഥങ്ങൾ രചിച്ചതുകൊണ്ട് അവ

www.malankaralibrary.com



യെല്ലാം ശേഖരിക്കുക അസാദ്ധ്യമായിരിക്കുന്നു. ഇദ്ദേഹത്തിന്റെ കൃതികൾ എല്ലാം തന്റെ പക്കലുണ്ട് എന്ന് അഭിമാനിക്കാൻ കഴിയുന്നവർ ആരുണ്ട്? ഇദ്ദേഹമെഴുതിയതെല്ലാം വായിക്കത്തക്കവിധം സ്ഥിരോത്സാഹത്തോടു കൂടി വായിക്കുന്നവർ ആരുണ്ട്? വൃദ്ധനായ ശേഷവും 'ത്രിത്വത്തെക്കുറിച്ച്' പതിനഞ്ചു പുസ്തകങ്ങൾ അഗസ്റ്റിൻ പ്രസിദ്ധീകരിച്ചു. യൗവനത്തിൽ എഴുതിത്തുടങ്ങിയതാണ് ആ ഗ്രന്ഥപരമ്പര. അതിൽ, വിശുദ്ധ ലിഖിതം പറയുന്നതുപോലെ, രാജാവിന്റെ മണവറയിലേയ്ക്ക് ആനയിക്കപ്പെടുകയും ദൈവത്തിന്റെ ജ്ഞാനത്തിന്റെ വൈവിധ്യമാർന്ന കുപ്പായം അണിയിക്കപ്പെടുകയും ചെയ്ത ഗ്രന്ഥകാരൻ കളങ്കമോ ചുളിവോ അതുപോലുള്ള മറ്റെന്തെങ്കിലുമോ ഇല്ലാത്ത ഒരു സഭയെ പ്രകടമാക്കി. 'കർത്താവിന്റെ തിരുവവതാരം' എന്ന തന്റെ കൃതിയിലും സവിശേഷമായ ഒരു ഭക്തിഭാവം ഇദ്ദേഹം പ്രകടമാക്കിയിട്ടുണ്ട്. മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചും തുല്യമായ ആത്മാർത്ഥതയോടെ ഇദ്ദേഹം എഴുതുകയും കഴിവു കുറഞ്ഞയാളുകൾക്ക് ഗർഭച്ഛിദ്രത്തെക്കുറിച്ചു സംശയങ്ങൾ ഉളവാകാൻ അവസരം ഉണ്ടാക്കി വയ്ക്കുകയും ചെയ്തു.[30]

## 40. ഒറോസിയൂസ്

സ്പെയിനിലെ ഒരു പ്രെസ്ബിറ്ററായിരുന്ന ഒറോസിയൂസ് ഉജ്ജ്വല വാഗ്മിയും ചരിത്രത്തിൽ നിഷ്ണാതനും ആയിരുന്നു. റോമാസാമ്രാജ്യത്തിന്റെ നാശം ക്രിസ്തുമതം മൂലം സംഭവിച്ചതാണെന്നു പറയുന്ന ക്രൈസ്തവ ശത്രുക്കൾക്കെതിരായി എട്ടു ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതി. ഇവയിൽ സൃഷ്ടി മുതൽ ലോകത്തിൽ സംഭവിച്ചിട്ടുള്ള നാശങ്ങളെയും ദുരിതങ്ങളെയും ഉപദ്രവങ്ങളെയും യുദ്ധങ്ങളെയുമെല്ലാം എണ്ണിയെണ്ണിപ്പറഞ്ഞുകൊണ്ട് റോമാസാമ്രാജ്യത്തിന് അത് അർഹിക്കാത്ത തുടച്ച് ലഭിച്ചത് ക്രിസ്തുമതം മൂലമാണെന്നും അത് അനുഭവിക്കുന്ന സമാധാനം സംലബ്ധമായിട്ടുള്ളത് ദൈവാരാധന മൂലമാണെന്നും ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

നിരന്തരം ഒഴുകുന്ന ഓഷ്യാനൂസ് എന്ന അരുവിയിൽ സ്ഥിതിചെയ്യുന്നതും ടാനായിസിനാൽ വിഭജിക്കപ്പെട്ടതുമായ ലോകത്തെ ആദ്യത്തെ ഗ്രന്ഥത്തിൽ ഒറോസിയൂസ് വിവരി

30. ലത്തീൻ, 158-255.



ക്കുന്നു. സ്ഥലങ്ങളുടെ സ്ഥാനങ്ങൾ, പേരുകൾ, രാജ്യങ്ങളുടെ എണ്ണവും ആചാരങ്ങളും, വിവിധ പ്രദേശങ്ങളുടെ സവിശേഷ സ്വഭാവങ്ങൾ, ആരബ്ധമായ യുദ്ധങ്ങൾ, ബന്ധുജനങ്ങളുടെ രക്തത്താൽ മുദ്രവയ്ക്കപ്പെട്ട സാമ്രാജ്യങ്ങളുടെ രൂപീകരണങ്ങൾ എന്നിവയെല്ലാം അവിടെ വിവരിക്കപ്പെടുന്നുണ്ട്.

ആത്മാവിന്റെ സ്വഭാവം എന്ത് എന്നു പഠിക്കാൻ ജറോമിന്റെ പക്കലേക്ക് അഗസ്റ്റിൻ അയച്ചത് ഈ ഒറോസിയൂസിനെത്തന്നെയാണ്. തിരികെ വന്നപ്പോൾ ആദ്യരക്തസാക്ഷിയായ അനുഗൃഹീതനായ സ്തേഫാനോസിന്റെ ആയിടെ കണ്ടെത്തപ്പെട്ട ഭൗതികാവശിഷ്ടങ്ങൾ ആദ്യമായി പാശ്ചാത്യലോകത്തിലേക്കു കൊണ്ടുവന്നതും ഇദ്ദേഹം തന്നെ. ഹൊണോറിയൂസ് ചക്രവർത്തിയുടെ ഭരണത്തിന്റെ അവസാനഘട്ടത്തോടടുത്ത് ഇദ്ദേഹം ജീവിച്ചിരുന്നു.[31]

## 41. മാക്സിമൂസ്

ടൂറീനിലെ സഭയുടെ മെത്രാനായിരുന്ന മാക്സിമൂസ് വി. ലിഖിതങ്ങളുടെ പഠനത്തിൽ സാമാന്യം നല്ല ഉത്സാഹിയും മുന്നൊരുക്കം കൂടാതെ ജനങ്ങളെ പഠിപ്പിക്കുന്നതിൽ വിദഗ്ധനും ആയിരുന്നു. ഇദ്ദേഹം അപ്പസ്തോലന്മാരെയും യോഹന്നാൻ സ്നാപകനെയും പുകഴ്ത്തിക്കൊണ്ട് പ്രബന്ധങ്ങൾ എഴുതി. 'എല്ലാ രക്തസാക്ഷികളെയും പറ്റി ഒരു പ്രസംഗവും എഴുതി. കൂടാതെ സുവിശേഷങ്ങളിലെയും അപ്പസ്തോലപ്രവർത്തനങ്ങളിലെയും ഭാഗങ്ങളെക്കുറിച്ച് ശക്തമായ വിശദീകരണങ്ങൾ രചിച്ചു. വെർച്ചെല്ലിയിലെ മെത്രാനും വിശ്വാസസാക്ഷിയുമായ 'വി. എവുസേബിയസിന്റെ ജീവിതത്തെക്കുറിച്ച്', 'വി. സിപ്രിയാനെക്കുറിച്ച്' എന്നീ പ്രബന്ധങ്ങൾ എഴുതി. 'ജ്ഞാനസ്നാന വരപ്രസാദത്തെക്കുറിച്ച്' ഒരു ലഘുനിബന്ധം പ്രസിദ്ധീകരിച്ചു. മാക്സിമൂസിന്റെ താഴെപ്പറയുന്ന രചനകൾ ഞാൻ വായിച്ചിട്ടുണ്ട്: 'അത്യാഗ്രഹത്തെക്കുറിച്ച്', 'അതിഥിസത്കാരത്തെക്കുറിച്ച്', 'ചന്ദ്രഗ്രഹണത്തെക്കുറിച്ച്', 'ദാനധർമ്മത്തെക്കുറിച്ച്', 'നിങ്ങളുടെ വീഞ്ഞുകച്ചവടക്കാർ വീഞ്ഞും വെള്ളവും കൂട്ടികലർത്തുന്നു എന്ന, ഏശയ്യായിലെ ചൊല്ലിനെക്കുറിച്ച്', 'നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ച്',

31. അതേകൃതി, 267-8.

www.malankaralibrary.com



‘ദൈവദാസന്മാരുടെ ഉപവാസത്തെക്കുറിച്ച്’ ഒരു പൊതു വിവരണം, ‘നാല്പതു ദിവസത്തെ ഉപവാസത്തെക്കുറിച്ച്’ പ്രത്യേകമായി, ‘ഉപവാസദിനത്തിൽ നേരമ്പോക്കു പാടില്ല’, ഒറ്റുകാരനായ ‘യൂദാസിനെക്കുറിച്ച്’, ‘നമ്മുടെ കർത്താവിന്റെ കുരിശിനെക്കുറിച്ച്’, ‘നമ്മുടെ കർത്താവിന്റെ കല്ലറയെക്കുറിച്ച്’ ‘നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ച്’, ‘പൊന്തിയോസ് പീലാത്തോസിനു മുമ്പിൽ നമ്മുടെ കർത്താവിന്റെ കുറ്റം ചാർത്തലിനെയും കുറ്റവിസ്താരത്തെയും കുറിച്ച്’, ‘നമ്മുടെ കർത്താവിന്റെ ജന്മദിനത്തെക്കുറിച്ച്’; താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ചു പ്രസംഗങ്ങൾ: ‘ദനഹാ, പെസഹാ, പന്തക്കുസ്താ; ‘ശരീരത്തിന്റെ ശത്രുക്കളെ ഭയപ്പെടാതിരിക്കുന്നതിനെക്കുറിച്ച്’ ‘ഭക്ഷണാനന്തരമുള്ള കൃതജ്ഞതാപ്രകാശനത്തെക്കുറിച്ച്’, ‘നിനിവേക്കാരുടെ പശ്ചാത്താപത്തെക്കുറിച്ച്’. വിവിധ സന്ദർഭങ്ങളിൽ ഇദ്ദേഹം പ്രസിദ്ധീകരിച്ച പ്രസംഗങ്ങളുടെയെല്ലാം പേരു് ഓർക്കാൻ കഴിയുന്നില്ല. ഹൊണോറിയുസിന്റെയും ഇളയതിയഡോഷ്യസിന്റെയും ഭരണകാലത്തു മാക്സിമൂസ് മരിച്ചു.[32]

## 42. പെത്രോണിയൂസ്

ഇറ്റലിയിലെ ബൊളോഞ്ഞായിൽ മെത്രാനായിരുന്ന പെത്രോണിയൂസ് പരിശുദ്ധമായ ജീവിതം നയിച്ച ഒരാളായിരുന്നു. യൗവനകാലം മുതൽ സന്യാസാശ്രമപരമായ പഠനങ്ങളിൽ പരിശീലനം നേടിയ ഇദ്ദേഹം ‘പിതാക്കന്മാരുടെ ജീവചരിത്രങ്ങൾ’ എഴുതിയതിന്റെ പേരിൽ ആദരിക്കപ്പെടുന്നു. ഈജിപ്തിലെ സന്യാസികളുടെ ജീവചരിത്രമാണ് അതിലെ വിഷയം. ഈജിപ്തിലെ സന്യാസികൾ ഈ ഗ്രന്ഥത്തെ അവരുടെ ജീവിതരീതിയുടെ ദർപ്പണവും മാതൃകയുമായി അംഗീകരിക്കുന്നു. ‘മെത്രാന്മാരുടെ അഭിഷേകത്തെക്കുറിച്ച്’ എന്നൊരു കൃതി ഇദ്ദേഹത്തിന്റെ നാമം വഹിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. നല്ല യുക്തികൾ നിറഞ്ഞതും വിനയംകൊണ്ടു ശ്രദ്ധേയവുമാണ് ഈ കൃതി. പക്ഷേ അതിന്റെ ശ്ലക്ഷ്ണമായ ഭാഷ അതു് പെത്രോണിയുസിന്റേതല്ലെന്നാണു കാണിക്കുന്നതു്. ഒരു പക്ഷേ ചിലർ പറയുംപോലെ അതു് ഇദ്ദേഹത്തിന്റെ പിതാവായ പെത്രോണിയുസിന്റെ രചനയായിരിക്കാം.

32. അതേകൃതി, 123.



പിതാവായ പെത്രോണിയൂസ് വലിയ വാഗ്മിയും മതേതര സാഹിത്യത്തിൽ പണ്ഡിതനുമായ ഒരു വ്യക്തിയായിരുന്നു. ഈ അഭിപ്രായം സ്വീകാര്യമായി ഞാൻ കരുതാൻ ഒരു കാരണമുണ്ടു്. പ്രസ്തുത കൃതിയുടെ ഗ്രന്ഥകാരൻ ഒരു പ്രെട്ടോറിയൻ പ്രീഫെക്റ്റ് എന്നു് തന്നെക്കുറിച്ചുതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. തിയഡോഷ്യസിന്റെയും വലന്റീനിയന്റെയും ഭരണകാലത്തു് പെത്രോണിയൂസ് ദിവംഗതനായി.

## 43. പെലാജിയൂസ്

പാഷണ്ഡിയായ പെലാജിയൂസ് പാഷണ്ഡിയെന്നു പ്രഖ്യാപിക്കപ്പെടുന്നതിനു മുമ്പ് വിദ്യാർത്ഥികൾക്കു പ്രായോഗിക മൂല്യമുള്ള ചില കൃതികൾ രചിച്ചു. അവ: ‘ത്രിത്വത്തിലുള്ള വിശ്വാസത്തെക്കുറിച്ച്’ മൂന്നു പുസ്തകങ്ങൾ, ‘ക്രൈസ്തവജീവിതത്തെ സംബന്ധിക്കുന്നതായി വി. ലിഖിതങ്ങളിൽ നിന്നുള്ള ഉദ്ധരണങ്ങൾ’ ഒരു പുസ്തകം. രണ്ടാമതു പറഞ്ഞതിന്റെ ആദ്യഭാഗത്തു് ഉള്ളടക്കത്തിന്റെ പട്ടികയുണ്ടു്. രക്തസാക്ഷിയായ വിശുദ്ധ സിപ്രിയാന്റെ മാതൃകയനുസരിച്ചു ചെയ്തിട്ടുള്ളതാണതു്. പാഷണ്ഡിയായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷം പെലാജിയൂസ് തന്റെ പാഷണ്ഡതയെ സംബന്ധിക്കുന്ന പല കൃതികൾ രചിച്ചു.[33]

## 44. ഇന്നസെന്റ് പാപ്പാ

റോമിന്റെ മെത്രാനായിരുന്ന ഇന്നസെന്റ്, പാശ്ചാത്യസഭകൾ പെലാജിയൂസിനെതിരേ പാസാക്കിയ ഡിക്രി എഴുതി. അതു് അദ്ദേഹത്തിന്റെ പിൻഗാമിയായ സോസിമൂസ് മാർപ്പാപ്പാ പിൽക്കാലത്തു് പരക്കെ പ്രചാരത്തിൽ വരുത്തി.[34]

## 45. ചെലെസ്തിയൂസ്

ചെലെസ്തിയൂസ് പെലാജിയൂസിനോടു കൂട്ടുചേരുംമുമ്പ് വളരെ ചെറുപ്പമായിരിക്കുന്ന കാലത്തുതന്നെ തന്റെ മാതാപിതാക്കളുടെ പേർക്ക് ‘സന്യാസാശ്രമജീവിതത്തെക്കുറിച്ച്’ മൂന്നു ലേഖനങ്ങൾ എഴുതി. ചെറുഗ്രന്ഥങ്ങളായി എഴുതപ്പെട്ട അവ

33. അതേകൃതി, 256-265. 34. അതേകൃതി, 125.

www.malankaralibrary.com



ദൈവത്തെ അന്വേഷിക്കുന്ന ആർക്കും യുക്തമായ ധാർമ്മിക വാക്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഗ്രന്ഥകാരനിൽ പിൽക്കാലത്ത് പ്രത്യക്ഷപ്പെട്ട തിന്മകളുടെ ലാഞ്ഛനയും അതിലില്ല. സുകൃതത്തിന്റെ പ്രോത്സാഹനത്തെ പൂർണ്ണമായിത്തന്നെ ലക്ഷ്യം വയ്ക്കുന്നവയാണ് ഈ കൃതികൾ.[35]

## 46. ജൂലിയൻ

ജൂലിയൻ മെത്രാൻ ഊർജ്ജസ്വലമായ സ്വഭാവമുള്ള ഒരു വ്യക്തിയായിരുന്നു. വി. ലിഖിതങ്ങളിൽ അഗാധജ്ഞാനവും ഗ്രീക്ക് ലത്തീൻ ഭാഷകളിൽ വൈദഗ്ദ്ധ്യവുമുള്ള ഇദ്ദേഹം പെലാജിയരുടെ ദൈവവിരുദ്ധമായ നിലപാടിലുള്ള ഭാഗഭാഗിത്വം വെളിപ്പെടുത്തും മുമ്പ് സഭാപണ്ഡിതന്മാരുടെ ഗണത്തിൽ പ്രമുഖമായ ഒരു സ്ഥാനം സ്വായത്തമാക്കിയിരുന്നു. എന്നാൽ പിന്നീട് പെലാജിയൻ പാഷണ്ഡതയെ പിന്താങ്ങിക്കൊണ്ട് പെലാജിയുസിന്റെ എതിരാളിയായ 'അഗസ്റ്റിനെതിരെ' നാലു പുസ്തകങ്ങൾ രചിച്ചു. കൂടാതെ എട്ടു പുസ്തകങ്ങൾ വേറെയും. ഒരു ചർച്ച ഉൾക്കൊള്ളുന്ന മറെറാരു ഗ്രന്ഥവുമുണ്ട്. അതിൽ ഓരോരുത്തനും സ്വന്തം പക്ഷത്തെ ന്യായീകരിക്കുന്നു.

ഈ ജൂലിയൻ ക്ഷാമവും ദാരിദ്ര്യവും ഉള്ള കാലങ്ങളിൽ താൻ നൽകിയ ദാനധർമ്മങ്ങൾകൊണ്ടും സുകൃതകൃത്യങ്ങളുടെ ധാടികൊണ്ടും അനേകരെ വശീകരിക്കുകയും അവരെ തന്റെ പാഷണ്ഡതയിൽ സഹകാരികളാക്കുകയും ചെയ്തിരുന്നു. ഇദ്ദേഹം കോൺസ്റ്റാൻസ്യൂസിന്റെ പുത്രനായ വലെൻറീനിയന്റെ ഭരണകാലത്തു നിര്യാതനായി.[36]

## 47. ലൂസിയൻ

പ്രെസ്ബിററായ ലൂസിയൻ ഒരു വിശുദ്ധ ചരിതനായിരുന്നു. ഹൊണോറിയുസും തിയഡോഷ്യസും ചക്രവർത്തിമാരായിരുന്ന കാലത്ത്, ആദ്യരക്തസാക്ഷിയായ വി. സ്തേഫാനോസിന്റെ ശവകുടീരവും ഭൗതികാവശിഷ്ടങ്ങളും ദൈവം ഇദ്ദേഹത്തിനു വെളിപ്പെടുത്തി. ഇദ്ദേഹം എല്ലാ സഭകളേയും സംബോധനചെയ്തുകൊണ്ട് പ്രസ്തുത വെളിപാട് ഗ്രീക്കുഭാഷയിൽ രേഖപ്പെടുത്തി.

35. അതേകൃതി, 265.    36. അതേകൃതി, 266–7.



## 48. അവിത്തൂസ്

പ്രെസ്ബിററർ അവിത്തുസ് വർഗ്ഗംകൊണ്ട് സ്പെയിൻകാരനായിരുന്നു. ഇദ്ദേഹം പ്രെസ്ബിററർ ലൂസിയന്റെ മുകളിൽപ്പറഞ്ഞ ഗ്രന്ഥം ലത്തീനിലേക്കു പരിഭാഷപ്പെടുത്തി, തന്റേതായ ഒരു കത്തും ചേർത്ത് പാശ്ചാത്യസഭകൾക്ക് അയച്ചുകൊടുത്തു. പ്രെസ്ബിററായ ഒറോസിയൂസിന്റെ കയ്യിലാണ് കൊടുത്തയച്ചത്.

## 49. നോളായിലെ പൗളിനൂസ്

കമ്പാനിയായിലുള്ള നോളായുടെ മെത്രാനായിരുന്നു പൗളിനൂസ്. ഇദ്ദേഹം പദ്യരൂപത്തിൽ പല ചെറുകൃതികളും രചിച്ചിട്ടുണ്ട്. ചെൽസുസിന്റെ പേർക്ക് ഒരു സമാശ്വാസഗ്രന്ഥവും എഴുതി. 'ജ്ഞാനസ്നാനപ്പെടുത്തപ്പെട്ട ഒരു ക്രൈസ്തവ ശിശുവിന്റെ മരണത്തിന്മേൽ' എന്നാണ് അതിന്റെ പേര്. ഇത് ഒരുതരം ചരമക്കുറിപ്പുതന്നെ. അത് ക്രൈസ്തവമായ ശരണത്താൽ ബലപ്പെടുത്തപ്പെട്ടിരിക്കുന്നു. കൂടാതെ 'സെവേരുസിനുള്ള കത്തുകൾ' പലതുണ്ട്. കൂടാതെ താൻ മെത്രാനാകുംമുമ്പ് ഗദ്യത്തിൽ എഴുതിയ ഒരു 'പ്രശംസാകാവ്യം' ഉണ്ട്. 'ഏകാധിപതികളുടെമേൽ വിജയം' എന്നത് തിയഡോഷ്യസിനെ സംബോധന ചെയ്ത് എഴുതിയതാണ്. വിജയം സൈന്യങ്ങളിലല്ല, വിശ്വാസത്തിലും പ്രാർത്ഥനയിലുമാണ് സ്ഥിതിചെയ്യുന്നത് എന്ന് അതിൽ പ്രസ്താവിക്കുന്നു. ഇവകൂടാതെ ഒരു 'കൂദാശക്രമവും' 'ഗാനമാലികയും' ഇദ്ദേഹം എഴുതി. ഇവയ്ക്കു പുറമേ, തന്റെ സഹോദരിയെ സംബോധനചെയ്തുകൊണ്ട് 'ലോകാവജ്ഞയെക്കുറിച്ച്' പൗളിനൂസ് പല കത്തുകൾ എഴുതി. വിവിധ സന്ദർഭങ്ങളിലായി പല തരത്തിലുള്ള നിബന്ധങ്ങൾ വേറെയും പ്രസിദ്ധീകരിച്ചു. ഇദ്ദേഹത്തിന്റെ ലഘുകൃതികളുടെ കൂട്ടത്തിൽ ഏററവും ശ്രദ്ധേയമായിട്ടുള്ളത് 'പശ്ചാത്താപത്തെക്കുറിച്ച്' ഉള്ള രചനകളും 'എല്ലാ രക്തസാക്ഷികളെയും കുറിച്ചുള്ള ഒരു പ്രശംസാകാവ്യം' എന്ന രചനയുമത്രേ. ഹൊണോറിയസിന്റെയും വലൻറീനിയന്റെയും കാലത്തു ജീവിച്ചിരുന്ന ഇദ്ദേഹം പാണ്ഡിത്യത്തിലും ജീവിതവിശുദ്ധിയിലും മാത്രമല്ല, പിശാചുക്കളെ പുറത്താക്കുന്നതിനുള്ള കഴിവിലും പ്രശസ്തി നേടി.[37]

37. ലത്തീൻ, 94-5.

www.malankaralibrary.com



## 50. എവുത്രോപിയുസ്

പ്രെസ്ബിററർ എവുത്രോപിയുസ്, ക്രിസ്തുവിൻെറ ദാസികളും കന്യാത്വത്തോടുള്ള താല്പര്യവും മതത്തോടുള്ള സ്നേഹവും കാരണം കുടുംബത്തിലെ അവകാശം നിഷേധിക്കപ്പെട്ടവരുമായ രണ്ടു സഹോദരിമാർക്കു് രണ്ടു 'സമാശ്വാസ ലേഖനങ്ങൾ' എഴുതി. ചെറിയ പുസ്തകങ്ങളുടെ രൂപത്തിലുള്ള ആ കത്തുകൾ സുന്ദരവും സ്പഷ്ടവുമായ ഭാഷയിൽ എഴുതപ്പെട്ടതും യുക്തിവാദങ്ങളാലും വി. ലിഖിതങ്ങളിൽനിന്നുള്ള ഉദ്ധരണങ്ങളാലും ദൃഢീകരിക്കപ്പെട്ടവയുമാണു്.[38]

## 51. എവാഗ്രിയുസ്

മറെറാരു എവാഗ്രിയസ് 'യഹൂദനായ ശെമയോനും ക്രൈസ്തവനായ തെയോഫിലസും തമ്മിലുള്ള ചർച്ച' എന്നൊരു ഗ്രന്ഥം രചിച്ചു. ആ കൃതി വളരെ പ്രസിദ്ധമാണു്.

## 52. വിജീലിയുസ്

ഡീക്കനായ വിജീലിയുസ് പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽ നിന്നു് 'സന്യാസിമാർക്കു് ഒരു നിയമം' എന്ന ഗ്രന്ഥം രചിച്ചു. സന്നിഹിതരായ സന്യാസിമാരുടെ പ്രയോജനത്തിനായി പ്രസ്തുതഗ്രന്ഥം സന്യാസാശ്രമത്തിൽ വായിക്കുക പതിവുണ്ടു്. സംക്ഷിപ്തവും സ്പഷ്ടവുമായ ഭാഷയിൽ എഴുതപ്പെട്ട ആ ഗ്രന്ഥം സന്യാസാശ്രമ ധർമ്മങ്ങളുടെ എല്ലാ മണ്ഡലങ്ങളെയും സ്പർശിക്കുന്നു.

## 53. അററിക്കുസ്

കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായിരുന്ന അററിക്കുസ് അർക്കേഡിയസ് ചക്രവർത്തിയുടെ പുത്രിമാരായ രാജകുമാരിമാരുടെ പേർക്കു് 'വിശ്വാസത്തെയും കന്യാത്വത്തെയും കുറിച്ചു്' എന്നൊരു ഗ്രന്ഥം എഴുതി. വിശിഷ്ടമായ ഒരു കൃതിയാണതു്. അതിൽ അദ്ദേഹം നെസ്തോറിയൻ തത്ത്വങ്ങളെ മുൻകൂട്ടി കണ്ടു് കടന്നാക്രമിക്കുന്നുണ്ടു്.

---

38. അതേകൃതി. 100-2.



## 54. നെസ്തോറിയുസ്

പാഷണ്ഡിയായ നെസ്തോറിയുസ്. അന്ത്യോക്യയിലെ സഭയിലെ പ്രെസ്ബിറററായിരിക്കുന്ന കാലത്തുതന്നെ, മുന്നൊരുക്കം കൂടാതെ പ്രസംഗിക്കാനും പഠിപ്പിക്കാനും നല്ല സാമർത്ഥ്യമുള്ള ഒരാളായി അംഗീകരിക്കപ്പെട്ടിരുന്നു. ഇയാൾ വിവിധ 'പ്രശ്നങ്ങൾ' ആധാരമാക്കി പല പ്രബന്ധങ്ങൾ രചിച്ചു. പിൽക്കാലത്തു് പ്രകടമായ ഭക്തിവിരുദ്ധതയുടെ വിഷമായിത്തീർന്ന സൂക്ഷ്മമായ തിന്മ ആ പ്രബന്ധങ്ങളിൽ അന്നേ അയാൾ വിനിവേശിപ്പിച്ചിരുന്നു. എന്നാൽ അന്നതു് ധാർമ്മികോദ്ബോധനങ്ങളുടെ പിന്നിൽ ഒളിപ്പിച്ചു വച്ചിരുന്നു. പിൽക്കാലത്തു് വാഗ്മിത്വത്തിൻെറയും സുഖഭോഗങ്ങളിലുള്ള മിതത്വത്തിൻെറയും പിൻബലത്താൽ ഇയാൾ കോൺസ്റ്റാൻറിനോപ്പിളിലെ സഭയുടെ അദ്ധ്യക്ഷനാക്കപ്പെട്ടു. അന്നുവരെ ഒളിച്ചു വച്ചിരുന്ന ദുഷ്ടമായ ആശയങ്ങൾ അതിനുശേഷം പരസ്യമാക്കാൻ തുടങ്ങി. അങ്ങനെ നെസ്തോറിയുസ് സഭയുടെ പ്രഖ്യാപിതശത്രുവായി. 'നമ്മുടെ കർത്താവിൻെറ മനുഷ്യാവതാരം' എന്നൊരു ഗ്രന്ഥം ഇയാൾ എഴുതി. അതിൽ വി. ലിഖിതങ്ങളിൽ നിന്നുള്ള അറുപത്തിരണ്ടു് ഉദ്ധരണങ്ങൾ വളച്ചൊടിച്ച വ്യാഖ്യാനങ്ങളോടുകൂടി അണിനിരത്തിയിരിക്കുന്നു. ഈ കൃതിയിൽ അയാൾ അവതരിപ്പിച്ചിട്ടുള്ള ആശയങ്ങൾ 'പാഷണ്ഡികളുടെ പട്ടിക'യിൽ കാണാം.[39]

## 55. സെലെസ്റ്റിൻ

റോമിലെ മെത്രാനായിരുന്ന സെലെസ്റ്റിൻ കിഴക്കും പടിഞ്ഞാറുമുള്ള സഭകളെ സംബോധന ചെയ്തുകൊണ്ടു് ഒരു ഗ്രന്ഥം തയാറാക്കി. മുകളിൽ പറഞ്ഞ നെസ്തോറിയുസിനെതിരേ സിനഡിൻെറ തീരുമാനം വിശദീകരിച്ചുകൊണ്ടുള്ളതായിരുന്നു അതു്. ക്രിസ്തുവിൽ രണ്ടു് പൂർണ്ണസ്വഭാവങ്ങൾ ഉണ്ടായിരിക്കെത്തന്നെ ദൈവപുത്രൻെറ വ്യക്തിത്വം ഏകമായി കണക്കാക്കണം എന്നു് അതിൽ വ്യക്തമാക്കിയിരുന്നു. മുകളിൽപറഞ്ഞ നെസ്തോറിയുസ് ഈ വീക്ഷണത്തിനെതിരാണെന്നും അതിൽ കാണിച്ചിരുന്നു. സെലെസ്റ്റിൻെറ പിൻഗാമിയായ സിക്സ്റ്റസും ഇതുപോലെ ഇതേ വിഷയത്തെക്കുറിച്ചു് ഇതേ നെസ്തോറിയുസിനും പൗരസ്ത്യമെത്രാന്മാർക്കും എഴുതി. പ്രസ്തുത അബദ്ധത്തിനെതിരായി പാശ്ചാത്യസഭാദ്ധ്യക്ഷന്മാരുടെ വീക്ഷണം അദ്ദേഹം വ്യക്തമാക്കി.[40]

---

39. ആദിമസഭ. 210-17. 40. ലത്തീൻ, 127-9.

www.malankaralibrary.com



## 56. തിയഡോട്ടസ്

ഗലാത്യയിലെ അൻസീറാ മെത്രാനായ തിയഡോട്ടസ്, എഫേസൂസിലായിരുന്നപ്പോൾ നെസ്തോറിയൂസിനെതിരായി ഖണ്ഡന മണ്ഡനങ്ങളുള്ള ഒരു ഗ്രന്ഥം രചിച്ചു. തീർച്ചയായും വാദപ്രതിവാദശൈലിയിൽ എഴുതപ്പെട്ട ആ ഗ്രന്ഥം വി. ലിഖിതങ്ങളിൽനിന്നുള്ള ഉദ്ധരണങ്ങൾ ഇടകലർന്നതും ആയിരുന്നു. പ്രസ്താവങ്ങൾ അവതരിപ്പിക്കുക, തുടർന്ന് അതിനു തെളിവായി വി. ലിഖിതഭാഗങ്ങൾ ഉദ്ധരിക്കുക–ഇതായിരുന്നു അദ്ദേഹത്തിന്റെ രീതി.

## 57. ഫസ്തീദിയൂസ്

ഇംഗ്ലണ്ടിലെ മെത്രാനായിരുന്ന ഫസ്തീദിയൂസ്, ഫതാലിസ് എന്നൊരാളുടെ പേർക്ക് 'ക്രൈസ്തവജീവിതത്തെക്കുറിച്ച്' എന്നൊരു പുസ്തകം എഴുതി. 'കന്യാത്വം എന്ന സമ്പത്തു സംരക്ഷിക്കുന്നതിനെക്കുറിച്ച്' എന്ന മറ്റൊരു ഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ശരിയായ തത്ത്വങ്ങൾ പ്രതിപാദിക്കുന്നതും ദൈവത്തിനു ബഹുമാനം നല്കുന്നതുമാണ് പ്രസ്തുത കൃതി.

## 58. സിറിൽ

അലക്സാണ്ഡ്രിയായിലെ സഭയുടെ മെത്രാനായിരുന്ന സിറിൽ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് അനേകം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. അനേകം പ്രസംഗങ്ങളും അദ്ദേഹം തയാറാക്കിയിട്ടുണ്ട്. പ്രസംഗങ്ങൾക്കുപയോഗിക്കാൻവേണ്ടി ഗ്രീക്കുമെത്രാന്മാർ അവ ശുപാർശ ചെയ്തിരിക്കുന്നു. ഇദ്ദേഹത്തിന്റെ മറ്റു പുസ്തകങ്ങൾ: 'സിനഗോഗിന്റെ പതനത്തെക്കുറിച്ച്', 'പാഷണ്ഡികൾക്കെതിരേ വിശ്വാസത്തെക്കുറിച്ച്'. ഇവയ്ക്കു പുറമേ, നെസ്തോറിയൂസിനെ സവിശേഷമായി എതിർത്തുകൊണ്ട് 'ഖണ്ഡനം' എന്നൊരു കൃതിയും സിറിൽ രചിച്ചു. അതിൽ നെസ്തോറിയൂസിനെ സംബന്ധിച്ച രഹസ്യങ്ങളെല്ലാം വെളിപ്പെടുത്തുകയും അയാളുടെ വാദങ്ങളെ ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു.[41]

41. ആദിമസഭാ. 107–118.



## 59. തിമോത്തി

തിമോത്തി മെത്രാൻ 'നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച്' എന്നൊരു ഗ്രന്ഥം രചിച്ചു. അത് ദനഹാസ്സ് രചിച്ചതാണ് എന്നു കരുതപ്പെടുന്നു.

## 60. ലെപ്പോറിയൂസ്

ആദ്യം സന്യാസിയും പിന്നീട് പ്രെസ്ബിറ്ററുമായിരുന്ന ലെപ്പോറിയൂസ്. ഇയാൾ ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം തന്റെ ജീവിതവിശുദ്ധിയിൽ ആശ്രയിച്ചുകൊണ്ട് തന്റെ സ്വതന്ത്രമനസ്സിലൂടെയും ആരുടെയും സഹായം സ്വീകരിക്കാത്ത പ്രയത്നത്തിലൂടെയും പെലാജിയൻ തത്ത്വങ്ങളെ അനുഗമിക്കാൻ തുടങ്ങി. ഗാള്ളിക്കൻ പ്രദേശത്തെ സഭാപണ്ഡിതന്മാർ ഇയാളെ കുറ്റപ്പെടുത്തി. എന്നാൽ ആഫ്രിക്കയിൽവച്ച് അഗസ്റ്റിൻ ഇയാളെ തിരുത്തി. അതിനെത്തുടർന്ന് ഇയാൾ തന്റെ തിരിച്ചുവരവിനെക്കുറിച്ച് ഒരു പുസ്തകം എഴുതി. അതിൽ തന്റെ തെറ്റുകൾ തിരുത്തുകയും തിരുത്തലിനു നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ തിരു അവതാരത്തെക്കുറിച്ചു താൻ പ്രകടിപ്പിച്ച തെറ്റായ അഭിപ്രായങ്ങൾക്കു തിരുത്തൽ എന്ന നിലയിൽ കത്തോലിക്കാസഭയുടെ വീക്ഷണം അവതരിപ്പിച്ചു. ക്രിസ്തുവിൽ ദൈവപുത്രന്റെ ഏക വ്യക്തിത്വം മാത്രമേ ഉള്ളുവെന്നും തന്റെ സത്തയിൽ രണ്ടു സ്വഭാവങ്ങൾ നിലനിൽക്കുന്നുവെന്നും ഏറ്റുപറഞ്ഞു.[42]

## 61. വിക്തൊറീനൂസ്

വിക്തൊറിനൂസ് മർസെയിൽസിലെ ഒരു പ്രഭാഷണകലാവിദഗ്ധനായിരുന്നു. ഇദ്ദേഹം തന്റെ പുത്രനായ എതേരിയൂസിന്റെ പേർക്ക് 'ഉൽപ്പത്തിപ്പുസ്തകത്തെക്കുറിച്ച്' ഒരു വ്യാഖ്യാനം രചിച്ചു. ഉൽപ്പത്തിപ്പുസ്തകത്തിന്റെ ആരംഭം മുതൽ പൂർവ്വപിതാവായ അബ്രാഹത്തിന്റെ മരണംവരെയുള്ള എല്ലാ കാര്യങ്ങൾക്കും ഇതിൽ വ്യാഖ്യാനം നൽകിയിട്ടുണ്ട്. പദ്യരൂപത്തിലുള്ള നാലു പുസ്തകങ്ങളും വിക്തൊറിനൂസ്

42. ലത്തീൻ, 109.

www.malankaralibrary.com



രചിച്ചു. ഈ ഗ്രന്ഥകാരൻെറ വാക്കുകൾക്കു് ഭക്തിയുടെ ഒരു ചുവയുണ്ടു്. എന്നാൽ ഇദ്ദേഹം മതേതര സാഹിത്യത്തിൽ ബദ്ധപ്പെട്ടിരുന്നതുകൊണ്ടും ദൈവിക ലിഖിതങ്ങളിൽ പരിശീലനമില്ലാത്തതുകൊണ്ടും ആശയങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ ഇവയ്ക്കു കാര്യമായ ഉൾക്കാമ്പില്ല. തിയഡോഷ്യസിൻെറയും വലെൻറീനിയൻെറയും ഭരണകാലത്തു് ഇദ്ദേഹം മരിച്ചു.

## 62. കാസ്സിയൻ

ഷിതിയൻ വർഗ്ഗത്തിൽപ്പെട്ട ഒരാളാണ് കാസ്സിയൻ. മഹാനായ ജോൺ മെത്രാൻ ഇദ്ദേഹത്തെ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു് ഡീക്കനായി അഭിഷേകം ചെയ്തു. പിന്നീടു മർസെയിൽസിൽ വച്ചു വൈദികനായി. പുരുഷന്മാർക്കും സ്ത്രീകൾക്കുംവേണ്ടി ഇദ്ദേഹം രണ്ടു സന്യാസഭവനങ്ങൾ സ്ഥാപിച്ചു; ഇവ രണ്ടും ഇന്നും നിലനിൽക്കുന്നു. ഇദ്ദേഹം അനുഭവത്തിൽനിന്നും ശക്തമായ ഭാഷയിലുമാണ് എഴുതിയതു്. കുറേക്കൂടി സ്പഷ്ടമായി പറഞ്ഞാൽ, വാക്കുകൾക്കു പിന്നിൽ ആശയങ്ങളും പറച്ചിലിനു പിന്നിൽ പ്രവൃത്തിയുമുണ്ടായിരുന്നു. സന്യാസിമാരെ സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങളുടെ മണ്ഡലം മുഴുവൻ ഇദ്ദേഹം കൈകാര്യം ചെയ്തുവെന്നു പറയാം, താഴെ പറയുന്ന കൃതികളിൽ: 'വസ്ത്രത്തെക്കുറിച്ചു്', 'പ്രാർത്ഥനാനിയമത്തെക്കുറിച്ചു്', 'സങ്കീർത്തനങ്ങൾ ചൊല്ലുന്ന രീതിയെപ്പററി' മൂന്നു പുസ്തകങ്ങൾ, –ഈജിപ്ററിലെ സന്യാസഭവനങ്ങളിൽ സങ്കീർത്തനങ്ങൾ രാപകൽ ചൊല്ലാറുണ്ടു് – 'ദെ ഇൻസ്റ്റിത്തൂത്തീസ്' ഒന്നു്, 'എട്ടു പ്രധാന പാപങ്ങളുടെ ഉത്ഭവം, സ്വഭാവം, പരിഹാരമാർഗ്ഗങ്ങൾ' എന്നിവയെക്കുറിച്ചു് എട്ടു പുസ്തകങ്ങൾ, –ഒരു പാപത്തെക്കുറിച്ചു് ഒരു പുസ്തകം വീതം– ഈജിപ്ററിലെ പിതാക്കന്മാരുമായി നടന്ന കോൺഫ്രൻസുകളെ സംബന്ധിച്ച താഴെ പറയുന്ന പുസ്തകങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചു: 'ഒരു സന്യാസിയുടെ ലക്ഷ്യത്തെയും വിശ്വാസത്തെയും കുറിച്ചു്', 'ഔചിത്യബോധത്തെക്കുറിച്ചു്', 'ദൈവസേവനത്തിനുള്ള മൂന്നു വിളികളെക്കുറിച്ചു്', 'ആത്മശരീരങ്ങളുടെ പരസ്പര സമരത്തെക്കുറിച്ചു്', 'എല്ലാ പാപങ്ങളുടെയും സ്വഭാവത്തെക്കുറിച്ചു്', 'പുണ്യവാന്മാരുടെ വധത്തെക്കുറിച്ചു്', 'മനസ്സിൻെറ ചാപല്യത്തെക്കുറിച്ചു്', 'രാജഭരണങ്ങളെക്കുറിച്ചു്', 'പ്രാർത്ഥനയുടെ സ്വഭാവത്തെക്കുറിച്ചു്', 'പ്രാർത്ഥനയുടെ സമയ ദൈർഘ്യത്തെക്കുറിച്ചു്', 'പരിപൂർണ്ണതയെക്കുറിച്ചു്', 'ചാരിത്ര്യത്തെക്കുറിച്ചു്'. 'ദൈവികസംരക്ഷണത്തെ



ക്കുറിച്ചു്', 'ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള ജ്ഞാനത്തെക്കുറിച്ചു്', 'ദൈവികദാനങ്ങളെക്കുറിച്ചു്', 'സൗഹൃദത്തെക്കുറിച്ചു്', 'നിർവചിക്കണമോ നിർവചിക്കാതിരിക്കണമോ', 'സന്യാസിമാരുടെ മൂന്നു പ്രാചീന വിഭാഗങ്ങളെയും പുതുതായുണ്ടായ നാലാമതൊരു വിഭാഗത്തെയും കുറിച്ചു്', 'ഏകാന്തവാസികളുടെയും കൂട്ടജീവിതക്കാരുടെയും ലക്ഷ്യത്തെക്കുറിച്ചു്', 'പശ്ചാത്താപത്തിലെ യഥാർത്ഥ സംതൃപ്തിയെക്കുറിച്ചു്' 'അമ്പതു ദിവസത്തെ ഉപവാസം ഇളവു ചെയ്യുന്നതു സംബന്ധിച്ചു്', 'രാത്രിയിലെ ഭ്രാമകദർശനങ്ങൾ', 'ഞാൻ ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ കഴിയുന്നില്ല, ആഗ്രഹിക്കാത്ത തിന്മ ചെയ്യുന്നു എന്ന ശ്ലൈഹിക വചനത്തെക്കുറിച്ചു്', 'പ്രായശ്ചിത്തത്തെക്കുറിച്ചു്'.

അവസാനമായി, ആർച്ചു് ഡീക്കൻ ലെയോ ആവശ്യപ്പെട്ടതനുസരിച്ചു് ഇദ്ദേഹം നെസ്തോറിയുസിനെതിരായി ഏഴു പുസ്തകങ്ങൾ എഴുതി. 'നമ്മുടെ കർത്താവിൻെറ മനുഷ്യാവതാരത്തെക്കുറിച്ചു്' എന്നാണ് അതിനു പേരു്. – ലെയോ പിന്നീടു് റോമാമെത്രാനായി. – ഈ ഗ്രന്ഥം എഴുതിത്തീർന്നതോടുകൂടി അദ്ദേഹത്തിൻെറ എഴുത്തും ജീവിതവും അവസാനിച്ചു. തിയഡോഷ്യസിൻെറയും വലെൻറീനിയൻെറയും ഭരണകാലത്തു് മർസെയിൽസിൽ വച്ചാണ് ഇദ്ദേഹത്തിൻെറ ജീവിതാന്ത്യം സംഭവിച്ചതു്.[43]

## 63. ഫിലിപ്പ്

പ്രെസ്ബിററായ ഫിലിപ്പ് ജറോമിൻെറ ശ്രേഷ്ഠ ശിഷ്യനായിരുന്നു. ഇദ്ദേഹം 'ജോബിൻെറ പുസ്തകത്തിനു് ഒരു വ്യാഖ്യാനം പ്രസിദ്ധീകരിച്ചു. അകൃത്രിമ ഭാഷയിലാണ് അതിൻെറ രചന. ഇദ്ദേഹത്തിൻെറ 'പരിചിതങ്ങളായ കത്തുകൾ' ഞാൻ വായിച്ചിട്ടുണ്ടു്. വളരെ രസകരമായ ആ പുസ്തകം ദാരിദ്ര്യത്തിൻെറയും സഹനത്തിൻെറയും മഹത്ത്വത്തെക്കുറിച്ചുള്ള ഉദ്ബോധനമാണ്. മാർസ്യൻെറയും അവിത്തുസിൻെറയും ഭരണകാലത്തു് ഇദ്ദേഹം മരിച്ചു.

## 64. എവുക്കേരിയുസ്

ലയൺസിലെ സഭയുടെ മെത്രാനായിരുന്ന എവുക്കേരിയുസ് തൻെറ ബന്ധുവായ വലേരിയൻെറ പേർക്കു് 'ലോകത്തോടും ലൗകികതത്ത്വജ്ഞാനത്തോടുമുള്ള അവജ്ഞയെക്കുറിച്ചു്'

43. അതേ കൃതി, 104–8.

www.malankaralibrary.com


എന്നൊരു ലേഖനം എഴുതി. ദൃഢമായ പാണ്ഡിത്യവും യുക്തിബോധവും പ്രസ്പഷ്ടമാക്കുന്ന ഒരു ശൈലിയിലാണ് അത് എഴുതപ്പെട്ടിട്ടുള്ളത്. തന്റെ പുത്രന്മാരായ സലോണിയുസ്, വെറാനുസ് എന്നിവരുടെ പേർക്ക് 'വി. ലിഖിതങ്ങളിലെ ചില അവ്യക്ത ഭാഗങ്ങളെക്കുറിച്ച്' ഒരു വിശദീകരണം എഴുതി– ഇവർ പിന്നീട് മെത്രാന്മാരായി– കൂടാതെ ഇദ്ദേഹം വി. കാസ്സിയന്റെ ചില രചനകൾ പരിഷ്കരിക്കുകയും സംഗ്രഹിക്കുകയും ചെയ്തതിനോടൊപ്പം അവ കൂട്ടിച്ചേർത്ത് ഒററപ്പുസ്തകമാക്കുകയും ചെയ്തു. സഭാത്മകവും സന്യാസാത്മകവുമായ ജീവിതത്തിനുതകുന്ന മററു ചില കൃതികളും രചിച്ചു. ഇദ്ദേഹം വലെന്റീനിയന്റെയും മാർസ്യന്റെയും കാലത്ത് നിര്യാതനായി.[44]

## 65. വിൻസെന്റ്

ഗോൾ പ്രദേശക്കാരനായ വിൻസെന്റ്, ലേറിൻസ് ദ്വീപിലെ സന്യാസാശ്രമത്തിലെ പ്രെസ്ബിറററായിരുന്നു. വി. ലിഖിതങ്ങളിൽ അഗാധപാണ്ഡിത്യവും സഭാത്മകമായ കാര്യങ്ങളിൽ നല്ല പരിജ്ഞാനവുമുള്ള ഒരു വ്യക്തിയായിരുന്നു ഇദ്ദേഹം, വളരെ ശക്തമായ ഒരു ചർച്ചാഗ്രന്ഥമെഴുതി. വളരെ പരിഷ്കൃതവും സ്പഷ്ടവുമായ ഭാഷയിൽ എഴുതപ്പെട്ട ഈ ഗ്രന്ഥം ഗ്രന്ഥകാരന്റെ പേരു വെളിപ്പെടുത്താതെ 'പെരെഗ്രിനൂസ് പാഷണ്ഡികൾക്കെതിരേ' എന്ന പേരിലാണു രചിച്ചത്. ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ ഭൂരിഭാഗവും മോഷണം പോയി. അതിനാൽ ഗ്രന്ഥകാരൻ ഗ്രന്ഥത്തിന്റെ ആശയങ്ങൾ സംഗ്രഹിച്ച് ഒററപ്പുസ്തകമായി പ്രസിദ്ധീകരിച്ചു. ഈ വിൻസെന്റ് തിയഡോഷ്യസിന്റെയും വലെന്റീനിയന്റെയും ഭരണകാലത്തു നിര്യാതനായി.[45]

## 66. സിയാഗ്രിയൂസ്

സിയാഗ്രിയുസ് 'വിശ്വാസത്തെക്കുറിച്ച്' എന്ന ഗ്രന്ഥം എഴുതി. പാഷണ്ഡികളുടെ അഹങ്കാരം നിറഞ്ഞ വചനങ്ങൾക്കെതിരായിട്ടായിരുന്നു അത്. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തെ നശിപ്പിക്കുന്നതിനോ പകരം വയ്ക്കുന്നതിനോ വേണ്ടി അവർ വേറെ വാക്കുകൾ ഉപയോഗിച്ചു. പിതാവിനെ പിതാ-

44. ലത്തീൻ, 99-100.

45. അതേകൃതി, 115-7.



വെന്നു വിളിക്കരുതെന്നാണ് അവർ പറയുന്നത്. കാരണം; അങ്ങനെ വിളിച്ചാൽ പുത്രൻ എന്ന വാക്ക് അതിനോടു പൊരുത്തപ്പെടും. ജനിപ്പിക്കപ്പെടാത്തവൻ എന്നോ നാശമില്ലാത്തവൻ എന്നോ ആത്യന്തികൻ എന്നോ പിതാവിനെ വിളിക്കണമത്രേ. അങ്ങനെ ചെയ്താൽ അയാളിൽനിന്നു വ്യക്തി എന്ന നിലയിൽ വ്യതിരിക്തമായിട്ടുള്ളതെന്തും സ്വഭാവത്തിലും വ്യത്യസ്തമായിരിക്കുമല്ലോ. സ്വഭാവത്തിൽ മാററമില്ലാത്തവനായ പിതാവിനെ അങ്ങനെ ജനിപ്പിക്കപ്പെടാത്തവൻ എന്നു വിളിക്കാം. എന്നാൽ വി. ലിഖിതം അവിടുത്തെ അങ്ങനെ വിളിക്കുന്നില്ല. പുത്രൻ എന്ന വ്യക്തി പിതാവിൽനിന്നു ജനിക്കുന്നു, സൃഷ്ടിക്കപ്പെടുന്നില്ല. പരിശുദ്ധാത്മാവ് എന്ന വ്യക്തി അവനിൽനിന്നു പുറപ്പെടുന്നു, ജനിപ്പിക്കപ്പെടുകയോ സൃഷ്ടിക്കപ്പെടുകയോ ചെയ്യുന്നില്ല. ഈ സിയാഗ്രിയുസിന്റെ പേരിൽ ഞാൻ ഏഴു പുസ്തകങ്ങൾ കണ്ടിട്ടുണ്ട്. 'വിശ്വാസത്തെയും വിശ്വാസത്തിന്റെ നിയമങ്ങളെയും കുറിച്ച്' എന്നാണതിന്റെ പേര്. എന്നാൽ ശൈലികൊണ്ടു യോജിക്കായ്കയാൽ അവ അദ്ദേഹത്തിന്റെ രചനകളാണെന്നു ഞാൻ കരുതിയില്ല.

## 67. ഇസാക്ക്

അന്ത്യോക്യയിലെ സഭയിൽ പ്രെസ്ബിററർ ആയിരുന്നു ഇസാക്ക്. ഇദ്ദേഹത്തിന്റെ കൃതികൾ നീണ്ട ഒരു കാലഘട്ടത്തെ സ്പർശിക്കുന്നു. സുറിയാനിയിൽ രചന നടത്തിയ ഇസാക്ക് പ്രധാനമായും നെസ്തോറിയരെയും എവുത്തീക്കിയരെയും എതിർത്തുകൊണ്ടാണ് എഴുതിയത്. ഒരു വിലാപാത്മക കാവ്യത്തിൽ ഇദ്ദേഹം അന്ത്യോക്യയുടെ പതനത്തെക്കുറിച്ചു വിലപിച്ചു. ഡീക്കനായ് അപ്രേം നിക്കൊമേദിയായുടെ പതനത്തെക്കുറിച്ച് എഴുതിയപ്പോൾ സ്വീകരിച്ച അതേ രീതി ഇതിൽ ഇസാക്കും സ്വീകരിച്ചിരിക്കുന്നു. ഇദ്‌ദേഹം ലെയോയുടെയും മയൊറിയാനൂസിന്റെയും ഭരണകാലത്തു മരിച്ചു.

## 68. സാൽവിയൻ

സാൽവിയൻ മർസെയിൽസിലെ പ്രെസ്ബിറററായിരുന്നു. മതേതരവും മതപരവുമായ സാഹിത്യങ്ങളിൽ നല്ല വൈദുഷ്യം നേടിയ ഇദ്ദേഹം, ഒട്ടും ഈർഷ്യയില്ലാതെ പറഞ്ഞാൽ, മെത്രാന്മാർക്കും പ്രാമാണികനായിരുന്നു. സഭാത്മകവും സ്പഷ്ടവു

www.malankaralibrary.com


മായ ശൈലിയിൽ ഇദ്ദേഹം പലതും എഴുതി. അക്കൂട്ടത്തിൽ താഴെ പറയുന്നവ ഞാൻ വായിച്ചിട്ടുണ്ട്: 'കന്യാത്വത്തിന്റെ മഹത്ത്വത്തെക്കുറിച്ച്' നാലു പുസ്തകങ്ങളും, പ്രെസ്ബിററായ മർസെല്ലൂസിന്റെ പേർക്ക് എഴുതിയ 'അത്യാഗ്രഹത്തിനെതിരേ' മൂന്നു പുസ്തകങ്ങളും, 'ഇപ്പോഴത്തെ വിധിയെക്കുറിച്ച്' അഞ്ചു പുസ്തകങ്ങളും, സലോണിയൂസ് മെത്രാനെ സംബോധന ചെയ്തുകൊണ്ട് 'അഹ്മായ ശിക്ഷയെക്കുറിച്ച്' ഒരു പുസ്തകം, വീനിലെ മെത്രാനായ ക്ളോഡിയസിനെ സംബോധന ചെയ്തുകൊണ്ട് സഭാപ്രസംഗകന്റെ ഉത്തരഭാഗത്തിനുള്ള ഒരു വ്യാഖ്യാനം, 'ലേഖനങ്ങൾ' ഒരു പുസ്തകം. ഗ്രീക്കുസമ്പ്രദായത്തിൽ പദ്യമയമായ ഒരു ഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ട്, സൃഷ്ടിയുടെ ആദ്യഘട്ടം മുതൽ മനുഷ്യസൃഷ്ടിവരെയുള്ള കാര്യങ്ങൾ പ്രതിപാദിക്കുന്ന ഒരുതരം 'ഹെക്സേമെറോൺ'. ഇവയ്ക്കുപുറമേ മെത്രാന്മാരോടു ചെയ്ത അനേകം പ്രസംഗങ്ങളുമുണ്ട്. 'കൂദാശകളെക്കുറിച്ച്' ഇദ്ദേഹം തയാറാക്കിയ പ്രസംഗങ്ങൾ എത്രയെന്നെനിക്കു നിശ്ചയമില്ല. വയോവൃദ്ധനായ സാൽവിയൻ ഇന്നും ജീവിച്ചിരിക്കുന്നു.[46]

## 69. പൗളീനസ്

പൗളീനസ് 'നാൽപ്പതുനോമ്പിന്റെ ഉത്ഭവത്തെക്കുറിച്ചു' നിബന്ധങ്ങൾ രചിച്ചു. അവയിൽ രണ്ടെണ്ണം ഞാൻ വായിച്ചിട്ടുണ്ട്. 'പെസഹാശാബതത്തെക്കുറിച്ച്', 'അനുസരണത്തെക്കുറിച്ച്', 'പ്രായശ്ചിത്തത്തെക്കുറിച്ച്' 'നവസ്നാനാർത്ഥികളെക്കുറിച്ച്' എന്നീ കൃതികളും അദ്ദേഹം രചിച്ചു.

## 70. ഹിലരി

ആൾസിലെ സഭയുടെ മെത്രാനായിരുന്ന ഹിലരി വി. ലിഖിതങ്ങളിൽ അഗാധജ്ഞാനമുള്ള വ്യക്തിയായിരുന്നു. ദാരിദ്ര്യത്തോട് അതീവതാല്പര്യമുണ്ടായിരുന്ന ഇദ്ദേഹം പരിമിതമായ സാഹചര്യങ്ങളിൽ ജീവിക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. മനസ്സ് മതാത്മകമായിരിക്കണമെന്നു മാത്രമല്ല, ശാരീരികമായ ജോലികൾ ചെയ്യണമെന്നും ഇദ്ദേഹം ആഗ്രഹിച്ചു. ദാരിദ്ര്യത്തിന്റെ ഈ അവസ്ഥ ഉറപ്പു വരുത്തുന്നതിനുവേണ്ടി ഉന്നതകുലജാതനും വളരെ വ്യത്യസ്തമായ രീതിയിൽ വളർത്ത

46. ലത്തീൻ. 111-2.



പ്പെട്ടവനുമായ ഇദ്ദേഹം കൃഷിയിൽ ഏർപ്പെട്ടു. കൃഷി ഇദ്ദേഹത്തിന്റെ ശരീരശേഷിക്ക് ഇണങ്ങുന്ന പണിയായിരുന്നില്ല. കൃഷിയിൽ ഏർപ്പെട്ടെങ്കിലും ആദ്ധ്യാത്മികകാര്യങ്ങളിൽ ഒട്ടും അലംഭാവം വരുത്തിയുമില്ല. ഇദ്ദേഹം എല്ലാവർക്കും സ്വീകാര്യനായ ഒരദ്ധ്യാപകനും ആയിരുന്നു. ആളിന്റെ തരഭേദം നോക്കാതെ എല്ലാവർക്കും തിരുത്തലുകൾ നൽകിയിരുന്നു. ഇദ്ദേഹം ചുരുക്കം ചിലതെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ ഹ്രസ്വങ്ങളെങ്കിലും അമർത്ത്യമായ പ്രതിഭാശക്തി ദ്യോതിപ്പിക്കുന്നവയും പാണ്ഡിത്യപൂർണ്ണമായ മനസ്സിനെ സൂചിപ്പിക്കുന്നവയുമാകുന്നു. ഉശിരുള്ള പ്രഭാഷണശക്തിയും അവയിൽ ദൃശ്യം തന്നെ. ഇദ്ദേഹത്തിന്റെ കൃതികളിൽ അനേകർക്കു വലിയ പ്രായോഗികപ്രയോജനമുള്ളതു തന്റെ മുൻഗാമിയായ 'വിശുദ്ധ ഹൊണൊറാത്തുസിന്റെ ജീവചരിത്രം' അത്രേ. വലൻറീനിയന്റെയും മാർസ്യന്റെയും ഭരണകാലത്താണ് ഹിലരിയുടെ മരണം.[47]

## 71. ലെയോ

റോമിലെ മെത്രാനായിരുന്ന ലെയോ കോൺസ്റ്റൻറിനോപ്പിളിലെ സഭയുടെ മെത്രാനായ 'ഫ്ളാവിയനു് ഒരു കത്തു്' എഴുതി. പ്രെസ്ബിററർ എവുത്തിക്കെസിനു് എതിരായിട്ടായിരുന്നു ആ കത്തു്. അക്കാലത്തു് എവുത്തിക്കെസ് മെത്രാൻപദവിയിലുള്ള അത്യാഗ്രഹംകൊണ്ടു് സഭയിൽ പുത്തുമകൾ ഏർപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. പ്രസ്തുത കത്തിൽ ലെയോ ഫ്ളാവിയനെ ഇപ്രകാരം ഉപദേശിക്കുന്നു. 'എവുത്തിക്കെസ് തെററു സമ്മതിക്കയും തെററു തിരുത്താമെന്നു് ഉറപ്പു തരുകയും ചെയ്യുകയാണെങ്കിൽ അയാളെ സ്വീകരിക്കുക. എന്നാൽ താൻ പ്രവേശിച്ചിരിക്കുന്ന മാർഗ്ഗത്തിൽ അയാൾ ഉറച്ചു നിൽക്കുകയാണെങ്കിൽ അയാളെ അയാളുടെ പാഷണ്ഡതയോടൊപ്പം ശപിക്കുക'. ഇതേ കത്തിൽ ലെയോ ദൈവികസാക്ഷ്യങ്ങൾ സഹിതം താഴെ പറയുന്ന കാര്യങ്ങൾ പഠിപ്പിക്കുകയും ഉറപ്പിച്ചു പറയുകയും ചെയ്യുന്നു. "കർത്താവായ യേശുക്രിസ്തുവിനെ ദൈവപിതാവിന്റെ യഥാർത്ഥ പുത്രനായി കണക്കാക്കുന്നതുപോലെ തന്നെ അവിടുത്തെ, മനുഷ്യസ്വഭാവമുള്ള യഥാർത്ഥ മനുഷ്യനായിട്ടും കണക്കാക്കണം. അതായതു്, അവിടുന്നു് കന്യകാമറിയത്തിന്റെ മാംസത്തിൽനിന്നുള്ള മാംസമായ ഒരു

47. അതേകൃതി. 103-4.

www.malankaralibrary.com



ശരീരം സ്വീകരിച്ചു. എവുത്തിക്കെസ് പറയുന്നതുപോലെ അവിടുന്ന് സ്വർഗ്ഗത്തിൽനിന്നു സ്വീകരിച്ച ഒരു ശരീരം പ്രദർശിപ്പിക്കുകയല്ല ചെയ്തത്.'' ലെയോ, മയൊറിയാനൂസ് എന്നിവരുടെ ഭരണകാലത്ത് ഇദ്ദേഹം മരിച്ചു.[48]

## 72. മോക്കിമൂസ്

മെസപ്പൊട്ടോമിയക്കാരനായ മോക്കിമൂസ് അന്ത്യോക്യയിൽ ഒരു പ്രെസ്ബിററർ ആയിരുന്നു. 'എവുത്തീക്കെസിനു് എതിരേ' എന്ന വിശിഷ്ടമായ ഒരു ഗ്രന്ഥം ഇദ്ദേഹം രചിച്ചു. ഇദ്ദേഹം വേറെയും പല കൃതികൾ രചിക്കുന്നുവെന്നു പറയുന്നു. അവയൊന്നും ഞാൻ കണ്ടിട്ടില്ല.

## 73. തിമോത്തി

ജനങ്ങളുണ്ടാക്കിയ ബഹളത്തെത്തുടർന്നു് അലക്സാൺഡ്രിയക്കാർ പ്രോത്തേരിയൂസിനെ വധിച്ചപ്പോൾ തിമോത്തി മനസ്സായിട്ടോ മനസ്സാകാതെയോ ആ സ്ഥാനത്തേക്കു മെത്രാനായി നിയമിക്കപ്പെടാൻ തയ്യാറായി. ഒരു മെത്രാൻ മാത്രമാണ് അഭിഷേകം ചെയ്യാനുണ്ടായിരുന്നത്. പ്രോത്തേരിയൂസിനെ വെറുത്ത അതേ ജനങ്ങൾ നിയമവിരുദ്ധമായി നിയമിതനായ തന്നെ ന്യായമായും സ്ഥാനഭ്രഷ്ടനാക്കുമെന്നു ഭയന്നു്- അങ്ങനെ വരാതിരിക്കാൻ തിമോത്തി തൻെറ സമീപത്തുള്ള മെത്രാന്മാരെല്ലാം നെസ്തോറിയന്മാരാണെന്നു പ്രഖ്യാപിച്ചു. മനസ്സാക്ഷിയിലേററ കളങ്കം കടുനിലപാടുകൊണ്ടു് കഴുകിക്കളയാമെന്നു സങ്കല്പിച്ചുകൊണ്ടു് ഇയാൾ ലെയോ ചക്രവർത്തിക്കു് വളരെ അനുനയപരമായ ഒരു കൃതിയെഴുതി. പ്രസ്തുത കൃതിയിൽ, തലതിരിഞ്ഞ അർത്ഥത്തിൽ പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ചക്രവർത്തിയെ കബളിപ്പിക്കാനും തൻെറ പാഷണ്ഡത സ്ഥാപിക്കാനും ഇയാൾ ശ്രമിച്ചു. റോമാനഗരത്തിലെ സഭാദ്ധ്യക്ഷനായ ലെയോയും കാൽസിഡണിലെ സിനഡും എല്ലാ പാശ്ചാത്യ മെത്രാന്മാരും അടിസ്ഥാനപരമായി നെസ്തോറിയന്മാരാണെന്നു വാദിക്കാനാണ് അയാൾ ശ്രമിച്ചത്. എന്നാൽ ദൈവാനുഗ്രഹത്താൽ സഭയുടെ ഈ ശത്രുവിൻെറ വാദങ്ങൾ നിരാകരിക്കപ്പെടുകയും കാൽസിഡൺ സിനഡ് ഇയാളെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. നാടുകടത്തപ്പെട്ട ഇയാൾ ഇപ്പോഴും പാഷ

48. അതേകൃതി, 130-147.



ണ്ഡിയായി ജീവിക്കുന്നു എന്നു പറയപ്പെടുന്നു. അതു ശരിയായിരിക്കാൻ വളരെ സാദ്ധ്യതയുണ്ടു്. തിമോത്തി എഴുതിയ പ്രസ്തുത പുസ്തകം അറിവിനുവേണ്ടി ഞാൻ ഒരു താക്കീതോടുകൂടി ലത്തീനിലേക്കു തർജമ ചെയ്തു. സഹോദരന്മാരുടെ അഭ്യർത്ഥനയനുസരിച്ചാണ് ഞാൻ പ്രസ്തുത തർജ്ജമ നിർവ്വഹിച്ചത്.

## 74. അസ്ക്ലേപ്പിയൂസ്

ആഫ്രിക്കക്കാരനായ അസ്ക്ലേപ്പിയൂസ് ബാഗായിസിൻെറ അതിർത്തിയിലുള്ള ഒരു വലിയ രൂപതയിലെ മെത്രാനായിരുന്നു. ഇദ്ദേഹം ആര്യന്മാർക്കെതിരായി എഴുതി. ഇപ്പോൾ ഡൊണാററിസ്റ്റുകൾക്കു് എതിരേ എഴുതുന്നു എന്നു പറയപ്പെടുന്നു. മുന്നൊരുക്കമൊന്നും കൂടാതെ പഠിപ്പിക്കുന്ന കാര്യത്തിൽ ഇദ്ദേഹം പ്രസിദ്ധനായിരുന്നു.

## 75. പീററർ

എഡേസായിലെ സഭയിൽ പ്രെസ്ബിറററായ പീററർ പ്രസിദ്ധനായ പ്രസംഗകനാകുന്നു. ഇദ്ദേഹം വിവിധ വിഷയങ്ങളെക്കുറിച്ചു പ്രബന്ധങ്ങളും ഡീക്കനായ വിശുദ്ധ അപ്രേമിൻെറ രീതിയിൽ സ്തോത്രഗീതങ്ങളും എഴുതി.

## 76. പൗലോസ്

പ്രെസ്ബിറററായ പൗലോസ് പന്നോണിയദേശക്കാരനത്രേ. ഇദ്ദേഹം, എന്നോടു നേരിട്ടു പറഞ്ഞിട്ടുള്ളതുപോലെ, 'കന്യാത്വം സംരക്ഷിക്കുന്നതിനെക്കുറിച്ചും ലോകത്തെ വെറുക്കുന്നതിനെക്കുറിച്ചും' 'ജീവിതക്രമീകരണം അഥവാ സാന്മാർഗികമായ തിരുത്തൽ' എന്ന രണ്ടു കൃതികൾ രചിച്ചു. ഇവയുടെ ഭാഷാശൈലി മദ്ധ്യമമാണ്. എന്നാൽ അവ ദൈവികമായ ലവണംകൊണ്ടു് സ്വാദേറിയവയത്രേ. കോൺസ്ററാൻസ്യാ എന്നു പേരുള്ള, ക്രിസ്തുവിനു സ്വയം സമർപ്പിച്ച ഒരു കുലീനകന്യകയെ സംബോധന ചെയ്തുകൊണ്ടുള്ളവയാണ് ഈ കൃതികൾ. ജോവീനിയൻ എന്ന പാഷണ്ഡിയെ ഇവയിൽ പരാമർശിക്കുന്നുണ്ടു്: ജോവീനിയൻ കാമത്തിൻെറയും ഭോഗാസക്തിയുടെയും വക്താവാണെന്നും, സംയതവും ചാരിത്ര്യപൂർണ്ണവുമായ ജീവിതത്തിൽനിന്നു വളരെ വിദൂരസ്ഥനായിരുന്നെന്നും ധൂർത്തു നിറഞ്ഞ സദ്യകളിൽ സ്വന്തം ജീവിതം തികട്ടിത്തീർത്തു എന്നും അതിൽ സൂചിപ്പിക്കുന്നു.

www.malankaralibrary.com


## 77. പാസ്തോർ

പാസ്തോർ മെത്രാൻ ഒരു ലഘുകൃതി രചിച്ചിട്ടുണ്ട്. ഒരു വിശ്വാസപ്രമാണത്തിൻെറ രൂപത്തിലാണത്. സഭാപരമായ തത്ത്വങ്ങൾ മുഴുവനും തന്നെ അതിൻെറ വാക്യങ്ങളിലുണ്ട്. ഇതിൽ ആവിഷ്കർത്താക്കളുടെ പേരു പറയാതെ പല പാഷണ്ഡതകളെ ശപിക്കുന്നു. അക്കൂട്ടത്തിൽ പ്രിഷില്ലിയൻ പാഷണ്ഡതയെയും അതിൻെറ അവതാരകനെയും ശപിക്കുന്നു.

## 78. വിക്ടർ

മൗരിററാനിയായിലുള്ള കാർട്ടെന്നായിലെ മെത്രാനായ വിക്ടർ ആരിയർക്കെതിരായി ദീർഘമായ ഒരു ഗ്രന്ഥം രചിച്ചു. അത് തൻെറ അനുയായികൾ വശം ജെൻസെറിക്ക് രാജാവിനു കൊടുത്തയച്ചു. പ്രസ്തുത കൃതിയുടെ ആമുഖത്തിൽ നിന്നാണ് ഞാൻ ഇക്കാര്യം മനസ്സിലാക്കിയത്. 'ചുങ്കക്കാരൻെറ പശ്ചാത്താപം' ആണ് ഇദ്ദേഹത്തിൻെറ മറെറാരു കൃതി. അതിൽ ഇദ്ദേഹം വി. ലിഖിതത്തെ ആധാരമാക്കി പശ്ചാത്തപിക്കുന്നവർക്കുവേണ്ടി ഒരു ജീവിതനിയമസംഹിത രൂപപ്പെടുത്തിയിരിക്കുന്നു. ബസീലിയൂസ് എന്നയാളിനെ ഉദ്ദേശിച്ച് ഒരു സമാശ്വാസ ലേഖനവും ഇദ്ദേഹം എഴുതിയിട്ടുണ്ട്. 'ഒരു പുത്രൻെറ മരണത്തെക്കുറിച്ച്' എന്നാണിതിനു പേർ. അതിൽ നിറയെ പുനരുത്ഥാന പ്രതീക്ഷയും നല്ല ഉപദേശങ്ങളുമത്രേ. ഇദ്ദേഹം പല മതപ്രസംഗങ്ങളും തയ്യാറാക്കി. അവ ക്രമീകരിച്ചു പുസ്തകങ്ങളാക്കി. സ്വന്തം ആത്മരക്ഷയിൽ താൽപര്യമുള്ള അനേകം സഹോദരങ്ങൾ അവ ഉപയോഗപ്പെടുത്തുന്നതായി എനിക്ക് അറിയാം.

## 79. വൊക്കോണിയൂസ്

മൗരിററാനിയായിലുള്ള കാസ്റ്റെല്ലാനത്തിലെ മെത്രാനായ വൊക്കോണിയൂസ് 'യഹൂദർ, ആരിയർ, മററു പാഷണ്ഡികൾ തുടങ്ങിയ സഭാശത്രുക്കൾക്കെതിരേ' എന്ന ഗ്രന്ഥം രചിച്ചു. 'കൂദാശകളെക്കുറിച്ച്' ഒരു വിശിഷ്ട ഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ട്.



## 80. മർസെയിൽസിലെ മൂസെയൂസ്

മൂസെയൂസ് മർസെയിൽസിലെ സഭയിലെ വൈദികനായിരുന്നു. വി. ലിഖിതങ്ങളിൽ അഗാധജ്ഞാനവും അവ വ്യാഖ്യാനിക്കുന്നതിൽ പരമമായ സൂക്ഷ്മതയുമുള്ളയാളായിരുന്ന ഇദ്ദേഹം ഉന്നതമായ ഒരു ദൈവശാസ്ത്ര ശൈലിയുടെ ഉടമയുമായിരുന്നു. മെത്രാനായ വി. വെനേരിയൂസിൻെറ അഭ്യർത്ഥനയനുസരിച്ച് ഇദ്ദേഹം വി. ഗ്രന്ഥത്തിൽനിന്ന് ആണ്ടുവട്ടത്തിലെ വിവിധ തിരുനാളുകൾക്കു യോജിച്ച ഭാഗങ്ങളും ഓരോ കാലഘട്ടത്തിലെയും പ്രാർത്ഥനയ്ക്കു യോജിച്ച സങ്കീർത്തന ഭാഗങ്ങളും വായനയ്ക്കുള്ള ഭാഗങ്ങളും തെരഞ്ഞെടുത്തു തയ്യാറാക്കി. സഭയിലെ വായനക്കാർ ഇക്കൃതി ഏററവും വിലപ്പെട്ടതാണെന്നു മനസ്സിലാക്കി. വായനയ്ക്കുള്ള ഭാഗങ്ങൾ തെരഞ്ഞെടുക്കുന്നതിലുള്ള ബുദ്ധിമുട്ടും മന:ക്ലേശവും ഇതുമൂലം ഒഴിവായിക്കിട്ടിയല്ലോ. ജനങ്ങളെ പഠിപ്പിക്കുന്നതിനുള്ള സൗകര്യവും ശുശ്രൂഷകളുടെ അന്തസ്സും ഇതുമൂലം മെച്ചപ്പെട്ടു. മുകളിൽ പറഞ്ഞ ദൈവത്തിൻെറ മനുഷ്യൻെറ പിൻഗാമിയായ വി. ഒസ്താത്യൂസ് മെത്രാനെ സംബോധന ചെയ്തുകൊണ്ട് 'കൂദാശക്രമം' എന്നൊരു ഗ്രന്ഥവും മൂസെയൂസ് രചിച്ചു. മഹത്തും ബൃഹത്തുമായ ഒരു കൃതിയാണത്. വിവിധ കർമ്മങ്ങളുടെയും കാലഘട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അതു പല ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വായനയ്ക്കുള്ള ഭാഗങ്ങളും ആലാപനത്തിനുള്ള സങ്കീർത്തനങ്ങളും കർത്താവിനോടുള്ള പ്രാർത്ഥനകളും തൻെറ അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞതാപ്രകാശനങ്ങളും എല്ലാം അതിലുണ്ട്. മൂസെയൂസ് കരുത്തുററ ബുദ്ധിയും കുററമററ ഭാഷാസ്വാധീനവുമുള്ള ഒരു വ്യക്തിയായിരുന്നുവെന്ന് ഇക്കൃതിയിൽനിന്നു നാം മനസ്സിലാക്കുന്നു. ഇദ്ദേഹം ധാരാളം പ്രസംഗങ്ങളും നടത്തിയിട്ടുണ്ടെന്നാണു പറയപ്പെടുന്നത്. അവയെ ഭക്തിയുള്ളവർ വിലമതിക്കുന്നു. പക്ഷേ ആ പ്രസംഗങ്ങൾ ഞാൻ വായിച്ചിട്ടില്ല. ഇദ്ദേഹം ലെയോയുടെയും മയൊറിയാനൂസിൻെറയും ഭരണകാലത്തു നിര്യാതനായി.[49]

## 81. വിൻസെൻറ്

പ്രെസ്ബിററർ വിൻസെൻറ് ഗോൾ പ്രദേശക്കാരനാകുന്നു. വി. ലിഖിതങ്ങളിൽ നല്ല പരിചയവും പരന്ന വായനയും പ്രസംഗവും വഴി മസൃണമായ ഭാഷാശൈലിയും സ്വായത്തമാക്കിയ ഇദ്ദേഹം 'സങ്കീർത്തനങ്ങൾ'ക്ക് ഒരു വ്യാഖ്യാന

49. ലത്തീൻ. 110.

www.malankaralibrary.com



മെഴുതി. ഇതിന്റെ ഒരു ഭാഗം ഇദ്ദേഹം കന്നാറേ എന്ന സ്ഥലത്തുവച്ച് ദൈവഭക്തനായ ഒരു മനുഷ്യനെ വായിച്ചു കേൾപ്പിക്കുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. ദൈവം തനിക്കു് ദീർഘായുസ്സും ശക്തിയും തരുമെങ്കിൽ സങ്കീർത്തനങ്ങൾക്കു മുഴുവൻ താൻ ഇപ്രകാരമുള്ള വ്യാഖ്യാനം എഴുതുമെന്നു് അദ്ദേഹം വാഗ്ദാനം ചെയ്യുന്നതും ഞാൻ കേട്ടു.[50]

## 82. സൈറസ്

സൈറസ് അലക്സാണ്ഡ്രിയൻ വംശക്കാരനും തൊഴിലിൽ വൈദ്യനുമാണ്. ആദ്യം ദാർശനികനും പിന്നീടു സന്യാസിയുമായ ഇയാൾ വിദഗ്ധനായ പ്രഭാഷകനുമത്രേ. ആദ്യഘട്ടത്തിൽ നെസ്തോറിയൂസിനെതിരേ സുന്ദരമായും ശക്തമായും എഴുതി. എന്നാൽ പിന്നീടു് തീരെ അസംയതമായ ഭാഷയിൽ നെസ്തോറിയൂസിനെ ആക്രമിക്കുകയും വി. ലിഖിതങ്ങളെക്കാളധികമായി തർക്കസമ്പ്രദായത്തെ ആശ്രയിക്കുകയും ചെയ്തു കൊണ്ടു് തിമോത്തെയൻ തത്വങ്ങളുടെ പ്രചാരകനായി ഭവിച്ചു. ഒടുവിൽ കാൽസിഡൺ കൗൺസിലിന്റെ തീരുമാനങ്ങളെ നിഷേധിച്ചു. മനുഷ്യാവതാരത്തിനുശേഷം ദൈവപുത്രൻ രണ്ടു സ്വഭാവങ്ങൾ സ്വീകരിച്ചു എന്ന തത്വം സ്വീകരിക്കേണ്ടതാണെന്നു സമ്മതിക്കാതെയുമായി.

## 83. സാമുവൽ

എഡേസായിലെ സഭയിൽ പ്രെസ്ബിറററായിരുന്ന സാമുവൽ സഭാശത്രുക്കൾക്കെതിരേ, പ്രത്യേകിച്ചും നെസ്തോറിയർ, എവുത്തീക്കിയർ, തിമോത്തെയർ എന്നിവർക്കെതിരേ സുറിയാനിയിൽ വളരെ കൃതികൾ എഴുതിയിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. പുതിയ പാഷണ്ഡതകളെങ്കിലും ഇവ ഒന്നു മറെറാന്നിൽനിന്നു വ്യത്യസ്തമാണ്. ഇതു കാരണമായി സാമുവൽ പലപ്പോഴും ഇവരെക്കുറിച്ചു "മൂന്നു കൂടിയ മൃഗം"[51] എന്നാണു പറയുക. സഭയുടെ വീക്ഷണവും വി. ലിഖിതങ്ങളിൽനിന്നുള്ള പ്രമാണങ്ങളും അടിസ്ഥാനമാക്കി ഇദ്ദേഹം ഇക്കൂട്ടരുടെ വാദങ്ങളെ ഖണ്ഡിക്കുന്നു. പുത്രൻ മനുഷ്യനിൽ ദൈവമായിരുന്നു, കന്യകയിൽനിന്നു ജനിച്ച വെറും മനുഷ്യനല്ല എന്നു് നെസ്തോറിയന്മാർക്കു കാണിച്ചുകൊടുത്തു. അവിടു

50. ലത്തീൻ, 115. 51. triple beast.



ത്തേയ്ക്കു് ദൈവത്താൽ സ്വീകൃതമായ യഥാർത്ഥ മനുഷ്യശരീരമാണുണ്ടായിരുന്നതു്. ആ ശരീരം കട്ടിയുള്ള വായുവിനാൽ നിർമ്മിതമോ സ്വർഗ്ഗത്തിൽനിന്നു കാണിക്കപ്പെട്ടതോ അല്ല എന്നു് എവുത്തീക്കിയർക്കും, ദൈവപുത്രൻ എന്ന വ്യക്തി ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും കൂട്ടിക്കലർത്തൽ കൊണ്ടല്ല, യോജിപ്പിക്കൽകൊണ്ടുണ്ടായതാണെന്നും വചനം സത്തയിൽ വചനമായിത്തന്നെയും മനുഷ്യസ്വഭാവം മനുഷ്യസ്വഭാവമായിത്തന്നെയും നിലനില്ക്കത്തക്കവിധമാണ് വചനം മാംസമായതെന്നും തിമോത്തിയർക്കും സാമുവൽ വെളിപ്പെടുത്തിക്കൊടുത്തു. ഇദ്ദേഹം ഇപ്പോഴും കോൺസ്റ്റാന്റിനോപ്പിളിൽ ജീവിച്ചിരിക്കുന്നു എന്നു പറയപ്പെടുന്നു. അൻതേമിയൂസിന്റെ ഭരണത്തിന്റെ ആരംഭഘട്ടത്തിൽ ഇദ്ദേഹത്തിന്റെ കൃതികൾ ഞാൻ അറിഞ്ഞിരുന്നു. അന്നു് ഇദ്ദേഹം ജീവിക്കുന്നവരുടെ നാട്ടിലായിരുന്നെന്നും എനിക്കു് അറിയാമായിരുന്നു.

## 84. ക്ലൗദിയാനൂസ്

വീനിലെ സഭയിൽ പ്രെസ്ബിറററായിരുന്ന ക്ലൗദിയാനൂസ് ഉജ്ജ്വലപ്രഭാഷകനും വാദപ്രതിവാദ നിപുണനും ആയിരുന്നു. 'ആത്മാവിന്റെ അവസ്ഥയെയും സത്തയെയും കുറിച്ച്' മൂന്നു പുസ്തകങ്ങൾ ഇദ്ദേഹം എഴുതി. ദൈവം ഒഴികെയുള്ള സത്തകളേതും എത്രമാത്രം ശരീരാതീതമാണ് എന്നു് അതിൽ ചർച്ച ചെയ്യുന്നു.

(ഇദ്ദേഹം വേറെയും ചിലതു് എഴുതിയിട്ടുണ്ടു്. 'നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ച് ഒരു സ്തോത്രഗീതം' എന്നതു് അക്കൂട്ടത്തിൽപ്പെടും. Pange lingua gloriosi എന്നാണ് അതു് ആരംഭിക്കുന്നതു്. ഇദ്ദേഹം വീനിലെ മെത്രാനായ മാമെർത്തുസിന്റെ സഹോദരനായിരുന്നു).[52]

## 85. പ്രോസ്പർ

അക്വിറെറാനിയക്കാരനായ പ്രോസ്പർ ശൈലിയിൽ ദൈവശാസ്ത്രജ്ഞനും ആശയാവിഷ്കരണത്തിൽ ഓജസ്വിയുമാകുന്നു. ഇദ്ദേഹം അനേകം കൃതികൾ രചിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. അവയിലൊന്നായ 'സംഭവവിവരണം' ഞാൻ

52. ബ്രാക്കററിലുള്ളതു് ചില കയ്യെഴുത്തുപ്രതികളിലില്ല.

www.malankaralibrary.com



വായിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നാമം വഹിക്കുന്ന അക്കൃതി വി. ലിഖിതമനുസരിച്ചുള്ള ആദ്യമനുഷ്യന്റെ സൃഷ്ടിമുതൽ വലെൻറീനിയൻ ചക്രവർത്തിയുടെ മരണവും വാൻഡലുകളുടെ രാജാവായ ജെൻസെറിക്ക് റോം കൈവശപ്പെടുത്തുന്നതുംവരെയുള്ള സംഭവങ്ങൾ ഉൾക്കൊള്ളുന്നു. കാസ്സിയന്റെ ചില കൃതികളെ എതിർത്തുകൊണ്ടുള്ള അജ്ഞാതകർത്തൃകമായ ഒരു ഗ്രന്ഥവും ഇദ്ദേഹത്തിന്റെതാണെന്നു ഞാൻ കരുതുന്നു. കാസ്സിയന്റെ കൃതികൾ ആദരണീയങ്ങളാണെന്ന് ദൈവത്തിന്റെ സഭ കരുതുന്നു. എന്നാൽ അവ ഉപദ്രവകരങ്ങളാണെന്ന് പ്രോസ്പർ വിധിക്കുന്നു. യഥാർത്ഥത്തിൽ ദൈവവരപ്രസാദത്തെക്കുറിച്ചും സ്വതന്ത്രമനസ്സിനെക്കുറിച്ചും കാസ്സിയനും പ്രോസ്പറിനും ഉള്ള ചില അഭിപ്രായങ്ങൾ പരസ്പര വിരുദ്ധങ്ങളാകുന്നു. എവുത്തീക്കെസിനെതിരായിട്ടുള്ള ലെയോ മാർപ്പാപ്പായുടെ ലേഖനം, 'ക്രിസ്തുവിന്റെ യഥാർത്ഥ മനുഷ്യാവതാരത്തെക്കുറിച്ച്', എന്നത്, പ്രോസ്പർ പറഞ്ഞുകൊടുത്ത് എഴുതിച്ചതാണെന്ന് കരുതപ്പെടുന്നുണ്ട്. പ്രസ്തുത ലേഖനം പലർക്കും അയച്ചുകൊടുക്കപ്പെട്ടു.[53]

## 86. ഫൗസ്തുസ്

ഫൗസ്തുസ് ആദ്യം ലേറിൻസിലെ സന്യാസാശ്രമത്തിന്റെ അധിപനായിരുന്നു. പിന്നീട് ഗോൾ പ്രദേശത്തുള്ള റീയെസിലെ മെത്രാനായി. വി. ലിഖിതപഠനതല്പരനായ ഇദ്ദേഹം സഭയുടെ ചരിത്രപ്രസിദ്ധമായ വിശ്വാസപ്രമാണം ആധാരമായി സ്വീകരിച്ചുകൊണ്ട് 'പരിശുദ്ധാത്മാവിനെക്കുറിച്ച്' എന്നൊരു പുസ്തകം രചിച്ചു. അതിൽ പിതാക്കന്മാരുടെ വിശ്വാസത്തെ ആധാരമാക്കി, പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും സത്തയിലും നിത്യതയിലും തുല്യനും ത്രിത്വത്തിന്റെ പൂർണ്ണതയും അതിനാൽ ദൈവവും ആണെന്ന് ലേഖകൻ സമർത്ഥിച്ചിരിക്കുന്നു. 'നമ്മെ രക്ഷിക്കുന്ന ദൈവവര പ്രസാദത്തെക്കുറിച്ച്' എന്നൊരു വിശിഷ്ട കൃതിയും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദൈവവരപ്രസാദം എപ്പോഴും നമ്മുടെ മനസ്സിനെ ക്ഷണിക്കുകയും മുൻ നടക്കുകയും സഹായിക്കുകയും ചെയ്യുന്നുവെന്നും സ്വതന്ത്രമനസ്സ് ഭക്തിപരമായ ഫലങ്ങളിൽ എന്തെങ്കിലും നേട്ടം ഉണ്ടാക്കുന്നുവെങ്കിൽ അത് അതിന്റെ സ്വന്തം യോഗ്യതയല്ല, വരപ്രസാദത്തിന്റെ അനുഗ്രഹമാണ് എന്നും ഈ കൃതിയിൽ ഫൗസ്തുസ് പഠിപ്പിക്കുന്നു.

53. ലത്തീൻ, 117-8.



ഇദ്ദേഹത്തിന്റെ വേറൊരു ചെറിയ പുസ്തകവും ഞാൻ വായിച്ചിട്ടുണ്ട്. 'ആരിയക്കും മാസിഡോണിയക്കും എതിരേ' എന്നാണതിന്റെ പേര്. സത്തയിൽ ഐക്യമുള്ള ഒരു ത്രിത്വത്തെ അതിൽ അദ്ദേഹം അവതരിപ്പിക്കുന്നു. സൃഷ്ടവസ്തുക്കളിൽ അശരീരിയായി എന്തെങ്കിലും ഉണ്ട് എന്നു വാദിക്കുന്നവർക്കെതിരായും ഒരു ചെറുഗ്രന്ഥം ഇദ്ദേഹം രചിച്ചിട്ടുണ്ട്. വി. ലിഖിതങ്ങളുടെ സാക്ഷ്യത്തെയും പിതാക്കന്മാരിൽനിന്നുള്ള ഉദ്ധരണങ്ങളെയും ആധാരമാക്കി ദൈവത്തെ ഒഴികെ മറ്റൊന്നിനെയും അശരീരിയായി കണക്കാക്കാൻ പാടില്ലെന്ന് ഇതിൽ വാദിക്കുന്നു. ഇദ്ദേഹത്തിന്റെതായി ചെറിയ പുസ്തകത്തിന്റെ രൂപത്തിലുള്ള ഒരു കത്തുമുണ്ട്. ഗ്രേക്കുസ് എന്നു പേരുള്ള ഒരു ഡീക്കനെ സംബോധന ചെയ്താണ് അതെഴുതിയിട്ടുള്ളത്. കത്തോലിക്കാ വിശ്വാസം ഉപേക്ഷിച്ച് നെസ്തോറിയൻ പാഷണ്ഡതയിലേയ്ക്കു പോയ ഒരാളാണ് ഈ ഗ്രേക്കുസ്. പരിശുദ്ധ കന്യകാമറിയം ജന്മം നൽകിയത് പിന്നീട് ദൈവത്വം പ്രാപിക്കാനുള്ള ഒരു വെറും മനുഷ്യനല്ല എന്നും സത്യദൈവമായ സത്യമനുഷ്യനാണെന്നു വിശ്വസിക്കണമെന്നും ലേഖകൻ അതിൽ ഉപദേശിക്കുന്നു. ഫൗസ്തുസിന്റെ കൃതികൾ വേറെയും പലതുണ്ട്. എന്നാൽ ഞാൻ അവ വായിച്ചിട്ടില്ലാത്തതുകൊണ്ട് അവയെക്കുറിച്ച് ഇവിടെ പറയുന്നില്ല. ശ്രേഷ്ഠനായ ഈ സഭാപണ്ഡിതനെ ആളുകൾ വിശ്വസിക്കുകയും ആദരിക്കയും ചെയ്യുന്നു. പ്രെത്തോറിയൻ പ്രീഫെക്റ്റായ ഫേലിക്സിനും ഇദ്ദേഹം ഒരു കത്ത് എഴുതി. കോൺസുൾ മാഗ്നസിന്റെ പുത്രനായ ഫേലിക്സ് പട്രീഷ്യൻ സ്ഥാനമുള്ള ആളാണ്. ഭക്തിപൂർണ്ണമായ പ്രസ്തുത കത്ത് ദൈവഭയം ഉദ്ബോധിപ്പിക്കുന്നു. പൂർണ്ണമനസ്സോടെ പശ്ചാത്തപിക്കാൻ ആരെയും പ്രേരിപ്പിക്കാൻ പര്യാപ്തമാണ് ആ കത്ത്.

## 87. സേർവൂസ് ദേയി

ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ശാരീരിക നേത്രങ്ങൾകൊണ്ട് പിതാവായ ദൈവത്തെ ദർശിച്ചിരുന്നില്ല എന്നും മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം പിതാവായ ദൈവത്തിന്റെ മഹത്വത്തിലേക്ക് ഉയർത്തപ്പെട്ടപ്പോൾ തന്റെ സ്വയം നിരാകരണത്തിനും രക്തസാക്ഷിത്വത്തിനും പ്രതിസമ്മാനമായി പിതാവിനെ ദർശിക്കാനുള്ള വരം നൽകപ്പെട്ടു എന്നും പറയുന്നവർക്കെതിരേ മെത്രാനായ സേർവൂസ് ദേയി ഒരു ഗ്രന്ഥം എഴുതി. ഈ കൃതിയിൽ ലേഖകൻ സ്വന്തം യുക്തിവാദങ്ങൾകൊണ്ടും വി. ലിഖിത

www.malankaralibrary.com


ങ്ങളിൽ നിന്നുള്ള സാക്ഷ്യങ്ങൾകൊണ്ടും ഇപ്രകാരം സമർത്ഥിച്ചിരിക്കുന്നു: കർത്താവായ യേശു പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥിതനാകുകയും കന്യകാമറിയത്തിൽനിന്നു ജനിക്കുകയും ചെയ്തപ്പോൾ യഥാർത്ഥമനുഷ്യനിൽ യഥാർത്ഥ ദൈവവും ദൈവമാക്കപ്പെട്ട മനുഷ്യനുമാണു ജനിച്ചത്. അങ്ങനെയുള്ള ക്രിസ്തു തന്റെ ശാരീരിക നേത്രങ്ങൾകൊണ്ട് പിതാവായ ദൈവത്തെയും പരിശുദ്ധാത്മാവിനെയും സദാ ദർശിച്ചുകൊണ്ടിരുന്നു. ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള പരിപൂർണ്ണ യോജിപ്പിന്റെ ബലത്തിലാണ് ഇതു സാദ്ധ്യമായത്.

## 88. വിക്തോറിയൂസ്

അക്വിറ്റാനിയക്കാരനായ വിക്തോറിയൂസ് വളരെ ശ്രദ്ധാപൂർവ്വം കണക്കുകൂട്ടാൻ കഴിവുള്ള ഒരാളായിരുന്നു. റോമിലെ മെത്രാനായ ഹിലരിയുടെ ക്ഷണമനുസരിച്ച് ഇദ്ദേഹം ഒരു 'പെസഹാചക്രം' ഉണ്ടാക്കി. തന്റെ മുൻഗാമികളായ ഹിപ്പോളിററസ്, എവുസേബിയസ്, തെയോഫിലസ്, പ്രോസ്പർ എന്നിവരെ പിൻചെന്നുകൊണ്ട് ഏററവും സൂക്ഷ്മമായ അന്വേഷണം നടത്തി. അഞ്ഞൂററിമുപ്പത്തിരണ്ടാം വർഷം വരെ വഷങ്ങളുടെ പരമ്പര വ്യാപിപ്പിച്ച് ഇദ്ദേഹം ഒരു ക്രമീകരണം ഉണ്ടാക്കി. അതനുസരിച്ച് 533-ാമാണ്ട്, നമ്മുടെ കർത്താവിന്റെ പീഡാനുഭവവും ഉത്ഥാനവും നടന്ന ആണ്ടിലെ അതേ മാസം അതേ ദിവസം അതേ ചാന്ദ്രതിഥിയിൽ പെസഹാതിരുനാൾ നടക്കും എന്ന് അദ്ദേഹം കണ്ടെത്തി.[54]

## 89. തിയഡൊറെററ്

തിയഡൊറെററ് സൈറസിലെ മെത്രാനായിരുന്നു. പേർഷ്യൻ രാജാവായ സൈറസ് സിറിയായിൽ സ്ഥാപിച്ച നഗരം ഇന്നുവരെ അതിന്റെ പ്രസ്തുത നാമം നിലനിർത്തുന്നു. ഇദ്ദേഹം അനേകം കൃതികൾ രചിച്ചിട്ടുണ്ടെന്നാണു പറയപ്പെടുന്നത്. അവയിൽ എന്റെ അറിവിൽപ്പെട്ടിട്ടുള്ളത് ഇപ്പറയുന്നവയാണ്: 'കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച്' 'പ്രെസ്ബിററർ എവുത്തിക്കെസിനും ക്രിസ്തുവിനു മനുഷ്യശരീരം ഉണ്ടായിരുന്നുവെന്ന വസ്തുത നിഷേധിച്ച അലക്സാൺഡ്രിയാ മെത്രാനായിരുന്ന ദിയസ്ക്കോറോസിനും എതിരേ'. ഇവ

54. ലത്തീൻ. 114.



രണ്ടും ശക്തങ്ങളായ കൃതികളത്രേ. വി. ലിഖിത സാക്ഷ്യങ്ങൾകൊണ്ടും, യുക്തികൾകൊണ്ടും പിതാവായ ദൈവത്തിൽനിന്നു താൻ സ്വീകരിച്ച നിത്യമായ ജനനത്തിൽ കിട്ടിയ യഥാർത്ഥ ദൈവത്വം തനിക്കുണ്ടായിരുന്നതുപോലെ കന്യകയായ മാതാവിൽനിന്നുസ്വീകരിച്ച മാതൃസത്തയിൽനിന്നു ക്രിസ്തുവിനു ശരിയായ മനുഷ്യശരീരവും ഉണ്ടായിരുന്നുവെന്ന് ഈ കൃതികളിൽ ലേഖകൻ സ്പഷ്ടമാക്കി. കൈസറിയായിലെ എവുസേബിയസിനെ അനുകരിച്ച് ഇദ്ദേഹം രചിച്ച തിരുസഭാചരിത്രത്തിനു പത്തു ഭാഗങ്ങളുണ്ട്. എവുസേബിയസ് അവസാനിപ്പിച്ച സ്ഥലത്താണ് ഇദ്ദേഹത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. എഴുത്തുകാരന്റെ കാലഘട്ടംവരെ ചരിത്രം നീളുന്നു. അതായത് കോൺസ്റ്റൻറയിന്റെ വിചെന്നാലിയ[55] മുതൽ ലെയോയുടെ സ്ഥാനാരോഹണം വരെ. ആ ലെയോയുടെ കാലത്ത് തിയഡൊറെററ് മരിച്ചു.[56]

## 90. ജന്നാഡിയസ്

കോൺസ്ററാൻറിനോപ്പിൾ സഭയിലെ പാത്രിയർക്കീസായ ജന്നാഡിയസ് ഉജ്ജ്വല പ്രഭാഷകനും കരുത്തുററ പ്രതിഭയുടെ ഉടമയുമായിരുന്നു. ദാനിയേലിന്റെ പുസ്തകം പദാനുപദമെടുത്ത് വ്യാഖ്യാനിക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. പ്രാചീനരുടെ ലിഖിതങ്ങളുടെ പാരായണം ഈ കൃത്യം ഏററവും യോഗ്യമായി നിർവ്വഹിക്കാൻ ഇദ്ദേഹത്തെ പ്രാപ്തനാക്കി. മററനേകം മതപ്രസംഗങ്ങളും തയ്യാറാക്കിയ ഇദ്ദേഹം ലെയോ ചക്രവർത്തിയുടെ കാലത്ത് മരിച്ചു.[57]

## 91. തിയോഡുളൂസ്

ചേളേ സിറിയായിലെ പ്രെസ്ബിറററായിരുന്ന തിയോഡുളൂസ് പല കൃതികളും രചിച്ചിട്ടുണ്ടെന്നു പറയുന്നു. അവയിൽ ഒന്നുമാത്രമേ എന്റെ കൈവശം വന്നു ചേർന്നിട്ടുള്ളു. 'വിശുദ്ധലിഖിതത്തിന്റെ യോജിപ്പ്' എന്നതാണത്. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഗ്രന്ഥങ്ങളുടെ പരസ്പരൈക്യത്തെക്കുറിച്ചാണ് ഇതിൽ പറയുന്നത്. കർമ്മവിധികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളിൽ വ്യത്യാസമുള്ളതുകൊണ്ട് പഴയനിയമത്തിലെ ദൈവം പുതിയ നിയമത്തിലെ ദൈവത്തിൽനിന്നു വ്യത്യസ്തനാണെന്നു പറയുന്ന പഴയ പാഷണ്ഡികളെ

55. Vicennalia. 56. ആദിമസഭാ. 217-228.
57. അതേകൃതി, 290-1.

www.malankaralibrary.com



എതിർക്കാനാണ് ഇതു രചിച്ചതു്. ഇക്കൃതിയിൽ ഗ്രന്ഥകാരൻ പറയുന്നു: പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും കർത്താവു ദൈവം ഒരാൾതന്നെ. അവിടുത്തെ തീരുമാനമനുസരിച്ചാണു രണ്ടു നിയമങ്ങളും നൽകപ്പെട്ടിട്ടുള്ളതു്. ഒന്നു് ബലികളുടെ നിർവഹണക്രമങ്ങളും ശിക്ഷാനിയമങ്ങളുമായി മോശവഴി പ്രാചീനർക്കു നൽകപ്പെട്ടു. മറേറതു ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലൂടെ വിശുദ്ധ രഹസ്യങ്ങളുടെയും ഭാവിയുടെ വാഗ്ദാനങ്ങളുടെയും രൂപത്തിൽ നമുക്കു നൽകപ്പെട്ടു. ഒരേ ആത്മാവിനാലും ഒരേ കർത്താവിനാലും നല്കപ്പെട്ട ഈ നിയമങ്ങളെ നാം വ്യത്യസ്തങ്ങളായി കാണാൻ പാടില്ല. ഇവ അക്ഷരാർത്ഥത്തിൽ മാത്രം അനുവർത്തിക്കപ്പെട്ടാൽ മനസ്സിനെ മരിപ്പിക്കും. ചൈതന്യത്തിനനുസൃതമായി അനുവർത്തിക്കപ്പെട്ടാൽ മനസ്സിനു ജീവൻ നൽകും. ഈ ഗ്രന്ഥകാരൻ സേനോയുടെ ഭരണത്തിന്റെ മൂന്നാംവർഷം മരിച്ചു.

## 92. സീദോണിയൂസ്[58]

അർവേർണിയുടെ മെത്രാനായ സീദോണിയൂസ് സ്വീകാര്യങ്ങളായ പല കൃതികൾ രചിച്ചു. ശരിയായ തത്ത്വങ്ങളിൽ വിശ്വസിക്കുന്നവനും മാനുഷികവും ദൈവികവുമായ വിജ്ഞാനങ്ങളിൽ സമ്പന്നനും മററുള്ളവരെ സ്വാധീനിക്കാൻ കഴിവുള്ള പ്രതിഭയുടെ ഉടമയുമായിരുന്ന ഇദ്ദേഹം വിവിധ വ്യക്തികൾക്കായി അനേകം കത്തുകൾ എഴുതി. വിഭിന്ന വൃത്തങ്ങളിലോ ഗദ്യത്തിലോ ആയി എഴുതപ്പെട്ട ഈ കത്തുകൾ അവയുടെ രചയിതാവിനു സാഹിത്യത്തിലുള്ള പ്രാഗത്ഭ്യം വെളിപ്പെടുത്തുന്നു. കാട്ടാളത്തം നിറഞ്ഞ ഒരുതരം ക്രൂരത നടമാടിയിരുന്ന അന്നത്തെ ഗോൾ പ്രദേശത്തിന്റെ പശ്ചാത്തലത്തിലും ക്രൈസ്തവ ചൈതന്യത്തിൽ ശക്തനായി നിലനിന്ന ഇദ്ദേഹം ഒരു കത്തോലിക്കാ സഭാപിതാവും പ്രശസ്ത പണ്ഡിതനുമായി കരുതപ്പെട്ടു. ലെയോയുടെയും സേനോയുടെയും ഭരണകാലത്തെ കൊടുങ്കാററു നിറഞ്ഞ കാലഘട്ടത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നതു്.

## 93. അന്ത്യോക്യയിലെ ജോൺ

അന്ത്യോക്യയിലെ ജോൺ ആദ്യം വൈയാകരണനായിരുന്നു. പിന്നെ പ്രെസ്ബിററായി. ക്രിസ്തുവിനെ ഒരു സത്തയിൽ മാത്രം ആരാധിച്ചാൽ മതി എന്നു പറയുകയും

58. ഇതു് ചില കയ്യെഴുത്തുപ്രതികളിൽ ഇല്ല.



തന്നിൽ രണ്ടു സ്വഭാവങ്ങളുണ്ടു് എന്നു സമ്മതിക്കാതിരിക്കുകയും ചെയ്യുന്നവരെ എതിർത്തു് ഇദ്ദേഹം എഴുതി. ക്രിസ്തുവിൽ ദൈവവും മനുഷ്യനും ഒരേ വ്യക്തിയിൽ കുടികൊള്ളുന്നുവെന്നും ഒരേ സ്വഭാവത്തിൽ മാംസവും വചനവും കുടികൊള്ളുകയല്ല എന്നും വി. ലിഖിതപ്രസ്താവങ്ങളെ ആധാരമാക്കി ഇദ്ദേഹം പഠിപ്പിച്ചു. അലക്സാണ്ഡ്രിയയിലെ മെത്രാനായിരുന്ന സിറിലിന്റെ ചില അഭിപ്രായങ്ങളെ ഇദ്ദേഹം എതിർക്കുകയും ചെയ്തിട്ടുണ്ടു്. നെസ്തോറിയൂസിനെ എതിർത്ത അവസരത്തിൽ അവിവേകപൂർവ്വമായി സിറിൽ ചെയ്ത ചില പ്രസ്താവനകളാണ് ഈ എതിർപ്പിനു വിഷയമായതു്. അവ ഇന്നു് തിമോത്തിയൻ പാഷണ്ഡതക്കാർക്കു് ശക്തിയും പ്രോത്സാഹനവുമായിത്തീർന്നിരിക്കുന്നു. ജോൺ ഇപ്പോഴും ജീവിച്ചിരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു എന്നു പറയപ്പെടുന്നു.

## 94. ജലാസിയൂസ്[59]

റോമിലെ മെത്രാനായിരുന്ന ജലാസിയൂസ് ‘എവുത്തിക്കെസിനും നെസ്തോറിയൂസിനും എതിരേ’ മഹത്തും ശ്രദ്ധേയവുമായ ഒരു ഗ്രന്ഥം എഴുതി. കൂടാതെ, വി. ഗ്രന്ഥത്തിലെ വിവിധ ഭാഗങ്ങളെക്കുറിച്ചും കൂദാശകളെക്കുറിച്ചും പ്രബന്ധങ്ങളും എഴുതി. സുന്ദരമായ ഭാഷയിലാണ് ഇവയെല്ലാം എഴുതപ്പെട്ടിട്ടുള്ളതു്. ഇദ്ദേഹം പീററിനും അകാചിയൂസിനും എതിരേ ലേഖനങ്ങളും എഴുതി. അവ ഇന്നും കത്തോലിക്കാ സഭയിൽ സൂക്ഷിക്കപ്പെടുന്നു. അംബ്രോസ് മെത്രാന്റെ രീതിയിൽ കുറെ ‘സ്തോത്രഗാനങ്ങ’ളും ഇദ്ദേഹം എഴുതിയിട്ടുണ്ടു്. അനസ്താസിയൂസ് ചക്രവർത്തിയുടെ ഭരണകാലത്തു് ഇദ്ദേഹം മരിച്ചു.

## 95. ഹൊണൊറാത്തൂസ്

ആഫ്രിക്കയിലുള്ള കോൺസ്റ്റന്റീനായിലെ മെത്രാനായിരുന്ന ഹൊണൊറാത്തൂസ് ഒരു അർക്കേഡിയസിന്റെ പേക്കു് ഒരു കത്തെഴുതി. പ്രസ്തുത അർക്കേഡിയസ് കത്തോലിക്കാ വിശ്വാസം ഏററുപറഞ്ഞതിന്റെ പേരിൽ ജൻസെറിക്കു് രാജാവു് അയാളെ ആഫ്രിക്കയിലേക്കു നാടുകടത്തി. ക്രിസ്തുവിനുവേണ്ടി പീഡകൾ സഹിക്കുന്നതിനുള്ള ഒരു ഉദ്ബോധനമാണ് ഈ കത്തു്. ആധുനിക ഉദാഹരണങ്ങളും വി. ലിഖിതമാതൃകകളും ഉദ്ധരിച്ചു്, വിശ്വാസം ഏററു പറയുന്നതിലുള്ള

59. ഇതു മുതലുള്ള ഭാഗങ്ങൾ ചില കയ്യെഴുത്തു പ്രതികളിലില്ല.

www.malankaralibrary.com



ദൃഢനിശ്ചയം കഴിഞ്ഞകാല പാപങ്ങളെ നീക്കി നമ്മെ ശുദ്ധീകരിക്കുക മാത്രമല്ല, രക്തസാക്ഷിത്വത്തിന്റെ അനുഗ്രഹം നമുക്ക് ഉറപ്പാക്കുകയും ചെയ്യുമെന്ന് ഈ കത്ത് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

## 96. സിറിയാലിസ്

ജനനംകൊണ്ട് ആഫ്രിക്കക്കാരനായ സിറിയാലിസ് മെത്രാനോട് ആര്യന്മാരുടെ മെത്രാനായ മാക്സിമൂസ് ഒരു ചോദ്യം ചോദിച്ചു. ഇതായിരുന്നു ചോദ്യം: 'വി. ലിഖിതങ്ങളിൽനിന്നുള്ള ഏതാനും സാക്ഷ്യങ്ങൾകൊണ്ടും വിവാദപരമായ പ്രസ്താവങ്ങൾ കൂടാതെയും താങ്കൾക്ക് കത്തോലിക്കാ വിശ്വാസം ശരിയാണെന്നു സ്ഥാപിക്കാമോ? 'കർത്താവിന്റെ നാമത്തിൽ സിറിയാലിസ് ഇക്കാര്യം നിർവഹിച്ചു. സത്യം അദ്ദേഹത്തിന്റെ തുണയ്ക്കുണ്ടായിരുന്നു. മാക്സിമൂസ് പരിഹാസപൂർവം ആവശ്യപ്പെട്ടതുപോലെ ഏതാനും സാക്ഷ്യങ്ങൾകൊണ്ടല്ല, പഴയതും പുതിയതുമായ ഉടമ്പടികളിൽനിന്നുള്ള അനേകം തെളിവുകൾകൊണ്ട് സിറിയാലിസ് ഉദ്ദിഷ്ടവിഷയം സ്ഥാപിച്ചു. അത് ഒരു ചെറിയ പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

## 97. എവുജേനിയൂസ്

എവുജേനിയൂസ് ആഫ്രിക്കയിലുള്ള കാർത്തേജിലെ മെത്രാനും വിശ്വാസ സാക്ഷിയും ആയിരുന്നു. വാൻഡലുകളുടെ രാജാവായ ഹുണെറിക് കത്തോലിക്കാ വിശ്വാസത്തെക്കുറിച്ച് ഒരു വിശദീകരണം എഴുതാനും പ്രത്യേകിച്ച് 'ഹോമോഉസിയോസ്'' എന്ന പദത്തിന്റെ അർത്ഥം ചർച്ച ചെയ്യാനും ഇദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഇദ്ദേഹമാകട്ടെ ആഫ്രിക്കയിലെ മൗരിറ്റാനിയാ, സർദീനിയാ, കോർസിക്കാ എന്നിവിടങ്ങളിലെ കത്തോലിക്കാ വിശ്വാസത്തിൽ നിലനിന്നിരുന്ന മെത്രാന്മാരുടെയും വിശ്വാസസാക്ഷികളുടെയും അനുമതിയോടുകൂടെ ഒരു വിശ്വാസഗ്രന്ഥം രചിച്ചു. അത് വി. ലിഖിതത്തിൽ നിന്നുള്ള ഉദ്ധരണങ്ങൾകൊണ്ടു മാത്രമല്ല, പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ കൊണ്ടും ബലപ്പെടുത്തപ്പെട്ടതായിരുന്നു. വിശ്വാസ പ്രഖ്യാപനത്തിലെ തന്റെ സഹകാരികൾവശം അതു കൊടുത്തയയ്ക്കുകയും ചെയ്തു. എന്നാൽ ഇന്നാകട്ടെ,തന്റെ വിശ്വസ്തതയുള്ള നാവിന്റെ പ്രതിഫലം എന്നോണം അദ്ദേഹം പ്രവാസത്തിൽ ജീവിക്കുകയാണ്. ആടുകളെക്കുറിച്ച് ഉത്കണ്ഠയുള്ള ഒരു ഇടയനു



ചിതമായ വിധം അവർക്ക് ഉദ്ബോധനം നൽകുന്ന കൃതികൾ ഇദ്ദേഹം അവക്കായി നൽകിയിട്ടുണ്ട്. എന്തു ത്യാഗം സഹിച്ചും വിശ്വാസം ഓർമ്മിക്കാനും പരിശുദ്ധമായ ജ്ഞാനസ്നാനം നിലനിർത്തുവാനും അവയിലൂടെ ഇദ്ദേഹം ഉദ്ബോധിപ്പിച്ചിരിക്കുന്നു. ആര്യൻ പക്ഷത്തെ നേതാക്കളുമായി ദൂതന്മാർ വഴിയായി താൻ നടത്തിയ 'ചർച്ചകൾ' വിഷയമാക്കി ഒരു പുസ്തകവും ഇദ്ദേഹം എഴുതുകയും അത് ഹുണെറിക്കിനു കൊടുക്കാൻ അയാളുടെ മേജറായ ഡോമോ വശം കൊടുത്തയയ്ക്കുകയും ചെയ്തു. അതുപോലെതന്നെ ക്രിസ്ത്യാനികളുടെയിടയിലെ സമാധാനത്തിനു വേണ്ടി മുൻ പറഞ്ഞ രാജാവിനു പല നിവേദനങ്ങളും എവുജേനിയൂസ് സമർപ്പിച്ചിട്ടുണ്ട്. അവ വിശദീകരണത്തിന്റെ രൂപത്തിലുള്ളവയായിരുന്നു. ഇദ്ദേഹം സഭയെ ശക്തിപ്പെടുത്തുന്നതിനായി ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നു പറയപ്പെടുന്നു.

## 98. പൊമേരിയൂസ്

മൗരിറ്റാനിയാക്കാരനായ പൊമേരിയൂസ് ഗോളിൽവച്ച് പ്രെസ്ബിറ്ററായി അഭിഷിക്തനായി. 'ആത്മാവിന്റെ സ്വഭാവത്തെയും അതിന്റെ ഗുണങ്ങളെയും കുറിച്ച്' തർക്കാത്മകമായ ഒരു ഗ്രന്ഥം എട്ടു ഭാഗങ്ങളിൽ ഇദ്ദേഹം രചിച്ചു. 'പുനരുത്ഥാനത്തെക്കുറിച്ച്'' എന്ന ഒരു ഗ്രന്ഥവും ഇദ്ദേഹത്തിന്റെ വകയായി ഉണ്ട്. അതിൽ പുനരുത്ഥാനത്തിന് വിശ്വാസികളുടെ ജീവിതത്തിൽ സവിശേഷമായും എല്ലാ മനുഷ്യരെയും സംബന്ധിച്ചു പൊതുവായും ഉള്ള പ്രസക്തി ചർച്ച ചെയ്യപ്പെടുന്നു. സ്പഷ്ടമായ ഭാഷയിലും ശൈലിയിലും എഴുതപ്പെട്ട ഈ കൃതി, മെത്രാനായ ജൂലിയനും പ്രെസ്ബിറ്ററായ വേരൂസും തമ്മിലുള്ള ഒരു സംഭാഷണത്തിന്റെ രൂപത്തിലാണു രചിക്കപ്പെട്ടിട്ടുള്ളത്. ആദ്യത്തെ പുസ്തകത്തിൽ ആത്മാവ് എന്താണെന്നും അത് ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു കരുതുന്നത് എന്തർത്ഥത്തിലാണെന്നും ഉള്ള വിവരണം അടങ്ങുന്നു. രണ്ടാം പുസ്തകത്തിൽ ആത്മാവിനെ ശരീരമുള്ളതായിട്ടോ അല്ലാതെയോ കരുതേണ്ടത് എന്നു വിചിന്തനം ചെയ്യുന്നു. ആദ്യ മനുഷ്യന്റെ ആത്മാവ് സൃഷ്ടിക്കപ്പെട്ടത് എങ്ങനെ എന്നു പ്രതിപാദിക്കുകയാണു മൂന്നാം പുസ്തകത്തിൽ. നാലാം പുസ്തകത്തിൽ പുതുതായി ജനിക്കുന്ന ഓരോ മനുഷ്യന്റെയും ആത്മാവിനെക്കുറിച്ചാണു ചർച്ച. അത് പാപമില്ലാതെ പുതുതായി സൃഷ്ടിക്കപ്പെടുകയാണോ, അതോ ആദിമനുഷ്യന്റെ ആത്മാവിൽനിന്ന് വേരിൽനിന്ന് ചെടിയുടെ ശാഖ എന്നപോലെ രൂപപ്പെടുകയാണോ, അത് ആദിമനുഷ്യന്റെ ആദിപാപത്തിന്റെ പങ്കു കൊണ്ടുവരുന്നുണ്ടോ എന്നെല്ലാം

www.malankaralibrary.com



വിചിന്തനം ചെയ്യുന്നു. അഞ്ചാം പുസ്തകത്തിൽ നാലാം പുസ്തകത്തിലെ ചർച്ചയുടെ ഒരു പുനരവലോകനം, ആത്മാവിന്റെ പ്രാപ്തികൾ അതായത് അതിന്റെ സാദ്ധ്യതകൾ ഏവ എന്നതിനെക്കുറിച്ച് ഒരന്വേഷണം, ആത്മാവിന് ഏകവും കലർപ്പില്ലാത്തതുമായ മനസ്സിൽനിന്ന് അതിന്റെ കഴിവുകൾ ലഭിക്കുന്നു എന്ന പ്രസ്താവം എന്നിവ അടങ്ങുന്നു. ഏഴാം പുസ്തകത്തിൽ അപ്പസ്തോലൻ പറയുന്ന, ആത്മാവും ശരീരവും തമ്മിലുള്ള സംഘർഷം എവിടെ നിന്നനുഭവിക്കുന്നു എന്ന ചർച്ചയാണുള്ളത്. ജീവിതത്തെയും മരണത്തെയും പുനരുത്ഥാനത്തെയും സംബന്ധിച്ച് ശരീരവും ആത്മാവും തമ്മിലുള്ള വ്യത്യാസമാണ് ഏഴാം പുസ്തകത്തിലെ ചർച്ചാവിഷയം. ലോകാവസാനത്തിൽ സംഭവിക്കുമെന്ന് ഉദ്ദർശനം ചെയ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ, അതായത് പുനരുത്ഥാനത്തെക്കുറിച്ച സാധാരണയായി പറയപ്പെടുന്ന കാര്യങ്ങൾ എട്ടാം പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്നു.

പൊമേരിയുസിന്റെ ഒരു ഉദ്ബോധനാത്മകകൃതി ഒരിക്കൽ വായിച്ചതായി ഞാൻ ഓർക്കുന്നു. പ്രിൻചീപ്പിയുസ് എന്നു പേരുള്ള ഒരാളെ സംബോധന ചെയ്തുകൊണ്ടുള്ള ആ കൃതിയുടെ പേര് 'ലോകത്തോടുള്ള അവജ്ഞയെയും നശ്വരവസ്തുക്കളെയുംകുറിച്ച്" എന്നത്രേ. 'തിന്മകളെയും നന്മകളെയുംകുറിച്ച്' എന്ന മറ്റൊരു കൃതിയും ഞാൻ വായിച്ചിട്ടുണ്ട്. ഇദ്ദേഹം വേറെയും കൃതികൾ രചിച്ചിട്ടുള്ളതായി പറയപ്പെടുന്നു. അവയൊന്നും എന്റെ അറിവിൽപ്പെട്ടിട്ടില്ല. ഇദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നു, എഴുതിക്കൊണ്ടിരിക്കുന്നു. ക്രൈസ്തവ വിശ്വാസപ്രഖ്യാപനത്തിനും സഭയിലെ തന്റെ സ്ഥാനത്തിനും യുക്തമായതാണ് ഇദ്ദേഹത്തിന്റെ ജീവിതം.

## 99. ജന്നാഡിയസ്

ഈ ഞാൻ, ജന്നാഡിയസ്, മർസെയിൽസിലെ പ്രെസ്ബിററാകുന്നു. 'എല്ലാ പാഷണ്ഡതകൾക്കും എതിരേ' എട്ടു പുസ്തകങ്ങളും 'നെസ്തോറിയുസിനെതിരേ' അഞ്ചു പുസ്തകങ്ങളും 'എവുത്തിക്കെസിനെതിരേ' പത്തു പുസ്തകങ്ങളും 'പെലാജിയുസിനെതിരെ' മൂന്നു പുസ്തകങ്ങളും 'സഹസ്രാബ്ദത്തെക്കുറിച്ചും' 'യോഹന്നാന്റെ വെളിപാടിനെക്കുറിച്ചും' ഓരോ പ്രബന്ധങ്ങളും റോമിലെ മെത്രാനായ ജലാസിയുസിന് അയച്ചുകൊടുക്കുന്നതിനായി 'എന്റെ വിശ്വാസത്തെക്കുറിച്ച്" ഒരു ലേഖനവും എഴുതിയിട്ടുണ്ട്.



## പ്രൊഫ. കെ. വി. ജോസഫ്

പ്രൊഫ. കെ. വി. ജോസഫ് 1935 ജനുവരി 1 നു് വൈക്കം മൂത്തേടത്തു കാവുകരയിൽ കൈപ്പറമ്പിൽ വീട്ടിൽ വർക്കി മറിയം ദമ്പതികളുടെ മകനായി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഹിന്ദി വിദ്വാൻ പാസായിട്ട് 1954 ൽ കടനാട്ട് സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി. അവിടെ ജോലി ചെയ്യുന്നതിനിടയിൽ മലയാളം സാഹിത്യവിശാരദ്, ഹിന്ദി സാഹിത്യരത്നം, ബി. എ. ബി. എഡ് എന്നീ പരീക്ഷകൾ പാസ്സായി. 1961 ൽ പാലാ സെൻറ് തോമസ് ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകനായി. 1964 ൽ മലയാള സാഹിത്യത്തിൽ എം. എ. ബിരുദം നേടി. 1965 മുതൽ അരുവിത്തുറ സെൻറ് ജോർജ്ജ് കോളജിൽ അദ്ധ്യാപകനാണ്. കോളജദ്ധ്യാപകനായിരിക്കെ ഹിന്ദിയിലും ഇംഗ്ലീഷിലും മാസ്റ്റർ ബിരുദങ്ങൾ സമ്പാദിച്ചു.

അദ്ധ്യാപന ജീവിതാരംഭം മുതൽ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നു.

### പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ

1. കാവ്യശാസ്ത്രസൂക്തങ്ങൾ (സവ്യാഖ്യാനം)
2. കാവ്യാലങ്കാരസൂത്രവൃത്തി ( ,, )
3. അമൂല്യശ്ലോകങ്ങൾ (രണ്ടു ഭാഗം ,, )
4. സ്വപ്നവാസവദത്തം നാടകം ( ,, )
5. നിരീക്ഷണങ്ങൾ (ലേഖനസമാഹാരം)
6. മാർഗ്ഗദീപങ്ങൾ (ലഘുജീവചരിത്രങ്ങൾ)
7. കൽദായവാദം (ആരാധനക്രമസംവാദം)
8. ദൈവദശകവ്യാഖ്യ. (തർജ്ജമ ഹിന്ദിയിലേയ്ക്കു്)
9. തിരുസഭാചരിത്രം (സംഗ്രഹം)

(പാലാരൂപതാ മതബോധനകേന്ദ്രം പ്രസിദ്ധീകരിച്ചതു്).

### ഇംഗ്ളീഷിൽനിന്നുള്ള തർജ്ജമകൾ

10. മാർത്തോമ്മാ ക്രിസ്ത്യാനികൾ
11. സന്യാസത്തിന്റെ അന്തർദ്ധാര
12. ഡിഡസ്കാലിയാ
13. ഉത്തമഗീതഭാഷ്യം
14. സൊക്രാട്ടസ് – സഭാചരിത്രം
15. പ്രാർത്ഥനയെക്കുറിച്ച് ഒരിജൻ.
(പ്രാർത്ഥന സഭയിൽ എന്ന ഗ്രന്ഥത്തിൽ).

www.malankaralibrary.com



## ഫാ. ഗീവർഗീസ് ചേടിയത്ത്

സി. ജി. ദാനിയേൽ, സാറാമ്മ എന്നിവരാണ് മാതാപിതാക്കൾ. 1945 മെയ് 29 ന് അതിരുങ്കൽ (പത്തനംതിട്ട ജില്ല) ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസാനന്തരം പട്ടം സെൻറ് അലോഷ്യസ് സെമിനരി, മാർ ഈവാനിയോസ് കോളേജ്, സെൻറ് തോമസ് അപ്പസ്തോലിക് സെമിനരി എന്നീ സ്ഥാപനങ്ങളിൽ പഠിച്ചു. 1969 ഡിസംബർ 20 ന് പട്ടം സെൻറ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് തിരുവനന്തപുരം ആർച്ചുബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. കുറേ വർഷങ്ങൾ വിവിധ അജപാലക രംഗങ്ങളിൽ പ്രവർത്തിച്ചശേഷം റോമിൽപോയി അഗസ്റ്റീനിയൻ പട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഡോക്ടറേറ്റ് എടുത്തു (1973-1978). 1979 മുതൽ സെൻറ് തോമസ് അപ്പസ്തോലിക് സെമിനരിയിലും തുടർന്ന് പൗരസ്ത്യ വിദ്യാപീഠത്തിലും പഠിപ്പിക്കുന്നു.

പല ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. 1983 വരെ രചിച്ചവയുടെ പട്ടിക നേരത്തെ പ്രസിദ്ധീകരിച്ചിട്ടുണ്ട് (*Bibliographical Survey*, Kottayam, 1983, p. 9–13. *OIRSI*–71: ed. G. Chediath – T. Vellilamthadam). അതിനുശേഷം 1989 ൽ *POC* യിൽ നിന്നു പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തിലും കുറേ ഗ്രന്ഥങ്ങളുടെ പട്ടിക കൊടുത്തിട്ടുണ്ട് (*ക്രൈസ്തവസമൂഹത്തിലെ എഴുത്തുകാർ*, കൊച്ചി, പേ. 397-8). ഈയടുത്ത കാലത്തു പ്രസിദ്ധീകരിച്ച ചില ഗ്രന്ഥങ്ങളുടെ പേരുകൾ മാത്രം താഴെ ചേർക്കുന്നു: *മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ, 1988; കേരളത്തിലെ ക്രൈസ്തവസഭകൾ, 1989; യഹോവാസാക്ഷികൾ, 1989; മാർ മാറൂഥായുടെ കാനോനാകൾ, 1989; ഡയനീഷ്യസ് ബർസലീബി: ആരാധനക്രമത്തിൻെറ ഭാഷ്യം, 1990* (അപ്പശ്ശേരി അച്ചനോടുകൂടി). *ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം* 1990 (അപ്പശ്ശേരി അച്ചനോടുകൂടി); *സൊക്രാട്ടസ്, സഭാചരിത്രം,* 1990 (ed.); *ST. Thomas the Apostle of India, by +Martin Gielen,* 1990, (ed.); *ബർ എബ്രായാ: സഭാചരിത്രം, 1990* (അപ്പശ്ശേരി അച്ചനോടുകൂടി); *പ്രാർത്ഥന സുറിയാനിസഭയിൽ, 1991; ലത്തീൻ സഭാപിതാക്കന്മാർ, 1992.*

# അനുബന്ധം I

## ജറോം - വിഷയവിവരം

(അകാരാദിക്രമത്തിൽ)


| | | | |
|---|---|---|---|
| അകാചിയുസ് | 66 | എവുണോമിയൂസ് | 75 |
| അഗ്രിപ്പാ കാസ്റ്റോർ | 24 | എവുസേബിയസ് | |
| അചീലിയുസ്സെവേരൂസ് | 71 | എമേസാ | 64 |
| അത്തനാസ്യോസ് | 62 | ,, കൈസറിയാ | 60 |
| അനാറേറാളിയുസ് | 56 | ,, വെർചെള്ളി | 66 |
| അന്തോണിയോസ് | 63 | എവുസോയിയൂസ് | 72 |
| അപ്രേം | 72 | കാൻദിദൂസ് | 40 |
| അപ്പൊള്ളിനാരിസ് | | കൊർണേലിയൂസ് | 52 |
| ലവദീക്യ | 69 | കധ്രാത്തുസ് | 23 |
| ,, ഹിയെരാപ്പൊളീസ് | 28 | ക്ലെമെൻറ് അലക്സാന്ത്രിയാ | 34 |
| അപ്പൊള്ളോണിയൂസ് | 36 | ,, റോം | 18 |
| ,, ,, സെനററർ | 38 | ഗായൂസ് | 47 |
| അംബ്രോസ് | | ഗ്രിഗറി എൽവീരാ | 69 |
| ,, അലക്സാന്ത്രിയാ | 77 | ,, നസ്യാൻസൻ | 73 |
| ,, ഡീക്കൻ | 46 | ,, നീസ്സാ | 77 |
| ,, മിലാൻ | 76 | ഗ്രിഗോറിയോസ് | |
| അമ്മോണിയൂസ് | 45 | നെയോചെസാറിയ | 51 |
| അരിസ്റ്റിദെസ് | 24 | ജമീനൂസ് | 51 |
| അലക്സാണ്ഡർ | 49 | ജലാസിയൂസ് | 78 |
| അസ്റ്റേരിയൂസ് | 65 | ജസ്റ്റിൻ | 26 |
| അർക്കെലാവൂസ് | 56 | ജറോം | 79 |
| അർനോബിയൂസ് | 59 | ജൊസേഫൂസ് | 17 |
| അറാബിയാനൂസ് | 41 | ജോൺ ക്രിസസ്റ്റോം | 77 |
| ആപ്പിയോൻ | 41 | ജൂലിയസ് ആഫ്രിക്കാനുസ് | 50 |
| ആംഫിലോക്കിയസ് | 78 | ട്രിഫീലിയൂസ് | 64 |
| ഇഗ്നേഷ്യസ് | 19 | ട്രീഫോ | 46 |
| ഇരനെയൂസ് | 32 | ഡമാസൂസ് | 69 |
| ഒപ്റ്റാത്തൂസ് | 71 | ഡെക്സ്റ്റർ | 78 |
| ഒരിജൻ | 41 | ഡൊണാത്തുസ് | 65 |
| ഒസ്താത്യോസ് | 62 | താസ്യൻ | 30 |
| എപ്പിഫാനിയസ് | 72 | തിബേരിയാനൂസ് | 76 |
| എവാഗ്രിയസ് | 76 | തിയഡോർ, ഹെരാക്ലെയാ | 46 |

www.malankaralibrary.com




തീത്തൂസ് 68
തെയൊതീമ്മൂസ് 78
തെയോഫീലസ്
  അന്ത്യോക്യ 28
  ,, കൈസറിയാ 38
തെർത്തുല്യൻ 41
ദിദീമ്മൂസ് 70
ദിയദോർ 74
ദിവന്നാസ്യോസ്
  അലക്സാന്ത്രിയ 53
  ,, കോരിന്ത് 29
നൊവേഷ്യൻ 55
പന്തേനൂസ് 33
പപ്പിയാസ് 22
പംഫീലൂസ് 57
പാചിയൻ 69
പിനീത്തൂസ് 29
പിയേരിയൂസ് 57
പോൺസ്യൂസ് 53
പോളിക്കാർപ്പ് 21
പോളിക്രാട്ടെസ് 39
പൗലോസ്ശ്ലീഹാ 6
പ്രിഷില്യൻ 75
ഫിലിപ്പ് 30
ഫീലെയാസ് 58
ഫീലോ 14
ഫേബാദിയൂസ് 70
ഫൊതീനൂസ് 70
ഫോർത്തുണാസ്യാനസ് 66
ബർണബാസ് 9
ബർദൈസാൻ 31
ബാക്കിലൂസ് 38
ബെറില്ലൂസ് 47
ബേസിൽ, അൻസീറാ 63
  ,, കൈസറിയാ 73
മർക്കോസ് 11
മത്തായിശ്ലീഹാ 5
മർസെല്ലൂസ് 62
മാക്സിമൂസ് 40
മാക്സിമൂസ്, കോൺ. 77
മാരിയൂസ് വിക്തൊറിനൂസ് 68
മാൽക്കിയോൻ 55
മിനൂചിയൂസ് ഫേലിക്സ് 47
മിൽത്തിയാദെസ് 36
മൂസാനസ് 30
മെത്തോഡിയൂസ് 61
മെലിറേറാ 27
മൊദെസ്തൂസ് 31
യാക്കോബ്ശ്ലീഹാ 2
യുവെൻകസ് 61
യുസ്തൂസ് 18
യൂദാശ്ലീഹാ 6
യൂദാസ് 41
യോഹന്നാൻശ്ലീഹാ 12
ലക്താൻസ്യൂസ് 59
ലത്രോണിയാനൂസ് 75
ലൂക്കോസ് 9
ലൂസിഫർ 65
ലൂസിയൻ 58
ലൂഷ്യസ് 74
വിക്ടർ 31
വിക്തൊറീനൂസ് 56
ശെമഓൻ പത്രോസ് 1
സിക്സ്റ്റസ് 41
സിപ്രിയാൻ 52
സിറിൽ, ജറുസലേം 71
സെനെക്കാ 16
സെറാപിയോൻ
  അന്ത്യോക്യാ 37
  ,, ത്മൂയീസ് 67
സൊഫ്രോണിയൂസ് 79
ഹിപ്പോളിററസ് 48
ഹിലരി 67
ഹെജെസിപ്പൂസ് 25
ഹെരാക്ലിററസ് 40
ഹെർമാസ് 14
റെടീഷ്യസ് 61
റോദോ 34


# അനുബന്ധം II

## ജന്നാഡിയസ് – വിഷയവിവരം

(അകാരാദിക്രമത്തിൽ)


അഗസ്റ്റിൻ 103
അന്തിയോക്കസ് 96
അവിത്തൂസ് 109
അസ്ക്ലേപ്പിയൂസ് 121
അററിക്കസ് 110
ഇന്നസെൻറ്പാപ്പാ 107
ഇസാക്ക് 98
ഇസാക്ക്, അന്ത്യോക്യ 117
ഉർസീനസ് 99
എവാഗ്രിയസ് 110
  ,, സന്യാസി 87
എവുക്കേരിയൂസ് 115
എവുജേനിയൂസ് 132
എവുത്രോപ്പിയൂസ് 110
എവുസേബിയസ് 102
ഒളിംപിയൂസ് 97
ഒറോസിയൂസ് 104
ഔദെൻസ്യൂസ് 90
കാസ്സിയൻ 114
കൊമ്മോഡിയൻ 90
ക്ലൗദിയാനൂസ് 125
ചെലെസ്റ്റിയൂസ് 107
ജന്നാഡിയസ്, കോൺ 129
  ,, മർസെയിൽസ് 134
ജലാസിയൂസ് 131
ജൂലിയൻ 108
ജൂലിയസ്, റോം 83
ജോൺ, അന്ത്യോക്യ 130
  ,, ജറുസലേം 100
  ,, കോൺ. 100
തിക്കോണിയൂസ് 93
തിമോത്തി, അല. 120
തിമോത്തി മെത്രാൻ 113
തിയഡോട്ടസ് 112
തിയഡൊറെററ് 128
തിയഡോർ, സന്യാസി 86
  ,, മൊപ്. 89
തിയോഡൂളസ് 129
തെയോഫീലസ് 101
നിസേററാസ് 96
നെസ്തോറിയൂസ് 111
പക്കോമിയൂസ് 85
പാസ്തോർ 122
പീററർ 121
പെത്രോണിയൂസ് 106
പെലാജിയൂസ് 107
പൊമേരിയൂസ് 133
പൗലോനാസ് 83
പൗലൊസ് മെത്രാൻ 100
പൗലോസ്
  പ്രെസ്ബിററർ 121
പൗളീനൂസ് 118
  ,, നോളാ 109
പ്രുദെൻസ്യൂസ് 89
പ്രോസ്പർ 125
ഫസ്തീദിയൂസ് 112
ഫിലിപ്പ് 115
ഫൗസ്തീനസ് 91
ഫൗസ്തൂസ് 126
ബാക്കിയാറിയൂസ് 97
മക്കാരിയൂസ് ഈജിപ്റ്റ് 87
  ,, റോം 99
മക്രോബിയൂസ് 84
മാക്സിമൂസ്, ടൂറിൻ 105

www.malankaralibrary.com



മൂസെയൂസ് 123
മോക്കിമൂസ് 120
യാക്കോബ് 81
ലൂസിയൻ 108
ലെപ്പോറിയൂസ് 113
ലെയോ 119
വിക്ടർ 122
വിക്തൊറീനൂസ് 113
വിക്തോറിയൂസ് 128
വിജിലാൻസ്യൂസ് 102
വിജീലിയൂസ് 103
,, ഡീക്കൻ 110
വിത്തേലിയൂസ് 84
വിൻസെൻറ് 123
,, ലേറിൻസ് 116
വൊക്കോണിയൂസ് 122
സബ്ബാത്തിയൂസ് 98
സാമുവൽ 124
സാൽവിയൻ 117
സിംപ്ലീചിയാനസ് 103
സിയാഗ്രിയൂസ് 116
സിറിയാലിസ് 132
സിറിൽ അല. 112
സീദോണിയൂസ് 130
സെലെസ്റ്റിൻ 111
സെവേരിയൻ 96
സേർവൂസ് ദേയി 127
സൂംപ്ലീചിയൂസ് സെവേരൂസ് 94
സൈറസ് 124
ഹിലരി 118
ഹെൽവീദിയസ് 101
ഹെലിയൊദോറൂസ് 84
,, അന്ത്യോക്യാ 99
ഹൊണൊറാത്തൂസ് 131
ഹോർസിയെസി 86
റൂഫീനസ് 92

## ചുരുക്കെഴുത്തുകളുടെ പൂർണരൂപം

*ആദിമ* = ജി. ചേടിയത്ത്, *ആദിമസഭയുടെ സന്ദേശം*, കോട്ടയം, 1988 (ആദ്യത്തെ 16 പേജുകളിൽ *ആദിമസഭ.* എന്നു കാണുന്നത് ഈ ഗ്രന്ഥത്തെ ഉദ്ദേശിച്ചാണ്).

*ആദിമസഭ.* = ജി. ചേടിയത്ത്, *ആദിമസഭാപിതാക്കന്മാർ*, കോട്ടയം, 1983.

*ലത്തീൻ.* = ജി. ചേടിയത്ത്, *ലത്തീൻസഭാ* പിതാക്കന്മാർ, കോട്ടയം, 1992.

*NPNF.*[2] *Nicene and post Nicene Fathers of the Christian Church*, Second Series vol. 3. p. 359–402.

ജി. ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ, കോട്ടയം*, 1987.

———, *ഹെർമാസിൻെറ ഇടയൻ*, കോട്ടയം, 1980.

———, *സഭാപിതാക്കന്മാർ*, I, കോട്ടയം, 1987.

———, *സഭാപിതാക്കന്മാർ*, II, കോട്ടയം, 1988.